# പടിയൂർ-കല്യാട്

## ഗ്രാമപഞ്ചായത്ത്



# ജനകീയാസൂത്രണം

അധികാരം ജനങ്ങളിലേക്ക്

## വികസന റിപ്പോർട്ട് '96

"സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന്
തോന്നുന്നുവോ അപ്പോൾ
മാത്രമാണ് ഭാരതം
പൂർണ്ണ സ്വാതന്ത്ര്യം നേടുക"

-ഗാന്ധിജി

## അധികാരം ജനങ്ങൾക്ക്
## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്
(വികസന സെമിനാറിൽ ചർച്ച ചെയ്യുന്നതിനുള്ളത്)

പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി
പടിയൂർ

# ഉള്ളടക്കം


1. ആമുഖം
2. കൃഷിയും ജലസേചനവും
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5. പൊതുജനാരോഗ്യം, കുടിവെള്ളം
6. സാമൂഹ്യ ക്ഷേമം, ഭവനനിർമ്മാണം
7. വിദ്യാഭ്യാസം
8. സംസ്കാരം
9. വനിത
10. സഹകരണമേഖല
11. മൃഗസംരക്ഷണവും മത്സ്യബന്ധനവും
12. പട്ടികജാതി / പട്ടിക വർഗ്ഗം
13. വിഭവസമാഹരണം

# പഞ്ചായത്ത് ഭരണസമിതി



പി. ചെമ്മരൻ
പ്രസിഡണ്ട്



കെ.കെ.കുഞ്ഞികൃഷ്ണൻ
1-ാം വാർഡ്



എത്സമ്മ സൈമൺ
2-ാം വാർഡ്



എം.എം. മോഹനൻ
3-ാം വാർഡ്



ടി.എം.നാരായണൻ
നമ്പൂതിരി
4-ാം വാർഡ്



ടി. ശ്രീമതി
5-ാം വാർഡ്



ചാക്കോ പാലക്കറോടി
6-ാം വാർഡ്



എം.കെ. സരോജിനി
7-ാം വാർഡ്



പള്ളത്ത്
ബാലകൃഷ്ണൻ
8-ാം വാർഡ്



ടി.ഒ. മാത്യു
10-ാം വാർഡ്



സിസിലി ബേബി
11-ാം വാർഡ്



വി.ഡി. സേവ്യർ
വൈസ് . പ്രസിഡണ്ട്
12-ാം വാർഡ്



വർഗീസ്
പള്ളുരുത്തിൽ
13-ാം വാർഡ്



പി.സി. മത്തായി
14-ാം വാർഡ്



ത്രേസ്യാമ്മ
മണ്ഡപത്തിൽ
15-ാം വാർഡ്


പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്ത്
സ്ഥാപനങ്ങൾ
വടക്ക്
വാർഡ്
1. കല്യാട്
2. ബ്ലാത്തൂർ
3. ഊരത്തൂർ
4. കുയിലൂർ
5. പടിയൂർ
6. കല്ലുവയൽ
8. പരിക്കളം
9. നുച്ചിയാട്
10. മണിപ്പാറ
11. മണിക്കടവ്
13. വയത്തൂർ
14. അറബി
15. പേരട്ട
കർണ്ണാടക സംസ്ഥാനം
പഞ്ചായത്ത് അതിർത്തി
വില്ലേജ്
വാർഡ്
ടൗൺ
സ്കൂൾ
വില്ലേജ് ഓഫീസ്
പള്ളി
പഞ്ചായത്ത് ഓഫീസ്
പോസ്റ്റ് ഓഫീസ്

# ആമുഖം

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒൻപതാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടന്നു വരികയാണല്ലോ. അതിന്റെ ഭാഗമായി, പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ ഈ വികസന റിപ്പോർട്ടിന്റെ ഭാഗമായി ചുരുക്കി വിവരിക്കട്ടെ.

പരിപാടിയുടെ ഭാഗമായി സംസ്ഥാന - ജില്ലാ - ഗ്രാമപഞ്ചായത്ത് തലങ്ങളിൽ രണ്ടു ഘട്ടങ്ങളിലായി റിസോഴ്സ് പേഴ്സൺമാർക്കു വേണ്ടി നടത്തപ്പെട്ട പരിശീലനങ്ങളിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ നിന്ന് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ഒന്നാം ഘട്ടത്തിൽ 11 പേരും രണ്ടാം ഘട്ടത്തിൽ 15 പേരും ജില്ലാ തലത്തിൽ പങ്കെടുത്തു. രണ്ടു ഘട്ടങ്ങളിലും ജില്ലാതല പരിശീലനങ്ങളും നടക്കുകയുണ്ടായി. ഒന്നാം ഘട്ടം ഉളിക്കലിൽ വെച്ചും രണ്ടാം ഘട്ടം പടിയൂരിൽ വെച്ചുമാണ് നടന്നത്. ആദ്യത്തേതിൽ 103 പേരും രണ്ടാമത്തേതിൽ 96 പേരും പങ്കെടുത്തു. ആദ്യത്തെ പരിശീലനത്തിൽ, പഞ്ചായത്ത് തലത്തിൽ 4 ഉദ്യോഗസ്ഥന്മാരും 9 ജനപ്രതിനിധികളും പങ്കെടുത്തപ്പോൾ രണ്ടാമത്തേതിൽ 7 ഉദ്യോഗസ്ഥരും 10 ജനപ്രതിനിധികളും പങ്കെടുക്കുകയുണ്ടായി.

1996 സെപ്റ്റംബർ ഒൻപതിന് ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം പരിപാടി വിജയിപ്പിക്കാൻ തീരുമാനിച്ചതനുസരിച്ച് 11-9-96ന് പഞ്ചായത്ത് തലസ്വാഗത സംഘം രൂപീകരിച്ചു. 12 സ്ത്രീകൾ ഉൾപ്പെടെ 133 പേർ പങ്കെടുത്ത യോഗത്തിൽ വെച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.പി. ചെമ്മരൻ ചെയർമാനും ശ്രീ.കെ. പി. പ്രഭാകരൻ കൺവീനറുമായി 26 അംഗപ്രവർത്തകസമിതി നിലവിൽ വന്നു. തുടർന്ന് സെപ്റ്റംബർ 17നും 25നും ഇടയിലായി മുഴുവൻ വാർഡുകളിലും വാർഡുതല സംഘാടകസമിതികളും നിലവിൽ വന്നു. മേൽപറഞ്ഞ ജനകീയ സംവിധാനങ്ങളുടെയും പരിശീലകരുടെയും ജനപ്രതിനിധികളുടേയം ഉദ്യോഗസ്ഥന്മാരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി എല്ലാ വാർഡുകളിലും സെപ്റ്റംബർ 21നും ഒക്ടോബർ 6നും ഇടയിലായി വിശേഷാൽ ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിലെ പങ്കാളിത്തം സംസ്ഥാന ശരാശരിയിലും അല്പം താഴെയാണ്.

സംസ് ഥാനം : 200, നമ്മുടേത് : 122

വിശേഷാൽ ഗ്രാമസഭകൾ പൂർത്തിയായതിനെ തുടർന്ന് ഒക്ടോബർ 15-ാം തീയ്യതി പഞ്ചായത്തിലെ ഓഫീസ് മേധാവികളുടെ യോഗം ചേർന്ന് ദ്വിതീയ വിവരശേഖരണത്തിനുള്ള ഒരുക്കങ്ങൾ നടത്തി. ഒക്ടോബർ 17 മുതൽ 26 വരെയുള്ള തിയ്യതികൾക്കിടയിൽ 10,6 വാർഡുകൾ ഒഴികെ മുഴുവൻ ഇടങ്ങളിലും വാർഡുതല സംഘാടകസമിതികൾ ചേർന്ന് 27-10-96ന്റെ ഏകദിന സർവ്വെ വിജയിപ്പിക്കാൻ തീരുമാനിച്ചു. പഞ്ചായത്തിൽ

| ഗ്രാമസഭകളിലെ പങ്കാളിത്തം വാർഡ് തിരിച്ച് | | | |
|---|---|---|---|
| വാർഡ് | സ്ത്രീ | പു. | ആകെ |
| 1 | 7 | 141 | 148 |
| 2 | 15 | 108 | 123 |
| 3 | 43 | 94 | 137 |
| 4 | 24 | 174 | 198 |
| 5 | 78 | 245 | 323 |
| 6 | 37 | 112 | 149 |
| 7 | 60 | 198 | 258 |
| 8 | 19 | 117 | 136 |
| 9 | 2 | 112 | 114 |
| 10 | 0 | 139 | 139 |
| 11 | 47 | 176 | 223 |
| 12 | 57 | 155 | 212 |
| 13 | 20 | 122 | 142 |
| 14 | 5 | 146 | 151 |
| 15 | 46 | 240 | 286 |
| ആകെ | 460 | 2279 | 2739 |

ഒട്ടാകെ 80 ടീമുകളാണ് ഏകദിന സർവ്വെയിൽ പ്രവർത്തിക്കേണ്ടിയിരുന്നത്. ഒരു ടീമിൽ 7 പേർ എന്ന കണക്കിൽ 50 ടീമുകൾ ഏകദിന സർവ്വെ പൂർത്തികരിച്ചു.

നവംബർ പത്താം തീയ്യതി പടിയൂർ എസ്.എൻ.എ.യു.പി. സ്ക്കൂളിൽ വെച്ച് പ്രാഥമിക - ദ്വിതീയ വിവരങ്ങളുടെ ക്രോഡീകരണം നടന്നു. ശില്പശാലയിൽ 23 പേർ പങ്കെടുത്തു. 11.11.96ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടന്ന റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള ശില്പശാലയിൽ 35 പേർ പങ്കെടുത്തു. 12 വിഷയഗ്രൂപ്പുകളും പ്രത്യേകം ഇരുന്നാണ് റിപ്പോർട്ടിന്റെ ആമുഖം രൂപപ്പെടുത്തുന്നതിന് ചെയർമാന്റെ നേതൃത്വത്തിൽ 5 അംഗ ടീം പ്രവർത്തിച്ചു. റിപ്പോർട്ട് 16-11-96ന്റെ പ്രത്യേക അജണ്ട വെച്ചു ചേർന്ന ഭരണ സമിതി യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു.

ഗ്രാമപഞ്ചായത്തിന്റെ പേര് : പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്ത്
ആസ്ഥാനം :പടിയൂർ
ഉൾപ്പെടുന്ന വില്ലേജുകൾ : പടിയൂർ, കല്യാട് വയത്തൂർ, നുച്യാട്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ : പടിയൂർ, ഉളിക്കൽ
ബ്ലോക്ക് പഞ്ചായത്ത് : ഇരിക്കൂർ
താലൂക്ക് : തളിപറമ്പ്
ജില്ല : കണ്ണൂർ
വിസ്തീർണ്ണം : 128.77 ച.കി.മീറ്റർ
അതിരുകൾ
വടക്ക് : കർണാടക വനം, പയ്യാവൂർ പഞ്ചായത്ത്
കിഴക്ക് : ശ്രീകണ്ഠാപുരം പഞ്ചായത്ത്, പായം പഞ്ചായത്ത്, കർണാടക വനം
തെക്ക് : മട്ടന്നൂർ മുൻസിപാലിറ്റി, കീഴൂർ ചാവശ്ശേരി പഞ്ചായത്ത്, പായം പഞ്ചായത്ത്
പടിഞ്ഞാറ് : ഇരിക്കൂർ പഞ്ചായത്ത്, ശ്രീകണ്ഠാപുരം പഞ്ചായത്ത്, പയ്യാവൂർ പഞ്ചായത്ത്
ജനസംഖ്യ : 50481 (1991)
വാർഡുകൾ : 15
പ്രസിഡണ്ടിന്റെ പേര് : പി. ചെമ്മരൻ
വൈ. പ്രസിഡണ്ടിന്റെ പേര് : വി.ഡി. സേവ്യർ

മദിരാശി സംസ്ഥാനത്തിന് കീഴിലായിരുന്ന മലബാർ ജില്ലയിലെ ചിറക്കൽ താലൂക്കിൽ പെട്ട പടിയൂർ, കല്യാട് എന്നീ വില്ലേജുകളിലെ *കല്യാട് അംശം ഒഴിവാക്കിക്കൊണ്ട് ഉളിക്കൽ ആസ്ഥാനമായി 1955ൽപടിയൂർ പഞ്ചായത്ത് നിലവിൽ വന്നു. പരസ്യ വോട്ടെടുപ്പിലൂടെ അധികാരത്തിൽ വന്ന ഭരണസമിതി, അഞ്ചു വർഷം പൂർത്തീകരിച്ച വേളയിൽ തുടർന്ന് തിരഞ്ഞെടുപ്പ് നടക്കാത്തതിൽ പ്രതിക്ഷേധിച്ച് പ്രസിഡണ്ട് കെ.വി. കണ്ണൻ നായരുടെ നേതൃത്വത്തിൽ രാജി വെച്ചൊഴിയുകയും വൈസ് പ്രസിഡണ്ടായിരുന്ന കോയാടൻ നാരായണൻ നമ്പ്യാർ ദീർഘകാലം പ്രസിഡണ്ടിന്റെ ചുമതലയിൽ തുടരുകയും ചെയ്തു.

* മറ്റാരെങ്കിലും തങ്ങളെ ഭരിക്കാൻ ആദ്യഘട്ടത്തിൽ ജന്മി ഇഷ്ടപ്പെട്ടിരുന്നില്ല

1962 സെപ്തംബർ മാസത്തിൽ പടിയൂർ - കല്യാട് പഞ്ചായത്ത് നിലവിൽ വന്നപ്പോൾ അതിൻെറ പരിധിയിൽ കല്യാട്, പടിയൂർ എന്നീ വില്ലേജുകളുടെ മുഴുവൻ ഭാഗവും ഉൾപ്പെട്ടു. രഹസ്യബാലറ്റ് സമ്പ്രദായത്തിൽ 1963 നവമ്പർ മാസത്തിൽ നടന്ന വോട്ടെടുപ്പിനെ തുടർന്ന് 64 ജനുവരി 1ന് ശ്രീ. ടി. ആർ നാരായണൻെറ നേതൃത്വത്തിലുള്ള ഭരണസമിതി ചുമതല ഏറ്റ് അധികാരത്തിൽ വന്നു.

പടിയൂർ ആസ്ഥാനമായി ഇന്ന് നിലവിലുള്ള പഞ്ചായത്തിൽ, 1986ൽ കല്യാട്, പടിയൂർ എന്നീ വില്ലേജുകൾ വിഭജിച്ച് യഥാക്രമം രൂപീകരിക്കപ്പെട്ട നുച്യാട്, വയത്തൂർ എന്നിവ ഉൾപ്പെടെ വില്ലേജുകളുടെ എണ്ണ് നാലാണ്. വിഭജനത്തോടൊപ്പം പെരുമണ്ണ ദേശം കല്യാട് വില്ലേജിൽ നിന്ന് പടിയൂരിലേക്കും ഊരത്തൂർ ദേശം പടിയൂർ വില്ലേജിൽ നിന്ന് കല്യാട്ടേക്കും പരസ്പരം മാറ്റി കൂട്ടിച്ചേർക്കപ്പെട്ടു. കണ്ണൂർ ജില്ലയിൽ വിസ്തൃതിയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നതും ഭൂമിശാസ്ത്രപരമായി ഭദ്രതയില്ലാത്തതുമായ ഒരു ഗ്രാമ പഞ്ചായത്താണിത്.

## സ്ഥാപനങ്ങൾ

2 ഹൈസ്ക്കൂളുകൾ, 10 യു.പി. സ്ക്കൂളുകൾ, 10 എൽ.പി. സ്ക്കൂളുകൾ, 2 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, അവയുടെ സബ്ബ് സെൻററുകൾ, ഒരു ആയുർവേദ ഡിസ്പെൻസറി, രണ്ട് മൃഗാശുപത്രികൾ, അവയുടെ ഐ.സി.ഡി.പി. സെൻററുകൾ, കൃഷിഭവൻ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഓഫീസ്, സബ്‌രജിസ്ട്രാർ ഓഫീസ്, 4 സഹകരണ ബാങ്കുകൾ, അവയുടെ 3 ശാഖകൾ, 5 ദേശസാൽകൃത ബാങ്കുകൾ, 2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആസ്ഥാനങ്ങൾ എന്നിവ ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

## ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയോടടുത്ത ഘട്ടത്തിൽ പ്രദേശത്തിൻെറ ഭൂരിഭാഗവും വനമായിരുന്നു. നുച്യാട്, പരിക്കളം, മുണ്ടാന്നൂർ, വയത്തൂർ, കരവൂർ, നിടിയോടി, പടിയൂർ, കുയിലൂർ, ബ്ലാത്തൂർ, ഊരത്തൂർ, കല്യാട് എന്നിവിടങ്ങളിലായി ഇരുനൂറോളം കുടുംബങ്ങൾ മാത്രമാണ് കഴിഞ്ഞിരുന്നത്. ബ്ലാത്തൂരിൽ നിന്ന് കല്യാടി വഴി ഇരിക്കൂറിലേക്കും പീടികക്കുന്നിൽ നിന്ന് മണിക്കടവു വഴി താന്തോട്ടിലേക്കും രണ്ടു റോഡുകൾ മാത്രമാണ് നിലവിലുണ്ടായിരുന്നത്. വയൽ കൃഷി വളരെ കുറഞ്ഞ പ്രദേശമാകയാൽ കാടുവെട്ടിത്തെളിച്ച് ചുട്ടുകരിച്ച് കരഭൂമിയിൽ വിത്തെറിഞ്ഞ് വരിയ എന്നറിയപ്പെടുന്ന ഉപകരണം ഉപയോഗിച്ച് മണ്ണിളക്കി കൃഷി ചെയ്യുന്ന രീതി (പുനം കൃഷി)യാണ് കൃഷിക്കാർ അവലംബിച്ചിരുന്നത്. നെല്ല്, ചാമ, മുത്താറി, തുവര, തിന, ചോളം, പയറ്, ആവണക്ക്, വെള്ളരി, കുമ്പളം, കക്കിരി, മത്തൻ, വെണ്ട, മുളക് തുടങ്ങി എല്ലാ കാർഷികോൽപന്നങ്ങളും ഒരേ കൃഷിയിടത്തിൽ തന്നെ വിളയിച്ചെടുത്തു പോന്നു. തെങ്ങു കൃഷി തൊണ്ണൂറു ശതമാനവും ജന്മിയുടെ സ്വന്തമായിരുന്നു. കുരുമുളക് കൃഷി ചെയ്യാൻ 20 ശതമാനം പേരെ മാത്രമെ അനുവദിച്ചിരുന്നുള്ളു.

ഈ പ്രദേശത്തെ നാടുവാഴിയായ കല്യാട് ജന്മിയുടെ അന്യായമായ പിരിവുകൾ കുപ്രസിദ്ധമാണ്. ജന്മിയുടെ കാര്യസ്ഥന്മാർ നോക്കി ചാർത്താതെ വിള വെടുക്കാൻ കൃഷിക്കാരന് അവകാശം ഉണ്ടായിരുന്നില്ല. നോക്കിച്ചാർത്തിയ വിളയുടെ മൂന്നിലൊരു ഭാഗം ജന്മിയുടെ വീട്ടു പടിക്കൽ എത്തിച്ചാലും പോര, വാശി, നുരി, മുക്കാൽ, ശീലക്കാശ്, പൊളിച്ചെഴുത്ത്, കത്ത്യാൾ പണം, തീപ്പണം, വെച്ചു കാണൽ തുടങ്ങിയ ചൂഷണങ്ങൾക്കും കൃഷിക്കാർ വിധേയരായി. സ്ത്രീകൾ മാറുമറയ്ക്കുന്നതിനും പുരുഷന്മാർ മീശവെക്കുന്നതിനും തലയിൽ കെട്ടുന്നതിനും പിഴ ഒടുക്കേണ്ടി വരികയും മർദ്ദനം ഏൽക്കേണ്ടി വരികയും ചെയ്തിരുന്നു. കർഷക പെൺകുട്ടികളുടെ ചാരിത്ര്യം പോലും ജന്മിക്കു തിരുമുൽക്കാഴ്ച വെയ്ക്കേണ്ടി വന്നിരുന്നു. ഇതിനെതിരെ പ്രതിക്ഷേധമുയർത്തിയാൽ ചകിരി പുക നിറഞ്ഞ അറയിലടച്ച് ശ്വാസം മുട്ടിച്ചു കൊല്ലുന്ന ക്രൂരതപോലും നിലനിന്നിരുന്നു. പടിയൂരിലുള്ള എടുപ്പിൻെറ മുകൾതട്ടിൽ വലതുഭാഗത്തായി ഇതിനുവേണ്ടി മാത്രമുള്ള പ്രത്യേക അറതന്നെയുണ്ട്.

1938ൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിലുള്ള അഖിലേന്ത്യാ കർഷകസംഘം ജനറൽ സെക്രട്ടറി എൻ.ജി. രങ്ക ബ്ലാത്തൂരിലെത്തി പ്രസംഗിച്ചു. രങ്കയുടെ പ്രസംഗത്തെ തുടർന്ന് എ.കെ.ജി., കെ.പി. ആർ. ഗോപാലൻ തുടങ്ങിയവർ രംഗത്ത് അഭിനയിച്ച 'പാട്ടബാക്കി' നാടകം അരങ്ങേറി. നെതാക്കളുടെ സന്ദർശനത്തെ തുടർന്ന് ജന്മിയുടെ മർദ്ദനമുറകൾ ഏറിവന്നു. കുടിയൊഴിപ്പിക്കൽ വ്യാപകമായി. 1945-46ൽ കുറ്റിപ്പുനാവകാശം നിഷേധിച്ചു. പുരുമേയുന്നതിനുള്ള പുല്ല് അറുക്കുന്നതും ആഹാരം പാകം ചെയ്യുന്നതിന് കാട്ടിൽ നിന്ന് വിറകെടുക്കുന്നതും പച്ചില വളം ശേഖരിക്കുന്നതും തടയപ്പെട്ടു. വണ്ണാത്തിമാറ്റ് തുടങ്ങിയ നാട്ടാചാരങ്ങൾക്കും വിലക്കു കൽപിച്ചു. രണ്ടാം ലോക മഹായുദ്ധത്തിൻെറ ഫലമായുണ്ടായ കൊടും പട്ടിണിയും ജന്മികളുടെ വിലക്കുകളും ക്രൂരമർദ്ദനവും ഒരുമിച്ച് അനുഭവപ്പെട്ട ഈ പ്രദേശത്തെ ജനത നിൽനിൽപ്പിനുവേണ്ടിയുള്ള പോരാട്ടം ആരംഭിച്ചു. ഭാരതീയൻ, കേരളീയൻ, സുബ്രഹ്മണ്യ ഷേ

ണായി, എ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ തുടങ്ങിയ നേതാക്കൾ കൃഷിക്കാർക്ക് ധൈര്യം പകരുന്നതിനും അവരുടെ ശക്തിയാകെ ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരെ തിരിച്ചുവിടുന്നതിനും മുൻനിന്നു പ്രവർത്തിച്ചുപോന്നു. ആദ്യം കർഷകസംഘത്തിൻെറ കൊടിക്കീഴിലും തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലും ജനങ്ങൾ പ്രതിഷേധ ശബ്ദമുയർത്തി. 'തോലും വിറകും ഞങ്ങളെടുക്കും കാലൻ വന്നു തടഞ്ഞാലും' എന്ന മുദ്രാവാക്യത്തിൽതുടങ്ങിയ പ്രതിഷേധം പട്ടിണിക്കെതിരായി പുനം കയ്യേറി കൃഷി ചെയ്യാനുള്ള ആഹ്വാനമായി മാറി. ഇതിനിടയിൽ ജന്മി ബ്ലാത്തൂർ സ്ക്കൂൾ അടച്ചു പൂട്ടി. സുബ്രഹ്മണ്യ ഷേണായിയുടെ നേതൃത്വത്തിൽ ബ്ലാത്തൂർ പടിഞ്ഞാറെ കരയിൽ താൽക്കാലിക ഷെഡ്ഡ് നിർമ്മിച്ച് അധ്യയനം തുടർന്നു. പിന്നീട് സേലം ജയിലിൽ വെച്ച് വെടിയേറ്റു മരിച്ച ഒ.പി. അനന്തൻ നമ്പ്യാർ പ്രസ്തുത സ്ക്കൂളിലെ ഒരു അധ്യാപകനായിരുന്നു. മറ്റൊരാൾ കെ.പി. കുഞ്ഞിക്കണ്ണൻ മാസ്റ്ററും. ചോലക്കരിക്കാരൻ പള്ളിപ്രത്ത് നാരായണൻ നമ്പ്യാരെ ബ്ലാത്തൂർ പടിഞ്ഞാറെക്കര വെളിച്ചം പാറ എന്ന സ്ഥലത്ത് വെച്ച് ശ്വാസം മുട്ടിച്ചു കൊന്ന ജന്മി ഗുണ്ടകൾ മൃതദേഹം ചമ്പകശ്ശേരി വീട്ടിലെ കിണറ്റിൽ വലിച്ചെറിഞ്ഞു. 'പട്ടിണിമാറ്റാൻ പുനം കൃഷി ചെയ്യുക' എന്ന മുദ്രാവാക്യവുമായി കാവുമ്പായി കുന്നിൽ കേന്ദ്രീകരിച്ച കൃഷിക്കാരിൽ എം.എസ്.പി.ക്കാരുടെ വെടിയേറ്റു മരിച്ചു വീണ അഞ്ചു ധീരയോദ്ധാക്കളിൽ രണ്ടു പേർ ഊരത്തൂരിലെ പി. കുമാരനും ബ്ലാത്തൂരിലെ ആലോറമ്പൻ കണ്ടി കൃഷ്ണനുമായിരുന്നു. ഇന്നും ശരീരത്തിൽ അന്നേറ്റ വെടിയുണ്ടകളുമായി ജീവിക്കുന്നവരുണ്ട്.

സ്വാതന്ത്ര്യത്തിനുമുമ്പു തുടങ്ങിയ പ്രക്ഷോഭങ്ങൾ 1947നു ശേഷവും തുടർന്നു. ബഹുജന പ്രക്ഷോഭങ്ങളോടൊപ്പം മദിരാശി നിയമസഭയിൽ നമ്മുടെ ജനങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ ജനപ്രതിനിധികളിൽ ചിലരുണ്ടായിരുന്നു. നാലുവർഷം കൃഷിക്കാർ വിളവെടുത്താൽ അഞ്ചാം വർഷം ജന്മി വിളവെടുക്കുന്ന 1952ലെ മലബാർ നിയമപ്രകാരമുള്ള പത്തിൽ രണ്ട് വ്യവസ്ഥയുടെ സ്ഥാനത്ത് 5 വർഷം കൃഷിക്കാരൻ വിളവെടുത്താൽ ആറാം വർഷം ജന്മി വിളവെടുക്കുന്ന പത്തിനു രണ്ട് വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള 1954ലെ മലബാർ കുടിയാൻ ഭേദഗതി നിയം നിയമസഭയിൽ പാസ്സാക്കി എടുക്കുന്നതിന് ടി.സി. നാരായണൻ നമ്പ്യാർ, കെ.പി. ഗോപാലൻ, ഇ. കണ്ണൻ എന്നീ എം.എൽ.എ.മാർ ശബ്ദമുയർത്തിയിരുന്നു.

കർഷകസംഘത്തിൻെറ നേതൃത്വത്തിൽ ബ്ലാത്തൂരിൽ മാവിലാക്കണ്ടി കണ്ണൻെറ വീട്ടിൽ വെച്ച് ജാതിയമായ ഉച്ചനീചത്വങ്ങൾക്കെതിരായ പ്രവർത്തനത്തിൻെറ ഭാഗമായി സമൂഹ സദ്യ നടത്തിയിരുന്നു.

ബ്ലാത്തൂർ പടിഞ്ഞാറെ കരയിൽ ആദ്യമായി പുൽപുരയിൽ ഒരു വായനശാല ആരംഭിച്ചതിന് മുൻകയ്യെടുത്തത് കർഷക സംഘത്തിൻെറ ആഭിമുഖ്യത്തിൽ പി. നാരായണൻ നമ്പ്യാർ, ഗോവിന്ദൻ ഗുരുക്കൾ, തണ്ടയൻ കോരൻ തുടങ്ങിയവർ ചേർന്നാണ്.

ബഹുജനപ്രക്ഷോഭങ്ങളുടെ ഫലമായി 1957 മുതൽ 1971 വരെയുള്ള. കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്ക്കരണ നിയമങ്ങൾ രൂപം കൊണ്ടു. കുടികിടപ്പുകാർക്ക് കൈവശഭൂമിക്ക് ഉടമസ്ഥാവകാശം ലഭിച്ചു. മധ്യതിരുവിതാംകൂറിൻെറ വിവിധ പ്രദേശങ്ങളിൽ നിന്ന് 1946ൽ തുടങ്ങിയ കുടിയേറ്റം 1955നു ശേഷം വ്യപാകമാവുകയും പഞ്ചായത്തിൻെറ എല്ലാ മേഖലകളിലും ജനസാന്നിദ്ധ്യം ഉണ്ടാവുകയും ചെയ്തു. മലമ്പനിയോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് കൃഷിയിറങ്ങി. ആദ്യകാലങ്ങളിൽ വ്യപാകമായ തോതിൽ ചെയ്തു വന്നത് കപ്പ, ഇഞ്ചിപ്പുല്ല് എന്നീ കൃഷികളാണ്. തലശ്ശേരി, കോഴിക്കോട് തുടങ്ങിയ പട്ടണങ്ങളിലേക്ക് കപ്പ കയറ്റിക്കൊണ്ടു പോകുന്നതിന് വേണ്ടി, ജനങ്ങളുടെ സംഘടിത പ്രവർത്തന ഫലമായി പഞ്ചായത്തിനു പുറത്തേക്കുള്ള ഗതാഗത മാർഗ്ഗങ്ങൾ തുറക്കപ്പെട്ടു. എന്നാൽ ആഭ്യന്തര ഗതാഗതസൗകര്യം പൂരിപ്പിക്കപ്പെടാത്ത ഒരു സമസ്യയായി ഇന്നും അവശേഷിക്കുന്നു.

പ്രദേശത്തിൻെറ വിവിധ ഭാഗങ്ങളിലായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവന്നു. പരമ്പരാഗതമായി നിലനിന്നു പോന്ന ഹൈന്ദവ - മുസ്ലീം ആരാധനാലയങ്ങൾക്കൊപ്പം ക്രിസ്ത്യൻ ദേവാലയങ്ങളും ഉയർന്നുവന്നു. വസൂരി, മലമ്പനി തുടങ്ങിയ പകർച്ച വ്യാധികൾ പിടിപെട്ട് എണ്ണമറ്റ മനുഷ്യജീവനുകൾ നഷ്ടപ്പെട്ടിരുന്ന പഴയ കാലത്തിൽനിന്ന് ഏറെ പുരോഗതിയുണ്ടായി. കാട്ടുമൃഗങ്ങൾ ഈ ഭൂപ്രദേശത്ത് ഒരോർമ്മ മാത്രമായി അവശേഷിക്കുന്നു. പുനംകൃഷി സമ്പ്രദായം ഇന്നില്ല. മിക്ക കൃഷിയിടങ്ങളും ദീർഘകാല വിളകൾ കയ്യടക്കി. കല്യാട് ജന്മിയുടെ മൂവായിരത്തോളം വരുന്ന എരുമകളെ എരുമ ഒന്നിന് വർഷം പ്രതി മൂന്നു രൂപാ ക്രമത്തിൽ പാട്ടത്തിനെടുത്തു വളർത്തുകയും പ്ടാവ് കെട്ടി പശുക്കളെ വളർത്തുകയും ചെയ്ത പഴയ കാലത്തിൻെറ ഓർമ്മ തട്ടയുടെ നിറുത്താത്ത ശബ്ദത്തോടെ നാമിന്നു സ്മരിക്കുമ്പോൾ തന്നെ പാൽ ഉൽപാദനത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിനെ ജില്ലയിൽ ഒന്നാം സ്ഥാനത്തു നിർത്തുന്ന വടക്കു കിഴക്കൻമേഖലയെക്കുറിച്ചോർത്ത് അഭിമാനിക്കാം. ജന്മിയുടെയും ജന്മി

യുടെ ബന്ധു ഗൃഹങ്ങളിലെയും മുഴുവൻ ആഘോഷങ്ങൾക്കും പാലും തൈരും എത്തിച്ചുകൊടുക്കേണ്ട ബാധ്യത ഇന്നു നമുക്കില്ല. ജലത്തിൻെറ ലഭ്യത കുറഞ്ഞു വരുന്നതിൽ നിന്നുളവാകുന്ന പുതിയ പ്രശ്നങ്ങൾ ഈ മേഖലയ്ക്ക് ഭീഷണിയായി വരുന്നു. കർണ്ണാടക വനത്തിൻെറ സാമീപ്യം ഒന്നുകൊണ്ടു മാത്രം ജലലഭ്യത കുറയാതെ നിലനിൽക്കുന്ന പ്രദേശത്തുമാത്രമാണ് ഇന്നു വലിയ ഭൂഷണിയില്ലാത്തത്.

തുണിനെയ്ത്ത്, ഈറ, വെളിച്ചെണ്ണ എന്നീ രംഗങ്ങളിൽ നിലനിന്നിരുന്ന പരമ്പരാഗത വ്യവസായങ്ങളിൽ ആദ്യത്തേക് തീർത്തും നാമാവശേഷമായി കഴിഞ്ഞു. പ്രധാന കാർഷിക വിഭവങ്ങളായ കശുവണ്ടി, കശുമാങ്ങ, റബ്ബർ എന്നിവയിൽ അധിഷ്ഠിതമായ ഒരു വ്യവസായശാല പോലും ഉയർന്നു വന്നിട്ടില്ല. ചെങ്കൽ മേഖലയിലാണ് ഇന്ന് ഏറെപേരും തൊഴിലെടുക്കുന്നത്. റബ്ബർ കൃഷിയുടെ വ്യാപനം മൂലം കശുമാവ് കൃഷി നാശത്തിലെക്കു നീങ്ങുക്കൊണ്ടിരിക്കുന്നു.

പൊതുവിൽ, പഴയ ജന്മി - നാടുവാഴി ഫ്യൂഡൽ വ്യവസ്ഥയിൽ നിന്ന് ജീവിതത്തിൻെറ എല്ലാ മേഖലയിലും പ്രകടമായ പുരോഗതി ഉണ്ടായി.

എന്നാൽ, വിദ്യാഭ്യാസം, ആരോഗ്യം, അവശവിഭാഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ സേവന മേഖലയിൽ നാളിതുവരെ നാം നേടിയെടുത്ത പുരോഗതിയെ ആകെ പുറകോട്ടു നയിക്കുന്ന വിധത്തിൽ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നതായി കാണേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മലമ്പനി രോഗികളുടെ എണ്ണം 66 ആണ് എന്നത് നമ്മെ അസ്വസ്ഥരാക്കുന്നു. ജീവിത പ്രാരാബ്ദം മൂലം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം കൂടി വരുന്നു. അഭ്യസ്ഥവിദ്യരുടെ ഇടയിൽ തൊഴിലില്ലാത്തവരുടെ എണ്ണം പെരുകി വരുന്നു.

സങ്കീർണ്ണങ്ങളായി നിരവധി പ്രശ്നങ്ങൾ മൂലം കാർഷിക മേഖല വേണ്ട വിധത്തിൽ വികസിക്കുന്നില്ല. വ്യാവസായിക മേഖല തീർത്തും മുരടിച്ചു നിൽക്കുന്നു. മൃഗപരിപാലനരംഗത്തു മാത്രമാണ് അൽപം പുരോഗതിയുണ്ടായത്. ഇവിടെയും മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തുന്നതിന് ബഹുകാതം പിന്നിടേണ്ടിയിരിക്കുന്നു. നമുക്കു പ്രകൃതി കനിഞ്ഞു നൽകുന്ന വെള്ളവും ഈ മണ്ണും പരമാവധി നീതിപൂർവ്വകമായി ഉപയോഗപ്പെടുത്തി നമ്മുടെ അറിവുകളെയും കഴിവുകളെയും നാട്ടറിവും സംഘശക്തിയുമാക്കി മാറ്റിയെടുക്കാൻ പൂർവ്വികർ കാട്ടിത്തന്ന മാർഗം പ്രചോദനമേകുമെന്നതിൽ തർക്കമില്ല.

## ഭൂപ്രകൃതിയും കാലാവസ്ഥയും

കേരളസ്റ്റേറ്റ് ലാൻറ് യൂസ് ബോർഡ് പ്രസിദ്ധീകരിച്ച 1995ലെ റിപ്പോർട്ട് പറയുന്നത്, നമ്മുടെ പഞ്ചായത്ത്വടക്കൻ മധ്യഭൂമേഖലയിൽപ്പെടുന്നതും കൃഷിയോഗ്യമായ മുഴുവൻ സ്ഥലവും ഡബിൾക്രോപ്പ് (ഖാരിഫ് + റാബി) വിഭാഗത്തിൽ വരുന്ന കാർഷിക കാലാവസ്ഥ മേഖലയിൽ ഉൾപ്പെടുന്നതുമാണെന്നാണ്.

പ്രദേശത്തെ ശരാശരി വാർഷിക വർഷപാതം 3467 മി.മീ. ആണ്. 1996 ഒക്ടോബർ 27ൻെറ ഏക ദിന സർവ്വെയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഭൂമിയുടെ കിടപ്പ് | | ഹെക് ടർ |
|---|---|---|
| മുകൾത്തട്ട സമതലം | 8.35% | 1072.55 |
| വലിയ ചെരിവ് | 32.28% | 4146.36 |
| ഇടത്തരം ചെരിവ് | 22.75% | 2922.24 |
| ചെറിയ ചെരിവ് | 25.6% | 3288.32 |
| തീര - താഴ്‌വര സമതലം | 11.02% | 1415.53 |

മുകൾത്തട്ടു സമതലം പ്രധാനമായും ഊരത്തൂർ, ബ്ലാത്തൂർ, കോളിത്തട്ട്, കല്യാട്, മണിപ്പാറ പ്രദേശങ്ങളിലും താഴ്‌വരസമതലം ഏഴൂർ, ചടച്ചിക്കുണ്ടം, പരക്കുളം, ബ്ലാത്തൂർ ഭാഗങ്ങളിലുമാണുള്ളത്.

**ഭൂവിനിയോഗം**

**പ്രധാന വിളകളുടെ അവസ്ഥ**

| ഇനം | ഏകവിള | മിശ്രവിള | ഹെക്ടർ |
|---|---|---|---|
| നെല്ല് | 0.91% | – | 116.89 |
| തെങ്ങ് | 9.76% | — | 1253.67 |
| കമുക് | 2.36% | – | 303.14 |
| കുരുമുളക് | 2.49% | – | 319.84 |
| റബ്ബർ | 21.54% | 0.45% | 2822.05 |
| കശുമാവ് | 45.21% | 1.61% | 6006.80 |
| തരിശ് | 4.05% | – | 525.36 |
| മറ്റിനങ്ങൾ | – | 11.65% | 1496.44 |
| റബ്ബർ നഴ്സറി | 0.07% | – | 0.81 |

മേൽ പറഞ്ഞ വിളകൾ ഏറെയും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾ ചുവടെ കൊടുക്കുന്നു.

നെല്ല് : ഏഴൂർ, ബ്ലാത്തൂർ, കല്യാട്, തിരൂർ, മണ്ണേരി, കരവൂർ, പുറവയൽ, പരിക്കളം, ചടച്ചിക്കുണ്ടം

തെങ്ങ് : മണിക്കടവ്, കരുമാങ്കയം, ബ്ലാത്തൂർ, കല്യാട്, മാട്ടറ, അറബി, ഊരത്തൂർ, പടിയൂർ, ആര്യംകോട്, പരിക്കളം

കുരുമുളക് : മാട്ടറ, പരിക്കളം, ഏഴൂർ, കുയിലൂർ

റബ്ബർ : ഏഴൂർ, പരിക്കുളം, മുണ്ടാന്നൂർ, കല്യാട്, ബ്ലാത്തൂർ, ഊരത്തൂർ, മണിക്കടവ്, കരിമാങ്കഴം, മാങ്കുഴി, കല്ലുവയൽ, കുയിലൂർ, ചടച്ചിക്കുണ്ടം, മഞ്ഞേരിപ്പാടി

കശുമാവ് : പടിയൂർ മിച്ചഭൂമി, കോട്ടപ്പാറ, മാട്ടറ, ആനപ്പാറ, മണിക്കടവ്, കോളിത്തട്ട്, കോളിത്തട്ട്, മഞ്ഞേരിപ്പാടി, അറബി, കല്യാട് ബ്ലാത്തൂർ, ഊരത്തൂർ, കല്ലന്തോട്, തേർമാല, മാങ്കുഴി.

| വിവിധ മൺ തരങ്ങൾ | | ഹെക്ടർ |
|---|---|---|
| കരിമണ്ണ് | 33.61% | 4317.21 |
| ചെമ്മണ്ണ് | 43.87% | 5635.10 |
| മണൽമണ്ണ് | 0.65% | 83.49 |
| ചെങ്കൽപാറ | 9.25% | 1188.16 |
| കരിങ്കൽപാറ | 1.28% | 164.42 |
| ചരൽ മണ്ണ് | 7.97% | 1023.75 |
| പശിമരാശി മണ്ണും മറ്റിനങ്ങളും | 3.37% | 432.87 |

മേൽപറഞ്ഞ മണ്ണിനങ്ങൾ ഏറെയും കാണപ്പെടുന്ന പ്രദേശങ്ങൾ :

**കരിമണ്ണ്**

കുയിലൂർ, വയത്തൂർ, പരിക്കളം, കോക്കാട്, പടിയൂർ പൂവ്വത്തിനും കല്യാടിനും ഇടയിൽ

**ചെമ്മണ്ണ്**

മഞ്ഞേരിപ്പാടിക്കും പുറവയിലിനും ഇടയിൽ, പേരട്ട, നെല്ലിക്കാം പൊയിൽ, മാട്ടറ, ചടച്ചിക്കുണ്ടം.

**ചെങ്കൽ പാറ**

കോട്ടപ്പാറക്കും മാണിപ്പാറക്കും ഇടയിൽ, കതുവാപറമ്പ്, കോളിത്തട്ട്, കല്യാട്, ഊരത്തൂർ

**ചരൽമണ്ണ്**

ഓലമലക്കും ചുള്ളിയോടിനും ഇടയിൽ, ആര്യംകോടിനും പടിയൂരിനും ഇടയിൽ.

## ജലത്തിൻെറ ലഭ്യത

പഞ്ചായത്തിൽ ആകെ 152 കിലോമീറ്റർ ദൈർഘ്യത്തിൽ ചെറുതും വലുതുമായ തോടുകളാണുള്ളത്. 27-10-96ൻെറ ഏകദിന സർവ്വെയിലൂടെ, മൊത്തം വിസ്തൃതിയുടെ ഏകദേശം മൂന്നിൽ രണ്ടു ഭാഗത്തെ വിവിധ ശ്രോതസ്സുകളിലെ ജലലഭ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അവ താഴെ വിവരിക്കുന്നു.

| | കുളം | കിണർ |
|---|---|---|
| സുലഭം (എല്ലാ മാസവും വെള്ളം കിട്ടുന്നത്) | 163 | 2176 |
| മിതം (ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ വെള്ളമില്ലാത്തത്) | 41 | 2001 |
| ദരിദ്രം (രണ്ടിൽ അധികം മാസങ്ങളിൽ വെള്ളം ഇല്ലാത്തത്) | 36 | 1224 |

എല്ലാ മാസങ്ങളിലും സുലഭമായി വെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ പ്രധാനപ്പെട്ടവ തൊട്ടിൽ പാലം, പേരട്ട, മട്ടിണി, അറബി, മാട്ടറ, ഏഴൂർ, കൊമ്പൻപാറ എന്നിവിടങ്ങളാണ്. അമേരിക്കൻ പാറ, കുയിലൂർ, പെടയങ്ങോട്ട് എന്നീ ദരിദ്രപ്രദേശങ്ങൾ ഒഴിച്ചാൽ മറ്റിടങ്ങളിൽ വർഷത്തിൽ ഒന്നോരണ്ടോ മാസമൊഴിച്ച് എല്ലായ്പ്പോഴും വെള്ളം ലഭിക്കുന്നു.

**മനുഷ്യവിഭവം (1991 സെൻസസ്)**

| 1.ജനസംഖ്യ | ആൺ | പെൺ | ആകെ |
|---|---|---|---|
| പഞ്ചായത്ത് | 25511 | 24970 | 50481 |
| **2.സ്ത്രീപുരുഷ അനുപാതം 1000 പുരുഷന് മാർക്ക്** | | | |
| പഞ്ചായത്ത് | 947സ്ത്രീകൾ | | |
| സംസ്ഥാനം | 1036 ,, | | |
| **3. ജനസാന്ദ്രതച.കി.മീറ്റർ** | | | |
| പഞ്ചായത്ത് | 392 | | |
| സംസ്ഥാനം | 749 | | |

## 4.ഫലപ്രദമായ സാക്ഷരതാ നിരക്ക്

| | സ്ത്രീ | പു. | ആകെ |
|---|---|---|---|
| പഞ്ചായത്ത് | 85.71% | 93.92% | 89.86% |
| സംസ്ഥാനം | 86.17% | 93.62% | 89.81% |

## പഞ്ചായത്തിലെ ജനസംഖ്യ(വേർതിരിച്ച്)

| | ആൺ | പെൺ | ആകെ |
|---|---|---|---|
| പട്ടികജാതിക്കാർ | 1101 | 1083 | 2184 |
| പട്ടികവർഗ്ഗക്കാർ | 602 | 639 | 1241 |
| മറ്റുള്ളവർ | 23808 | 22248 | 47056 |
| ആകെ | 25511 | 24970 | 50481 |

## തൊഴിൽ പങ്കാളിത്ത നിരക്ക്

| | ആൺ | പെൺ | ആകെ |
|---|---|---|---|
| പ്രധാന ജോലിക്കാർ (വർഷത്തിൽ 6 മാസത്തിൽ അധികംജോലിയുള്ളവർ) | 12271 | 3570 | 15841 |
| ഭാഗിക ജോലിക്കാർ (6 മാസത്തിൽ കുറവ് ജോലിയുള്ളവർ) | 755 | 1260 | 2015 |
| ആകെ ജോലിക്കാർ | 13026 | 4830 | 17856 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 50.06% | 19.34% | 35.37% |

## തൊഴിൽ മേഖലകൾ

| | ആൺ | പെൺ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 4072 | 372 | 4444 |
| കർഷകതൊഴിലാളികൾ | 3517 | 2300 | 5817 |
| മൃഗസംരക്ഷണം മുതലായ മേഖലകളും തോട്ടങ്ങളും | 959 | 234 | 1193 |
| ഖനനവും ക്വാറിയും | 55 | 24 | 79 |
| നിർമ്മാണ തൊഴിൽ | 255 | 4 | 259 |
| കച്ചവടവും വ്യാപരവും | 1128 | 54 | 1182 |
| കയറ്റിറക്ക്, കടത്ത് തുടങ്ങിയവ | 325 | 22 | 347 |
| മറ്റുമേഖലകൾ | 349 | 61 | 408 |
| മറ്റുസേവന തുറകൾ | 1085 | 450 | 1535 |
| ആകെ പ്രധാന ജോലിക്കാർ | 12271 | 3570 | 15841 |



# കൃഷിയും ജലസേചനവും

## ആമുഖം

ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. ഇന്ത്യയിലെ 80% ജനങ്ങളുടെയും ഉപജീവനമാർഗം കൃഷിയാണ്. കാർഷിക മേഖലയുടെ വളർച്ചയിലൂടെ മാത്രമെ സുശക്തമായ ഒരു ഇന്ത്യയെ കെട്ടിപ്പെടുക്കാൻ സാദ്ധ്യമാകു. ഭൂപ്രകൃതി കൊണ്ടും ഭാഷ കൊണ്ടും സംസ്കാരം കൊണ്ടും വ്യത്യസ്തത പുലർത്തുന്ന സംസ്ഥാനങ്ങൾ ഉള്ള നമ്മുടെ രാജ്യത്ത് കൃഷിയുടെ കാര്യത്തിൽ ഏകത പുലർത്തുന്നു. നമ്മുടെ സംസ്ഥാനത്തിൻെറ ചരിത്രവും വ്യത്യസ്തമല്ല. ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷിയ്ക്കനുയോജ്യമായി വർത്തിക്കുന്ന ഘടകങ്ങളായ നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ആസൂത്രണത്തിലൂടെ മാത്രമെ നമ്മുടെ ലക്ഷ്യം കൈവരിക്കാനാവുകയുള്ളു.

## ചരിത്രം

സ്വാതന്ത്ര്യ പ്രാബ്ധിക്കുമുമ്പ് ഇന്നത്തെ പടിയൂർ - കല്യാട് പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ മുഴുവനായും കല്യാട് കരയ്ക്കാട്ടിടം എന്നീ ജന്മികുടുംബങ്ങളുടേയും വയത്തൂർ - നുച്യാട് എന്നീ ദേവസ്വങ്ങളുടെയും അധീനതയിലായിരുന്നു. വനങ്ങളാൽ നിബിഡവും ഫലഭൂയിഷ്ടവുമായ പ്രദേശം. 900ൽ താഴെ കുടുംബങ്ങൾ മാത്രമെ ഈ പ്രദേശത്ത് താമസമുണ്ടായിരുന്നുള്ളു. 1946ഓടുകൂടി തിരുവിതാംകൂറിൽ നിന്നുള്ള കർഷകരുടെ കുടിയേറ്റം തുടങ്ങി.

## അദ്യകാല കാർഷിക വിളകളും കൃഷി രീതിയും

കുടിയേറ്റത്തിനു മുമ്പും ആരംഭകാലത്തും കാട് വെട്ടി തെളിച്ച് പുനം കൃഷിയാണ് നടത്തിയിരുന്നത്. നെല്ല്, മുത്താറി (പഞ്ഞപ്പുൽ), ചോളം, ചാമ, തിന, തുവര, മത്തൻ, വെള്ളരി, കത്തിരി, പയർ തുടങ്ങിയ ഭക്ഷ്യധാനങ്ങളും ആവണക്ക്, പരുത്തി തുടങ്ങിയവും ആയിരുന്നു മുഖ്യകൃഷികൾ. ജന്മിക്ക് വാരം കൊടുത്തുകൊണ്ടായിരുന്നു കൃഷി ചെയ്തിരുന്നത്. കുരുമുളക്, കവുങ്ങ്, അപൂർവ്വം വാഴ കൃഷിയും നടത്തിയിരുന്നു.

## വിപണനം

കാർഷികോൽപന്നങ്ങളെ വിറ്റഴിക്കുന്നതിന് വളരെയധികം പ്രയാസങ്ങളുണ്ടായിരുന്നു. തലച്ചുമടായി 20ഉം 25ഉം മൈൽ അകലെ കൊണ്ടുപോയി ഇരിക്കൂർ, ചെങ്ങളായി എന്നീ സ്ഥലങ്ങളിലായിരുന്നു വിറ്റിരുന്നത്.

## കുടിയേറ്റ കാലഘട്ടം

1946ൽ ഒറ്റപ്പെട്ടതും 55ന് ശേഷം വ്യാപകമായി കുടിയേറി പാർത്തു തുടങ്ങിയ കുടിയേറ്റ കർഷകർ മരച്ചീനി, മധുരകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, വാഴ, ചേന, കാച്ചിൽ, ചേമ്പ് തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ കൃഷി ചെയ്തിരുന്നു. പ്രധാന കൃഷിയും വരുമാന മാർഗ്ഗങ്ങളും മരച്ചീനിയായിരുന്നു. ഇഞ്ചിപ്പുല്ല് (തെരുവപുല്ല്) പ്രധാന കൃഷിയും വരുമാനമാർഗ്ഗവുമായിരുന്നു. ആ

കാലഘട്ടത്തിൽ നടപ്പിലുണ്ടായിരുന്ന രീതിയായിരുന്ന മറ്റാൾ പണി. ജന്മിമാരിൽ നിന്ന് സ്ഥലം വിലക്കു വാങ്ങുകയും അതിനോട് ചേർന്ന സ്ഥലങ്ങൾ കയ്യേറു കയും ചെയ്ത കുടിയേറ്റക്കാർ കശുമാവ്, കുരുമുളക്, റബ്ബർ, കവുങ്ങ് എന്നിങ്ങനെയുള്ള നാണ്യവിളവുകൾ വ്യാപകമായി കൃഷി ചെയ്തു തുടങ്ങി. ഈ ഘട്ടത്തിൽ പുനം കൃഷി സാധ്യമല്ലാതാവുകയും ഭക്ഷ്യ ധാന്യ ങ്ങൾക്ക് ക്ഷാമമുണ്ടാകുകയും ചെയ്തു.

സാമ്പത്തികമായി പ്രയാസപ്പെട്ടിരുന്ന കാലം സാധാ രണ കൃഷിക്കാർ നാട്ടുപ്രമാണിമാരിൽ നിന്നും കച്ചവട ക്കാരിൽ നിന്നും 'വില മുറിക്കൻ' എന്ന പേരിൽ അറി യപ്പെട്ടിരുന്ന കടമെടുപ്പ് നടത്തിയിരുന്നു. കർഷകരെ ചൂഷണം ചെയ്യുന്ന ഒരു രീതിയായിരുന്നു. സഹകരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവം കാർഷിക മേഖലയിൽ വലിയൊരു ഉണർവ്വ് ഉണ്ടാക്കി. 1960 കാലത്തോടുകൂടി കുടിയേറ്റം മിക്കവാറും നിലച്ചുവെന്ന് പറയാം. അപ്പോ ഴേക്കും ജന്മിമാരുടെ കൈവശം ഉണ്ടായിരുന്ന പതിനാ യിര കണക്കിന് ഏക്കർ ഭൂമി കർഷകരിലെത്തുകയും ചെയ്തു. കർഷക പ്രസ്ഥാനങ്ങളുടെ ആവിർഭാവവും അവരുയർത്തിയ 'കൃഷി ഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യവും നാടിനെ ഇളക്കിമറിച്ചു. 1957ൽ ആരം ഭിച്ചു ഭൂപരിഷ്കരണ നിയമം കാർഷിക രംഗത്ത് വിപ്ല വകരമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. റോഡടക്ക മുള്ള ആധുനിക സൗകര്യങ്ങളുടെ വന്നെത്തൽ കൂടു തൽ മെച്ചപ്പെട്ട വിപണി ഉണ്ടാക്കിക്കൊടുക്കുകയും കർ ഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്തു.

## മണ്ണ് - ഘടന - സ്വഭാവം

കണ്ണൂർ ജില്ലയിൽ വിസ്തൃതിയിൽ രണ്ടാം സ്ഥാന മുള്ള പഞ്ചായത്ത്. മണ്ണിൻെറ ഘടനയിലും വ്യത്യസ്ത പുലർത്തുന്നു. കരിമണ്ണ്, ചെമ്മണ്ണ്, മണൽമണ്ണ്, ചരൽ മണ്ണ്, ചെങ്കൽപാറ, കരിങ്കൽ പാറ, പശിമാരാശി മണ്ണും മറ്റിനങ്ങളും ഇവയൊക്കെ ആണ് കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ. 75% സ്ഥലങ്ങളും കുന്നുകളാലും ചെരി വുകളാലും നിറഞ്ഞ സ്ഥലമാണ്. തന്മൂലം വർഷ കാലം ശക്തമായ മണ്ണൊലിപ്പുണ്ടാകാറുണ്ട്. ഇതിനെ തിരെ ശക്തമായ നടപടികൾ നടക്കേണ്ടിയിരിക്കുന്നു.

### ഭൂപരിഷ്കരണത്തിന് ശേഷമുള്ള കൃഷി സമ്പ്രദായം

ഭൂപരിഷ്കരണത്തോടുകൂടി കൃഷി ഭൂമി ഉടമകളായി തീർന്ന കർഷകർ ശാസ്ത്രീയ കൃഷി രീതികൾ ആരംഭിച്ചു. പുതിയ ഇനം വിത്തുകളും നടീൽ വസ്തുക്കളും ഉപയോ ഗിക്കുകയും അതുവരെ ജൈവവളങ്ങളെ മാത്രം ആശ്ര യിച്ചിരുന്നവർ രാസവളങ്ങളുടെ ഉപയോഗത്തിലേക്ക് കട ക്കുകയും ചെയ്തു. കൃഷി ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുകയും ആളോഹരി ഭൂമി വിസ്തീർണ്ണം കുറയു കയും ചെയ്ത സാഹചര്യത്തിൽ ഉള്ള ഭൂമിയിൽ നിന്നും പരമാവധി ഉൽപാദനം കൈവരിക്കാനുള്ള ശ്രമത്തിൽ ഏർപ്പെട്ടു. ഇതിന് സഹായകരമായ രീതിയിൽ കൃഷി വകുപ്പ് ഒട്ടേറെ പദ്ധതികൾ നടപ്പാക്കി തുടങ്ങി. ഇതിനെ സഹായിക്കുന്നതിന് വേണ്ടി പഞ്ചായത്തുകളിൽ ഓരോ കൃഷിഭവനുകൾ തുറക്കുകയും ചെയ്തു.

## പ്രധാന കൃഷിയിനങ്ങൾ

### നെല്ല്

ആദ്യകാലങ്ങളിൽ പുനകൃഷിയും കരകൃഷിയും ആ യിരുന്നു പ്രധാനം. വർദ്ധിച്ചു വന്ന ആവശ്യം നിറവേറ്റു ന്നതിനുവേണ്ടി ചതുപ്പുനിലങ്ങളും ജലസേചന സൗക ര്യമുള്ള സമതലങ്ങളും നെൽകൃഷിക്ക് ഉപയുക്തമാക്കി. നൂതനമായ കൃഷി രീതികൾ ആരംഭിച്ചതോടുകൂടി, ഉൽ പാദനം കുറഞ്ഞ ഇനങ്ങൾ ഒഴിവാക്കി ഉൽപാദന ക്ഷ മത കൂടിയ സങ്കര ഇനങ്ങൾ കൃഷി ചെയ്തു തുടങ്ങി. എൻ.ഇ.എസ്. ബ്ലോക്കുകൾ ആയിരുന്നു ആദ്യകാലത്ത് കൃഷി വികസനത്തിന് മുഖ്യ പങ്ക് വഹിച്ചത്. ഈ പദ്ധതി പ്രകാരം അമേരിക്കൻ പാറയിലും, മുണ്ടാനൂരി ലും, വയത്തൂരിലും ക്രോസ്ബാറുകൾ നിർമ്മിച്ചു. നെ ൽകൃഷി വികസനമായിരുന്നു മുഖ്യ ലക്ഷ്യം. പിന്നീട് ഏലാ പദ്ധതിയെന്നു വിളിക്കപ്പെടുന്ന ഊർജ്ജിത നെൽ കൃഷിവികസന പദ്ധതി(IPD UNIT) യും നടപ്പ ിലാക്കി. മുൻകാലങ്ങളിൽ പല ആനുകൂല്യങ്ങളും സർക്കാർ ത ലത്തിൽ നൽകിയിരുന്നുവെങ്കിലും കൃഷി വികസന യൂനിറ്റുകളും തുടർന്ന് കൃഷി ഭവനും രൂപീകൃതമായ തിന് ശേഷമാണ് നെൽകർഷകർക്ക് കാര്യമായ ഗുണ ങ്ങൾ ഉണ്ടായിരുന്നത്. കൃഷി വികസന യൂനിറ്റുകൾ നിലവിലിരുന്ന ഘട്ടങ്ങൾ സന്ദർശക പരിശീലന പരി പാടി എന്ന പദ്ധതിയിൽ നെൽകൃഷിക്കാരുടെ പ്രശ്ന ങ്ങൾ അന്വേഷിക്കുകയും അവർക്കുവേണ്ട നിർദ്ദേശ ങ്ങൾ നൽകുകയും ഉണ്ടായി. ഈ ഘട്ടത്തിൽ പുതിയ ഇനം നെൽവിത്തുകൾ കർഷകർക്ക് സൗജന്യനിരക്കിൽ ലഭിക്കുകയുണ്ടായി.

നെൽകൃഷിയിൽ വിപ്ലവകരമായ മാറ്റത്തിന് നാന്ദി കുറിച്ചത് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നിലവിൽ വന്ന തിനുശേഷമാണ്. ഗ്രൂപ്പ് ഫാമിങ്ങ് 1987ൽ കൃഷി ഭവ നുകൾ രൂപീകൃതമായതിനുശേഷമാണ് സജീവമായത്. ഓരോ പാടശേഖരത്തും ഒരു സമിതി രൂപീകരിക്കു കയും ആ പാടശേഖരസമിതിയിൽ ഉൾപ്പെട്ടവർ ഒരേ

ഇനം വിത്ത് വിതയ്ക്കുകയും ഒരേ വളപ്രയോഗവും കീടനാശിനി പ്രയോഗവും ഒരേ സമയത്ത് നടത്തുകയും ആയിരുന്നു രീതി.

നമ്മുടെ പഞ്ചായത്തിൽ രജിസ്ട്രർ ചെയ്ത 11 പാടശേഖര സമിതികൾ ഉണ്ട്. എല്ലാം കൂടി 175 ഹെക്ടർ വിസ്തൃതിയുണ്ട്. ജലസേചനത്തിന് കാര്യമായ ഒരു പദ്ധതിയും നാളിതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ ഇനം പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ രാസവളങ്ങളും കീടനാശിനികളും വിതരണം ചെയ്യുക, കുമ്മായം വിതരണം, ധാന്യസംഭരണികൾ നൽകുക, അംഗീകൃത വിത്തുൽപാദനത്തിന് പ്രോത്സാഹനം നൽകുക, മണ്ണ് പരിശോധന വിപുലമാക്കുക, ജലസേചനത്തിന് തോടുകളുടെ സൈഡുകൾ കെട്ടി ആഴം കൂട്ടുക, പവർഡ്രില്ലർ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, ജലസേചനത്തിന് കുളങ്ങൾക്കും പമ്പുസെറ്റുകൾക്കും സഹായധനം നൽകുക, മെതിയന്ത്രം സൗജന്യനിരക്കിൽ വിതരണം ചെയ്യുക, കൃഷിക്കാർക്ക് ആദ്യം ഹെക്ടറിന് 100 രൂപയും നിലവിൽ 250 രൂപയും സഹായധനം നൽകുക, നല്ലയിനം വിത്തുകൾ മിനി കിറ്റ് പദ്ധതിപ്രകാരം വിതരണം ചെയ്യുക, നെൽകൃഷിക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക മുതലായ പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്രയൊക്കെ ആണെങ്കിലും നെൽകൃഷി വയലുകളുടെ വിസ്തൃതി കുറഞ്ഞു വരികയും മറ്റ് കൃഷിക്കാർക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന പ്രവണത വ്യാപകമായി കണ്ടു വരുന്നു.

### തെങ്ങ്

കുടിയേറ്റ കാലഘട്ടത്തിന് മുമ്പ് നാമമാത്രമായിരുന്ന തെങ്ങ് കൃഷി നിലവിൽ 1782 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. നാടൻ ഇനങ്ങൾ മാത്രം കൃഷി ചെയ്തിരുന്ന പഴയകാലത്തെ അപേക്ഷിച്ച് മെച്ചപ്പെട്ട രീതിയിൽ സങ്കരയിനം തെങ്ങുകളുടെ കൃഷി നടത്തി വരുന്നു. സങ്കര ഇനത്തിൽ പ്രധാനമായിട്ടുള്ളത് TxD ഇനമാണ്. ഉൽപാദനശേഷി കൂടിയ ഇനങ്ങളായ ലക്ഷഗംഗ, കേരഗംഗ, കേരശ്രീ എന്നീ ഇനങ്ങളും കൃഷി ചെയ്യുന്നു. പഞ്ചായത്തിൻെറ മൊത്തം വിസ്തൃതി നോക്കിയാൽ തെങ്ങുകൃഷി നാമമാത്രമാണെന്ന് പറയാം ഇതിന് കാരണം ഭൂപ്രകൃതിയും ജലസേചനസൗകര്യ കുറവും ആണ്. മറ്റൊന്ന് വാണിജ്യരംഗത്തെ അസ്ഥിരതയാണ്. തേങ്ങയുടെ വില കുറവ്, പരിചരണ ചിലവ് കൂടുതൽ, രോഗബാധ എന്നീ പ്രശ്നങ്ങൾ കേരകൃഷിയിൽ ജനങ്ങൾ പിന്നോക്കം പോയി. കാറ്റുവീഴ്ച, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും, കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നീ കീടങ്ങളുടെ ഉപദ്രവവുമാണ് ഈ രംഗത്തെ ബാധിക്കുന്ന രോഗപ്രശ്നങ്ങൾ. കാറ്റുവീഴ്ച രോഗബാധയും ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ബാധിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. തെങ്ങ് കൃഷി വികസനത്തിന് കൃഷി ഡിപ്പാർട്ട് മെൻറ് മുഖേനയും നാളികേര വികസന ബോർഡ്, കേരഫെഡ് എന്നീ ഏജൻസികൾ മുഖേനയും പല പദ്ധതികളും നടപ്പിലാക്കുന്നുവെങ്കിലും ഈ പദ്ധതികൾ വേണ്ട രീതിയിൽ കർഷകരിൽ എത്തുന്നില്ല എന്നു പറയാം.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പുതുകൃഷി നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുവെങ്കിലു നിലവിലുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാതെ ഈ രംഗം മെച്ചെപ്പെടുത്താനാവില്ല. തെങ്ങു കൃഷിക്കാർക്ക് പഞ്ചായത്ത് തല സമിതി (കേര സമിതി) രൂപീകരിക്കുന്നതിന് സമീപ കാലത്ത് ഒരു ശ്രമം നടന്നിരുന്നുവെങ്കിലും അഭിപ്രായ വ്യത്യാസം മൂലം രൂപീകരണം നടന്നിട്ടില്ല. ഈ സമിതി എത്രയും പെട്ടെന്ന് വിളിച്ചു കൂട്ടുകയും മുഴുവൻ കർഷകരെയും സമിതിക്കുള്ളിൽ കൊണ്ടു വരികയും ചെയ്യേണ്ടത് ഏറ്റവു പ്രധാനമാണ്. ഉൽപന്നത്തിന് (തേങ്ങ, കൊപ്ര, വെളിച്ചെണ്ണ) മെച്ചപ്പെട്ട വില കിട്ടുകയാണെങ്കിൽ ഈ രംഗം ഒരു പാട് മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ധാരാളമായി കിട്ടുന്ന ചകിരി ഉപയോഗിച്ച് ചെറുകിട വ്യവസായ യൂനിറ്റുകൾ സ്ഥാപിച്ചാൽ തൊഴിൽ രംഗവും സാമ്പത്തിക രംഗവും അഭിവൃദ്ധിപ്പെടുകയും ചെയ്യും.

### കവുങ്ങ് കൃഷി

മുൻകാലങ്ങളിൽ പഞ്ചായത്തിൽ വളരെ മെച്ചപ്പെട്ട രീതിയിൽ കവുങ്ങ് കൃഷി നടത്തിയിരുന്നുവെങ്കിലും നിലവിൽ ഈകൃഷിയുടെ അവസ്ഥ പരിതാപകരമാണ്. എന്നാൽ 70കളുടെ അവസാനത്തോടുകൂടിഉണ്ടായ ഓല മഞ്ഞളിപ്പ് (മഹാളി) രോഗം ഈ രംഗത്തെ നാശത്തിലേക്ക് നയിച്ചു. നിലവിൽ ഈ രംഗത്തെ പുതിയ കൃഷി നടക്കുന്നില്ല എന്നു പറയാം. പഞ്ചായത്തിൽ ഏകദേശം 220 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിയുണ്ട്.

### കശുമാവ് കൃഷി

ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കശുമാവ് കൃഷി നടത്തുന്നത് നമ്മുടെ പഞ്ചായത്തിലാണ്. ഏറ്റവും ഗുണമേന്മയുള്ള കശുവണ്ടിയാണ് നമ്മുടേത്. ഏറ്റവും കൂടുതൽ പേർ ഉപജീവനത്തിനായി ബന്ധപ്പെടുന്ന ഈ മേഖല നിരവധി പ്രക്ഷോഭങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം 5625

ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നു. എന്നാൽ ഈ രംഗം ഒരു പിന്നോട്ടടിയെ നേരിടുകയാണ്. പല കർഷകരും കശുമാവ് മുറിച്ചു മാറ്റി കൂടുതൽ സാമ്പത്തിക മേന്മ ഉള്ള റബ്ബർ കൃഷിയിലേക്ക് പോവുകയാണ്. ഒരു വർഷം കൂടി കഴിഞ്ഞാൽ ഇന്നുള്ളതിൻെറ നാലിൽ ഒന്ന് കൃഷി പോലും ഉണ്ടാവുകയില്ല എന്ന് പറയാം. ഇതിന് കാരണം കശുവണ്ടി രംഗം നേരിടുന്ന പ്രശ്നങ്ങളാണ്. ലോകവിപണിയിൽ ഗുണമേന്മയിൽ ഒന്നാം സ്ഥാനമാണ് നമ്മുടെ കശുവണ്ടി പരിപ്പിന്. എന്നാൽ അതിൻെറ മെച്ചം കശുവണ്ടി കർഷകന് ലഭിക്കുന്നില്ല. ഒരോ വിളവെടുപ്പ് സീസണും വരുമ്പോൾ കർഷകന് ആശങ്കയാണ്. കാരണം കശുവണ്ടിയുടെ വില നിശ്ചയിക്കുന്നതിൽ അവന് ഒരു പങ്കും ഇല്ല. നല്ലൊരു ഭാഗം ഇടത്തട്ടുകാരും കശുവണ്ടി മുതലാളിമാരും വിഴുങ്ങുന്നു. ഈ അവസ്ഥ മാറണമെങ്കിൽ അസംസ്കൃത കശുവണ്ടി ഇവിടെ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ കശുമാങ്ങ സംസ്കരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചാൽ ഈ കൃഷിയെ ഒരു പാട് മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തിൻെറ സാമ്പത്തിക രംഗം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

മറ്റൊരു പ്രശ്നം രോഗബാധയാണ്. കൃഷി ഭവൻ മുഖേന ഇതിലേക്ക് പല പ്രതിരോധ നടപടികളും സ്വീകരിക്കുന്നുവെങ്കിലും ഫലപ്രദമായി നേരിടാൻ കഴിയുന്നില്ല. റബ്ബറിൻെറ ആവർത്തന കൃഷിക്ക് സഹായം നൽകുന്ന രീതിയിൽ കശുമാവിനും കൊടുത്താൽ നാശത്തെ നേരിടുന്ന കശുമാവിൻ തോട്ടങ്ങളെ പുതുകൃഷി ചെയ്യുന്നതിന് കർഷകരിൽ താൽപര്യം ഉളവാക്കാൻ കഴിയും. ഇതിനായി ആദ്യം വേണ്ടത് ഒരു കശുവണ്ടി വികസന ബോർഡ് കണ്ണൂർ ആസ്ഥാനമായി രൂപീകരിക്കുകയാണ്. പഞ്ചായത്തിലെ കൃഷിയിൽ ഒന്നാം സ്ഥാനത്തും തൊഴിൽ രംഗത്തും സാമ്പത്തിക രംഗത്തും മുൻപന്തിയിൽ നിൽക്കുന്ന ഈ കൃഷിയെ കാര്യമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## കുരുമുളക്

പഞ്ചായത്തിൽ വളരെ മുമ്പു തന്നെ ഈ കൃഷി ചെറിയ തോതിൽ നടന്നിരുന്നുവെങ്കിലും കുടിയേറ്റത്തോടുകൂടിയാണ് ഈ കൃഷി മെച്ചപ്പെട്ടത്. നമ്മുടെ ഭൂപ്രകൃതി കുരുമുളക് കൃഷിക്ക് വളരെ അനുയോജ്യമാണ്. കുടിയേറ്റകാലഘട്ടത്തിനുശേഷം കുരുമുളക് കൃഷിയുടെ സുവർണ്ണ കാലഘട്ടമായിരുന്നു എന്നു പറയാം. പുനംകൊത്തി കൃഷി ഇറക്കിയിരുന്ന കർഷകർ രണ്ട് മൂന്ന് വിളകൾക്ക് ശേഷം തങ്ങളുടെ സ്ഥലം കുരുമുളക് കൃഷിക്ക് ധാരാളമായി ഉപയോഗിച്ചു. നാടൻ ഇനങ്ങൾ മാത്രമായിരുന്നു കൃഷി. എങ്കിൽ കൂടി മണ്ണിൻെറ ഫലഭൂയിഷ്ടത മുതലെടുത്ത് വൻ തോതിലുള്ള ഉൽപാദനം തന്നെ നടത്തുവാനായി. എന്നാൽ തുടർന്നു വന്ന വ്യാപകമായ രോഗബാധ കുരുമുളക് കൃഷിയെ നാശത്തിലേക്ക് നയിച്ചു. ഫലപ്രദമായ രോഗപ്രതിരോധ നടപടികൾക്ക് രോഗം കണ്ടുപിടിക്കുന്നതിന് നമുക്ക് കഴിഞ്ഞില്ല.

ശാസ്ത്രീയമായ കൃഷിരീതി ഈ രംഗത്ത് ഒരു ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്. ഉൽപാദന ക്ഷമത കൂടിയ സങ്കരഇനം കുരുമുളക് വള്ളികൾ നമുക്ക് ഉണ്ടാക്കാനായത് ഈ മേഖലയെ അൽപം പരിപോഷിപ്പിച്ചുണ്ട്. ഈ ഇനത്തിൽ ഏറ്റവും പ്രശസ്തമായത് പന്നിയൂർ - 1 എന്ന ഇനം ആണ്. രോഗപ്രതിരോധ ശേഷിയിലും ഉൽപാദനശേഷിയിലും ഈ ഇനം വളരെ മുന്നിട്ടു നിൽക്കുന്നു. കുരുമുളക് കൃഷിയിലെ മറ്റൊരു പ്രധാന ഇനമാണ് കരിമുണ്ട. ഉൽപാദനശേഷി കൂടിയ ഇനമാണിത്. ആയതിനാൽ മേൽ പറഞ്ഞ പന്നിയൂർ -1,2, തുടങ്ങിയവയുടെയും കരിമുണ്ടയുടെയും കൃഷിക്കാണ് സർക്കാർ തലത്തിൽ പ്രാധാന്യം കൊടുക്കുന്നത്. കുരുമുളക് കർഷകർക്കു വേണ്ടി ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും അവയൊന്നും വേണ്ട വിധത്തിൽ കർഷകരിൽ എത്തുന്നില്ല എന്നതാണ് സത്യം. കുരുമുളക് വികസന സമിതി ഉണ്ടെങ്കിലും മുഴുവൻ കർഷകരെയും സമിതിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. പലപ്പോഴും കർഷകർക്ക് വിതരണം ചെയ്യുന്ന തുരിശ്, കീടനാശിനി, കുമ്മായം തുടങ്ങിയവ യഥാർത്ഥ കർഷകൻെറ കൈവശം എത്താതെ പോകുന്നു. രോഗം ബാധിച്ചവ വെട്ടി മാറ്റി പുതുതായി കൃഷി ചെയ്യുന്നതിന് നൽകുന്ന ധനസഹായം തീരെ കുറവാണ്. അർഹമായ ധനസഹായം നൽകി കർഷകരെ ആവർത്തന കൃഷിക്ക് പ്രേരിപ്പിക്കേണ്ടതാണ്. കുരുമുളക് സംസ്കരണ രംഗത്തും ആവശ്യമായ പരിശീലനം കൊടുത്താൽ കൂടുതൽ കർഷകരെ കൃഷിയിലേക്ക് ആകർഷിക്കാനും കൂടുതൽ സാധ്യതകൾ നേടിയെടുക്കാനും കഴിയും.

## റബ്ബർ കൃഷി

അധികം മുൻ ചരിത്ര പശ്ചാത്തലമൊന്നുമില്ലാത്ത കൃഷിയാണ് റബ്ബർ കൃഷി. ഏകദേശം 50 വർഷം മുമ്പ് മാത്രമാണ് ഈ പഞ്ചായത്തിൽ തുടങ്ങിയത്. റബ്ബർ കർഷകർക്ക് ആവശ്യമായ ഉപദേശങ്ങളും പരിശീലനവും, ധനസഹായവും റബ്ബർബോർഡ് വഴി നടപ്പാക്കുന്നു. വലിയ പ്രശ്നങ്ങൾ ഇല്ലാത്ത മേഖലയാണിത്. വൻ സാധ്യതകൾ ഉണ്ടു താനും. നാണ്യവിളകൾ മറ്റ് ഏതൊ

രു കൃഷിയെയും പിൻതള്ളി വൻ കുതിച്ചുചാട്ടങ്ങളാണ് ഈ രംഗത്ത് ഉണ്ടായത്. തൊഴിൽ രംഗത്തും സാമ്പത്തിക രംഗത്തും വ്യവസായിക രംഗത്തും ഒരു പാട് സാധ്യതകൾ ഉള്ള മേഖലയാണിത്.

**മരച്ചീനി**

നാണ്യവിളകളുടെ വരവോടുകൂടി പിന്നോക്കം പോയ കൃഷിയാണ് മരച്ചീനി (കപ്പ). സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഏറ്റവും പ്രധാന കൃഷിയും വരുമാന മാർഗ്ഗവും കപ്പയുടെ കൃഷിയായിരുന്നു. തരിശ് ഭൂമികൾ വളരെ കുറവായതിനാൽ കൃഷിക്ക് സാധ്യത വളരെ കുറവ്.

**നേന്ത്രവാഴ**

സമതലങ്ങളിലും ചതുപ്പുപ്രദേശങ്ങളിലും വയലിലും വാഴ കൃഷി ചെയ്യുന്നു. വളരെയധികം ആളുകൾ ഈ രംഗത്ത് തൊഴിൽ എടുക്കുന്നു. പ്രധാനമായി നേന്ത്രവാഴയാണ് കൃഷി ചെയ്യുന്നത്. ഏകദേശം 250 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിയുണ്ട്. ഈ രംഗം നേരിടുന്ന പ്രശ്നം പ്രകൃതി ക്ഷോഭവും ഉൽപന്നത്തിന്റെ വില കുറവും രോഗങ്ങളുമാണ്. പ്രകൃതി ക്ഷോഭം നിമിത്തം വൻനഷ്ടം കർഷകന് ഉണ്ടാകാറുണ്ട്. പ്രകൃതി ക്ഷോഭത്തിൽ നിന്നുള്ള ഇൻഷുറൻസ് സംരക്ഷണം മുഴുവൻ കർഷകർക്ക് നൽകുകയും വില നിലവാരം നിയന്ത്രിക്കുവാൻ കഴിയുകയും വേണം. ഉൽപാദന ചിലവിൽ വൻ വർദ്ധനവാണ് വന്നിട്ടുള്ളത്. രാസ വളങ്ങളുടെ വില വർദ്ധനവ് പ്രധാനപ്രശ്നമാണ്. വളത്തിന്റെ സബ് സിഡി നിലനിർത്തുകയും ഉയർത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പൂവൻ വാഴ, പാളയൻ തോടൻ എന്നീ ഇനങ്ങൾ കൃഷി ചെയ്തു വരുന്നു.

**പച്ചക്കറി കൃഷി**

വളരെയധികം സാധ്യതയുള്ള മേഖലയാണ് പച്ചക്കറി കൃഷി. ഒരുപാട് പേർ സ്വയം തൊഴിലായി തിരഞ്ഞെടുത്ത മേഖലയാണിത്. നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ളതിന്റെ ചെറിയൊരു ശതമാനം മാത്രമെ ഉൽപാദിപ്പിക്കുന്നുള്ളൂ. ആവശ്യമായ ഉപദേശങ്ങളും ജലസേചന സൗകര്യവും നൽകിയാൽ വൻ കുതിച്ചുചാട്ടം പ്രതീക്ഷിക്കാം. പഴശ്ശി ഡാമിന്റെ ജലം കയറി കിടക്കുന്ന പ്രദേശത്തിന്റെ കരപ്രദേശങ്ങൾ ഉപയോഗിച്ചാൽ നല്ലൊരു വിളവെടുപ്പ് ഉണ്ടാക്കാനാവും. പയർ, പാവൽ (കയ്പ), വെണ്ട, വെള്ളരി, കക്കിരി, പടവലം തുടങ്ങിയവയാണ് പ്രധാന കൃഷികൾ.

**കൊക്കോ കൃഷി**

80കളുടെ ആരംഭത്തിൽ വൻപ്രചരണവും പ്രോത്സാഹനവും നൽകി ആരംഭിച്ച കൃഷിയാണ് കൊക്കോ കൃഷി. തെങ്ങ്, കവുങ്ങ് തുടങ്ങിയവയുടെ ഇടവിളയായിട്ടാണ് കൊക്കോ കൃഷി ചെയ്യുന്നത്. പ്രധാനമായും വിദേശ ചോക്ലേറ്റ് കമ്പനികളെ ആശ്രയിച്ചാണ് വിപണനം നടന്നിരുന്നത്. ലാഭക്കൊതി മൂത്ത വിദേശ കമ്പനി ഉൽപന്ന വിലയിടിക്കുന്നതിനായി പെട്ടെന്ന് മാർക്കറ്റിൽ നിന്ന് പിൻവാങ്ങിയതിനാൽ കർഷകർ വൻനഷ്ടത്തിൽ വീണു.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കാംകോ ആണ് വീണ്ടും കർഷക സഹായത്തിനെത്തിയത് എങ്കിൽ കൂടി ന്യായമായ വില കർഷകന് ലഭിക്കുന്നില്ല. അതിനാൽ ഭൂരിപക്ഷം ആളുകളും ഈ കൃഷിയിൽനിന്ന് പിൻവാങ്ങി. ആവശ്യമായ പ്രോത്സാഹനവും ആവശ്യമായ വിപണിയും ഉണ്ടായാൽ നല്ലൊരു മാററം പ്രതീക്ഷിക്കാം.

**ഇഞ്ചി**

മുൻകാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്നു. എന്നാൽ തരിശുഭൂമിയുടെ കുറവ്, ഇഞ്ചി കൃഷി കുറയാൻ ഇടയാക്കി. അടുത്ത കാലത്തായി രോഗബാധ ഈ കൃഷിയെ നാശത്തിലേക്കാണ് കൊണ്ടു പോകുന്നത്. നല്ല മുതൽമുടക്ക് ആവശ്യമായ രംഗമാണിത്.

ഉൽപന്ന വില അസ്ഥിരവും, രോഗബാധയും വിലക്കുറവും കർഷകനെ ഇതിൽ നിന്ന് പിൻവാങ്ങാൻ പ്രേരിപ്പിക്കുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആണ് പ്രധാനം. ഉൽപാദന ക്ഷമത കൂടിയവയും രോഗപ്രതിരോധശേഷിയുള്ളതുമായ വിത്തുകൾ കർഷകരിൽ എത്തിക്കലാണ് പ്രധാനമായും വേണ്ടത്. എങ്കിലും മെച്ചപ്പെട്ട ഫലം പ്രതീക്ഷിക്കാം.

**മഞ്ഞൾ കൃഷി**

ഇഞ്ചി കൃഷിയോളം വ്യാപകമല്ലെങ്കിലും വളരെ കാലങ്ങൾക്കു മുമ്പു തന്നെ മഞ്ഞൾ കൃഷിയും നടപ്പിൽ വന്നിരുന്നു. ഈ കൃഷിക്ക് പൊതുവെ കീടരോഗബാധ കുറവാണ്. വിലയിലുള്ള അപര്യാപ്ത കാരണം ഈ കൃഷി പൊതുവായി കുറഞ്ഞു വരുന്നതായി കാണുന്നു. സമീപകാലത്ത് കൃഷിഭവൻ മുഖേന നൽകിവരുന്ന പ്രോത്സാഹനങ്ങൾ, മഞ്ഞൾകൃഷി വികസനപദ്ധതി, മഞ്ഞൾ കൃഷി പ്രദർശന തോട്ടം എന്നിവക്കാണ്. ചെറിയ തോതിലെങ്കിലും മനുഷ്യരുടെ ഭക്ഷണത്തിന്റെ ഭാഗമായ മഞ്ഞൾ കൂടുതൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്.

### മറ്റു കാർഷിക വിളകൾ

ജാതി, ഗ്രാമ്പു, പൈനാപ്പിൾ, വിവിധ ഇനം പച്ചക്കറികൾ, ചേന, ചേമ്പ്, കാച്ചിൽ, മറ്റ് കാർഷിക വിളകൾ എന്നിവയ്ക്ക് വളരെയധികം സാധ്യതയുണ്ട്.

ഐക്യകേരളം രൂപീകൃതമായതിനുശേഷം സർക്കാർ തലത്തിൽ എൻ.ഇ.എസ്. ബ്ലോക്കുകൾ രൂപീകൃതമായി. ജലസേചനത്തിനും മറ്റുമായി കുറേ കാര്യങ്ങൾ പ്രസ്തുത സംവിധാനത്തിൽ ചെയ്തിട്ടുണ്ട്. നെൽകൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഏലായൂണിറ്റുകൾ സ്ഥാപിതമായി. കുരുമുളക് കൃഷിയുടെ അഭിവൃദ്ധിക്ക് വേണ്ടി കുരുമുളക് പാക്കേജ് യൂണിറ്റ്, എസ്.എ.ഡി.യു. പദ്ധതി എന്നിവയും നിലവിൽ വന്നു. കശുമാവ് കൃഷിയുടെ പ്രാധാന്യവും മേന്മയും മെച്ചപ്പെടുത്തുന്നതിന് വേണ്ടി 'മൾട്ടി സ്റ്റേറ്റ് കാഷ്യു പ്രൊജക്ട്' (എം.എസ്.സി.പി.) നിലവിൽ വന്നു. ഇതിനെല്ലാം ശേഷം കൃഷി വിജ്ഞാനവ്യാപന പരിപാടി (കേരള അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ പ്രൊജക്ട് (കെ.എ.ഇ.പി.) യും കൃഷിവികസന ഓഫീസും നിലവിൽ വന്നു. സന്ദർശന പരിശീലന പരിപാടി എന്ന പദ്ധതിയിൽ അതായത്കാലങ്ങളിൽ പരീക്ഷണകാലങ്ങളിൽ നിന്നും ഉരുത്തിരിയുന്ന നൂതന ആശയങ്ങൾ കൃഷിക്കാരിൽ എത്തിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വളരെ അധികം സഹായിച്ചു. ഈ കാലയളവിൽ നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യാനും ഹരിജനഗിരിജനങ്ങൾക്കായി ജലസേചന സൗകര്യങ്ങൾക്ക്, കിണർ, പമ്പുസെറ്റ് എന്നിവയ്ക്ക് ധനസഹായവും നൽകിയിട്ടുണ്ട്.

എന്നാൽ കൃഷിവകുപ്പിൽ വിപ്ലവകരമായ മാറ്റം ഉണ്ടായത് (1987 സെ. 1)ഓരോ പഞ്ചായത്തിലും കൃഷിഭവൻ നിലവിൽ വന്നതോടുകൂടിയാണ്. വളരെ വിസ്തൃതമായ ഈ പഞ്ചായത്തിൽ ഒരു ഭാഗത്ത് മാത്രമായി സ്ഥിതി ചെയ്യുന്ന കൃഷിഭവനിൽ കൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പല ഭാഗങ്ങളിലും എത്തുന്നില്ല. ഇതിന് ഒരു പരിഹാരം പഞ്ചായത്തിൽ ഒരു കൃഷിഭവനും കൂടി അനുവദിക്കുകയാണ്.

### കാർഷിക വിളകളുടെ ഇൻഷുറൻസ്

എല്ലാ തരം വിളകൾക്കും ഇൻഷുറൻസ് സംവിധാനം ഉണ്ട്. പ്രകൃതി ക്ഷോഭത്തിൽ വിളകൾ നശിച്ചാൽ ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുന്നു.

കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ദാന പദ്ധതി :- 20 വയസ്സിനും 35 വയസ്സിനും മദ്ധ്യെയുള്ള തൊഴിൽരഹിതരായ യുവജനങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. ഇവർ പ്രവേശന ഫീസ്, പദ്ധതി വിഹിതം എന്നിവ ഉൾപ്പെടെ 1100 രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് അടച്ചാൽ 60 വയസ്സ് തികഞ്ഞതിനുശേഷം പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ മാസാമാസം ലഭിക്കുന്നു. കൂടാതെ വിവിധ ഇനം തൊഴിലിനും സാധ്യതയുണ്ട്. അനേകം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അവയിൽ മിക്കതും നാമമാത്രമാണ്.

### നിലവിൽ ഉള്ള ജലസേചനസംവിധാനങ്ങൾ

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഉള്ളത്. പ്രധാനപെട്ട പുഴയായ നുച്ചാട് പുഴ, കുണ്ടേരി - പേരട്ട പുഴ, വളപട്ടണം പുഴ എന്നിവയിൽ നിന്നുള്ള ജലത്തെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിലെ ജലക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. പഞ്ചായത്തിൽ നിലവിൽ പല സ്ഥലങ്ങളിലുമായി ക്രോസ് ബാറുകളും പൊതു ജലസേചന കുളങ്ങളുമുണ്ട്. ഇവയൊന്നും കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്താത്തതു കാരണം ഉപയോഗയോഗ്യമല്ല. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളിലായി ജലസേചനത്തിനായി കുളങ്ങളും കിണറുകളും നിർമ്മിച്ചിട്ടുണ്ട്. ഇവയൊക്കെയും പ്രധാനമായും വ്യക്തികൾക്കു മാത്രമെ ഉപകാരപ്രദമാകുന്നുള്ളു. കഠിനമായ മഴകാലത്ത് കുന്നിൽ മുകളിൽ നിന്നും ധാരാളം ജലം ഒഴുകിപോകുന്നുണ്ട്. ഫലപ്രദമായ രീതിയിൽ ഭൂമിസംരക്ഷണ പ്രവർത്തികൾ നടത്തിയാൽ മണ്ണിന്റെ ജലസംരക്ഷണ ശേഷി വർദ്ധിപ്പിക്കുവാൻ സാധിക്കും. സാമാന്യം വിസ്തൃതമായ നെൽപാടവും കുന്നിൻ ചരിവും അടങ്ങിയതാണ് ബ്ലാത്തൂർ, കല്യാട്, മുല്ലച്ചേരി, ഊരത്തൂർ പ്രദേശങ്ങൾ. തീരെ ജലസേചനസാദ്ധ്യതകൾ ഇല്ലാത്ത പ്രദേശമാണിത്. ബ്ലാത്തൂർ പാടശേഖരം വിസ്തൃതമാണെങ്കിലും ഭൂരിഭാഗത്തും ഒറ്റവിള മാത്രമെ ചെയ്യുവാൻ സാധിക്കുന്നുള്ളു. ഈ പാടശേഖരത്തിൽ പ്രധാനമായും രണ്ട് പൊതുകുളങ്ങൾ നിർമ്മിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തിയാൽ രണ്ട് കൃഷി എടുക്കാവുന്നതാണ്. അതുപോലെ വേനൽക്കാലത്ത് വറ്റാത്ത തോടായ മുല്ലച്ചേരി നീർച്ചാലിൽ ക്രോസ്ബാർ നിർമ്മിക്കണം. മഴക്കാലത്ത് വെള്ളം കൂടുതൽ ഒഴുകിപ്പോകാതിരിക്കാൻ കുംഭത്തോടിന്റെ ആഴവും വീതിയും കൂട്ടണം. ബ്ലാത്തൂരിൽ നിലവിലുള്ള പൈപ്പ് ലൈൻ, കുലുങ്ങാട്, കക്കട്ടുംപാറ, ബ്ലാത്തൂർ വയൽ പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കണം. ഈ പ്രദേശങ്ങളിൽ ജലസ്രോതസ്സുകളുള്ള പല സ്ഥലങ്ങളും ഉണ്ട് അവയെല്ലാം ഉപയോഗപ്പെടുത്തി

കുളം കുഴിച്ച് ജലസേചനസൗകര്യംവർദ്ധിപ്പിക്കാവുന്ന താണ്.

മഞ്ഞാംകരി, തിരൂർ, കൊശവംവയൽ, മണ്ണേരി, തായ്കുണ്ടം ഭാഗങ്ങളുടെ സമീപത്ത് കൂടി ഒഴുകുന്ന പുഴയിൽ വേനൽകാലമാകുമ്പോൾ വെള്ളം വറ്റുന്നു. ഈ പുഴയ്ക്ക് ചേറ്റുവട്ടിക്ക് താഴെ ഭാഗം അണക്കെട്ട് നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ 500ൽ അധികം ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ സാധിക്കും. മഞ്ഞാങ്കരിതോട്, ആദം താമസിക്കുന്നതിന് അടുത്തുള്ള റോഡ്, ഓടകടവ്, നിരങ്ങൽ പാറ, കണിയാർ കടവ് എന്നീ തോടുകളിൽ തടയിണ നിർമ്മിക്കുകയും, തിരൂർ വയലിൻെറ പടിഞ്ഞാറുഭാഗത്തുള്ള കുളം പുനരുദ്ധരിക്കുകയും ചെയ്യണം. കുഴിമ്പാത്ത് പാറക്ക് പടിഞ്ഞാറുവശം വർഷകാലത്ത് ഒഴുകിപ്പോകുന്ന ജലം തടഞ്ഞുനിർത്താൻ ഏകദേശം മൂന്നൂറിലധികം മീറ്റർ നീളത്തിൽ ബണ്ട് കെട്ടുകയാണെങ്കിൽ വിശാലമായ പാറക്കെട്ടിൽ തങ്ങിനിൽക്കുന്ന വെള്ളം കൊണ്ട് കുറെക്കാലത്തേക്ക് ജലസേചനം നടത്താവുന്നതാണ്.

ഊരത്തൂരിൽ നിലവിലുള്ള കുളം ആഴംകൂട്ടണം ആലത്തൂപറമ്പിൽ നിലവിലുള്ള ജലസ്രോതസ്സ് ഫലപ്രദമായി രീതിയിൽ ഉപയോഗ്യപ്പെടുത്തണം. നുച്യാട് പുഴയിൽ നിന്നും ശക്തിയുള്ള മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുകയാണെങ്കിൽ 100 കണക്കിന് ഏക്കർ സ്ഥലത്ത് ജലസേചനം നടത്താവുന്നതാണ്. ഊരത്തൂർ പറമ്പിൽ തരിശായി കിടക്കുന്ന 500 ഏക്കറോളം സ്ഥലത്ത് പുൽകൃഷി നടത്തുകയും മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

പഴശ്ശി ഡാം പ്രദേശത്ത് തരിശായി കിടക്കുന്ന ഭൂമി വ്യക്തികൾക്കോ, സംഘടനകൾക്കോ പാട്ടത്തിന് കൊടുത്ത് പച്ചക്കറികൃഷി, നേന്ത്രവാഴ കൃഷി എന്നിവയ്ക്ക് സാദ്ധ്യതയുണ്ട്.

കുണ്ടേരി, പാലക്കുണ്ട, കൊട്ടങ്കുറ്റി, പൂതക്കുണ്ട് എന്നീ തോടുകൾക്ക് ചെക്ക് ഡാം പണിത് ജലസേചനം നടത്താവുന്നതാണ്. പെരുവണ്ണ് സ്ക്കൂളിന് സമീപം ഉള്ള കുളം വിപുലീകരിക്കണം. കക്കി എസ്റ്റേറ്റിലും, മഞ്ഞച്ചേരിയിലും, ചിരുകണ്ടാപുരത്തും, കുഞ്ഞിരാമൻ നായരുടെ വീടിനടുത്തുള്ള കുളവും ഒരിക്കലും വറ്റാത്തവയാണ്. ഈ കുളങ്ങൾ ഫലപ്രദമായി ഉപയോഗിക്കണം. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിപ്രകാരം കുയിലൂരിൽ കൃഷിഭവൻെറ സഹായത്തോടകൂടി കുഴിച്ച കുളത്തിലും വേണ്ടത്ര വെള്ളം കിട്ടുന്നില്ല. പ്രസ്തുത പദ്ധതി വിപുലീകരിക്കുവാനുള്ള നടപടി സ്വീകരിക്കണം. തെങ്ങുകൃഷി വ്യാപകമായിട്ടുള്ള പ്രദേശമാണ് കുയിലൂർ കാറ്റു വീഴ്ച എന്ന മാരകരോഗം ഈ പ്രദേശത്തെ തെങ്ങുകൃഷിയെ നശിപ്പിക്കുന്നു. ഇതിനെതിരെ ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കണം. പഞ്ചായത്ത് പുറംപോക്ക് ഭൂമി സംരക്ഷിക്കുന്നതിന് കരിങ്കല്ലുകൊണ്ട് ഭിത്തികെട്ടണം. ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിന് കൃഷിക്കാർക്ക് പരിശീലനം നൽകണം. പെരുമണ്ണിൽ ഒരു പഞ്ചായത്ത് കിണർ സ്ഥാപിക്കണം.

പടിവൂർ, പുലിക്കാട്, വള്ളിത്തല, കൊമ്പൻ പാറ എന്നീ പ്രദേശങ്ങളിലും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനായി വള്ളിത്തല, ആര്യംങ്കോട്, കരവൂർ, നിടയോടി എന്നിവിടങ്ങളിൽ പ്രധാനമായും കുളങ്ങളും നിയോടി ച്ചാലിൽ ക്രോസ്ബാറും നിർമ്മിക്കണം. അതുപോലെ വള്ളിത്തല, പുത്തൻ പറമ്പ് തോടുകളിൽ ബണ്ടുകൾ നിർമ്മിക്കണം. നിടിയോടി, പടിയൂർ പാടശേഖരങ്ങളിൽ രണ്ടാം വിള ചെയ്യുന്ന സ്ഥലങ്ങൾ കുറവാണ്. ജലസേചനക്കുറവാണ് കാരണം. പാടശേഖരങ്ങളുടെ അടുത്തുള്ള തോടുകൾക്ക് ബണ്ടുകെട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

കല്ലുവയൽ പാടശേഖരത്തിനടുത്തു കൂടി ഒഴുകുന്ന തോടിന് ക്രോസ് ബാർ നിർമ്മിക്കുകയാണെങ്കിൽ വലിയ പ്രദേശം ജലസേചനം നടത്തുവാൻ സാധിക്കും. പ്രസ്തുത തോടിൻെറ ഇരു കരകളും കല്ലുകെട്ടി തോട് സംരക്ഷിക്കേണ്ടതാണ്. ചവിട്ടുപാറഭാഗത്ത് പൊതുകുളം നിർമ്മിക്കുകയും പമ്പ്സെറ്റ് സ്ഥാപിക്കുകയും ചെയ്യണം. കാവുങ്കരിയിൽ നിലവിലുള്ള പഞ്ചായത്ത് കുളം വിപുലമാക്കിയാൽ കൃഷിക്ക് വളരെയധികം പ്രയോജനപ്പെടും. മാങ്കുഴി, ചടച്ചിക്കുണ്ടം കോളനികളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.

ജലസേചന സൗകര്യങ്ങൾ തീരെ കുറവായ ഒരു പ്രദേശമാണ് നെല്ലിക്കാംപൊയിൽ, മണ്ഡപപറമ്പ്, കൂമൻതോട്, ഉളിക്കൽ, ഏഴൂർ, പതിനാറാം പന്തൽ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശം. കുംഭംങ്കോട്, ചുള്ളിയോട് പ്രദേശത്തുകൂടിയുള്ള തോടിന് തടയിണ നിർമ്മിച്ചാൽ പ്രസ്തുത ഭാഗങ്ങളിൽ വിപുലമായ ജലസേചന സാദ്ധ്യതകൾ ഉണ്ട്. അറബിയിൽ നിന്നും ഉത്ഭവിച്ച് ഇരിട്ടിപ്പുഴയിൽ അവസാനിക്കുന്ന തോട്ടിൽ പഴശ്ശി പദ്ധതിയുടെ ഷട്ടർ ഇട്ടാൽ നെല്ലിക്കാം പൊയിൽ വരെ ജലസംഭരണമുണ്ട്. സമീപത്തുള്ള ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് തോട്ടിൽ നിന്നും വെള്ളം പമ്പു ചെയ്ത് ടാങ്കിലെത്തിച്ചാൽ പൈപ്പ് ലൈൻ വഴി മേൽപറഞ്ഞ മുഴുവൻ പ്രദേശത്തും ജലസേചനം നടത്താം. കേയാപറമ്പ് എന്ന സ്ഥലത്ത് നിലവിലുള്ള കുളം നന്നാക്കുക. കോക്കാട് പ്രദേശത്ത് ഒരു പൊതുകുളവും പമ്പുസെറ്റും സ്ഥാപിക്കണം. ഏഴൂർ പാടശേഖരത്തിൻെറ നടു ഭാഗ

ത്തുകൂടിയുള്ള തോട് സൈഡ് കെട്ടി ആഴം കൂട്ടുകയും, ക്രോസ് ബാർ കെട്ടുകയും വേണം. എല്ലാ വിളകൾക്കു മുള്ള കീടനാശിനികളും സ്പ്രെയറും സൗജന്യമായി നൽകണം. കാർഷിക വിളകൾക്ക് വൈദ്യുതി സൗജന്യ മാക്കണം, കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനായി ആഴ്ച ചന്തകൾ ഏർപ്പെടുത്തണം. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി വിതരണം ചെയ്യണം. പഞ്ചായത്ത് തലത്തിൽ നടീൽ വസ്തുക്കളുടെ നേഴ്സറി സ്ഥാപിക്കണം. നൂതന കൃഷി സമ്പ്രദായങ്ങളെ പറ്റി ജനങ്ങളെ ബോധവാന്മാരാക്കണം.

നുച്യാട് പുഴയിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രദേശത്ത് ജലസേചനസൗകര്യം വർദ്ധിപ്പിക്കാൻ കഴിയും. പടിക്കാലിക്കുളം ആഴം കൂട്ടുക, കരിമ്പാല കോളനിയിൽ തുടങ്ങി നുച്യാട് പുഴയിൽ അവസാനിക്കുന്ന തോടിന് ആഴം കൂട്ടി ക്രോസ്ബാർ നിർമിക്കുക, അരിമുണ്ടയിൽ കുളവും ടാങ്കും നിർമിക്കുക. കാരാമതോടിന് ആഴം കൂട്ടി സൈഡ് കെട്ടുക, ഇവയെല്ലാം ഈ പ്രദേശത്തെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കാം. മൂണ്ടാന്നൂർ വയലിലും മാണിപ്പാറ ഭാഗത്തും ഓരോ ചെക്ക് ഡാമുകൾ ഉണ്ടെങ്കിലും അവ ഫലപ്രദമല്ല. ഇവയെ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. മൂണ്ടാന്നൂർ വയലിൽ ഒരുപൂ കൃഷിയാണ്. ഇവിടെ രണ്ടാം വിള ചെയ്യുന്നതിന് ഈ പ്രദേശങ്ങളുടെ പല ഭാഗങ്ങളിലും കുന്നിൻ മുകളിലുള്ള ജലസ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ മതി. നുച്യാട് പുഴയിൽ മാവിലക്കടവിൽ ഒരു ഡാം പണിയുകയാണെങ്കിൽ മാണിപ്പാറത്തട്ടിലും, അടുത്തുള്ള പ്രദേശങ്ങളിലും തന്നാണ്ടു വിളകൾ കൃഷി ചെയ്യുവാൻ പറ്റും. മാണിപ്പാറത്തോട്, കോളനിതോട്, കരമാങ്കയം പെരുമ്പങ്കള്ളി ആനറതോട്, തേനത്തും - കരിതോട്, കരിമരുതും ചാൽ തോട്, ഉരുപ്പും തട്ട് തോട്, വെങ്ങലോട് തോട്, മനവുങ്ങാ തോട് എന്നിവ പൊതുവെ ദരിദ്രങ്ങളായ തോടുകളാണ്. ഈ തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുകയാണെങ്കിൽ വേനൽകാലത്ത് കൃഷിക്ക് ഉപയുക്തമാക്കുവാൻ സാധിക്കും.

കർണ്ണാടക വനങ്ങളിൽ നിന്ന് ഉൽഭവിച്ച് മണിക്കടവ് പ്രദേശത്തുകൂടി പോകുന്ന പുഴയിലെ ജലം ഫലപ്രദമായി ഉപയോഗിക്കുകയാണെങ്കിൽ സമീപ പ്രദേശങ്ങളിൽ വ്യാപകമായ രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സാധിക്കും. വണിക്കടവ് ടൗണിന് ഏകദേശം 300 മീറ്റർ താഴെ ഭാഗത്ത് പുഴയിൽ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുകയാണെങ്കിൽ പുഴയുടെ ഇരുഭാഗത്തും ധാരാളം സ്ഥലം ഇതുകൊണ്ട് ജലസേചനം നടത്താൻ കഴിയും. അതുപോലെ തന്നെ കോളിത്തട്ട് തോട്, ആനപ്പാറതോട്, വളവുപാറതോട്, ചപ്പും കരി തോട് എന്നിവയിൽ ചെക്ഡാമുകൾ നിർമിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാം. ആനറകുന്നിൻ മുകളിൽ വേനൽകാലത്തും വറ്റാത്ത ജലസ്രോതസ്സുകൾ ഉണ്ട്. ഈ ജലം പൈപ്പുകൾ വഴി കുന്നിന്റെ താഴെ ഭാഗങ്ങളിൽ എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. മൗട്ടറ, കാലാങ്കി, മേലോത്തും കുന്ന് പ്രദേശങ്ങളിൽ പുഴയും ധാരാളം ചെറുതോടുകളും ഉണ്ടെങ്കിലും വേനൽകാലത്ത് ജലസേചന സൗകര്യങ്ങൾ തീരെ കുറവാണ്. ഈ പ്രദേശത്തുള്ള പുഴക്ക് ലിഫ്റ്റ് ഇറിഗേഷൻ സിസ്റ്റം സ്ഥാപിച്ചും കാലാങ്കി - വാട്ടറ തോട്, ചീരങ്കരി - ഓരങ്കരിതോട്, വട്ട്യാം തോട് എന്നീ തോടുകൾക്ക് ചെക്ക് ഡാമുകൾ നിർമിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സാധിക്കും. അപ്പർ കാലാങ്കിയിൽ നിന്നു മാട്ടറ വരെ വരുന്ന തോടിന് ക്രോസ് ബാർ നിർമ്മിക്കുകയാണെങ്കിൽ മിനി ജല വൈദ്യുത പദ്ധതിക്ക് സാദ്ധ്യതയുണ്ട്. പമ്പരം പള്ളിയിൽ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന കുളം നന്നാക്കി ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.

വയത്തൂർ, പുറവയൽ, കതുവാപ്പറമ്പ്, എരുതുകടവ് പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ ജലദൗർലഭ്യം രൂക്ഷമായതുമൂലം രണ്ടാം വിള വളരെ കുറച്ച് മാത്രമെ ചെയ്യുവാൻ കഴിയുന്നുള്ളു. ഈ പ്രദേശങ്ങളിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി, വയത്തൂർ ഉഴലക്കുന്നിൽ നിലവിലുള്ള കുളം വികസിപ്പിച്ച്, പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തിയാൽ 10 ഹെക്ടറിൽ അധികം സ്ഥലത്ത് ഉപകാരപ്രദമായിരിക്കും. പച്ചില കുണ്ടിൽ നിന്ന് ആരംഭിക്കുന്ന തോടിന് ആഴം കൂട്ടി ഇരുകരകളും കെട്ടി തടയിണ നിർമ്മിക്കണം. ഏരുത് കടവ് പ്രദേശത്ത് കൂമൻ തോടിന് തടയിണ നിർമിക്കണം. കതുവാപറമ്പ് ഭാഗത്ത് ബോർബെൽ നിർമ്മിക്കണം.

അറബി, അങ്ങാടിശ്ശേരിത്തട്ട് പ്രദേശത്ത് അറബിക്കുളത്ത് നിന്ന് ഉൽഭവിച്ച് ഏരുതുകടവ് വഴിപോകുന്ന ഒരു തോട് മാത്രമാണ് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗം. അതിനാൽ ഈ തോടിന്റെ ഏകദേശം 10 കി.മീ. നുള്ളിൽ 10 തടയിണകൾ നിർമ്മിക്കണം. അറബിക്കുളം, അങ്ങാടിശ്ശേരി തട്ട്, ചന്ദ്രഗിരി, ചപ്പും കരി പ്രദേശങ്ങളിൽ പൊതു കുളങ്ങൾ നിർമ്മിക്കണം. ഈ പ്രദേശങ്ങളിൽ കശുമാവിന് കരിച്ചിൽ രോഗവും തടിതുരപ്പൻ പുഴുവും ബാധിക്കുന്നു. ഇത് നിയന്ത്രിക്കുന്നതിന് ഫലപ്രദമായ കീടനാശിനികൾ നൽ

കണം. അറബിയിൽ നിലവിലുള്ള പഞ്ചായത്ത് കിണറിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. പേരട്ട, തൊട്ടിൽ പാലം, കുണ്ടേരി, ആനക്കുഴി എന്നീ പ്രദേശങ്ങളിൽ ജലസേചനസൗകര്യം ലഭ്യമാക്കുന്നതിനായി കുണ്ടേരി ഭാഗത്ത് പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

കർണാടക വനങ്ങളിൽ നിന്നും കാട്ടാനകൾ ഇറങ്ങി വമ്പിച്ച തോതിൽ കൃഷി നശിപ്പിക്കാറുണ്ട്. സാധാരണ നിലയിലുള്ള പ്രതിവിധികൾ ചെയ്തിട്ടൊന്നും ഇവയുടെ ശല്യം ഒഴിവാകുന്നില്ല. അതിനാൽ അതിർത്തിയിൽ മുഴുവനും വൈദ്യുത കമ്പികൾ ഇടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മണ്ണൊലിപ്പ് തടയുന്നതിന് ഭൂമി തട്ട് തിരിക്കുന്നതിനായി കർഷകർക്ക് സാമ്പത്തിക സഹായം ചെയ്യണം. മണ്ണ് പരിശോധിച്ച് വളം ചെയ്യുന്നതിനായി പഞ്ചായത്തിൽ മണ്ണ് പരിശോധന കേന്ദ്രം സ്ഥാപിക്കണം. ജലസംരക്ഷണത്തിനായി നീർമറി പദ്ധതി നടപ്പിലാക്കണം. ആധുനിക കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി കർഷക സെമിനാറുകൾ സംഘടിപ്പിക്കണം.

മേൽ പ്രസ്താവിച്ച കാര്യങ്ങളൊക്കെ പഞ്ചായത്തിൽ കൃഷിയും ജലസേചനവും മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക തലത്തിൽ ചെയ്യേണ്ട കാര്യങ്ങളാണ്. എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള കാതലായ ആക്ഷേപം സർക്കാർ സംവിധാനങ്ങളെപ്പറ്റിയാണ്. ഇപ്പോൾ വിസ്തൃതമായ ഈ പഞ്ചായത്തിൽ ഒരു കൃഷിഭവൻ മാത്രമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കൃഷിഭവനിൽ എത്തിപ്പെടണമെങ്കിൽ മുപ്പതിലധികം കി.മീറ്റർ സഞ്ചരിക്കണം. അതുകൊണ്ട് പഞ്ചായത്തിനെ രണ്ട് മേഖലകളായി തിരിച്ച് ഓരോ മേഖലക്കും ഒരു കൃഷിഭവൻ സ്ഥാപിക്കണം. ശാസ്ത്രീയമായ കൃഷികളെപ്പറ്റി ജനങ്ങളെ പഠിപ്പിക്കുന്നതിനും, കണ്ട് ബോദ്ധ്യപ്പെടുത്തുന്നതിനും പഞ്ചായത്ത് പ്രദേശത്ത് രണ്ട് കൃഷിയിടങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാക്കണം. ഈ ഫാമുകളിൽ പഞ്ചായത്തിലേക്കു വേണ്ട മൊത്തം നടീൽ വസ്തുക്കളുടെ ഉൽപാദനം ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിന് കഴിയും.

ഇപ്പോൾ സർക്കാർ തലത്തിൽ കൃഷി ഭവൻ മുഖേന ലഭിക്കുന്ന നടീൽ വസ്തുക്കൾ യഥാസമയങ്ങളിൽ കർഷകർക്ക് ലഭിക്കുന്നില്ല. സമയം തെറ്റി വിതരണം നടത്തുന്ന നടീൽ വസ്തുക്കൾ മിക്കപ്പോഴും കൃഷിക്കാരന്റെ പക്കൽ നിന്നും നശിച്ചു പോകുന്നു. അതുകൊണ്ട് നടീൽ വസ്തുക്കളുടെ വിതരണം യഥാസമയങ്ങളിൽ നടപ്പിലാക്കണം.

പ്രധാനമായും മുകളിൽ പറഞ്ഞ കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയാൽ ഒൻപതാം പദ്ധതിയുടെ കാലഘട്ടത്തിൽ പഞ്ചായത്തിന്റെ കാർഷിക മുഖഛായ മാറ്റിയെടുക്കുവാൻ സാധിക്കും. ❑





# വ്യവസായം

ഒരു പ്രദേശത്തിന്റെ സമ്പദ്മേഖലയുടെ വളർച്ചയിൽ പ്രസ്തുത പ്രദേശത്തെ വ്യവസായ മേഖലയുടെ വികസനം സുപ്രധാനമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വികസനസാധ്യതകളുള്ള മേഖലയാണ് വ്യവസായത്തിന്റേത്. ഈ വസ്തുതയിൽ നമ്മുടെ സത്വരവും പ്രത്യേകവുമായ ശ്രദ്ധ പതിയേണ്ടതുണ്ട്.

വ്യവസായത്തിന്റെ കാര്യത്തിൽ സമ്പന്നമായ ഒരു പുരാവൃത്തമല്ല നമ്മുടെ പഞ്ചായത്തിന് അവകാശപ്പെടാനുള്ളത്. ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ കൈത്തൊഴിലുകളുടെ രൂപത്തിലാണ് നമ്മുടെ പ്രദേശത്തും വ്യവസായത്തിന്റെ ആദിമരൂപങ്ങൾ പ്രത്യക്ഷപ്പെട്ടത്. പഞ്ചായത്തിലെ ആദ്യകാലവ്യവസായങ്ങൾ പ്രധാനമായും നാല് മേഖലകളിൽ ഒതുങ്ങി നിന്നു. കല്യാട് തെരുവ് കേന്ദ്രീകരിച്ച് നടന്നിരുന്ന കൈത്തറി തുണി നിർമാണം, ചില പ്രത്യേക സമുദായങ്ങളിലെ വീടുകൾ ആധാരമാക്കി നടന്നിരുന്ന വെളിച്ചെണ്ണ നിർമ്മാണം, കള്ള് ചെത്ത് വ്യവസായം, ഒരു കുടിൽ വ്യവസായം എന്ന നിലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നില നിന്നിരുന്ന പായയുടെയും കുട്ടയുടെയും നിർമ്മാണം എന്നിവയാണ് അവ. ഇവ കൂടാതെ മറ്റു പ്രദേശങ്ങളിൽ നടന്നിരുന്ന മരവ്യവസായത്തിന് സമൃദ്ധമായ ഒരസംസ്കൃത വിഭവമേഖലയായി നമ്മുടെ പഞ്ചായത്ത് വർത്തിച്ചിരുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പഞ്ചായത്തിലെ കൈത്തറി വ്യവസായവും, പായ കുട്ട നിർമ്മാണവും ഏറെക്കുറെ നാശോൻമുഖമായി. അതിനിടയാക്കിയ അടിസ്ഥാന കാരണങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. വെളിച്ചെണ്ണ നിർമ്മാണമാകട്ടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായി വന്ന ഓയിൽമില്ലുകൾ ഏറ്റെടുത്തു. കള്ളുചെത്ത് വ്യവസായത്തിന്റെ നിലനിൽപ്പിൽ കാലം കാര്യമായ പരിക്കുകൾ ഒന്നും തന്നെ എൽപിച്ചില്ല. ഇവ കൂടാതെ ഏതാനും സോമില്ലുകളുടെയും ഫർണിച്ചർ നിർമ്മാണ കേന്ദ്രങ്ങളുടെയും റൈസ് ആന്റ് ഫ്ലവർ മില്ലുകളുടെയും ചെങ്കൽ, കരിങ്കൽ മേഖലകളുടെയും ആവിർഭാവമാണ് പ്രദേശത്തിന്റെ വ്യവസായ ചരിത്രത്തിന്റെ ആകെത്തുക എന്നു പറയാം.

## വ്യവസായമേഖലയുടെ വർത്തമാന കാല അവസ്ഥ: ഒരവലോകനം

ശോചനീയും അത്യന്തം ഖേദകരവുമായ ഒരു ചിത്രമാണ് പഞ്ചായത്തിലെ വ്യവസായ ലോകത്തിന്റെ വർത്തമാന കാല അവസ്ഥയെക്കുറിച്ചുള്ള ഒരവലോകനം നമുക്കു നൽകുന്നത്. വ്യവസായ മേഖലയിൽ വളരെ പിന്നോക്കമാണ് നമ്മുടെ പഞ്ചായത്തിന്റെ അവസ്ഥ. ജനസംഖ്യയിലും വിസ്തൃതിയും മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ ഗവൺമെന്റുടമസ്ഥതയിലോ പൊതുമേഖലയിലോ ഒരു വ്യവസായവും പ്രവർത്തിക്കുന്നില്ല. വൻകിടമെന്നോ ഇടത്തരമെന്നോ പേരിടാവുന്ന ഒരു വ്യവസായവും നമ്മുടെ പഞ്ചായത്തിലില്ല. ഈ ദയനീയാവസ്ഥയെക്കുറിച്ച് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

ഏകദേശം 40ഓളം ചെറുകിട - ഇടത്തരം വ്യാവസായിക യൂനിറ്റുകളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തി

ക്കുന്നത്. ഇവ കൂടാതെ എണ്ണമറ്റ ചെങ്കൽ പണകളും ഏതാനും കരിങ്കൽ ക്വാറികളുമുണ്ട്. പഞ്ചായത്തിലെ 95% വ്യവസായ യൂനിറ്റുകളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവയാണ്. 5%ത്തിൽ താഴെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു. സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന യൂനിറ്റുകൾ എല്ലാം തന്നെ വനിതാ മേഖലയിൽ ഉള്ളവയാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പഞ്ചായത്തിലെ വ്യവസായ യൂനിറ്റുകളിൽ ഭൂരിഭാഗവും ഓയിൽ, റൈസ് അൻറ് ഫ്ലവർമില്ലുകളും, മരമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമാണ്. സ്റ്റോൺ ക്രഷർ , ഇഷ്ടിക നിർമ്മാണ യൂനിറ്റുകൾ, ചെറുകിട ഗാർമെൻറ് നിർമ്മാണ യൂനിറ്റ്, കുമ്മായച്ചൂള, ഭക്ഷ്യവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന ചെറുകിട യൂനിറ്റുകൾ, അച്ചടിശാലകൾ തുടങ്ങിയവയാണ് അവശേഷിക്കുന്നവ.

ഒരു വ്യവസായ യൂനിറ്റും പ്രവർത്തിക്കാത്ത രണ്ട് വാർഡുകളും പഞ്ചായത്തിലുണ്ട്. മൂന്നാം വാർഡും പതിനാലാം വാർഡും. എന്നാൽ ഉളിക്കൽ മേഖലയുടെ അവസ്ഥ മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രായേണ മെച്ചമാണെന്ന് പറയാം.

ഇനി നമുക്ക് പഞ്ചായത്തിലെ വിഭിന്ന വ്യവസായ മേഖലകളുടെ ഇന്നത്തെ അവസ്ഥ പരിശോധിക്കാം.

## ഇടത്തരം ചെറുകിട വ്യവസായങ്ങൾ

പഞ്ചായത്തിൽ ഏറ്റവും കൂടുതലായി അഭിവൃദ്ധി പ്രാപിച്ചു വരുന്ന ഒരു വ്യവസായ മേഖലയാണ് തടിവ്യവസായം. 5 സോമില്ലുകളും 5ൽ അധികം ഫർണിച്ചർ നിർമ്മാണ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയെല്ലാം തന്നെ സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിൽ ബ്ലോക്ക് വുഡ് ഫ്രെയിം നിർമ്മിക്കുന്ന ഒരു യൂനിറ്റ് പ്രവർത്തമാരംഭിക്കാനുള്ള നടപടികൾ പടിയൂരിൽ നടന്നു വരുന്നു. പ്രാദേശികമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വർദ്ധിച്ചു വരുന്ന ഡിമാൻറ് എന്നിവ ഈ മേഖലയുടെ വികസനത്തിൽ കാര്യമായ പങ്ക് വഹിക്കുന്നു.

### എണ്ണ

പഞ്ചായത്തിൽ 5 ഓയിൽ മില്ലുകൾ പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട യൂനിറ്റുകളാണ് ഇവയെല്ലാം തന്നെ. വ്യവസായികാടിസ്ഥാനത്തിൽ വെള്ളിച്ചെണ്ണ നിർമ്മിച്ച് വിപണനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയല്ല ഇവ പ്രവർത്തിക്കുന്നത്. ഇവയിൽ 4 എണ്ണം ഉളിക്കൽ മേഖലയിലും 1 പടിയൂരിലും പ്രവർത്തിക്കുന്നു.

### റൈസ് അൻറ് ഫ്ലവർ മില്ലുകൾ

പഞ്ചായത്തിൽ 13ഓളം റൈസ് ആൻറ് ഫ്ലവർ മില്ലുകൾ പ്രവർത്തിക്കുന്നു. ഇവയിൽ ചിലത് ഓയിൽ മില്ലുകളോട് അനുബന്ധിച്ച് പ്രവർത്തിപ്പിക്കുന്നവയാണ്.

### അച്ചടി.

ഉളിക്കൽ കേന്ദ്രീകരിച്ച് ചെറുകിട അച്ചടി യൂനിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

### ഭക്ഷ്യം

കറിപൗഡർ രംഗത്തും കാപ്പിപ്പൊടി രംഗത്തും ഒരോ ചെറുകിട യൂനിറ്റുകൾ ഉളിക്കലിൽ പ്രവർത്തിച്ചു വരുന്നു. ഒരു വനിതാ ബേക്കറി യൂനിറ്റ് ബ്ലാത്തൂരിൽ പ്രവർത്തിക്കുന്നു. ഈ യൂനിറ്റുകളെല്ലാം സഹകരണ മേഖലയിൽ ഉള്ളവയാണ്.

### മറ്റു ഉപഭോഗ വസ്തുക്കൾ

ഡി.ഡബ്ല്യൂ.സി.ആർ.എ.യുടെ ഒരു യൂനിറ്റെന്ന നിലയിൽ 10ഓളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റ് ഉളിക്കലിൽ പ്രവർത്തിക്കുന്നു. ഒരു ചന്ദനഫാക്ടറി കല്ലുവയലിൽ സ്ഥിതി ചെയ്യുന്നു.

## കൈത്തൊഴിൽ മേഖലകൾ

### ചെങ്കൽ വ്യവസായം

പഞ്ചായത്തിലെ സുപ്രധാനമായ ഒരു തൊഴിൽ മേഖലയാണ് ചെങ്കൽ വ്യവസായ മേഖല. 1200ഓളം പുരുഷന്മാരും 400ഓളം സ്ത്രീകളും ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഈ തൊഴിലാളികളിൽ പഞ്ചായത്തിന് പുറത്തുനിന്നു വരുന്ന ഗണ്യമായ ഒരു വിഭാഗവും ഉൾപ്പെടുന്നു. പ്രതിവർഷം ചുരുങ്ങിയത് 6 കോടി രൂപയുടെ ക്രയവിക്രയം നമ്മുടെ പഞ്ചായത്തിലെ ചെങ്കൽ മേഖലയിൽ നടക്കുന്നുവെന്ന് ഏകദേശ കണക്കുകൾ കാണിക്കുന്നു. ഭൂരിഭാഗവും പഞ്ചായത്തിന് പുറത്തുള്ള നിർമ്മാണ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ മേഖലയുടെ നിലനിൽപ്. നിർമ്മാണ പ്രവർത്തനത്തിലെ ഗൾഫ് പണത്തിൻെറ സ്വാധീനം ചെങ്കൽ മേഖലയുടെ നിലനിൽപ്പിൽ കാര്യമായ പങ്കു വഹിക്കുന്നു. യന്ത്രവൽക്കരണ സാധ്യതയാണ് ഈ മേ

ഖല നേരിടുന്ന പ്രധാന പ്രശ്നം.

**കരിങ്കൽ മേഖല**

ഏതാനും ക്വാറികളും ഒരു സ്റ്റോൺ ക്രഷറും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. 200ഓളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ പ്രതിവർഷം അര കോടി രൂപയുടെ ക്രയവിക്രയം നടക്കുന്നു.

**കള്ള് ചെത്ത് വ്യവസായം**

200ഓളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ 20ഓളം ഷാപ്പുകൾ പ്രവർത്തിക്കുന്നു.

**കുടിൽ വ്യവസായങ്ങൾ**

പഞ്ചായത്തിൽ 5ഓളം പപ്പടം നിർമ്മാണ യൂനിറ്റുകൾ കുടിൽവ്യവസായം എന്ന പേരിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന് സമീപ പ്രദേശങ്ങളിലും പപ്പടത്തിന് വിപണികളുണ്ട്. പേരട്ട കേന്ദ്രമാക്കി ഈറ്റയിൽ നിന്നും കുട്ട നിർമ്മിക്കുന്ന കുടിൽ വ്യവസായ യൂനിറ്റ് പ്രവർത്തിക്കുന്നു.

**വ്യവസായ രംഗത്തെ വനിതാ സാന്നിദ്ധ്യം**

പഞ്ചായത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂനിറ്റുകൾ എല്ലാം തന്നെ വനിതാ മേഖലയിൽ പ്രവർത്തിപ്പിക്കുന്നവയാണ്. ഉളിക്കൽ മേഖലയിൽ ഇളംകുളം വനിതാ മിനിഇൻഡസ്ട്രിയൽ യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ കറിപൗഡർ നിർമ്മാണത്തിനും കാപ്പിപൊടി നിർമാണത്തിനും രണ്ട് ചെറുകിട യൂനിററുകൾ പ്രവർത്തിപ്പിക്കുന്നു. ഉളിക്കലിൽ തന്നെ DWCRAയുടെ ആഭിമുഖ്യത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമാണ യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. ബ്ലാത്തൂരിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ബേക്കറി, ഉളിക്കലിൽ പ്രവർത്തിക്കുന്ന വനിതാ പ്രസ് എന്നിവ ഈ മേഖലയിൽ ഉൾപ്പെടുന്നു.

## വ്യവസായ രംഗത്തെ നിലവിലുള്ള പ്രശ്നങ്ങൾ

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലം പഞ്ചായത്തിലെ കല്ലുവയലിൽ പ്രവർത്തിച്ചിരുന്നു ചന്ദന ഫാക്ടറി അടച്ചിടപ്പെട്ട അവസ്ഥയിലാണ്. പേരട്ടയിലെ ഈറ്റ അടിസ്ഥാനമാക്കി നടന്നു വരുന്ന കുടിൽ വ്യവസായം ഈറ്റയുടെ ദൗർലഭ്യം മൂലം തകർച്ചയെ നേരിടുന്നു.

ഉളിക്കൽ കേയാപറമ്പിൽ കയർഫെഡ് എൻ.സി.ഡി.സി., കേരളാഗവൺമെൻറ് എന്നിവയുടെ സഹായത്തോടെ സഹകരണ മേഖലയിൽ 30 ലക്ഷം രൂപ മുതൽമുടക്കി യന്ത്രവൽകൃത ചകിരി സംസ്കരണ വ്യവസായ യൂനിറ്റിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. ഉടൻ തുറന്ന് പ്രവർത്തനമാരംഭിക്കുമെന്ന് അറിവായിട്ടുണ്ട്.

ഉളിക്കലിലെ വനിതാ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണ യൂനിറ്റ് ശോചനീയമായ അവസ്ഥയിലാണ്. കോപ്പറേറ്റീവ് പ്രസ് കേവലം കടലാസ്സിൽ മാത്രം നില നിൽക്കുന്ന അവസ്ഥയിലാണ്.

പടിയൂരിൽ നടപ്പിലാക്കിയിരുന്ന പട്ടുനൂൽപുഴു വളർത്തൽ നല്ല രീതിയിൽ അല്ല കൈകാര്യം ചെയ്യപ്പെടുന്നത്. ചെങ്കൽ മേഖലയിലെ യന്ത്രവൽക്കരണം തൊഴിലവസരങ്ങളെ വൻതോതിൽ വെട്ടിക്കുറക്കുന്ന അവസ്ഥയും സംജാതമായികൊണ്ടിരിക്കുകയാണ്.

പിരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഉയർന്നുവന്നതായി അറിയില്ല.

വ്യവസായ വളർച്ചയെ മുരടിപ്പിക്കുന്ന സാഹചര്യങ്ങൾ

വൈദ്യുതിയുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർഭല്യം, ഗതാതഗ രംഗത്തെ വികസനമില്ലായ്മ എന്നിവയാണ് വ്യവസായിക രംഗത്തിലെ വികസനത്തെ ബാധിക്കുന്ന സുപ്രധാനമായ പ്രശ്നങ്ങൾ. വൈദ്യുതിയുടെ അപര്യാപ്തത 3,4,8,10,11,14 വാർഡുകളിൽ വ്യവസായ വികസനത്തെ ദോഷകരമായി ബാധിക്കുന്നു എന്ന് ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാം. പതിനൊന്നാം വാർഡിലും ആറാം വാർഡിലും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും മുഖ്യപ്രശ്നങ്ങൾ ആണ്.

ബന്ധപ്പെട്ട ഏജൻസികളുടെ താൽപര്യമില്ലായ്മ, ലൈസൻസിങ്ങ് സമ്പ്രദായങ്ങളുടെ കാഠിന്യം, ബോധവൽക്കരണത്തിന്റെ അഭാവം, ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ വിവേകപൂർണ്ണമായ വിനിയോഗത്തിന്റെ അഭാവം, എന്നിവയും വ്യവസായ വളർച്ചയെ മുരടിപ്പിക്കുന്ന പ്രശ്നങ്ങളായി ഉയർന്നു വന്നിട്ടുണ്ട്.

## വ്യവസായ വികസനം: പ്രശ്ന പരിഹാരങ്ങൾ, സാധ്യതകൾ

പഞ്ചായത്തിലെ കാർഷിക മേഖല 45% കശുമാവ് 25% റബ്ബർ, 10% തെങ്ങ് എന്നിങ്ങനെ വിന്യസിക്കപ്പെട്ടിരിക്കുന്നു. വലിയ ഒരസംസ്കൃത വിഭവമേഖലയാണ് ഈ കാർഷികാവസ്ഥ നമ്മുടെ പഞ്ചായത്തിന് പ്രദാനം ചെയ്യുന്നത്. എന്നാൽ കശുമാവ്, റബ്ബർ എന്നിവയെ ആധാരമാക്കി ഒരു വ്യവസായ മേഖലയും നമ്മുടെ

പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല എന്ന അമ്പരപ്പിക്കുന്ന കാഴ്ച നമുക്ക് കാണേണ്ടി വരുന്നു. ഇതിനെന്താണ് കാരണം, ഈ അവസ്ഥയെ എങ്ങനെ അതീജീവിപ്പിക്കാം എന്ന് നമ്മൾ ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്.

ഗ്രാമ സഭകളിൽ നിന്നും ഉയർന്ന് വന്നിട്ടുള്ള വ്യവസായ വികസന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും കശുമാവ്, റബ്ബർ എന്നിവയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളെ ആധാരമാക്കിയിട്ടുള്ളവയാണ്.

## റബ്ബറധിഷ്ഠിത വ്യവസായങ്ങൾ : വികസന സാധ്യതകൾ

ചെറുകിട, വൻകിട, ഇടത്തരം മേഖലകളിലും കുടിൽ വ്യവസായത്തിൽ പോലും വമ്പിച്ച വികസന സാധ്യതകളുള്ള ഒരു മേഖലയാണ് റബ്ബറിൻേറത്. ഈ അസംസ്കൃത വിഭവമാകട്ടെ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ആയി സമൃദ്ധമായി ലഭ്യമാണ്. എല്ലാ മേഖലകളിലും ഈ വ്യവസായം വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ നമ്മൾ പരിശോധിക്കേണ്ടതുണ്ട്. ബലൂൺ, റബ്ബർ ബാൻറ് എന്നിങ്ങനെ കുടിൽ വ്യവസായത്തിലും റബ്ബറിന് സാധ്യതകളുണ്ട്. കുടിൽ വ്യവസായത്തിന് മറ്റൊരു ഉദാഹരണമാണ് ബുഷുകളുടെയും വാഷറുകളുടെയും നിർമ്മാണം. ശരാശരി ഒരു വാഹനത്തിന് ആയിരം എന്ന നിലയിൽ ഇന്ന് ആവശ്യമുള്ള ഇവ പൂർണ്ണമായും ഇന്ന് നിർമ്മിക്കപ്പെടുന്നത് കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന റബ്ബർ ഉപയോഗിച്ച് അന്യസംസ്ഥാനങ്ങളിലെ കുടിൽ വ്യവസായ മേഖലകളിലാണ്.

## കശുമാവ് ഉൽപന്നങ്ങൾ

പഞ്ചായത്തിലെ 45% കൃഷി കേന്ദ്രീകരിച്ചിരിക്കുന്നത് കശുമാവ് മേഖലയിലാണ്. കശുവണ്ടിയും കശുമാങ്ങയും പഞ്ചായത്തിലെ വലിയ ഒരസംസ്കൃത വിഭവ മേഖലയാണ്. കശുവണ്ടി സംസ്കരണത്തിലും വിപണനത്തിലും പഞ്ചായത്തിൽ യൂനിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്. കശുമാങ്ങ, ഭക്ഷ്യസംസ്കരണ മേഖലയിൽ ധാരാളം സാധ്യതകളുള്ള ഒരസംസ്കൃത വിഭവമാണ്. പാനീയങ്ങൾ, അച്ചാറുകൾ എന്നിവ കശുമാങ്ങയിൽ നിന്നും നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്. വ്യവസായ രംഗത്ത് ഏറ്റവും കൂടുതൽ ആവശ്യമുള്ള ഇൻഡസ്ട്രിയൽ ആൽക്കഹോൾ കശുമാങ്ങയിൽ നിന്നും നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്.

## കേരോൽപന്നം

കൊപ്രസംസ്കരണം, തേങ്ങാ പൗഡർ നിർമ്മാണം, ചകിരി ഉൽപന്നങ്ങളുടെ നിർമാണം എന്നിവയാണ് കേരോൽപന്ന മേഖലയിലെ വ്യവസായ വികസന സാധ്യതകൾ. ചിരട്ടക്കരിക്കും ഇന്ന് വൻതോതിൽ ആവശ്യക്കാരുണ്ട്. ചിരട്ടയിൽ നിന്നുള്ള കരകൗശല ഉൽപന്നങ്ങൾ, ബട്ടണുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കപ്പെടേണ്ടതാണ്.

## പട്ടുനൂൽ

ശരിയായ രീതിയിൽ നടപ്പിലാക്കപ്പെട്ട ഹെക്ടറിന് പ്രതിവർഷം അരലക്ഷം രൂപ പ്രതിഫലം ലഭിക്കുന്ന ഒന്നാണ് പടിയൂർ പ്രദേശത്ത് നടപ്പിലാക്കിവരുന്ന പട്ടുനൂൽ പുഴു വളർത്തൽ പദ്ധതി. കൊക്കൂൺ സംസ്കരണം, നൂൽ നിർമ്മാണം, വസ്ത്ര നിർമ്മാണം, വിപണനം എന്നിങ്ങനെയുള്ള രൂപത്തിൽ വമ്പിച്ച വികസന സാധ്യതകളും ഈ മേഖലയ്ക്കുണ്ട്. ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കി ഈ മേഖലയുടെ ശൃംഖലാ രൂപത്തിലുള്ള വികസനത്തിൻെറ സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്.

## മത്സ്യസംസ്കരണം

പഞ്ചായത്തിലെ വിവിധ മേഖലകളിൽ മത്സ്യ കൃഷി ആരംഭിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി മത്സ്യ സംസ്കരണ യൂനിറ്റുകളുടെ സാധ്യത പരിശോധിക്കാവുന്നതാണ്.

## മാംസ സംസ്കരണം

പഞ്ചായത്തിൽ മാംസ മേഖലയിൽ അസംസ്കൃത വിഭവങ്ങൾ ലഭ്യമാണ്. ശാസ്ത്രീയമായ രീതിയിൽ കൂടുതൽ മാംസം ഉൽപാദിപ്പിക്കപ്പെടന്ന പദ്ധതികൾ മുൻകൂട്ടി നടപ്പിലാക്കി ശാസ്ത്രീയമായി ഒരു മാംസ സംസ്കരണ യൂനിറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്.

## ഭക്ഷ്യ സംസ്കരണം.

പഞ്ചായത്തിൽ ലഭ്യമായ ഭക്ഷ്യ വസ്തുക്കൾ (മാങ്ങ, മരച്ചീനി, നേന്ത്രക്കായ, ചക്ക) മുതലായവ സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള ഒരു യൂണിറ്റിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ഊരത്തൂർ, കല്യാട്, ബ്ലാത്തൂർ മേഖലയിൽ ഉപയോഗശൂന്യമായ രീതിയിൽ 500 ഏക്കർ തരിശ്ഭൂമി ലഭ്യമാണ്. ഇവിടെ കട്ടി കൂടിയ ചെങ്കൽ പാറകൾ ധാരാളമായി ലഭ്യമാണ്. യന്ത്രം ഉപയോഗിച്ച് ഇവിടെ ചെങ്കൽ വ്യവസായത്തിന് സാധ്യതകൾ ഉണ്ട്.

പഴശ്ശി റിസർവോയറിൽ നിന്ന് 2 കി.മീ. അകലത്തിൽ കിടക്കുന്ന ഈ പ്രദേശത്ത് വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ എന്നിവ വർദ്ധിക്കുകയാണെങ്കിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് അനുയോജ്യമായ സ്ഥലമാണ്. പഞ്ചായത്തിൻെറ വ്യവസായിക പിന്നോക്കാവസ്ഥ പരിഗണിച്ച് ജില്ലാ പഞ്ചായത്തും സംസ്ഥാന ഗവൺമെൻറും ഈ സാധ്യത ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വിഭവങ്ങളെ പറ്റി നമുക്ക് ഒരു ഏകദേശ ധാരണ ഇന്നുണ്ട്. ഈ ധാരണയുടെ വെളിച്ചത്തിലും, മുമ്പോട്ട് വെയ്ക്കപ്പെട്ടിട്ടുള്ള വികസന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ഒരു വ്യവസായ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

ഗൾഫ് നാടുകളിൽ നിന്നും നമ്മുടെ നാട്ടിലെത്തുന്ന തുകയിൽ നിന്നും വളരെ കുറച്ച് മാത്രമെ വ്യവസായിക മേഖലയിൽ ചിലവഴിക്കപ്പെടുന്നുള്ളു. ഈ അവസ്ഥയിൽ മാറ്റം വരാനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുക.

പഞ്ചായത്ത് തലത്തിൽ ഒരു ഇൻഡസ്ട്രിയൽ പ്രമോഷൻ കമ്മറ്റി രൂപീകരിക്കുക.

പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വ്യവസായ വികസന സഹകരണ സംഘം രൂപീകരിക്കുക. ഇത്തരം ഒരു സംഘത്തിന് ചെറുകിട ഇടത്തരം വ്യവസായ മേഖലകളിലെ വികസനത്തിന് കാര്യമായ സഹായം നൽകാൻ ആവും. വ്യവസായ സംരംഭങ്ങൾ നടപ്പിൽ വരുത്താൻ സാധിക്കും.

സഹകരണ മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കാൻ പഞ്ചായത്ത് ഗ്യാരണ്ടി നിൽക്കുക.

പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, ഡൊമസ്റ്റിക് സർവ്വീസ് ഗ്രൂപ്പ്, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവ രൂപീകരിക്കുക.

നമ്മുടെ നാട്ടിലെ സഹകരണ ബാങ്കുകളിലെ 60% തുകയും ഇന്നു മറ്റു സംസ്ഥാനങ്ങളിലാണ് വിനിയോഗിക്കപ്പെടുന്നത്. ഈ അവസ്ഥ മാറ്റി പ്രസ്തുത തുക പഞ്ചായത്തുകളുടെ വ്യവസായ വികസനത്തിന് ലഭ്യമാക്കുക.

കോമൺ ഫെസിലിറ്റി സർവ്വീസ് സെൻറർ ചങ്ങനാശ്ശേരിയുടെ ഒരു ബ്രാഞ്ച് കണ്ണൂർ ജില്ലയിൽ ആരംഭിക്കുക.

റൂറൽ ഡെവലപ്മെൻറ് ബോർഡിൻെറ ഫണ്ട് പഞ്ചായത്തിലെ വ്യവസായ വികസന പരിപാടികൾക്ക് ലഭ്യമാക്കാൻ ഗവൺമെൻറ് മുൻകയ്യെടുക്കണം.

റബ്ബർ ബോർഡിൻെറ ഒരു സാങ്കേതിക വിദ്യാ ഉപദേശക പരിശീലന വിഭാഗം പടിയൂരിലെ ഗവേഷണ വിഭാഗത്തോടൊപ്പം ആരംഭിക്കുക.

'പ്രൊജക്ട് പ്രൊഫൈൽസ് ഓഫ് കൊല്ലം ജില്ലാ കലക്ടർ' എന്ന പുസ്തകം പഞ്ചായത്തിൻെറ വികസന പരിപാടികൾ ആസൂത്രണം ചെയ്യാൻ പ്രയോജന പ്രദമാണ്. ഈ പുസ്തകത്തിൻെറ ഒരു കോപ്പി പഞ്ചായത്ത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

റവന്യൂ പുറമ്പോക്കും, പുഴ പുറമ്പോക്കും പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ഈ പ്രദേശങ്ങൾ പഞ്ചായത്തിന് വിട്ട് കിട്ടുകയാണെങ്കിൽ നമുക്ക് ഇവിടെ ഈറ്റപോലുള്ള അസംസ്കൃത വസ്തുക്കളുടെയും ഭക്ഷ്യമേഖലയിലെ വൃക്ഷങ്ങളുടെ കൃഷി നടപ്പിലാക്കാൻ കഴിയും.

പഞ്ചായത്തിലെ വ്യാവസായികോൽപന്നങ്ങളുടെ വിപണി സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സഹകരണ മേഖലയിൽ ഒരു ഹയർ പർച്ചേസ് കൺസ്യൂമർ സ്റ്റോറും പഞ്ചായത്ത് തലത്തിൽ ഒരു മാർക്കറ്റിങ്ങ് ഏജൻസിയും രൂപീകരിക്കുക.

ചെറുകിട വ്യവസായങ്ങൾക്ക് വ്യവസായ വികസനത്തിൽ മുൻഗണന നൽകുക.

ലൈസൻസ് സമ്പ്രദായം ഉദാരമാക്കുക.

പഞ്ചായത്തിലെ വ്യവസായ മേഖലയുടെ ഇന്നത്തെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ, വികസന സാധ്യതകൾ, എന്നിവയെ ഏറെക്കുറെ സ്പർശിക്കുന്ന ഒരു ലഘു അവലോകനമാണ് ഇവിടെ നടത്തപ്പെട്ടത്. പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ വ്യവസായ വികസനത്തിന് ഈ അവലോകനം ഒരു ചെറിയ തുടക്കമെങ്കിലും കുറിക്കുമെന്ന് പ്രത്യാശിക്കുന്നു. ❒



# ഗതാഗതം

ഇന്നത്തെ പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശത്ത് ഏകദേശം 50 വർഷം മുമ്പ് പ്രധാനമായും 3 റോഡുകളാണുണ്ടായിരുന്നത്. ബ്രിട്ടീഷുകാർ നിർമ്മിച്ച ഇരിട്ടി - ഇരിക്കൂർ റോഡാണ് ആദ്യത്തേത്. അക്കാലത്ത് താരതമ്യേന കൂടുതൽ ജനാധിവാസം ഉണ്ടായിരുന്ന സ്ഥലങ്ങൾ ആയിരുന്നു നുച്യാട്, പരിക്കളം എന്നീ പ്രദേശങ്ങളും വടക്കെ മലബാറിലെ പുരാതനവും പ്രസിദ്ധവുമായ ക്ഷേത്രങ്ങളിലൊന്നായ വയത്തൂർ കാലിയാർ ശിവക്ഷേത്രം സ്ഥിതി ചെയ്യുന്ന വയത്തൂരും. ഈ പ്രദേശങ്ങളെ ഇരിട്ടിയുമായി ബന്ധിച്ചുകൊണ്ടുള്ള റോഡായിരുന്നു രണ്ടാമത്തേത്. ഈ പ്രദേശങ്ങളുടെയൊക്കെ അധിപനായിരുന്ന ജന്മി (കല്യാട്ട് യശമാനൻ എന്നറിയപ്പെടുന്ന)യുടെ തറവാട്ടിലേക്ക് പോകുന്നതിനുള്ള റോഡ് എന്ന നിലക്ക് ഇരിക്കൂറിൽ നിന്നും കല്യാട് നിന്ന് ബ്ലാത്തൂരിലേക്കും അന്ന് ഒരു റോഡ് നിലവിലുണ്ടായിരുന്നു. കർണ്ണാട സംസ്ഥാനത്തിലെ കുടക് നിവാസികളും വയത്തൂർ ശിവ ക്ഷേത്രവുമായി നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ബന്ധവുമുണ്ട്. അവർക്ക് ക്ഷേത്രത്തിലെക്ക് വരുന്നതിനായി പേരട്ട, കോളിതട്ട്, എരുത്കടവ് വഴി ഒരു നടപ്പാത ഉണ്ടായിരുന്നതായി കരുതപ്പെടുന്നുണ്ട്. വള്ളിത്തോട്ടിൽ നിന്ന് നമ്മുടെ പഞ്ചായത്ത് അതിർത്തിയായ കൂമൻതോട്ടിലേക്കുള്ള വഴിയും അവിടെ നിന്ന് ഉളിക്കലിലേക്കുള്ള വഴിയും ഏറെ പഴക്കമുള്ളതാണ്. ഈ വഴിയും കുടക് നിവാസികൾ വയത്തൂർ ക്ഷേത്രവുമായി ബന്ധപ്പെടുന്നതിന് ഉപയോഗപ്പെടുത്തിയിരുന്നു.

ഇരിട്ടി-ഇരിക്കൂർ റോഡ് ഒഴിക ഈ പഞ്ചായത്തിലെ 400ഓളം കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡിൽ മറ്റുള്ളവയെല്ലാം രൂപം കൊണ്ടതും വികസിച്ചതും കുടിയേറ്റത്തോടുകൂടിയായിരുന്നു. വയത്തൂർ ക്ഷേത്രത്തിലേക്ക് പോകുന്നതിന് വേണ്ടി ഇരിട്ടിയിൽ നിന്നും ഉളിക്കലിലേക്ക് രൂപം കൊണ്ട റോഡ് കല്യാട്ടെ ജന്മിയാണ് കുടിയേറ്റ കർഷകരെ ഉപയോഗപ്പെടുത്തികൊണ്ട് വികസിപ്പിച്ചെടുത്തത്. ഈ ഭാഗങ്ങളിൽ ഉണ്ടായിരുന്ന വനാന്തങ്ങളിലെ വൻമരങ്ങൾ കടത്തികൊണ്ടു പോകുന്നതിനുള്ള കൂപ്പ് റോഡായാണ് മറ്റ് റോഡുകളും ആവിർഭവിച്ചത്. ഇവയുടെ ക്രമേണയുള്ള വികസനത്തിന് നെല്ലിക്കാംപൊയിലെ വിവിധ കാലയളവുകളിൽ ഉണ്ടായിരുന്ന വികാരിമാരും ടി.ആർ. നാരായണനെപോലെയുള്ള പൊതു പ്രവർത്തകരും നിരവധി കുടിയേറ്റ കർഷക പ്രമുഖരും നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. കാർഷികോൽപന്നങ്ങൾ വിപണന കേന്ദ്രങ്ങളായ ഇരിട്ടി, തളിപറമ്പ്, തലശ്ശേരി എന്നിടങ്ങളിൽ എത്തിക്കുന്നതിന് ഗതാഗത യോഗ്യമായ റോഡുകൾ കൂടിയേ തീരു. റോഡുകളുടെ ആദ്യകാല വികസനത്തിന് തീഷ്മമായ ത്യാഗങ്ങൾ അനുഷ്ഠിക്കാൻ കർഷക ജനതയെ പ്രേരിപ്പിച്ചതിന് ഇതും ഒരുനിർണ്ണായക ഘടകമായിരുന്നു.

## നിലവിലുള്ള അവസ്ഥ

കേരളാ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതും, പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാത്തതോ പൂർത്തീകരിക്കാത്തതോ ആയതും ഗ്രാമ പഞ്ചായത്തിന് കീഴിലുള്ളതുമായ 400ഓളം ദൈർഘ്യം വരുന്ന റോഡുകളാണ് ഗ്രാമ പഞ്ചായത്തിലുള്ളത്.

ഇതിൽ ഉളിക്കൽ മുണ്ടാന്നൂർ റോഡും ഉളിക്കൽ അറബിക്കുളം റോഡും പുതിയവ ആയതുകൊണ്ട് ഗതാഗതത്തിന് തടസ്സങ്ങൾ ഇല്ല. ഉളിക്കൽ മുണ്ടാന്നൂർ റോഡിൽ നുച്യാട് പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ പണി പൂർത്തിയായിട്ടില്ല. അതുകൊണ്ട് ഇതുവരെയുള്ള ബസ്സ് ഗതാഗതം കുറെനാൾ മുടങ്ങി. ഇരിട്ടി ഇരിക്കൂർ റോഡ് ബ്രിട്ടീഷ് വാഴ്ച കാലത്തുണ്ടായതാണെങ്കിലും കാലാനുസൃതമായ വികസനം അതിനുണ്ടായിട്ടില്ല. ധാരാളം ബസ് സർവ്വീസുകൾ ആവശ്യമായ ഈ വഴിയെ ബസ്സുകൾ താരതമ്യേന കുറവാണ്. ഉളിക്കൽ - മട്ടറ റോഡ് വർഷങ്ങൾക്കു മുമ്പേ ടാർ ചെയ്തതാണെങ്കിലും പൊട്ടി പൊളിഞ്ഞ് ആകെ താറുമാറായി കിടക്കുകയാണ്. ഒരോ വർഷവും അറ്റകുറ്റ പണികൾ നടത്താറുണ്ടെങ്കിലും അത് ഒന്നോരണ്ടോ മാസം മാത്രമെ നിലനിൽക്കാറുള്ളു. മറ്റ് റോഡുകളൊക്കെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു എന്ന പേരുമാത്രം.

## പഞ്ചായത്തു റോഡുകൾ

ടാർ ചെയ്ത ചില റോഡുകളും സോളിംഗ് ചെയ്ത ഏതാനും റോഡുകളും അനേകം മൺറോഡുകളും കൂടി 80ഓളം പഞ്ചായത്തു റോഡുകൾ ഉണ്ട്. എല്ലാം തന്നെ ഗതാഗത പ്രശ്നങ്ങൾ ഉള്ളവയാണ്.

## പ്രശ്നങ്ങൾ

### 1. റോഡുകളുടെ ശോച്യാവസ്ഥ

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളുടെയും അവസ്ഥ പരിതാപകരമാണ്. നിർമ്മാണ സമയത്ത് അവലംബിക്കേണ്ട മാനദണ്ഡങ്ങൾ കാറ്റിൽ പറത്തുന്നതുകൊണ്ടും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ സ്വീകരിക്കാത്തതുകൊണ്ടുമാണ് റോഡ് വളരെ വേഗം ഗതാഗതയോഗ്യമല്ലാതാവുന്നത്. മിക്ക റോഡുകൾക്കും ഓടകളില്ല. ഓടകളുണ്ടെങ്കിൽ തന്നെ അത് സംരക്ഷിക്കാറില്ല. റോഡുകൾ താറുമാറാകുന്നതിൽ റോഡിന്നിരുവശത്തുമുള്ള താമസക്കാരുടെ ബോധപൂർവ്വമോ അല്ലാത്തതോ ആയ ഇടപെടൽ അവഗണിക്കാവുന്നതല്ല.

റോഡുകൾക്ക് ആവശ്യമുള്ളത്ര കലുങ്കുകൾ ഇല്ലാത്തത് ശോച്യാവസ്ഥയ്ക്ക് കാരണമാണ്.

2. വെയിറ്റിങ്ങ് ഷെൽട്ടറുകളെ കുറിച്ച് വ്യക്തമായ കണക്കുകൾ ഇല്ല. എന്നിരുന്നാലും ആവശ്യത്തിന് വെയിറ്റിംഗ് ഷെട്ടറുകളില്ല എന്നത് വസ്തുതയാണ്.

3. റോഡുകളിലെ പാലങ്ങളെ കുറിച്ച് കണക്കുകൾ ലഭ്യമല്ല. ആവശ്യത്തിന് പാലങ്ങളില്ല. മൺറോഡുകളിൽ പ്രത്യേകിച്ചും. അതുകൊണ്ട് അവിടങ്ങളിൽ മഴക്കാല ഗതാഗതം അസാദ്ധ്യമാക്കിത്തീർക്കുന്നു.

4. ബസ്സ്റ്റാൻഡുകൾ ഇല്ലാത്തതും ഒരു പ്രശ്നമാണ്. പഞ്ചായത്തിലെ പ്രധാന പട്ടണമായ ഉളിക്കലിൽ ബസിസ്റ്റാൻറിന് സ്ഥലം എടുത്തിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. മണിക്കടവം, പേരട്ട എന്നിവിടങ്ങളിലും ബസ്സ്റ്റാൻഡുകൾ ഇല്ല. പഞ്ചായത്തിന്റെ ഏറിയ ഭാഗവും വിദൂര ഗ്രാമങ്ങളും മലപ്രദേശങ്ങളുമാണ്. പല ഭാഗത്തും ഇനിയും പുതിയ റോഡുകൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. റോഡുകളുടെ നിർമ്മിതിയെക്കുറിച്ച് ശാസ്ത്രീയമായ ഒരു കാഴ്ചപ്പാട് ഉണ്ടാവേണ്ടിയിരിക്കുന്നു. ഒരു കിലോമീറ്റർ റോഡു മാത്രമെ നിർമ്മിച്ചിട്ടുള്ളുവെങ്കിലും അത് ഓടകളും കലുങ്കുകളും നിർമ്മിച്ചുകൊ ണ്ടും ആവശ്യാനുസരണം വശങ്ങൾ കെട്ടികൊണ്ടുമാണുണ്ടാകുന്നതെങ്കിൽ, ശാസ്ത്രീയ മാനദണ്ഡങ്ങൾ പുലർത്തികൊണ്ടാണുണ്ടാതുകന്നതെങ്കിൽ അത് ഏറെ കാലം നിലനിൽക്കും. "നാഴൂരി പാലു കൊണ്ട് നാടാകെ കല്യാണം" എന്ന രീതിയിലുള്ള 'റോഡ് നിർമ്മാണം' വൻ നഷ്ടമാണെന്ന് മനസ്സിലാക്കണം.

2. റോഡുകൾക്കുള്ള ഓടകൾ സംരക്ഷിക്കുന്നതിനുള്ള ശുഷ്കാന്തി വേണം. ഇക്കാര്യത്തിൽ ജനകീയ ഇടപെടൽ സ്വീകരിക്കാം. ഓടകൾ ഇല്ലാത്തിടത്ത് റോഡിന്നിരുവശത്തുമുള്ള സ്ഥലമുടമകളെ കൊണ്ട് ഉണ്ടാക്കിക്കുന്നതിനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്യാം. (സന്നദ്ധ പ്രവർത്തനത്തിലൂടെ).

3. വെയ്റ്റിങ്ങ് ഷെൽട്ടറുകൾ ആവശ്യമുള്ള സ്ഥലങ്ങളെ കുറിച്ചുള്ള വിലയിരുത്തൽ നടത്തി മുൻഗണനാ അടിസ്ഥാനത്തിൽ അത് നിർമ്മിക്കുക.

4. ഉളിക്കലിൽ പഞ്ചായത്ത് ബസ്സ്റ്റാൻഡ്

ഉളിക്കലിന്റെ പ്രാന്തപ്രദേശങ്ങളും അവിടങ്ങളിലേക്കുള്ള പാതകളും വികസിച്ചതോടെ എല്ലാ ഭാഗങ്ങളിൽ നിന്നും ഉളിക്കലിലേക്ക് ബസ്സുകൾ വരാൻ സാധ്യതയുണ്ട്. ഉളിക്കൽ, പയ്യാവൂർ ടാർ റോഡ് നിലവിൽ വന്ന

തോടുകൂടി നിരവധി ബസ്സുകൾ ഉളിക്കലിൽ തങ്ങേണ്ട തായി വരുന്നുണ്ട്. അതുകൊണ്ട് ദീർഘകാലാടിസ്ഥാന ത്തിൽ ബസ്സ്റ്റാൻഡ് നിർമ്മിക്കാനാവശ്യമായ നടപടി കൾ സ്വീകരിക്കേണ്ടതുണ്ട്.

5. പുതുതായി നിർമ്മിക്കേണ്ടതും ടാറിങ്ങും സോ ളിങ്ങും ചെയ്യേണ്ടതായ നിരവധി റോഡുകൾ ഉണ്ട്. മുൻഗണനാ ക്രമം അനുസരിച്ച് അത് ചെയ്യേണ്ടിയിരി ക്കുന്നു.

ഗ്രാമ സഭാ ചർച്ചകൾ പ്രകാരം ഏതാണ്ട് എല്ലാ റോഡുകളും തന്നെ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാ ക്കമെന്ന ഉദ്ദ്യേശം ,ഉയർന്നുവന്നിട്ടുണ്ട്. ടാർ ചെയ്യേണ്ട റോഡുകളുടെ ഒരു പട്ടിക താഴെകൊടുക്കുന്നു. (ഗ്രാമസ ഭകളിൽ വ്യക്തമായി ആവശ്യപ്പെട്ടത് മാത്രം)

| ക്രമനമ്പർ | റോഡിന്റെ പേര് | വാർഡ് |
|---|---|---|
| 1. | ചോലക്കരി - ബ്ലാത്തൂർ | 1 |
| 2. | ബ്ലാത്തൂർ - കാഞ്ഞിലേരി | 1 |
| 3. | പൂവ്വം - കല്യാട് | 1 |
| 4. | ഉളിക്കൽ - കണിയാംവയൽ | 2 |
| 5. | ബ്ലാത്തൂർ - മഞ്ഞാംകരി | 2 |
| 6. | ബ്ലാത്തൂർ മെയിൻ റോഡ് മംപ്പുരപ്പാറ | 2 |
| 7. | ഊരത്തൂർ - പടിയൂർ | 3 |
| 8. | കേയാപറമ്പ് - കുമൻതോട് | 7 |
| 9. | പൊയ്യൂർകരി - തേർമല | 8 |
| 10. | കൊമ്പൻപാറ - തേർമല | 8 |
| 11. | നുച്യാട് - മണിപ്പാറ - പെരുമ്പള്ളി - മണിക്കടവ് | 10 |
| 12. | വട്ട്യാന്തോട് - കരിമാങ്കയം - മണിപ്പാറ | 10 |
| 13. | മണിപ്പാറ - വെങ്ങലോറി - ഗാന്ധിനഗർ | 10 |
| 14. | അമേരിക്കൻ പാറ - കോട്ടപാറ കോളനി | 10 |
| 15. | ഉളിക്കൽ - വയത്തൂർ - കരിമാങ്കയം | 12 |
| 16. | മാട്ടറ പീടിക കുന്ന് | 13 |
| 17. | മാട്ടറ ചോയി മടം | 13 |
| 18. | കാലാങ്കി - മേടോത്തും കുന്ന് | 13 |
| 19. | കുരിശുംമുക്ക് - അങ്ങാടിശ്ശേരി നട്ട് | 13 |
| 20. | കടമനനക്കണ്ടി - മാവിൻമീതകോളനി | 13 |
| 21. | വട്ട്യാന്തോട് - പമ്പരംപള്ളി | 13 |
| 22. | ചാപ്പതോട് - പാലുംമുക്ക് റോഡ് | 13 |
| 23. | കുണ്ടേരി - ഉപദേശി കുന്ന് | 15 |
| 24. | സംസ്ഥാന അതിർത്തി റോഡ് | 15 |
| 25. | തൊട്ടിൽ പാലം - പേരട്ട | 15 |

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | കല്യാട് പടിഞ്ഞാറെകര - കിഴക്കെകര | 1 |
| 2. | ബ്ലാത്തൂർ അമ്പലം - ബ്ലാത്തൂർ സ്ക്കൂൾ | 1 |
| 3. | ബ്ലാത്തൂർ - പി.എച്ച്.സി. റോഡ് | 2 |
| 4. | കുയിലൂർ പൂവ്വം - കല്യാട് | 4 |
| 5. | താഴെപെരുമണ്ണ്-പെടയങ്ങോട്ട്റേഷൻകട | 4 |
| 6. | പെരുമണ്ണ് - തോണിക്കടവ് | 4 |
| 7. | കമനിവയൽ - ചവിട്ടുപാറ | 8 |
| 8. | കയനികോളനി - അരിമുണ്ടകോളനി | 8 |
| 9. | കൊമ്പൻപാറ - പള്ളി | 8 |
| 10. | കയനിക്കോളനി - കൊമ്പൻപാറ | 8 |
| 11. | കാലാങ്കി - അങ്ങാടിശ്ശേരി നട്ട് | 8 |
| 12. | ചോയിമട - അങ്ങാടിശ്ശേരി നട്ട് | 8 |
| 13. | കല്ലന്തോട്-കോളിത്തട്ട്-SNDP കവല | 15 |

## നടപ്പാതകളും ജീപ്പ് റോഡുകളും

| | | |
|---|---|---|
| 1. | കുണ്ടേരി വയൽ - പട്ടിൽ | 4 |
| 2. | കുയിലൂർ പഴശ്ശി പ്രൊജക്ട് റോഡ്-കുളിക്കടവ് | 4 |
| 3. | തളിപറമ്പ് റോഡ് - കക്കിച്ചാൽ | 4 |
| 4. | കരവൂർ - നിടിയോടി | 5 |

6. വിവിധ സ്ഥലങ്ങളിൽ നിർമ്മിക്കേണ്ട പാലങ്ങളുടെ ലിസ്റ്റ് ചുവടെ കൊടുക്കുന്നു.

| നമ്പർ | സ്ഥലം | വാർഡ് |
|---|---|---|
| 1. | ചോലക്കരി | 1 |
| 2. | മഞ്ഞാതോട് | 2 |
| 3. | കുയിലൂർ പഴയവില്ലേജ് ഓഫീസിന് മുമ്പിൽ നടപ്പാലം | 4 |
| 4. | പെരുമണ്ണ്, എയ്യൻകണ്ടിത്തോടിന് | 4 |
| 5. | പൈസലു കുണ്ട് | 6 |
| 6. | കല്ലുവയൽ നെല്ലിക്കാംപൊയിൽ റോഡിൻെറ തോടിന് | 6 |
| 7. | കൂമൻതോട് | 7 |
| 8. | ഉപ്പുകണ്ടം പുഴയ്ക്ക് സമീപംകലുങ്ക് | 7 |
| 9. | കയനിപാലത്തിന് സമീപംതോടിന്കലുങ്ക് | 8 |
| 10. | മണിക്കടവ് ആനപ്പാറITSറോഡിൽകലുങ്ക് | 10 |
| 11. | മണിക്കടവ്-ആനപ്പാറ റോഡിൽ കലുങ്ക് | 10 |
| 12. | ചാപ്പ്തോട്-കലുങ്ക് | 13 |
| 13. | പീടികകുന്ന് മണിക്കടവ് റോഡിൽ കലുങ്ക് | 13 |
| 14. | പഞ്ചാരമുക്ക് സ്റ്റേറ്റ് ബൗണ്ടറി കലുങ്ക് റോഡിൽ | 13 |
| 15. | കോക്കാട് - അക്കരകോക്കാട് റോഡിൽ പാലം | 7 |
| 16. | ഏഴൂർ - കുംഭംങ്ങോട് റോഡിൽ കലുങ്ക് | 7 |

**7. കൂമൻ തോട് പാലവും കോയാപറമ്പ് കൂമൻ തോട് റോഡും**

പടിയൂർ കല്യാട്, പായം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ അതിർത്തിയായ കൂമൻതോട്ടിൽ തോടിന് ഒരു പാലം പൊതുമരാമത്ത് വകുപ്പ് അനുവധിച്ചിട്ടുണ്ട്. വിളമന - വള്ളിത്തോട് റോഡ് ടാർ ചെയ്യുമ്പോൾ പ്രസ്തുത പാലത്തിന് അനുവദിച്ച എസ്റ്റിമേറ്റ് തുക കുറവായതിനാൽ കരാറുകാർ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറല്ലാത്തതിനാൽ മുടങ്ങിപോയതാണ്. ഈ പാലം പൂർത്തിയായാൽ കൂട്ടുപുഴ, വിരാജ് പേട്ട, അങ്ങാടിക്കടവ്, ചരൾ, വാണിയപ്പാറ, ആനപന്തി എന്നീ ഭാഗങ്ങളിൽ ഉള്ള ജനങ്ങൾക്ക് പയ്യാവൂർ ശ്രീകണ്ഠപുരം, ചെമ്പേരി, ചന്ദനകാംപാറ, പൈസക്കരി എന്നിവിടങ്ങളിലെ ജനങ്ങളുമായി ഇരിട്ടി മുഖേന അല്ലാതെ താരതമ്യേന എളുപ്പത്തിൽ ബന്ധപ്പെടാൻ ആവും. ഈ വഴിയിലൂടെ ഏറെ ബസ്സർവ്വീസുകൾ നിലവിൽ വരികയും ചെയ്യും. ഇതിൽ ഇന്നത്തെ തടസ്സം പൊതുമരാമത്ത് വകുപ്പുമായി അനുവദിച്ചിട്ടുള്ള ഈ പാലവും കൂമൻ തോട് കോയാത്തോട് 800 മീറ്റർ മൺറോഡുമാണ്. പൊതുമരാമത്ത് ബന്ധപ്പെട്ട ഈപാലവും മനസ്സിരുത്തിയാൽ കോയാപറമ്പ്, കൂമൻ തോട് ടാർ റോഡും യാഥാർത്ഥ്യമാകും. ഇത് ഉളിക്കൽ പട്ടണത്തിൻെറ വളർച്ചയ്ക്കും വികസനത്തിനും ഏറെ ഗുണം ചെയ്യുകയും ചെയ്യും.

## സന്നദ്ധ പ്രവർത്തനങ്ങൾ

റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗ്രാമ സഭകളിൽ പങ്കെടുത്തവർ സന്നദ്ധ പ്രവർത്തനം വാഗ്ദാനം ചെയ്തത് ജനകീയാസൂത്രണ പ്രക്രിയയിൽ ഏറെ ശുഭകരമായ കാര്യമാണ്. ഗ്രാമ സഭകളിൽ വാഗ്ദാനം ചെ

**പട്ടിക 2**

| നമ്പർ | സന്നദ്ധപ്രവർത്തനം | വാർഡ് |
|---|---|---|
| 1. | ബ്ലാത്തൂർ അമ്പലം - സ്ക്കൂൾ റോഡ് നിർമ്മാണം | 1 |
| 2. | കല്യാട് പടിഞ്ഞാറെ കര - കിഴക്കേകര റോഡ് നിർമ്മാണം | 1 |
| 3. | കുയിലൂർ വളവിൽ നിന്ന് ഊരത്തൂരുമായി ബന്ധിപ്പിക്കുന്ന റോഡിൻെറ നിർമ്മാണം | 4 |
| 4. | പടിയൂർ വാർഡിലെ എല്ലാ റോഡുകളുടെയും നിർമ്മാണ അറ്റകുറ്റ പണികൾ | 5 |
| 5. | മണ്ഡപപറമ്പ് - കോയാപറമ്പ് റോഡിൻെറ മെച്ചെപ്പെടുത്തൽ | 7 |
| 6. | കോക്കാട് - തേർമല റോഡിൻെറ അറ്റകുറ്റ പണികൾ | 8 |
| 7. | മണിക്കടവ് വാർഡിൽ പൊതുവെ എല്ലാ റോഡുകളുടെയും നിർമ്മാണ അറ്റകുറ്റ പണികൾ | 13 |

യ്യപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങൾ പട്ടികയിൽ കാണാം.

റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കരാറുകാരെ ഏൽപിക്കുന്നതിന് പകരം ജനകീയ സമിതികളെ ഏൽപിക്കുന്നത് ഗുണകരമായിരിക്കും. പൊതുമരാമത്ത് വകുപ്പിൻെറയും ഗ്രാമപഞ്ചായത്തിൻെറയും ബഹുജനങ്ങളുടെയും ഒരു കൂട്ടായ്മയിലൂടെ നമ്മുടെ ഗതാഗത സംവിധാനത്തിൻെറ ഗുണനിലവാരം ഏറെ മെച്ചപ്പെടുത്താവുന്നതാണ്.

# ഊർജ്ജം

## 1. വൈദ്യുതി

ഇനിയും വൈദ്യുതീകരിക്കപ്പെടാത്ത എത്രയോ പ്രദേശങ്ങൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഊരത്തൂർ, അറബി എന്നീ വാർഡുകളിൽ വൈദ്യുതി എത്തിനോക്കിയിട്ടേ ഇല്ല. വൈദ്യുതീകരിക്കപ്പെട്ട പ്രദേശത്ത് തന്നെ കൃത്യമായി വൈദ്യുതി ലഭിക്കുന്നില്ല. വോൾട്ടേജ് കുറവിൻെറ പ്രശ്നവും ഉണ്ട്. പല സ്ഥലത്തും വേണ്ടത്ര ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ ഇല്ല. അവയെക്കുറിച്ച് വിലയിരുത്തി ആവശ്യമുള്ളിടത്ത് കൂടുതൽ കപ്പാസിറ്റി ഉള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽഅത് എത്തിക്കുന്നത് സംസ്ഥാനത്തെ വൈദ്യുതി ലഭ്യതയുമായി ബന്ധപ്പെട്ടതാണെന്ന് എങ്കിലും ഇക്കാര്യത്തിൽ കാര്യമായ ആസൂത്രണം വേണം.

കാലാങ്കിയിൽ ഒരു മിനി വൈദ്യുതി പദ്ധതിയുടെ പ്രാരംഭ പദ്ധതികൾ നടന്നതാണ്. പ്രാദേശികാസൂത്രണ സമയത്ത് ഈ പദ്ധതിയെ സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

കോട്ടപാറ, കല്യാട്, കുരിശുമല എന്നിവിടങ്ങളിൽ കാട്ടിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതും പരിശോധിക്കപ്പെടണം.

മലയോര മേഖലയിൽ നിരവധി കൊച്ചുവെള്ളച്ചാട്ടങ്ങൾ ഉണ്ട്. മഴക്കാലങ്ങളിൽ ഇവയെ ഉപയോഗപ്പെടുത്തി മൈക്രോ ജല വൈദ്യുത പദ്ധതികൾ നിർമ്മിക്കാൻ കഴിയുമോ എന്നും പരിശോധിക്കപ്പെടണം.

## 2. പാചക് വാതകം

പാചക വാതകം ഉപയോഗപ്പെടുത്തൽ കുറവാണ്. ഭാവിയിൽ പാചക വാതകം ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിക്കും എന്നതുകൊണ്ട് അത് ലഭ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

## 3. വിറക്

പാചകാവശ്യത്തിനുള്ള ഇന്ധനം മുഖ്യമായും വിറകാണ്. വിറകിൻെറ കാര്യത്തിൽ പ്രതിസന്ധി ഒന്നും ഉടലെടുത്തിട്ടില്ലെങ്കിലും ഭാവിയിൽ വിറകിന് കടുത്ത ക്ഷാമം ഉണ്ടാവും. അതു കൊണ്ട് ഇന്ധന ക്ഷമതയുള്ള അടുപ്പുകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

## 4. ബയോഗ്യാസ് പ്ലാൻറുകൾ

പഞ്ചായത്തിൽ ഇവ എത്രയുണ്ടെന്ന് കണക്കുകൾ ലഭ്യമല്ല. ഇതിൻെറ സാദ്ധ്യതകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്. കന്നുകാലി വളർത്തൽ മിക്കവാറും എല്ലാ കർഷകകുടുംബങ്ങളുടെയും ഉപവരുമാനം എന്നതുകൊണ്ട് ഇതിൽ ഏറെ സാധ്യതയുണ്ട്.

# മാർക്കറ്റിങ്ങ്

കാർഷികോൽപന്നങ്ങളുടെ വിപണനത്തിന് കാര്യമായ പ്രതിസന്ധികൾ ഒന്നുമില്ലെങ്കിലും സ്ഥിതിഗതികൾ ഏറെ മെച്ചപ്പെടുത്താവുന്നതാണ്. ഉൽപന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം ഇരിട്ടിയാണ്. ദീർഘവീക്ഷണത്തോടുകൂടി ആസൂത്രണം ചെയ്താൽ ഇരിട്ടിയെപോലെ തന്നെ പ്രാധാന്യമുള്ള ഒരു വിപണന കേന്ദ്രമായി ഉളിക്കലിനെ മാറ്റിയെടുക്കാം. അത്തരത്തിലുള്ള ഒരു ആസൂത്രണത്തിൻെറ ഭാഗമായി താഴെ പറയുന്ന കാര്യങ്ങളെങ്കിലും പ്രാഥമികമായി ചെയ്തിരിക്കണം.

1. ഉളിക്കൽ പഞ്ചായത്ത് ബസ്സ്റ്റാൻഡും അതിനോട്അനുബന്ധിച്ചുള്ള ഷോപ്പിംഗും കോംപ്ലക്സും നിർമ്മിക്കണം.

2. ഉൾപ്രദേശങ്ങളിൽ നിന്ന് ഉളിക്കലിലേക്കുള്ള റോഡുകളുടെ ഗതാഗത യോഗ്യത ഉറപ്പു വരുത്തണം.

3. ഉളിക്കൽ ആസ്ഥാനമായി ആഴ്ച ചന്ത ആരംഭിക്കണം.

3. റബ്ബർ വിപണനത്തിന് വേണ്ടി രൂപീകരിക്കപ്പെട്ട സഹകണ മാർക്കറ്റിംഗ് സൊസൈറ്റിയുടെ മാതൃകയിൽ മറ്റ് കാർഷികോൽപന്നങ്ങൾക്കും സഹകരണമേഖലയിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിക്കുക.❑



# പൊതുജനാരോഗ്യവും കുടിവെള്ളവും

പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്തുൾക്കൊള്ളുന്ന പ്രദേശത്ത് അധിവസിച്ചിരുന്നവരുടെ മൂന്ന് പതിറ്റാണ്ട് മുമ്പ് വരെയുള്ള ചികിത്സാശ്രയം നാട്ടു വൈദ്യമായിരുന്നു. അതിനുശേഷമാണ് ആധുനിക ചികിത്സാസമ്പ്രദായം കടന്നു വന്നതും സ്വാധീനം നേടിയതും. പഞ്ചായത്തിനുള്ളിൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏറെയൊന്നുമില്ലെങ്കിലും ബഹുഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് ആലോപ്പൊതി ചികിത്സാ സമ്പ്രദായത്തെ തന്നെയാണ്. ആയുർവ്വേദ ഹോമിയോ വിഭാഗങ്ങളും ഇപ്പോൾ ഏറെ പേരെ ആകർഷിച്ചു വരുന്നു.

## ആരോഗ്യ രംഗത്തെ പൊതു നിലവാരം

ഉയർന്ന ആയുർദൈർഘ്യം, താഴ്ന്ന ശിശു മരണ നിരക്ക്, ഗർഭിണികളുടെ താഴ്ന്ന മരണ നിരക്ക് എന്നിവ ആരോഗ്യ രംഗത്ത് നമ്മുടെ സംസ്ഥാനത്തെ വികസിത രാജ്യങ്ങളുടെ തലത്തിലേക്ക് ഉയർത്തിയിരിക്കുന്നു. പരിമിതമെങ്കിലും ലഭ്യമായ ചില വിവരങ്ങൾ അനുസരിച്ച് പഞ്ചായത്തിലെ പൊതു ജനാരോഗ്യ നിലവാരം സംസ്കാര നിലവാരവുമായി പൊരുത്തപ്പെട്ടു പോകുന്നതായി കാണാം.

പട്ടിക നോക്കുക.

| | | |
|---|---|---|
| 1. | കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ആകെ ജനനം | 300 |
| 2. | ചാപിള്ള ജനനം | 2 |
| 3. | ഒന്നിൽ താഴെ വയസ്സുള്ള കുട്ടികളുടെ മരണം | 6 |
| 4. | 1 - 3 വയസ്സുവരെയുള്ള കുട്ടികളുടെ മരണം | ഇല്ല |
| 5. | 3 - 6 വയസ്സു വരെയുള്ള കുട്ടികളുടെ മരണം | ഇല്ല |
| 6. | മാതാക്കളുടെ ഗർഭ/പ്രസവ സംബന്ധമായ മരണം | ഇല്ല |

ശരിയായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിൻെറ പൊതുജനാരോഗ്യ നിലയെ കുറിച്ചുള്ള സമഗ്രവും സമ്പൂർണ്ണവുമായ വിലയിരുത്തലുകൾ ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു.

## സ്ഥാപനങ്ങൾ

ഏറ്റവും ഒടുവിലത്തെ സെൻസസ് പ്രകാരം പഞ്ചായത്തിൻെറ ജനസംഖ്യ 56837 ആണ്. ഇത്രയും ജനങ്ങൾക്ക് പര്യാപ്തമായ ആരോഗ്യപരിപാലന ചികിത്സാ സംവിധാനങ്ങൾ പഞ്ചായത്തിനുള്ളിലില്ല. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഏറ്റവും പ്രാഥമികമായ ചികിത്സ ലഭിക്കുന്നതിന് പോലും കിലോമീറ്ററുകൾ താണ്ടേണ്ടതായി വരുന്നു.

| നമ്പർ | സ്ഥാപനം | | സ്ഥലം | വാർഡ് |
|---|---|---|---|---|
| 1. | പ്രാഥമികാരോഗ്യകേന്ദ്രം | -1 | പുറവയൽ | 12 |
| 2. | ,, | -2 | ഊരത്തൂർ | 3 |
| 3. | സബ്സെൻറർ | -1 | വയത്തൂർ | 13 |
| 4. | ,, | -2 | തേർമല | 8 |
| 5. | ,, | -3 | മാട്ടറ | 14 |
| 6. | ,, | -4 | മണിപ്പാറ | 10 |
| 7. | ,, | -5 | ബ്ലാത്തൂർ | 2 |
| 8. | ,, | -6 | പടിയൂർ | 5 |
| 9. | ,, | -7 | അറബി | 11 |
| 10. | ,, | -8 | നെല്ലിക്കാം പോയിൽ | 7 |
| 11. | ,, | -9 | ഉളിക്കൽ | 7 |

പഞ്ചായത്തിൽ നിലവിലുള്ള സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

ഇവയിൽ വയത്തൂർ, ഉളിക്കൽ എന്നിവിടങ്ങളിലെ സബ്സെൻററുകൾക്ക് കെട്ടിടമില്ലാത്തതിനാൽ അവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പടിയൂർ സബ്സെൻററിൻെറ നിലവിലുള്ള കെട്ടിടത്തിൻെറ അവസ്ഥ പരമ ദയനീയമാണ്. അതിനാൽ അതിൻെറ പ്രവർത്തനവും ജനോപകാരപ്രദമാകുന്നില്ല. വേണ്ടത്ര ജീവനക്കാരില്ലാത്തതുകൊണ്ടും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത കൊണ്ടും സബ്സെൻററുകളുടെ പ്രവർത്തനം വേണ്ട നിലവാരം പുലർത്തുന്നതായി അനുഭവപ്പെടുന്നില്ല.

## പുറവയൽ പ്രാഥമികാരോഗ്യ കേന്ദ്രം

പഞ്ചായത്തിൽ 2 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ടെങ്കിലും ഊരത്തൂരേത് നാമമാത്രമായി മാത്രമാണ് പ്രവർത്തിക്കുന്നത്. പരിമിതമായ അർത്ഥത്തിലെങ്കിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കടമകൾ നിർവ്വഹിക്കുന്നത് പുറവയലിലേതാണ്. ഇവിടെ ഒരു ഡോക്ടറെ സ്ഥിരമായി കിട്ടിയതുതന്നെ അടുത്ത കാലത്തു മാത്രമാണ്. വൈദ്യുതി, വെള്ളം എന്നിവ ലഭ്യമല്ലാത്തതിനാലും രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള വാർഡ്, ഓഫീസ് കെട്ടിടം, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, സ്ഥാപനത്തിലേക്കുള്ള നല്ല അപ്രോച്ച് റോഡ് എന്നിവ ഇല്ലാത്തതിനാലും ശരിയായ അർത്ഥത്തിൽ ഈ സ്ഥാപനം ജനങ്ങൾക്ക് ഉപകരിക്കപ്പെടുന്നില്ല. പഞ്ചായത്തിലെ ഏറ്റവും വലിയ പട്ടണമായ ഉളിക്കലിൽ നിന്ന് 3 കിലോമീറ്റർ അകലെ, വിവിധ സ്ഥലങ്ങളിൽ നിന്നും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശത്താണ് ഇത് എന്നതും ഒരു കാരണമാണ്. അതിനാൽ ബഹുഭൂരിപക്ഷം ജനങ്ങളും സ്വകാര്യ ആശുപത്രിയെ ശരണം പ്രാപിക്കേണ്ടി വരുന്നു.

ആശുപത്രിയിലെ ഒ.പി. രജിസ്ട്രർ പ്രകാരം ഔട്ട് പേഷ്യൻറുകളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം.

| വർഷം | ഔട്ട് പേഷ്യൻറുകളുടെ എണ്ണം |
|---|---|
| 1992-93 | 21115 |
| 1993-94 | 14216 |
| 1994-95 | 13855 |
| 1995-96 | 13455 |

ഇവിടത്തെ മെഡിക്കൽ ഓഫീസർക്ക് മറ്റു കേന്ദ്രങ്ങളുടെ കൂടി അധിക ചുമതല നൽകുന്നത് കൊണ്ട് എല്ലാ ദിവസവും ആശുപത്രിയിലെത്താൻ കഴിയാത്തത് കൊണ്ടാണ് ഈ കുറവ് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

## ജനസംഖ്യാനുപാതികമായി

### സ്ഥാപനങ്ങൾ കുറവ്

പ്രാഥമികാരോഗ്യ സംവിധാനത്തിൽ നിർദ്ദേശിച്ച പ്രകാരമാണെങ്കിൽ നമ്മുടേത് പോലുള്ള ഒരു ഗ്രാമ പഞ്ചായത്തിൽ 3 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങളും 56 അംഗൻവാടികളും വേണ്ടതാണ്. സ്ഥാപനങ്ങളുടെ മുകളിൽ പറഞ്ഞ പട്ടിക പ്രകാരം നമുക്കുള്ള സ്ഥാപനങ്ങൾ തീരെ അപര്യാപ്തമാണെന്ന് കാണാം.

| നിർദ്ദിഷ്ട പ്രാഥമികാരോഗ്യ സംവിധാനം | |
|---|---|
| 1/30000, 1/20000 | മെഡിക്കൽ ഓഫീസർ - 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം | ഹെൽത്ത് സൂപ്പർവൈസർ - 1<br>ഹെൽത്ത് ഇൻസ്പെക്ടർ -1<br>ലേഡി ഹെൽത്ത് ഇൻസ്പെക്ടർ-1<br>മറ്റു പ്രവർത്തകർ |
| 1/5000, 1/2500 ഉപകേന്ദ്രം | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-1<br>ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സ് - 1 |
| 1/1000 അംഗൻവാടി | അംഗൻവാടി പ്രവർത്തക |

## ഗവ. ആയുർവ്വേദ ആശുപത്രി

ഉളിക്കലിൽ കഴിഞ്ഞ നിരവധി വർഷമായി പ്രവർത്തിച്ചു വരുന്ന ഗവ. ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം ഭാഗികമാണ്. സ്ഥാപനത്തിൻെറ ഏറ്റവും വലിയ ശാപം അവിടെ സ്ഥിരമായി ഡോക്ടർ ഉണ്ടാവില്ല എന്നതാണ്. ആശുപത്രിക്ക് കെട്ടിടം പണിയുന്നതിനുവേണ്ടി ഉളിക്കൽ പട്ടണത്തിൽ നിന്ന് ഏകദേശം മുക്കാൽ കിലോമീറ്റർ അകലെ ഒരാൾ ദാനമായി സ്ഥലം നൽകിയിരുന്നുവെങ്കിലും ഇതുവരെ കെട്ടിടം നിർമ്മിക്കാൻ ശ്രമിച്ചിട്ടില്ല.

## സ്വകാര്യ സംരംഭങ്ങൾ

അലോപൊതി, ആയുർവ്വേദ, ഹോമിയോ മേഖലകളിൽ ഒട്ടനവധി ചികിത്സായങ്ങൾ ഉണ്ട്. അവയെല്ലാം തന്നെ ഉളിക്കൽ ടൗണിനെ കേന്ദ്രീകരിച്ചാണ് സ്ഥിതി ചെയ്യുന്നത്.

പട്ടിക നോക്കുക.

കണ്ണൂർ ജില്ലാ കോ.ഓപ്പറേറ്റീവ് ഹോമിയൊപതിക് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഒരു ശാഖ ഉളിക്കലിൽ കുറച്ചു വർഷം പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ ഇല്ല.

## പാരമ്പര്യ വൈദ്യം

പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഏതാനും

| നമ്പർ | സ്ഥാപനം | എണ്ണം | സ്ഥലം |
|---|---|---|---|
| 1. | കിടക്കകളോടുകൂടിയ സ്വകാര്യ ആശുപത്രി | 1 | ഉളിക്കൽ |
| 2. | ഒ.പി. വിഭാഗം മാത്രമുള്ള സ്വകാര്യ ആശുപത്രി | 1 | ഉളിക്കൽ |
| 3. | കിടക്കകളോടുകൂടിയ സ്വകാര്യ ആയുർവ്വേദ വൈദ്യശാല | 1 | ഉളിക്കൽ |
| 4. | സ്വകാര്യ ഹോമിയോ ഡോക്ടർ | 4 | ഉളിക്കൽ |
| 5. | ,, | 1 | പടിയൂർ |
| 6. | ,, | 1 | പരിക്കളം |
| 7. | ,, | 1 | മണിക്കടവ് |

പാരമ്പര്യ വൈദ്യന്മാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. പടിയൂരിൽ മഞ്ഞപ്പിത്തത്തിനുള്ള ഒരു ഒറ്റമൂലി വൈദ്യനും മുണ്ടന്നൂരിൽ ഒരു വിഷവൈദ്യനും ഉണ്ട്.

## രോഗാതുരത

കുറഞ്ഞ ജനനനിരക്ക്, മരണനിരക്ക്, കുട്ടികളുടെയും അമ്മമാരുടെയും പ്രസവത്തോടനുബന്ധിച്ചുള്ള മരണനിരക്ക് എന്നിവ പോലെ തന്നെ രോഗാതുരതയുടെ കാര്യത്തിലും പഞ്ചായത്തിലെ പൊതു നിലവാരം സംസ്ഥാന നിലവാരവുമായി ഏറെ വ്യതിയാനം കാണിക്കുന്നില്ല. വയറിളക്കരോഗങ്ങൾ, സ്ഥിരമായി ആവർത്തിക്കുന്നുണ്ട്. മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, അഞ്ചാംപനി, മുണ്ടിനീര് എന്നിവയും നിലനിൽക്കുന്നു. മലമ്പനി ശക്തമായ ഒരു തിരിച്ചു വരവിൻെറ ലക്ഷണങ്ങൾ കാണിക്കുന്നു എന്നത് അസ്വാസ്ഥജനകമാണ്. എലിപ്പനിയുടെ ഒരു കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

സമ്പൂർണ്ണമല്ലെങ്കിലും ഇതു സംബന്ധിച്ച ഒരു പട്ടിക (പി.എച്ച്.സി.യിൽ നിന്ന് ലഭ്യമായത്) നോക്കുക. പട്ടിക.4

## സ്ഥായിയായ രോഗങ്ങൾ

രക്തസമ്മർദ്ദം, പ്രമേഹം, ക്ഷയം, കാൻസർ, കുഷ്ഠം, ഹൃദ്രോഗം എന്നിവ വന്നു പെട്ടവരുടെ എണ്ണവും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നത് ആശങ്കാജനകമാണ്. പുറവയൽ പി.എച്ച്.സി.യിൽ നിലവിലുള്ള വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ ശ്രദ്ധിക്കുക.

പട്ടിക 5 നോക്കുക

| പട്ടിക 4 | | | | |
|---|---|---|---|---|
| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ രോഗങ്ങൾ | മറ്റുള്ളവ |
| 1993-94 | വയറിളക്കം-116 | ചിക്കൻപോക്സ്-6 | 6മലമ്പനി - ഇല്ല | |
| | ടൈഫോയ്ഡ് - 3 | അഞ്ചാം പനി- 8 | | |
| | മഞ്ഞപ്പിത്തം - 10 | മുണ്ടിനീര് - 8 | | |
| 1994-95 | വയറിളക്കം 218 | ചിക്കൻപോക്സ്-12 | മലമ്പനി - 9 | |
| | ടൈഫോയ്ഡ് - 5 | അഞ്ചാം പനി - 9 | | |
| | മഞ്ഞപ്പിത്തം - 6 | മുണ്ടിനീര് - 16 | | |
| 1995-96 | വയറിളക്കം - 353 | ചിക്കൻപോക്സ് - 28 | മലമ്പനി - 66 | എലിപ്പനി - 1 |
| | ടൈഫോയ്ഡ് - 2 | അഞ്ചാം പനി - 2 | | |
| | മഞ്ഞപ്പിത്തം - 8 | മുണ്ടിനീര് - 12 | | |

പട്ടിക 5

| നമ്പർ | രോഗം | രോഗികൾ |
|---|---|---|
| 1. | രക്തസമ്മർദ്ദം | 455 |
| 2. | പ്രമേഹം | 258 |
| 3. | കാൻസർ | 32 |
| 4. | കുഷ്ഠം | 9 |
| 5. | ക്ഷയം | 95 |
| 6. | ഹൃദ്രോഗം | 152 |

## അംഗവൈകല്യം

അംഗവൈകല്യമുള്ള ഒട്ടേറെ പേർ പഞ്ചായത്തിലുള്ളതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പോളിയോ മൂലം ചലന വൈകല്യമുള്ളവരാണ് അധികവും. ഊരത്തൂർ ഭാഗത്ത് മാനസിക വൈകല്യം ബാധിച്ച ഏതാനും പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അംഗവൈകല്യം സംബന്ധിച്ച് പ്രൈമറി ഹെൽത്ത് സെൻററിൽ നിന്ന് ലഭിച്ച ചില വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമനമ്പർ | വൈകല്യം | വൈകല്യമുള്ളവർ |
|---|---|---|
| 1. | അന്ധർ | 28 |
| 2. | ബധിരർ | 30 |
| 3. | മൂകർ | 13 |
| 4. | ബധിരമൂകർ | 8 |
| 5 | ചലനവൈകല്യമുള്ളവർ | 113 |

## കുട്ടികളിലെ പോഷകാഹാര കുറവ്

പോഷകാഹാര കുറവ് കാര്യമായ തോതിൽ പഞ്ചായത്തിലെ കുട്ടികളിൽ അനുഭവപ്പെടുന്നില്ല. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളിൽ പോഷകാഹാര കുറവ് അൽപം കൂടുതൽ കാണുന്നു. 1025 കുട്ടികളിൽ നിന്ന് ശേഖരിച്ച ഒരു കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക.6 കാണുക

ട്രൈബൽ കോളനികളിലാണ് പോഷണകുറവ് കാണപ്പെടുന്ന കുട്ടികളിൽ ഏറെപേരും.

## പ്രതിരോധ പ്രവർത്തനങ്ങൾ

പ്രാഥമികാരോഗ്യ കേന്ദ്രം, സബ്സെൻററുകൾ, അംഗൻവാടികൾ എന്നിവ മുഖേന പ്രതിരോധ കുത്തിവെ

പട്ടിക 6

| പ്രായം | നോർമൽ | | ലഘുപോഷണ കുറവുള്ളവർ | | മിതമായപോഷണ കുറവുള്ളവർ | | ഗുരുതരമായ പോഷണ കുറവുള്ളവ | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിൽ താഴെ | 73 | 63 | 26 | 23 | 4 | 6 | 1 | – |
| 1-3 വയസ്സ് | 124 | 119 | 50 | 61 | 10 | 5 | 1 | – |
| 3-5 വയസ്സ് | 137 | 174 | 59 | 59 | 10 | 17 | 1 | 2 |
| ആകെ | 334 | 356 | 135 | 143 | 24 | 28 | 3 | 2 |

പ്പുകളും ഗർഭിണികൾക്കുള്ള കുത്തിവെപ്പുകളും വിളർച്ചയ്ക്ക് എതിരായ മരുന്നുകളും മറ്റ് ഔഷധങ്ങളും നൽകി വരുന്നു. ഇക്കാര്യത്തിൽ സബ്സെൻററുകളുടെ എണ്ണക്കുറവ് ഒരു പ്രതിബന്ധമാണ്.

## കുടുംബാസൂത്രണ പ്രവർത്തനങ്ങൾ

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് കിട്ടിയ വിവരമനുസരിച്ച് കുടുംബാസൂത്രണ പ്രവർത്തനങ്ങൾക്ക് ജനങ്ങളിൽ നല്ല സ്വാധീനം ചെലുത്താൻ കഴിഞ്ഞതായി കാണാം. ഒരു കുട്ടി മാത്രമുള്ള ഒരു നല്ല ശതമാനം അമ്മമാർ താൽക്കാലിക കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചതായി പി.എച്ച്.സി.യിൽ നിന്ന് ലഭിച്ച താഴെ കാണുന്ന പട്ടിക വെളിപ്പെടുത്തുന്നു.

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
|---|---|
| ഒരു കുട്ടി | 801 (താൽക്കാലികം) |
| രണ്ട് കുട്ടികൾ | 1696 |
| രണ്ടിൽ കൂടുതൽ കുട്ടികൾ | 2255 |

## വ്യക്തി ശുചിത്വം

കുട്ടികളിൽ വ്യക്തി ശുചിത്വം തീരെ കുറവ്, പുഴുപ്പല്ല് സാർവത്രികമാണ്. നല്ല ശതമാനം കുട്ടികൾക്ക് വിരശല്യം അനുഭവപ്പെടുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

## വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ

കക്കൂസുകൾ ഉള്ള വീടുകളെ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല. പൊതുവിൽ 40% വീടുകൾക്കും കക്കൂസുകൾ ഇല്ല എന്നാണ് ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും വെളിപ്പെടുന്നത്. ചില ഭാഗങ്ങളിൽ ഇത് 70% വരെയാകാം. വീടുകളിൽ കക്കൂസുകൾ ഇല്ലാത്തതിൻെറ പ്രധാന കാരണം സാമ്പത്തിക പരാധീനതയാണ്. മറ്റൊരു കാരണം അതിൻെറ ആവശ്യകതയെക്കുറിച്ചുള്ള ബോധമില്ലായ്മയാണ്.

## മാലിന്യപ്രശ്നങ്ങൾ

പഞ്ചായത്തിലെ പ്രധാന പട്ടണമായ ഉളിക്കലിലും മറ്റു പട്ടണങ്ങളായ നുച്യാട്, പേരട്ട എന്നിവിടങ്ങളിലും മലിനീകരണ പ്രശ്നങ്ങൾ ഉണ്ട്. ഏറ്റവും രൂക്ഷവും അടിയന്തിര ശ്രദ്ധ പതിയേണ്ടതുമായത് ഉളിക്കലിലേതാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉളിക്കലിലും പരിസര പ്രദേശങ്ങളിലും കൊതുക് ശല്യം ഭീകരമായി വർദ്ധിച്ചിട്ടുണ്ട്. പട്ടണത്തിലെ ഏതാനും ഹോട്ടലുകളിലെ അഴുക്കു ജലം ഒഴുകി പോകുന്നതിൽ ഓട സൗകര്യം ഇല്ലാത്തതാണ് പ്രധാന പ്രശ്നം. ഉള്ള ഓടകൾ തന്നെചപ്പുചവറുകൾ അടിഞ്ഞുകൂടി ഉപയോഗശൂന്യമായി മാറിയിട്ടുണ്ട്. അശാസ്ത്രീയമായും ഭാവനശൂന്യമായും ഓടകൾ പണിതതുമൂലമുള്ള പ്രശ്നങ്ങളും ഉണ്ട്. പ്രകൃതി ദത്തമായ നിരൊഴുക്ക് വഴിയെ തടസ്സപ്പെടുത്തി കൊണ്ടുള്ള കെട്ടിട നിർമ്മാണം തുടങ്ങിയവ ഇതിന് കാരണങ്ങളാണ്. മഴക്കാലത്ത് പെയ്തവെള്ളം വാർന്നു പോകാനാകാതെ ടൗണിൽ കെട്ടിക്കിടക്കുന്നു. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരമാവൂ.

## ചികിത്സാരംഗത്തെ സാദ്ധ്യതകൾ

### 1. പ്രൈമറി ഹെൽത്ത് സെൻററുകൾ

പടിയൂർ - കല്യാട് ഗ്രാമപഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെൻററായി അറിയപ്പെടുന്നത് പുറവയൽ പി.എച്ച്.സി.യാണ്. അതിനുള്ള പരാധീനതകൾ ആദ്യം സൂചി

പ്പിച്ചു കഴിഞ്ഞു. അത് അടിയന്തിരമായും വൈദ്യുതീക രിക്കേണ്ടതുണ്ട്. വെള്ളം ലഭ്യമാക്കണം. അത്യാവശ്യം കിടത്തി ചികിത്സിപ്പിക്കാനുള്ള വാർഡ് നിർമ്മിക്കണം. ഓഫീസ് കെട്ടിടം, ജീവനക്കാരുടെ ക്വാർട്ടേഴ്സ് എന്നിവ അത്യാവശ്യമാണ്. പഞ്ചായത്ത് അടിയന്തിര ശ്രദ്ധ പതി പ്പിക്കേണ്ട ഒരു സ്ഥാപനമായി ഇതിനെ കാണണം. ഇതിൻെറ കാര്യ ക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ജനകീയ പങ്കാളിത്തത്തെക്കുറിച്ച് ഗൗരവമായി ആലോ ചിക്കണം.

ഊരത്തൂരുള്ള പി.എച്ച്.സി.യുടെ പ്രവർത്തനം നാമ മാത്രമാണ്. പടിയൂർ, ഊരത്തൂർ, ബ്ലാത്തൂർ ഭാഗത്തുള്ള ഉപകേന്ദ്രങ്ങളും ഫീൽഡ് ഉദ്യോഗസ്ഥരും ഇപ്പോഴും പുറവയൽ പി.എച്ച്.സി.യുടെ കീഴിൽ തന്നെ. ഇത് പ്രവർ ത്തനപരവും ഭരണപരവുമായ ധാരാളം അസൗകര്യ ങ്ങൾ ഉണ്ടാക്കുന്നു. ആ ഭാഗത്തുള്ളഫീൽഡ് ഉദ്യോഗസ്ഥ രുടെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കുന്നതിനും കാര്യക്ഷമമാ ക്കുന്നതിനും പുറവയൽ പി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസർക്ക് കഴിയാതെ വരുന്നു. ഇപ്പോൾ ഊരത്തൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഓഫീസറും മറ്റു ഉദ്യോഗസ്ഥരും ഉണ്ട്. ഈ പി.എച്ച്.സി.യുടെ പ്ര വർത്തനം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി പടി യൂർ, കല്യാട് വില്ലേജുകളിലെ ഊരത്തൂർ പി.എച്ച്.സി. യുടെ അധികാര പരിധിയിൽ ആക്കുകയാണ് വേണ്ടത്.

## 2. സബ്സെൻററുകൾ

ജനസംഖ്യാനുപാതികമായി ലഭിക്കേണ്ട സ ബ്സെൻററുകൾ ഈ ഗ്രാമപഞ്ചായത്തിൽ ഇല്ല. 20 സബ്ബ്സെൻററുകളെങ്കിലും വേണ്ടിടത്ത് 9 എണ്ണം മാത്ര മാണുള്ളത്. മൃഗസംരക്ഷണത്തിനു പോലും 9 സ ബ്ബ്സെൻററുകൾ ഉണ്ടെന്ന കാര്യം ഓർക്കുക. വയത്തൂർ, ഉളിക്കൽ സബ്ബ്സെൻററുകൾ കെട്ടിടമില്ലാത്തതിനാൽ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുമില്ല. നില വിലുള്ള സബ്സെൻററുകളുടെ പ്രവർത്തനം കാര്യക്ഷ മമാക്കുകയും അത്യാവശ്യം വേണ്ടിടത്ത് പുതിയവ തു ടങ്ങുകയും വേണം.

പുതിയ സബ്സെൻററുകൾ തുടങ്ങേണ്ട സ്ഥലങ്ങ ളുടെ ഒരു പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക. 7

| പട്ടിക. 7 | |
|---|---|
| 1. | കല്യാട് |
| 2. | കല്ലുവയൽ |
| 3. | മുണ്ടാനൂർ |
| 4. | നുച്യാട് |
| 5. | കുയിലൂർ (ഇവിടെ പി.എച്ച്.സി. വേണമെന്ന് ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്) |
| 6. | മണിക്കടവ് |
| 7. | കോളിത്തട്ട് (സ്ഥലം സംഭാവന ലഭിച്ചിട്ടുണ്ട്) |

## 3. ഗവ. ആയുർവ്വേദ ആശുപത്രി

സംഭാവനയായി ലഭിച്ച സ്ഥലത്ത് കെട്ടിടം പണിയ ണം. മുഴുവൻ സമയം ഡോക്ടറുടെ സേവനം ലഭ്യമാ ക്കണം. കെട്ടിടം പണിയുന്നതിന് സന്നദ്ധ പ്രവർത്തനങ്ങ ളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തണം.

## 4. ഉളിക്കൽ ഗവ. ആശുപത്രി

ജനസംഖ്യാനുപാതികമായി പഞ്ചായത്തിൽ ഒരു പി. എച്ച്.സി. കൂടി ലഭിക്കേണ്ടതാണ്. ഇത് ഉളിക്കലിൽ സ്ഥാപിക്കുകയും കിടത്തി ചികിത്സിപ്പിക്കാനുള്ള സൗ കര്യങ്ങളോടുകൂടിയ ആശുപത്രി ആക്കി മാറ്റുകയും ചെ യ്യുക എന്നത് ദീർഘവീക്ഷണത്തോടുകൂടി ചെയ്യേണ്ട ഒരു കാര്യമാണ്. ഉളിക്കൽ പഞ്ചായത്തിലെ ഏറ്റവും വലിയ പട്ടണമാണ്. ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെ ട്ടതു കൊണ്ട് പഞ്ചായത്തിൻെറ ഭൂരിഭാഗം വരുന്ന പ്രദേ ശങ്ങളിൽ നിന്ന് ജനങ്ങൾക്ക് ഉളിക്കലിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടില്ല. അതുകൊണ്ടു തന്നെ ഉളിക്കലിൽ നിന്ന് ഒരു ഗവ. ആശുപത്രി തുറന്നാൽ അത് ജനങ്ങൾക്ക് ഏറെ അനുഗ്രഹമായിരിക്കും.

## 5. വീടുകളിൽ ഉള്ള കക്കൂസുകളെ കുറിച്ചുള്ള ഒരു സർവ്വെ നടത്തുക

ഈ കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്. കക്കൂസുകൾ ഇല്ലാത്തതിൻെറ കാ രണം പഠിക്കാനുള്ള അവസരമായി ഈ പ്രവർത്ത നത്തെ ഉപയോഗപ്പെടുത്തണം. സാമ്പത്തികമായി പി ന്നോ ക്കം നിൽക്കുന്നവർക്ക് കക്കൂസ്നിർമ്മിക്കുന്നതിനാ വശ്യമായി സഹായങ്ങൾ ലഭ്യമാക്കണം. ശരിയായ മ നോഭാവത്തിൻെറ അഭാവമുള്ളവർക്ക് അതുണ്ടാക്കുന്ന തിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്യണം.

6. പട്ടിക ജാതി പട്ടിക വർഗ കോളനികളിലും മാട്ടറയിലെ തമിഴ് നാട്ടിൽ നിന്നു വന്നവരുടെ ഇടയിലും ആവശ്യമായ ആരോഗ്യബോധവൽക്കരണ പ്രവർത്തന ങ്ങൾ നടത്തണം. വ്യക്തമായ അറിവുകൾ ലഭ്യമല്ലെ

ങ്കിലും ചില സാക്രമിക രോഗങ്ങൾ ഇവിടങ്ങളിൽ ഉള്ളതായി അറിയുന്നു. അതിനെകുറിച്ച് പഠിക്കുകയും വേണ്ട ചികിത്സ ലഭ്യമാക്കുന്നതിനും പ്രാഥമിക ആരോഗ്യം കേന്ദ്രം മുഖേന ഗൗനിക്കുക.

7. പട്ടണ പ്രദേശങ്ങളിൽ പൊതുകക്കൂസുകളും മൂത്രപുരകളും സ്ഥാപിക്കുക. ഉളിക്കൽ ടൗണിൽ ഇത് അത്യന്തം രൂക്ഷമായ പ്രശ്നമാണ്. പഞ്ചായത്തിനാവില്ലെങ്കിൽ ഈ സൗകര്യം ലഭ്യമാക്കുന്നതിന് അതുപയോഗിക്കുന്നവരിൽ നിന്നും ന്യായമായ പ്രതിഫലം ഈടാക്കുന്നതിനുമുള്ള അധികാരം ഇക്കാര്യത്തിൽ സന്നദ്ധതയുള്ള സ്വകാര്യ വ്യക്തിക്ക് നൽകുക.

## 8. മാലിന്യനിർമ്മാർജ്ജനം

പട്ടണങ്ങളെ കേന്ദ്രീകരിച്ച് മാലിന്യ നിർമ്മാർജനത്തിനും ശുചിത്വത്തിനും ജനകീയ കമ്മറ്റികൾ രൂപീകരിക്കണം. പഞ്ചായത്തിലെ ഏറ്റവും രൂക്ഷമായ മലീനികരണ പ്രശ്നം ഉളിക്കലിലേതാണ്. മലിനീകരണത്തിൻെറ കാരണങ്ങളെ കുറിച്ച് സമഗ്രമായി പഠിച്ച് മലിനീകരണം തടയുന്നതിനും ശുചിത്വം നിലനിർത്തുന്നതിനുമുള്ള ഭൗതികസാഹചര്യം ഉറപ്പാക്കിയതിന് ശേഷം പൊതുജനപങ്കാളിത്തത്തോടുകൂടി പട്ടണത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. പിന്നീട് ഈ ശുചിത്വം അട്ടിമറിക്കുന്നവരെ അതിൽ നിന്ന് പിൻതിരിപ്പിക്കുവാനുള്ള ജനകീയ മോണിറ്ററിംഗ് സമ്പ്രദായം ഉറപ്പാക്കണം.

## 9. വ്യാജ മദ്യവിരുദ്ധ പ്രവർത്തനം

വ്യാജ മദ്യത്തിൻെറ പ്രവാഹം ആരോഗ്യരംഗത്തെ ഗുരുതരമായ ഒരു പ്രശ്നമാണ്. ചില മേഖലകളിൽ ജനകീയ കമ്മറ്റികൾ ഉണ്ടെങ്കിലും അവ പേരിലൊതുങ്ങുന്നു. അവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടതാണ്.

## 10. ബോധവൽക്കരണം

ആരോഗ്യത്തെക്കുറിച്ചുള്ള ശരിയായ മനോഭാവത്തിൻെറ അഭാവമാണ് ഇക്കാര്യത്തിലുള്ള എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന കാര്യങ്ങളിലൊന്ന്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ പ്രസക്തി ഇത് വ്യക്തമാക്കുന്നു. കേരള ശാസ്ത്ര സാഹിത്യ പരിക്ഷത്ത്, കാൻഫെഡ്, പടിയൂർ ആസ്ഥാനമായുള്ള ഒരു ക്ലബ്ബ് എന്നിവ ആരോഗ്യ ബോധവൽക്കരണ രംഗത്ത് ഇടപെടുന്ന സംഘനടകളും സ്ഥാപനങ്ങളുമാണ്. ഈ മേഖവയിൽ ഉള്ള സന്നദ്ധ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

## 11 കൊതുകുനിവാരണ പ്രവർത്തനങ്ങൾ

പഞ്ചായത്തിനെ കൊതുവിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കഴിഞ്ഞ വർഷം മലമ്പനിയുടെ 66 കേസുകളും ഈ വർഷം ഇതേ വരെ 42 കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ ഗുരുതരമായ ഒരു പ്രശ്നമാണിത്. പഞ്ചായത്ത് മുഴുവൻ ഡി.ഡി.റ്റി. തളിക്കുന്നതിനുള്ള ഒരു പ്രവർത്തന പരിപാടി പഞ്ചായത്ത് ആവിഷ്കരിക്കേണ്ടതുണ്ട്. മലമ്പനി കേസുകൾ ഏറ്റവും കൂടുതൽ റിക്കോർഡ് ചെയ്യപ്പെട്ടിട്ടുള്ള പടിയൂർ, ഉളിക്കൽ പ്രദേശങ്ങളിലെങ്കിലും വ്യാപകമായി ഡി.ഡി.റ്റി. തളിക്കണം.

# കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിൻെറ ലഭ്യതയും അതിൻെറ ഗുണനിലവാരവും അതുകൊണ്ടു തന്നെ പഞ്ചായത്തിൻെറ ആരോഗ്യ നിലവാരത്തെക്കുറിച്ചുള്ള ഏതൊരു ചർച്ചയിലും കുടിവെള്ള ലഭ്യതയ്ക്ക് സവിശേഷ സ്ഥാനമുണ്ട്.

ഈ പഞ്ചായത്തുകളിലെ ജനങ്ങളുടെ കുടിവെള്ളത്തിൻെറ മുഖ്യസ്രോതസ്സ് കിണറുകളും പ്രകൃതി ദത്തമായ നീരുറവുകളും ആണ്. പഞ്ചായത്തിൽ 2 സ്ഥലത്ത് മാത്രമാണ് പൈപ്പിലൂടെ ജലവിതരണം നടത്തുന്നത്. (ഊരത്തൂരിലും ഉളിക്കലിലും) രണ്ട് സ്ഥലത്തും ജലവിതരണം ഭാഗികമായി മാത്രമാണ്. കുടിവെള്ളത്തിൻെറ കാര്യത്തിൽ ചില പ്രദേശങ്ങളിൽ കടുത്ത ദാരിദ്ര്യം അനുഭവപ്പെടുന്നവയാണ്. കേരളത്തിൽ ലഭിക്കുന്ന മഴയുടെ അടിസ്ഥാനത്തിൽ ഓരോരുത്തർക്കും ഒരു ദിവസം 4500 ലിറ്റർ വെള്ളം ലഭിക്കേണ്ടതാണ്. എന്നാൽ ഫലത്തിൽ ലഭിക്കുന്നത് 45 ലിറ്റർ മാത്രമാണ്. പഞ്ചായത്തിൻെറ കാര്യത്തിലും ഈ കണക്ക് ശരിയാണ്. കുടിവെള്ള സ്രോതസുകളെ കുറിച്ചുള്ള ശരിയായ വിലയിരുത്തലും ജല മാനേജ്മെൻറും അനിവാര്യമാണെന്ന് ഇത് വ്യക്തമാക്കുന്നു

## ജലസ്രോതസ്സുകൾ

നമ്മുടെ പഞ്ചായത്തിൽ ഏകദേശം 12500 വീടുകൾ ഉണ്ടെന്ന് ഇതു സംബന്ധിച്ച ഒരു കണക്ക് വ്യക്തമാക്കുന്നു. ഈ വീടുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ നിലവിലുള്ള കിണർ, കുളം, ഓലി എന്നിവയെക്കുറിച്ച് നടന്നുനോക്കി സർവ്വെയിലൂടെ ലഭിച്ച ഒരു ഏകദേശ ധാരണ താഴെ കൊടുക്കുന്നു.

(കൃത്യമായ കണക്കല്ല)

| | കിണർ | കുളം | ഓലി | തോട് | നദി |
|---|---|---|---|---|---|
| സുലഭം | 3200 | 243 | 150 | 20 | 2 |
| മിതം | 3100 | 61 | 2 | 15 | – |
| ദരിദ്രം | 1800 | 54 | – | 13 | – |
| ആകെ | 8100 | 358 | 152 | 48 | 2 |

ഈ കണക്കു പ്രകാരം നാലിലൊന്ന് വീടുകൾക്ക് സുലഭമായി ജലം ലഭിക്കുന്ന കിണറുകൾ ഉണ്ട്. (സുലഭം എന്ന് പറഞ്ഞാൽ വർഷം മുഴുവൻ ജലം ലഭിക്കുന്നത്, മിതം 10 മാസം ജലം ലഭിക്കുന്നത്, ദരിദ്രം വർഷത്തിൽ 8 മാസം മാത്രം ജലം ലഭിക്കുന്നത്). ബാക്കി നാലിൽ മൂന്ന് വിടുകളിലും ആണ്ടിൽ 2 മുതൽ 4 മാസം വരെ കുടിവെള്ള ദൗർലഭ്യം അനുഭപ്പെടുന്നു. എന്നിരുന്നാലും പഞ്ചായത്തിലെവിടെയും പുറമെനിന്ന് വെള്ളം എത്തിച്ചുകൊടുക്കാനുള്ള ആവശ്യമുണ്ടായിട്ടില്ല.

## ടാപ്പ് വെള്ളം

കുടിവെള്ളം ടാപ്പിലൂടെ വിതരണം ചെയ്യപ്പെടുന്നത് ഉളിക്കലിലും കല്യാട്, ബ്ലാത്തൂർ എന്നിവിടങ്ങളിലുമാണ്. 3 ഇടത്തും സംവിധാനം തകർച്ചയിൽ ആണ്. ഉളിക്കലിൽ നിലവിലുള്ള പൈപ്പ് പല സ്ഥലത്തും ദ്രവിച്ച് വൻതോതിൽ ജലം പാഴായിപോകുന്ന അവസ്ഥയിലാണ്. ടാപ്പുകളും പലതും ദ്രവിച്ച് നശിക്കാറായി. വയത്തൂർ യു.പി. സ്ക്കൂൾ പരിസരത്തുള്ള കുഴൽ കിണറിൽ നിന്നാണ് ഉളിക്കൽ ടൗണിൽ ഇപ്പോൾ വിതരണം ചെയ്യുന്ന ജലം സംഭരിക്കുന്നത്. ടൗണിലെ നാലോ അഞ്ചോ ടാപ്പുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തന ക്ഷമം. ബ്ലാത്തൂർ, കല്യാട് എന്നിവിടങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല. ഇവിടെയും ഭാഗികമായി മാത്രമെ ജലവിതരണം നടത്തപ്പെടുന്നുള്ളു.

## ട്യൂബിലൂടെ ജല ശേഖരണം

പേരട്ട, കാലാങ്കി ഭാഗങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലുള്ള നീരുറവകളിൽ നിന്ന് ട്യൂബ് വഴി കുടിവെള്ളം ലഭ്യമാകുന്ന നിരവധി വീടുകൾ ഉണ്ട്.

## നദികൾ

പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഒരു നദിയും (മണിക്കട്, നുച്യാട് പുഴ) അതിർത്തിയിലൂടെ കടന്നു പോകുന്ന മറ്റൊരു നദിയും (ഇരിട്ടിപുഴ) ഉണ്ട്. ഇവയുടെ സാന്നിദ്ധ്യം കരകളിൽ ഉള്ള കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നു.

## തോടുകൾ

പഞ്ചായത്തിൽ നിരവധി തോടുകൾ ഉണ്ടെങ്കിലും അശാസ്ത്രീയവും അമിതവുമായ ചൂക്ഷണം കൊണ്ട് കടുത്ത വേനൽ ആകുമ്പോഴേക്ക് അവയിൽ ബഹുഭൂരിഭാഗവും വറ്റിവരണ്ട് പോകാറുണ്ട്. അതുകൊണ്ട് നല്ല വേനൽകാലം ആകുമ്പോഴേക്കും ഇവയുടെ കരയിലുള്ള കിണറുകളിലെ ജലലഭ്യത കുറയുന്നു.

## കുഴൽകിണറുകൾ

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിരവധി കുഴൽകിണറുകൾ ഉണ്ടെങ്കിലും അവ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

## ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ.

വിവിധ വാർഡുകളിലെ ഗ്രാമസഭകളിലെ ചർച്ചകളിലൂടെ കുടിവെള്ള ദൗർലഭ്യം ഉണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ട പ്രദേശങ്ങൾ പട്ടികയിൽ കൊടുക്കുന്നു. പട്ടിക . 9

## സാധ്യതകൾ

1. കല്യാട് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഴശ്ശി അണക്കെട്ടിലെ വെള്ളം കല്യാട്, ബ്ലാത്തൂർ എന്നീ സ്ഥലങ്ങളിൽ എത്തിച്ചാൽ ആ ഭാഗത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ആവും. ചോലക്കരി, കല്യാട് താഴെ മൂല, മണ്ണേരി കോളനി, ബ്ലാത്തൂർ വയൽ എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കാനുള്ള സാദ്ധ്യത പരിശോധിക്കുക.

2. ബ്ലാത്തൂരിൽ ഇപ്പോൾ നിലവിലുള്ള ശുദ്ധജല വിതരണം കൂടുതൽ കാര്യക്ഷമമാക്കുക. ബ്ലാത്തൂർ മപ്പുരയ്ക്ക് സമീപം ഉള്ള കുഴൽകിണർ പ്രവർത്തനയോഗ്യമാക്കുക. 3 പഞ്ചായത്തുകളെ ഉൾപ്പെടുത്തികൊണ്ട് ഊരത്തൂരിൽ പണിയുന്ന മേജർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുക. സാധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക.

3. ഊരത്തൂരിൽ നിലവിലുള്ള ജലവിതരണ സംവിധാനം പൂർത്തിയാക്കണം. കുഴൽകിണറും പഞ്ചായത്ത്കിണറും പൂർത്തിയാക്കണം. കൊശവൻ വയൽ,

## പട്ടിക 9

| | വാർഡ് | സ്ഥലങ്ങൾ |
|---|---|---|
| 1. | കല്യാട് | കല്യാട്, ബ്ലാത്തൂർ |
| 2. | ബ്ലാത്തൂർ | ബ്ലാത്തൂർ കി.ഭാഗം, പെരിങ്ങോത്ത് പറമ്പ്, മഞ്ഞാങ്കരി. |
| 3. | ഊരത്തൂർ | ഊരത്തൂർ മിക്ക പ്രദേശങ്ങളിലും |
| 4. | കുയിലൂർ | എല്ലായിടത്തും |
| 5. | പടിയൂർ | യു.പി. സ്ക്കൂൾ പരിസരം, കൊമ്പൻ പാറ, ചടച്ചികുണ്ടം |
| 6. | കല്ലുവയൽ | ചുള്ളിയോട് തട്ട് |
| 7. | ഉളിക്കൽ | ഓലമല, പതിനാറാംപന്തൽ, ഉളിക്കൽ പാറ, കുംബൻകോട്, ടൗൺ |
| 8. | പരിക്കളം | തേർമല പള്ളിക്ക് സമീപം |
| 9. | നുച്യാട് | നുച്യാട്, അമേരിക്കൻ പാറ, കപ്പണ |
| 10. | മണിപ്പാറ | മണിപ്പാറ തട്ട്, കുറുക്കൻ പറമ്പ്, കോട്ടപ്പാറ, നെല്ലൂര് |
| 11. | മണിക്കടവ് | കുരിശുമല, ചേരിമാവ്, കോളിത്തട്ട്, ആനപ്പാറ |
| 12. | മാട്ടറ | ഉപ്പൂണിത്തട്ട്, പൊതിയുരുണ്ടമല,പമ്പരംപള്ളി,കടമനക്കണ്ടികോളനി,ചോയിനട |
| 13. | വയത്തൂർ | എ.കെ.ജി. നഗർ, ലക്ഷംവീട് കോളനി, പന്നിമൂലകരി, കേയാപറമ്പ് |
| 14. | അറബി | പുറവയൽ പള്ളിക്ക് സമീപം, എരുത്കടവ്, വാഴയിൽ കുമാരന് സമീപം |
| 15. | പേരട്ട | കല്ലൻതോട് മല, ആനക്കുഴി, മട്ടിണി, പേരട്ട |

ആലത്ത്പറമ്പ്, തേർമല പ്രദേശങ്ങളിൽ പൊതു കിണർ കുഴിക്കുക.

4. ടാങ്ക് കെട്ടി പഴശ്ശി അണക്കെട്ടിലെ ജലം പമ്പ് ചെയ്ത് കുയിലൂരിൽ എത്തിക്കാവുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പെരുമണ്ണ വരെ ഉണ്ട്. അത് കുയിലൂര് വരെ നീട്ടേണ്ടതാണ്.

5. നിടിയോടിയിൽ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് SNAUP സ്ക്കൂൾ പരിസരത്ത് എത്തിക്കാവുന്ന താണ്.

6. പതിനാറാം പന്തലിൽ ഒരു പഞ്ചായത്ത് കിണർ കുഴിക്കുക.

7. ഓലമലക്ക് താഴെ കുളം കുഴിച്ച് വട്ടക്കുന്നേൽ മാത്യുവിന്റെ വീടിന് സമീപം ടാങ്ക് കെട്ടി വെള്ളം ശേഖരിച്ചാൽ ഓലമല ഭാഗത്തെ ജലക്ഷാമം പരിഹരി ക്കാവുന്നതാണ്.

8. നെല്ലിക്കാംപോയിലുള്ള ചതുപ്പിൽ കുളം കുഴിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി വെള്ളം ശേഖരിച്ചാൽ ഉളിക്കൽ ടൗണിൽ ജലം വിതരണം ചെയ്യാവുന്നതാണ്.

9. ഏഴൂര്, വായാട്ട് ചന്തുകുട്ടി വക സ്ഥലത്ത് കുളം കുത്തി ടാങ്കിൽ വെള്ളം ശേഖരിച്ചാൽ പതിനാറാം പന്തലിൽ വിതരണം ചെയ്യാം.

10. തേർമല പള്ളിക്ക് സമീപം കുഴൽകിണർ കുഴി ച്ചാൽ ആ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

11. പരിക്കളം ശാരദാവിലാസം യു.പി. സ്ക്കൂളിൽ കുടിവെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നതിനുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കുക.

12. നുച്യാട് വാർഡിൽ ചില സ്ഥലങ്ങളിൽ പൊതു കിണർ കുഴിക്കുക.

13. മണിപ്പാറതട്ട്, നെല്ലൂർ, കോട്ടപ്പാറ എന്നിവിടങ്ങ ളിൽ പൊതുകിണറും വളപ്പ് എന്ന സ്ഥലത്ത് കുളവും നിർമ്മിക്കുക.

14. മണിക്കടവിൽ ഒരു പഞ്ചായത്ത് കിണർ വേണം. കോളിത്തട്ടിൽ ഇപ്പോഴുള്ള പഞ്ചായത്തു കിണർ ആഴം കൂട്ടേണ്ടതാണ്. മണിക്കടവിൽ ഒരു കുളം കുത്തിയാൽ അടുത്ത പ്രദേശങ്ങളിലെ കുടിവെള്ള ദൗർഭല്യത്തിന് പരിഹാരം ആകും.

15. വട്ട്യാംതോട് പഞ്ചായത്ത് കിണറിന്റെ ആൾമറ തകർന്നു കിടപ്പാണ്. അതു നന്നാക്കി കിണർ ഉപയോ

ഗയോഗ്യമാക്കണം. അവിടെ ഒരു കുഴൽകിണറിൻെറ ആവശ്യകതയും ഉണ്ട്.

16. കേയാപറമ്പ് റോഡിൽ ജലവിതരണത്തിന് ടാപ്പു കൾ സ്ഥാപിച്ചിരുന്നു. അവയെല്ലാം ജീർണ്ണിച്ചു തുടങ്ങി യിരിക്കുന്നു. അവ നന്നാക്കി ഉപയോഗപ്പെടുത്തണം. എ.കെ. ജി. നഗർ ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ പൊതു കിണർ. കേയാപറമ്പ്, പുറവയൽ പള്ളിയുടെ പടിഞ്ഞാറു വശം എന്നിവിടങ്ങളിലും പൊതു കിണർ. എരുതുകടവിൽ വാഴയിൽ കുമാരൻെറ വീടിന് സമീപം കുഴൽകിണർ.

17. ആനക്കുഴിയിൽ കുളം കുത്തണം. ആനക്കുഴി രണ്ടാം കൈ ഭാഗത്ത് പൊതു കിണർ ആകാം.

18. പേരട്ട, പേരട്ട ഗിരിജൻ കോളനി, മട്ടിണി സ്ക്കൂൾ പരിസരം, ഉപദേശിക്കുന്ന് എന്നിവിടങ്ങളിൽ പൊതു കിണറോ കുഴൽകിണറോ നിർമ്മിക്കേണ്ടതാണ്.

20. കേയാപറമ്പിലെ കുളം

ഉളിക്കലിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെ കേയാപറമ്പിൽ വർഷത്തിൽ ഏകദേശം 5 മാസം ജലം ലഭിക്കുന്ന ഒരു വലിയ കുളമുണ്ട്. അര ഏക്കറിനും മുക്കാൽ ഏക്കറിനും ഇടയിൽ വിസ്തീർണ്ണം വരുന്ന, കല്ലുകൾ കെട്ടിയുണ്ടാക്കിയ പടവുകളോട് കൂടിയ കുളമാണിത്. കുളം വൃത്തിയാക്കിയാൽ എല്ലാ മാസവും സുലഭമായി വെള്ളം ലഭിക്കുമെന്നും സമീപവാസികൾ പറയുന്നു. കുളം വൃത്തിയാക്കി സംരക്ഷിച്ചാൽ വലിയ ചെലവില്ലാതെ ഉളിക്കൽ ടൗണിൽ ശുദ്ധജല വിതരണം നടത്താം.

21. ഉളിക്കൽ കോൺവെൻറിന് സമീപം സുലഭമായി ജലം കിട്ടുന്ന സ്ഥലമുണ്ട്. അവിടെ കുളം നിർമ്മിച്ച് അടുത്തുള്ള ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി വെള്ളം ശേഖരിച്ചാൽ ഉളിക്കൽ ടൗണിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കാം.

22. ജലസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം അത്യാവശ്യമാണ്. വർഷത്തിൽ 6,7 മാത്രം നന്നായി മഴ ലഭിക്കുന്ന നമ്മുടേത് പോലുള്ള പ്രദേശത്ത് ശരിയായ ആസൂത്രണത്തിലൂടെ എല്ലാ മാസവും കുടിവെള്ളം ലഭ്യമാക്കാം. പഞ്ചായത്തിലൂടെയുള്ള നിരവധി തോടുകളിൽ ഇടയ്ക്കിടെ 'തടയിണകൾ' കെട്ടി വെള്ളം ശേഖരിച്ചാൽ തോടിൻെറ ഇരുഭാഗങ്ങളിലും 2 കിലോമീറ്റർ ദൂരം വരുന്ന ഭാഗങ്ങളിലെ കിണറുകളിൽ അതിൻെറ ഗുണം ഉണ്ടാകും. അതുപോലെ തന്നെ കിണറുകൾ ഉള്ള ഭാഗങ്ങളിൽ (അല്ലാത്തിടത്തും) കുഴികൾ കുഴിച്ച് മഴവെള്ളം ശേഖരിച്ച് നിറുത്താനുള്ള ശ്രമം നടത്തിയാലും കിണറുകളിലെ ജല ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.

23. തോടുകളിലെയും നദികളിലെയും ജലം യാതൊരു നിയന്ത്രണവുമില്ലാതെ പമ്പുസെറ്റുകൾ ഉപയോഗപ്പെടുത്തി കവർന്നെടുക്കുന്ന ശീലം വ്യാപകമായിരിക്കുന്നു. അശാസ്ത്രീയമായ ജലസേചന രീതിയുടെ ഭാഗമായി തോടുകളിലെ അവസാന തുള്ളി ജലവും ശക്തമായ പമ്പുകൾ ഉപയോഗിച്ച് നക്കിതുടക്കുന്ന നിഷ്കരുണമായ ചൂഷണത്തെ തടഞ്ഞേപറ്റു. തോടുകളെയും മറ്റു ജല സ്രോതസ്സുകളെയും നിലനിർത്തികൊണ്ട് മാത്രമെ അവയെ നമുക്ക് ദീർഘകാലം ഉപയോഗിക്കാനാവൂ എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

24. കിണറുകളെകുറിച്ചുള്ള ഒരു സർവ്വെ വാർഡ് അടിസ്ഥാനത്തിൽ നടത്തി ക്രോഡീകരിക്കണം. ഭൂരിപക്ഷം കിണറുകളും ആൾമറ ഉള്ളതോ ശരിയായ വിധം സംരക്ഷിക്കപ്പെടുന്നവയോ അല്ല. കിണറുകളെ കുറിച്ചുള്ള പഠനം അവ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനപരിപാടി ആരംഭിക്കുന്നതിന് ഉപയുക്തമാകും.❑



# സാമൂഹ്യക്ഷേമം ഭവനനിർമ്മാണം

സമൂഹത്തിൻെറ വിവിധ തട്ടുകളിലുള്ള സമ്പത്തിൻെറ നീതീനിഷ്ഠമായ പുൻവിഭജനം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമെ ക്ഷേമ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാകുന്നുള്ളു. ഒരു രാജ്യത്തെ ജനങ്ങളുടെ ജീവിത നിലവാരം അളക്കാൻ മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നത് പ്രതീശീർഷ വരുമാനം, മൊത്തം ദേശീയ ഉൽപാദനം എന്നിവയായിരുന്നു. എന്നാൽ ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, സാക്ഷരതാ തുടങ്ങിയവയാണ് ജീവിത നിരവാരത്തിൻെറ ഇന്നത്തെ മാനദണ്ഡങ്ങൾ. പ്രതിശീർഷ വരുമാനത്തിൽ വലിയ വർദ്ധനവില്ലാതെ തന്നെ ജനക്ഷേമ പരിപാടികളിലൂടെ മുന്നേറ്റം വരുത്താമെന്ന് ലോകത്തിന് തെളിയിച്ചു കൊടുത്ത നാടാണ് കേരളം. ഇന്നു നിലവിലിരിക്കുന്ന പല പദ്ധതികളും അടുത്ത കാലത്ത് ആരംഭിച്ചവയാണ്. ക്ഷേമ പദ്ധതികളിൽ പൊതുജന പങ്കാളിത്തം വളരെ കുറവാണ്. സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം നിർബന്ധമാക്കണമെന്ന് പല പദ്ധതികളും നടപ്പിലാക്കുന്ന അവസരത്തിൽ കേന്ദ്രഗവൺമെൻറ് നിർദ്ദേശിക്കാറുണ്ടെങ്കിലും അതൊന്നും യാഥാർത്ഥ്യമായിട്ടില്ല. (ഉദാ. IRDP, TRYSEM). ഈ മേഖലയിൽ ശ്രദ്ധേയമായ ഒരിടപെടലുണ്ടായത് മഹിളാ സമാജങ്ങളുടേതായിരുന്നു. എന്നാൽ ഉദ്ദേശിച്ച രീതിയിൽ ഗുണം ചെയ്യാൻ മഹിളാ സമാജങ്ങൾക്കുമായില്ല. ഗവൺമെൻറ് നേതൃത്വത്തിലുള്ള പല പദ്ധതികളും ഉദ്ദേശിക്കപ്പെട്ട ഗുണഭോക്താക്കളിലെത്തിയിട്ടില്ല. പ്രധാനപ്പെട്ട സാമൂഹ്യക്ഷേമ പദ്ധതികളുടെ ഇന്നത്തെ അവസ്ഥ പഠനാർഹമാണ്.

## 1.സംയോജിതഗ്രാമവികസനപദ്ധതി(IRDP)

1992ലെ IRDP സർവ്വെ പ്രകാരം കണ്ണൂർ ജില്ലയിൽ 106235 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. നമ്മുടെ പഞ്ചായത്തിൽ ആകെ 3088 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്കു താഴെ പഞ്ചായത്തിൽ IRDP പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവരുടെ വിശദവിവരം താഴെ ചേർക്കുന്നു.

| Years | SC/ST | OC | Total |
|---|---|---|---|
| 1992-93 | 28 | 46 | 74 |
| 93-94 | 38 | 50 | 88 |
| 94-95 | 51 | 68 | 119 |
| 95-96 | 9 | 16 | 25 |

ദാരിദ്ര രേഖക്കു താഴെയുള്ളവരായ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർണ്ണമായും കുറ്റമറ്റ രീതിയിൽ നടക്കുന്നില്ല. ലഭിച്ച സഹായം കൊണ്ട് ദാരിദ്ര രേഖക്കു

മുകളിൽ വരാൻ ഭൂരിഭാഗം കുടുംബങ്ങൾക്കും സാധി ക്കുന്നില്ല. ലോണിൻെറ ദുരുപയോഗം പ്രധാന പ്രശ്ന മാണ്. സന്നദ്ധ സംഘടനകളുടെ ഇടപെടൽ അത്യാവ ശ്യമായ ഒരു മേഖലയാണ്.

## 2. ട്രൈസം (TRAINING OF RURAL YOUTH FOR SELF EMPLOYMET)

ഗ്രാമ വികസന വകുപ്പിൻെറ കീഴിൽ നടത്തപ്പെടുന്ന ഈ പദ്ധതിയിലൂടെ ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട, കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം ലഭ്യമാക്കാനുദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഗുണഭോക്താക്കൾക്ക് 50% പട്ടികജാതി / വർഗ വിഭാഗവും 40% വനിതകളും 3% അംഗവൈകല്യ മുള്ളവരുമാണ്. കഴിഞ്ഞ 5 വർഷക്കാലത്ത് പഞ്ചായ ത്തിൽ നിന്നു ട്രൈസം പരിശീലനം ലഭിച്ചവരുടെ എണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| SC/ST | 33 |
| OC | 16 |
| ആകെ | 49 |

ടെയ്‌ലറിങ്ങ്, ജെല്ലി നിർമ്മാണം, ഓട്ടോമൊബൈൽ മെക്കാനിക്, സ്പ്രെ പെയിൻറിംഗ്, അച്ചടി മുതലായ ശാഖകളിലാണ് പരിശീലനം നൽകുന്നത്. പരിശീലനം ലഭിച്ചവരിൽ 30ഓളം ആൾക്കാർ അതതു മേഖലയിൽ ജോലി ചെയ്യുന്നു. സ്വയം തൊഴിൽ കണ്ടെത്തിയവർ വളരെ കുറവാണ്. ലഭ്യമാകുന്ന ട്രെയിനിങ്ങിൻെറ ഗുണ മേൻമ പരിശോധനക്ക് സംവിധാനങ്ങളില്ല. പരിശീലനം നേടുന്നവരുടെ അംഗസംഖ്യ വളരെ പരിമിതമാണ്.

## DWCRA ഗ്രാമീണ വനിതകളുടെ ശിശു വികസന പദ്ധതി

1989-90ലാണ് ജില്ലയിൽ ഈ പദ്ധതി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ ആ വശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധനസഹായവും നൽകി വരുന്നു. 10 മുതൽ 15 വരെയുള്ള ഗ്രൂപ്പുകൾക്കാണ് സഹായം ലഭിക്കുന്നത്. പഞ്ചായത്തിൽ ആകെ 6 യൂനിറ്റുകളാണ് ആരംഭിച്ചിരി ക്കുന്നത്. അതിൽ തേനീച്ച വളർത്തൽ ഏറ്റെടുത്ത ഒരു യൂണിറ്റ് പരാജയപ്പെടുകയും ജെല്ലി നിർമ്മാണ യൂനിറ്റ് നിർത്തുകയും ചെയ്തു. ചില യൂനിറ്റുകൾ മാത്രമെ ലാഭകരമായ രീതിയിൽ പ്രവർത്തിക്കുന്നുള്ളു.

## കേന്ദ്രഗ്രാമ ശുചിത്വ പരിപാടി (CRSD)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിന് കേന്ദ്ര - സംസ്ഥാന സർക്കാറുകൾ സംയു ക്തമായി നടപ്പിലാക്കുന്ന പരിപാടിയാണ്. ഗ്രാമങ്ങളിൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മി ക്കാൻ ധനസഹായം ലഭിക്കുന്നു.

**സഹായം ലഭിച്ചവരുടെ എണ്ണം.**

| 1993-94 | SC/ST | OC | TOTAL |
|---|---|---|---|
| 94-95 | 6 | 5 | 11 |
| 95-96 | -- | 8 | 8 |
| | 6 | 13 | 19 |

ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പിന് യുക്തമാ യ മുൻഗണനാ ക്രമം ഉണ്ടാക്കേണ്ടതുണ്ട്.

## മഹിളാ സമാജങ്ങൾ

ഗ്രാമവികസന പ്രവർത്തനങ്ങളിലെ സന്നദ്ധ പ്രവർ ത്തനത്തിന് വളരെയേറെ സഹായിച്ചിട്ടുള്ള സംഘടന യാണ് മഹിളാസമാജങ്ങൾ. പോഷണം, പ്രതിരോധ ചികിത്സ, സമ്പാദ്യശീലം, കുടുംബസംവിധാനം, സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച ബോ ധവൽക്കരണത്തിന് ഇവയുടെ പ്രവർത്തനം പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ആദ്യകാലത്ത് നല്ല രീതിയിൽ സം ഘാടനം നടന്ന ഈ മേഖലയിൽ ഇന്നത്തെ അവസ്ഥ ആശാവഹമല്ല. മഞ്ഞാംകരി, ബ്ലാത്തൂർ, കല്ല്യാട്, മാട്ടറ, മണിക്കടവ്, ഊരത്തൂർ, പടിയൂർ, ഉളിക്കൽ, കുയിലൂർ, പിരക്കളം, കൊമ്പൻപാറ എന്നീ പ്രദേശങ്ങളിൽ മാത്ര മാണ് ഇന്ന് മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നത്. മഹിളാസമാജങ്ങളുടെ മേൽനോട്ടത്തിൽ നടന്നിരുന്ന ബാലവാടികളും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പോഷകാഹാര വിതരണവും ഇന്നില്ല. ബാലവാടിക ൾക്കു പകരം പലയിടങ്ങളിലും അംഗൻവാടികൾ നില വിൽ വന്നിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനങ്ങളിൽ മഹിളാസമാജങ്ങൾക്ക് കാര്യമായ യാതൊരു പങ്കുമി ല്ലാത്ത അവസ്ഥയാണിന്നുള്ളത്. അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ മഹിളാസമാജങ്ങളെ ബന്ധപ്പെടു ത്തേണ്ടത് അത്യാവശ്യമാണ്.

## അംഗൻവാടി

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ നടപ്പിലാക്കപ്പെടുന്ന പദ്ധതിയാണിത്. ആകെ 51 അംഗൻവാടികളാണ് ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കല്ല്യാട്, ഊരത്തൂർ, പരിക്കുളം, മണിക്ക്ടവ്, പുറവയൽ (ട്രൈബൽ), ചാളംവയൽ, പടിയൂർ, മുണ്ടാന്നൂർ എന്നിവിടങ്ങളിൽ സ്വന്തമായ കെട്ടിടമുണ്ട്. ബ്ലാത്തൂരിലും കുയിലൂരിലും കോക്കാട് മഹിളാസമാജത്തിന് കെട്ടിടമുണ്ട്, തൊട്ടിൽപാലം, ചടച്ചിക്കുണ്ടം, മാങ്കുഴി പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. 37 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി കെട്ടിടവും മറ്റ് ആവശ്യ സൗകര്യങ്ങളും ഏർപ്പെടുത്തുകയെന്നത് അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. അംഗൻവാടികളുടെ പ്രവർത്തനത്തിൽ മഹിളാ സമാജങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം. അംഗൻവാടികൾ അനുവദിക്കുമ്പോൾ ജനസംഖ്യാനുപാതവും പരിഗണിക്കണം. ആവശ്യമായ കളിസ്ഥലം പല സ്ഥലത്തും ലഭ്യമല്ല. പോഷകാഹാരം കൃത്യസമയത്തു ലഭ്യമാകുന്നില്ല. പലയിടങ്ങളിലും രക്ഷിതാക്കളുടെ താൽപര്യക്കുറവ് പ്രകടമാണ്.

## പെൻഷനുകൾ

### 1. വാർധക്യകാല പെൻഷൻ

65 വയസ്സ് കഴിഞ്ഞവരും തൻെറയോ തൻെറ കുടുംബാഗങ്ങളുടെയോ മാസവരുമാനം 100 രൂപയിൽ അധികരിക്കാത്തവരുമായവർക്കാണ് ഈ സഹായം ലഭിക്കേണ്ടത്. പല തരം സാങ്കേതിക തടസ്സങ്ങളും ഉന്നയിക്കപ്പെടാറുണ്ട്. അർഹരായ മുഴുവൻ ആൾക്കാർക്കും ലഭിക്കാറില്ല. ആകെ 7 പേർക്കാണ് ഈ പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നത്. അർഹരായ ആളുകളെ കണ്ടെത്തുന്നതിനും കൃത്യമായി പെൻഷൻ വിതരണം ചെയ്യുന്നതിനും പഞ്ചായത്തുതല സമിതികൾ രൂപീകരിക്കാവുന്നതാണ്.

### 2. കർഷക തൊഴിലാളി പെൻഷൻ

കുറഞ്ഞത് 10 വർഷമെങ്കിലും ഏതെങ്കിലും ഭൂവുടമയുടെ കീഴിൽ കൃഷി പണി ചെയ്തവർക്കാണ് സഹായം. 60 വയസ്സ് പൂർത്തിയായവർക്കാണ് അർഹത. അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല. അനർഹരായ ആളുകളെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പെൻഷൻ അനുവദിച്ചു കിട്ടാൻ കാലതാമസം വളരെയേറെയാണ്. അനുവദിച്ചു കിട്ടിയാൽ മുടങ്ങാതെ പെൻഷൻ കിട്ടാനുള്ള സംവിധാനമുണ്ടാക്കണം. കുടിശ്ശിഖ മുഴുവനായി കൊടുത്തു തീർക്കേണ്ടതിലേക്കുള്ള ശ്രമമുണ്ടാകണം. അനർഹ ഒഴിവാക്കാനും അർഹതയുള്ളവർക്ക് എളുപ്പത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും ഉദ്യോഗസ്ഥ/ജനപ്രതിനിധി സമിതികൾക്ക് രൂപം നൽകാവുന്നതാണ്.

## വിധവാപെൻഷൻ

ഭർത്താവ് മരിച്ചു പോയവർ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, 8 വർഷത്തിലധികം ഭർത്താവിനെപറ്റി വിവരം ലഭിക്കാത്തവർ എന്നിവർക്കാണ് അർഹതയുള്ളത്. മറ്റ് നിബന്ധനകൾ പലതും പെൻഷൻ ലഭിക്കാൻ വൈഷമ്യം സൃഷ്ടിക്കുന്നു. അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ലഭിക്കുന്നില്ല. പെൻഷന് അപേക്ഷിച്ച 158 പേരിൽ 66 പേർക്കു മാത്രമെ അനുവദിച്ചു കിട്ടിയുള്ളു.

വികലാംഗപെൻഷൻ, മോട്ടോർ വാഹന അപകടങ്ങളിൽ പെട്ടവർക്കു ധനസഹായം കുഷ്ഠരോഗികൾക്കും കാൻസർ രോഗികൾക്കും ക്ഷയരോഗികൾക്കുമുള്ള ധനസഹായം എന്നിവ വളരെ നാമമാത്രമായ തോതിലെ ലഭ്യമാകുന്നുള്ളു. പദ്ധതികളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമല്ലായെന്നുള്ളത് ഒരു പ്രധാന പരിമിതിയാണ്.

## മിച്ചഭൂമി വിതരണം

മിച്ചഭൂമി സർക്കാർ ഏറ്റെടുത്ത് അതിലെ കുടികിടപ്പുകാർ, ഭൂരഹിതരും നാമമാത്ര ഭൂവുടമകളുമായ കർഷക തൊഴിലാളികൾ പട്ടിക ജാതിക്കാർ എന്നിവർക്ക് പതിച്ചു നൽകുന്നു. ഇതിൽ അർഹതയുള്ളവർക്കാണ് ലഭിക്കുന്നത് എന്നുറപ്പു വരുത്താനുള്ള സംവിധാനം ആവശ്യമാണ്. വ്യക്തമായ മാനദണ്ഡങ്ങളും മുൻഗണനാ ക്രമങ്ങളും ഉണ്ടാക്കാവുന്നതാണ്. മിച്ചഭൂമി കിട്ടിയവർ കൈമാറ്റം ചെയ്യുന്നതും പ്രധാന പ്രശ്നമാണ്. പല വിധത്തിലുമുള്ള സ്വാധീനങ്ങൾ അനുഭവപ്പെടുന്ന രംഗമാണ് മിച്ചഭൂമി പതിച്ചുകൊടുക്കൽ.

## ജനവിദ്യാകേന്ദ്രം

നവസാക്ഷരരുടെ തുടർവിദ്യാഭ്യാസ കേന്ദ്രമായി പ്രവർത്തിക്കേണ്ടുന്നവയാണ് ജനവിദ്യാ കേന്ദ്രങ്ങൾ. കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കും മേൽനോട്ടത്തിനും കാര്യമായ യാതൊരു സംവിധാനങ്ങളും ഇന്നില്ല. ആവശ്യമായ എല്ലാ പ്രദേശങ്ങളിലും ജനവിദ്യാകേന്ദ്രങ്ങൾ അ

നുവദിക്കപ്പെട്ടിട്ടില്ല. പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

സമൂഹത്തിലെ അനാശാസ്യ പ്രവണതകൾക്കെതിരെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിലും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്.

കുട്ടികൾക്കായി ക്രഷറുകളും നഴ്സറി സ്ക്കൂളുകളും നടത്തുന്നതിനുള്ള സഹായം നൽകാവുന്നതാണ്.

പഞ്ചായത്തിൽ വൃദ്ധമന്ദിരം സ്ഥാപിക്കുകയും ഫാമിലി കൗൺസലിംഗ് യൂനിറ്റുകൾ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

ഗ്രാമതലത്തിൽ നടപ്പിലാക്കപ്പെടുന്ന സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഉദ്യോഗസ്ഥ/ജനകീയ സമിതികൾ രൂപീകരിക്കാവുന്നതാണ്.

## സാധ്യതകൾ

1. സംയോജിത ഗ്രാമ വികസന പദ്ധതിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താൻ ഉദ്യോഗസ്ഥ/ജനപ്രതിനിധി കമ്മറ്റികൾ രൂപീകരിക്കുക.

2. കൂടുതലാൾക്കാർക്ക് ട്രൈസം ട്രെയിനിങ്ങ് ലഭ്യമാക്കുക. ട്രെയിനിംഗ് ലഭിച്ചവർക്ക് തൊഴിലുറപ്പു വരുത്തുക.

3. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ നിരക്കിൽ കക്കൂസ് അനുവദിക്കുക.

4. പകർച്ച വ്യാധികൾക്കെതിരെ പ്രതിരോധ, പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

5. വനിത-ശിശു ക്ഷേമ പദ്ധതികളിൽ മഹിളാ സമാജങ്ങളെ പങ്കാളികളാക്കുക.

6. അംഗൻവാടികൾ അനുവദിക്കുമ്പോൾ ഭൂമിശാസ്ത്ര പരമായ സവിശേഷതകൾ കൂടി പരിഗണിക്കുക.

7. അംഗൻവാടികൾക്ക് മുഴുവനായും സ്വന്തമായി കെട്ടിടം പണിയുക.

8. സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അളവിൽ പോഷകാഹാരങ്ങൾ വിതരണം ചെയ്യുക.

9. പെൻഷന് അർഹരായവരെ തിരെഞ്ഞെടുക്കുന്നതിനും അർഹരായവർക്ക് കിട്ടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും പഞ്ചായത്തുതല ഉദ്യോഗസ്ഥ/ജനകീയ സമിതികൾ രൂപീകരിക്കുക.

10. മിച്ചഭൂമി അർഹരായവർക്കു മാത്രമേ ലഭിക്കുന്നുള്ളുവെന്ന് ഉറപ്പു വരുത്തുക. ലഭിച്ച മിച്ചഭൂമി കൈമാറ്റം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുക.

11. ജനവിദ്യാകേന്ദ്രങ്ങൾക്ക് ആവശ്യമായ സാമ്പത്തിക, ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുക.

12. സമൂഹത്തിലെ അനാശാസ്യ പ്രവണതകൾക്കെതിരെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

13. പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കുക.

14. ഗ്രാമതലത്തിൽ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കപ്പെടുന്ന സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പഞ്ചായത്തു തലത്തിൽ ജനകീയ/ഉദ്യോഗസ്ഥ സമിതികൾ രൂപീകരിക്കുക.

## പ്രശ്നങ്ങൾ

1. സംയോജിത ഗ്രാമവികസന പദ്ധതി (IRDP) പ്രകാരം ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിലല്ല.

2. IRDP ലോണിന്റെ ദുരുപയോഗം.

3. ട്രൈസം ട്രെയിനിങ്ങ് കൂടുതൽ ആളുകളിലേക്ക് വ്യാപിക്കുന്നില്ല. ട്രെയിനിംഗ് ലഭിച്ചവർ തൊഴിലിൽ പൂർണ്ണമായും ഏർപ്പെടുന്നില്ല.

4. DWCRA യൂനിറ്റുകൾ വളരെ കുറച്ചു പ്രദേശങ്ങളിൽ മാത്രമേയുള്ളു.

5. കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി (CRSP)യിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻഗണനാ ക്രമമില്ല.

6. മഹിളാ സമാജങ്ങൾ സജീവമല്ല.

7. അംഗൻവാടികൾക്ക് മുഴുവനായും സ്വന്തം കെട്ടിടമില്ല. ആവശ്യത്തിന് കളിസ്ഥലവും കക്കൂസുമില്ല. ആവശ്യമായ എല്ലാ സ്ഥലങ്ങളിലും അംഗൻവാടിയില്ല. അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ മഹിളാ സമാജങ്ങൾക്ക് കാര്യമായ യാതൊരു പങ്കുമില്ല.

8. വാർധക്യ പെൻഷൻ അർഹരായവർക്കു മുഴുവൻ ലഭിക്കുന്നില്ല.

9. കർഷകതൊഴിലാളി പെൻഷൻ അർഹരായ എല്ലാ ആളുകൾക്കും ലഭിക്കുന്നില്ല.

10. വിധവാ പെൻഷൻ ലഭിക്കാൻ പല നിബന്ധനകളും തടസ്സമാകുന്നു.

11. ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ സാധാരണക്കാർക്ക് ലഭ്യമല്ല.

12. മിച്ചഭൂമി ലഭിച്ചവർ കൈമാറ്റം ചെയ്യുന്നു.

13. ജനവിദ്യാകേന്ദ്രങ്ങൾ സജീവമല്ല.

## പാർപ്പിടം

വ്യക്തിയുടെ സർവതോൻമുഖമായ വികസനവും ത്വരിതപ്പെടുത്തുന്ന അടിസ്ഥാന ഘടകങ്ങളിലൊന്നാണ് പാർപ്പിടം. ജീവിത സൂചികയിലെ ഭൗതിക ഗുണ മേൻമ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങളിലൊന്നാണിത്. സമൂഹത്തിലെ താഴേക്കിടയിലുള്ള ജനവിഭാഗങ്ങൾക്ക് എന്നും നല്ല രീതിയിലുള്ള പാർപ്പിട സൗകര്യങ്ങൾ അപ്രാപ്യമായിരുന്നു. എല്ലാവർക്കും അത്യാവശ്യ സൗകര്യങ്ങളെല്ലാമുണ്ട്. പാർപ്പിടം ഉണ്ടായിരിക്കുക എന്നത് ഒരു വികസിത സമൂഹത്തിൻെറ ആവശ്യ ഘടകമാണ്.

## ചരിത്രം

നമ്മുടെ പഞ്ചായത്തിൽ പാർപ്പിടരംഗത്ത് കഴിഞ്ഞ 50 വർഷക്കാലം കൊണ്ടുണ്ടായ മാറ്റങ്ങൾ ശ്രദ്ധേയമാണ്. അമ്പത് വർഷം മുമ്പ് കല്ല്യാട്, ബ്ലാത്തൂർ, ഊരത്തൂർ, ചേറ്റുവട്ടി പെരുമണ്ണ്, കുയിലൂർ, പിടിയൂർ, കരവൂർ, നിടിയോടി, പരിക്കുളം, നുച്യാട്, മുണ്ടാനൂർ, ഏഴൂർ, വയത്തൂർ പ്രദേശങ്ങളിൽ മാത്രമെ ജനവാസമുണ്ടായിരുന്നുള്ളു. ഏഴൂർ - വയത്തൂർ പ്രദേശങ്ങൾക്ക് കിഴക്ക് കുടകു വരെ വനപ്രദേശമായിരുന്നു. ഗ്രാമങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്കുള്ള ഇട പ്രദേശവും കാടായിരുന്നു.

കല്ല്യാട് പ്രദേശത്ത് ഏകദേശം 60 വീടുകൾ ഉണ്ട്. ബ്ലാത്തൂരിൽ ഏകദേശം 100 വീടുകളും മാത്രമെ ഉണ്ടായിരുന്നുള്ളു. ഊരത്തൂരിൽ ഏകദേശം 60 വീടുകൾ ഉണ്ടായിരുന്നു. ചേറ്റുവട്ടിയിൽ 1 വീടും 10 ആദിവാസി കുടിലുകലും പെരുമണ്ണ്, കുയിലൂർ പ്രദേശങ്ങളിൽ ഏകദേശം 50 വീടുകളും പടയൂരിൽ ഏകദേശം 100 വീടുകളും 10 ആദിവാസി കുടിലുകളും ഉണ്ടായിരുന്നു. കരവൂരിൽ ഏകദേശം 10 വീടുകളുമം 10 ആദിവാസി കുടിലുകളും ഉണ്ടായിരുന്നു. പരിക്കളം, നുച്യാട് പ്രദേശങ്ങളിൽ 25ഓളം വീടുകൾ വീതവും മുണ്ടാന്നൂരിൽ പത്തോളം ആദിവാസി കുടിലുകളും രണ്ടോ മൂന്നോ വീടുകളുമുണ്ടായിരുന്നു. ഏഴൂർ പ്രദേശത്ത് ഏകദേശം 10 വീടുകളും വയത്തൂരിലും 10 ഓളം വീടുകളും ഉണ്ടായിരുന്നു.

പ്രാദേശികമായി ലഭ്യമായിരുന്ന വിഭവങ്ങളുപയോഗിച്ചാണ് വീടുണ്ടാക്കിയിരുന്നത്. കല്ലും മണ്ണും മരവും മുളയും ഉപയോഗിച്ചാണ് കൂടുതലും വീടുകൾ നിർമ്മിക്കാറുണ്ടായിരുന്നത്. ഓലകെട്ടി അതിൽമേൽ പുല്ലു മേഞ്ഞ മേൽക്കൂരയായിരുന്നു സാധാരണം. ഓടുമേഞ്ഞ വീടുകൾ വളരെ അപൂർവ്വമായിരുന്നു. കേരളത്തിൽ തനതായി രൂപപ്പെട്ടു വന്ന വാസ്തു ശില്പശാസ്ത്രത്തിൻെറ തത്വങ്ങളായ തച്ചുശാസ്ത്രത്തിൻെറ അടിസ്ഥാനത്തിലായിരുന്നു കെട്ടിട നിർമ്മാണം പ്രധാനമായും നടന്നത്. എന്നാൽ കുടിലുകൾക്ക് ഇതത്ര നിർബന്ധമായിരുന്നില്ല. പ്രദേശത്തും നിലവിലിരുന്ന ജാതിവ്യവസ്ഥയും ജൻമിത്ത വ്യവസ്ഥയും പാർപ്പിട നിർമ്മാണ രംഗത്തെയും കാര്യമായി സ്വാധീനിച്ചിരുന്നതായി കാണാം. ഓരോ ജാതിക്കും വീടുവെയ്ക്കുന്നതിന് പ്രത്യേക ജാതികൾ തന്നെയുണ്ടായിരുന്നു. പണിയും പ്രതിഫലവും ജാതി മത തത്വങ്ങളും നാട്ടാചാരങ്ങളും അനുസരിച്ചാണ് നടന്നുകൊണ്ടിരുന്നത്.

പഞ്ചായത്തിൻെറ കിഴക്കൻ മേഖലകളിലേക്ക് ആദ്യമാദ്യം കുറഞ്ഞ രീതിയിലാരംഭിച്ച കുടിയേറ്റം പിന്നീട് ശക്തിപ്പെട്ടു തൽക്കാലം തലചായ്ക്കാനും ഭക്ഷണം പാകം ചെയ്യാനും താൽക്കാലിക സങ്കേതമായി മാത്രമെ കുടിയേറ്റ കർഷകർ പാർപ്പിടത്തെ കരുതിയിരുന്നുള്ളു. മറ്റൊരിടത്ത് കൂടുതൽ സൗകര്യം ലഭിക്കുകയാണെങ്കിൽ മുമ്പത്തേത് ഒഴിവാക്കി പോകുന്നതിൽ യാതൊരു വിമുഖതയും അവർ കാണിച്ചതുമില്ല. അതുകൊണ്ടുതന്നെ പാർപ്പിട നിർമ്മാണ രംഗത്ത് കാര്യമായൊന്നും തന്നെ ചെയ്യുവാൻ അവർ തയ്യാറായതുമില്ല. എന്നാൽ പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗങ്ങളിലും മധ്യഭാഗങ്ങളിലുമുണ്ടായിരുന്ന തദ്ദേശീയർ ജൻമിത്തമവസാനിച്ചപ്പോൾ സ്ഥിരമായും സൗകര്യമുള്ളതുമായ വീടുകൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ ചെലുത്തി. സമൂഹത്തിൻെറ മുകൾത്തട്ടിലുണ്ടായിരുന്നവർ മാത്രമെ ഇതിലുൾപ്പെടുന്നുള്ളു. അങ്ങനെ ക്രമേണ പുൽക്കുടിലുകൾ ഓടുമേഞ്ഞ കെട്ടിടങ്ങൾക്കു വഴിമാറുകയും ചെയ്തു.

എഴുപതുകളുടെ ആരംഭത്തോടെ കുടിയേറ്റ കർഷകർക്ക് അവരുടെ വിളവുകൾക്ക് ആദായം ലഭിക്കുകയും അവർ ഒരിടത്ത് സ്ഥിര താമസമാരംഭിക്കുകയും ചെയ്തതോടെ പാർപ്പിട നിർമ്മാണ രംഗത്ത് പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ പെട്ടെന്നൊരു മാറ്റം ഉണ്ടായി. കൂട്ടു കുടുംബത്തിൻെറ സ്ഥാനത്ത് അണുകുടുംബം ഉടലെടുക്കുകയും കുടുംബത്തിലെ ഓരോ അംഗത്തിനും സ്വന്തമായി ഒരു വീടെന്ന രീതിയിലെത്തുകയും ചെയ്തു. പാർപ്പിട നിർമ്മാണ രംഗത്ത് പല മാറ്റങ്ങളും ഇക്കഴിഞ്ഞ ദശകത്തിലാണ് നമ്മുടെ പഞ്ചായത്തിൽ ഉടലെടുത്തത്.

## പാർപ്പിടരംഗത്തെ ഇന്നത്തെയവസ്ഥ

ഇന്ന് പഞ്ചായത്തിൽ ആകെ 10,135 വീടുകൾ ആണുള്ളത്. അതിൽ 10 ശതമാനത്തോളം ഓലമേഞ്ഞ കുടിലുകളും 80 ശതമാനത്തോളം ഓടുമേഞ്ഞതും 10 ശതമാനത്തോളം കോൺക്രീറ്റ് കൊണ്ട് നിർമ്മിച്ച വീടു

കളുമാണ്. കല്ല്, മണ്ണ്, മരം എന്നിവ ഉപയോഗിച്ചാണ് പ്രധാനമായും പാർപ്പിട നിർമ്മാണം. പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ മൺകട്ട ചുട്ടെടുത്ത് ഉപയോഗിക്കുന്നു. ചില ഭാഗങ്ങളിൽ ചെങ്കല്ല് സുലഭമായി ലഭിക്കുന്നു. ചില ഭാഗങ്ങളിൽ കരിങ്കല്ലും സുലഭമാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകളിൽ നല്ലൊരു ഭാഗവും കോൺക്രീറ്റ് കെട്ടിടങ്ങളാണ്. വീടുകൾക്ക് ആവശ്യത്തിൽ കൂടുതൽ വലിപ്പം കൂട്ടാൻ ശ്രമിക്കുന്ന പ്രവണത കുറഞ്ഞ തോതിലെങ്കിലും ഇന്ന് കണ്ടു തുടങ്ങിയിരിക്കുന്നു. ചില പ്രദേശങ്ങളിൽ നെൽപ്പാടം നികത്തി വീടുവെക്കാനുള്ള പ്രവണതയും നിലനിൽക്കുന്നു. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം നിലനിൽക്കുന്നു. തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കുന്നുണ്ട്.

ഭൂരഹിതരായ പാവപ്പെട്ടവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സഹായം നൽകാനായി പല വിധ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. മഞ്ചേരി, പടിയൂർ, ഉളിക്കൽ, പേരട്ട എന്നിവിടങ്ങളിൽ ഹൗസിങ്ങ് കോളനി നിലവിലുണ്ട്.

## ഭവന നിർമ്മാണത്തിനുള്ള ധനസഹായം

പഞ്ചായത്തിലെ പട്ടിക ജാതി, പട്ടിക വർഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് IAY, MWS, NREP, JRY തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികളുടെ ധനസഹായം ലഭിക്കുന്നുണ്ട്. പട്ടിക ജാതി / പട്ടിക വർഗ ക്ഷേമവകുപ്പിൻെറ പ്രത്യേക പദ്ധതികളും നിലവിലുണ്ട്. സാമ്പത്തികമായി താഴെക്കിടയിലുള്ള മറ്റു ജാതികളിൽ പെട്ടവർക്കും ധന സഹായം ലഭിക്കുന്നു. ഇടത്തരക്കാർക്കുള്ള പല തരം ഭവന നിർമ്മാണ വായ്പകളും ഇന്നുണ്ട്. ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏജൻസികൾ പ്രധാനമായും താഴെ പറയുന്നവയാണ്.

### 1.ഹൗസിങ്ങ് ബോർഡ്

വിവിധ സാമ്പത്തിക സാമൂഹ്യ നിലവാരമുള്ളവരെ ഉദ്ദേശിച്ച് 11 വ്യത്യസ്ത പദ്ധതികൾ

### 2.റവന്യൂ വകുപ്പ്

കൈരളി ഭവന നിർമ്മാണ പദ്ധതി

താഴ്ന്ന വരുമാനമുള്ളവർക്കുള്ള ഭവന നിർമ്മാണ പദ്ധതി

### 3. ഗ്രാമവികസന വകുപ്പ്

ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി

ഇന്ദിരാ ആവാസ് യോജന

രാജീവ് ദശലക്ഷം ഭവന പദ്ധതി

MWS/JFY/JAY Etc.

### 4. സഹകരണ പദ്ധതികൾ

പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഇരിക്കൂർ ബ്ലോക്ക് ഹൗസിങ്ങ് കോ.ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം നടക്കുന്നുണ്ട്.

സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളുടെ ജീവസഞ്ചാരത്തിനടിസ്ഥാനമായ പാർപ്പിട പ്രശ്നം പരിഹരിക്കാൻ ഉദ്ദേശിച്ചുള്ള നിരവധി പാർപ്പിട പദ്ധതികൾ നിലവിലുണ്ടെങ്കിലും പണിതുകൊണ്ടിരിക്കുന്നവയുടെയെണ്ണവും ആവശ്യവും തമ്മിലുള്ള വിടവ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഭവന നിർമ്മാണ രംഗത്തെ അസംസ്കൃത വസ്തുക്കളുടെ വിലകൂടുതലും പാർപ്പിട നിർമ്മാണത്തിനാവശ്യമായ സ്ഥലമില്ലായ്മയും പ്രധാന പ്രശ്നമായി തന്നെ അവശേഷിക്കുന്നു. ഭൂരഹിതരായ ഭവന രഹിതരുടെ പുനരധിവാസം വളരെ സങ്കീർണ്ണമായ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ പുറമ്പോക്കുകൾ അനധികൃതമായി കൈയേറിയവരെ ഒഴിപ്പിക്കുകയും അവിടങ്ങളിൽ ഗ്രൂപ്പ് ഹൗസിങ്ങ് സ്കീമുകൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ഭവനനിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം. വിവിധ വകുപ്പുകൾ സ്വതന്ത്ര്യമായി അവരവരുടെതായ ഭവന നിർമ്മാണ പദ്ധതികളാണ് ഇന്നു നടപ്പിലാക്കുന്നത്. ഇവയൊക്കെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനവും ആവശ്യമാണ്. ചിലവു കുറഞ്ഞ വീടുകളുടെ പ്രചാരവും വർദ്ധിപ്പിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. പാർപ്പിട നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്.
2. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
3. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം, തടസ്സങ്ങൾ
4. കുറഞ്ഞ വായ്പാ തുക.
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സാമ്പത്തിക സഹായം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ.
6. വിദഗ്ദ്ധ നിർമ്മാണ തൊഴിലാളികളുടെ അഭാവം
7. സ്വന്തമായി സ്ഥലമില്ലാത്തവരുടെ പാർപ്പിട പ്രശ്നങ്ങൾ.
8. കുടിവെള്ളത്തിൻെറയും കക്കൂസിൻെറയും അഭാവം.

9. നെൽപ്പാടം നികത്തി വീട് വെക്കുന്നു.

## സാധ്യതകൾ

1. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിച്ച് അർഹരായ ഭൂരഹിതർക്ക് നൽകി വീട് വെക്കാൻ ധനസഹായം നൽകുക.

2. ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാനായി ഓരോ പഞ്ചായത്തിലും നിർമ്മിതി കേന്ദ്രം ആരംഭിക്കുക.

3. പഞ്ചായത്തുതല ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

4. ഓല മേഞ്ഞ കുടിലുകൾക്ക് പുരമേയാൻ ധനസഹായം നൽകുക.

5. പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

6. കട്ടില, ജനൽ തുടങ്ങിയവ കോൺക്രീറ്റിൽ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കുക. സിമൻറ് കട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

7. ഗ്രൂപ്പ് ഹൗസിങ്ങ് പദ്ധതികൾ നടപ്പിലാക്കുക.

8. വിവിധ വകുപ്പുകളുടെ കീഴിൽ നടന്നു വരുന്ന ഭവന നിർമ്മാണ പദ്ധതികളാകെ ഒരൊറ്റ നിർവ്വഹണ ഏജൻസിയുടെ മേൽനോട്ടത്തിൻ കീഴിലാക്കുക. പ്രവർത്തനങ്ങൾ വിലയിരുത്താൻ പഞ്ചായത്ത് തലത്തിൽ സന്നദ്ധ സംഘടനകൾ ഉൾപ്പെട്ട സമിതി രൂപീകരിക്കുക. ❐





# വിദ്യാഭ്യാസം

**കാ**ർഷിക പ്രസ്ഥാനവുമായാണ് പടിയൂർ - കല്യാട് പഞ്ചായത്തിൻെറ പൊതു വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത്. അതിനു മുന്നെ ഒറ്റപ്പെട്ട വിദ്യാഭ്യാസ രീതി എന്ന നിലയിൽ എഴുത്താശാൻമാരുടെ സമീപത്തു നിന്നും പഠിക്കുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. കല്ല്യാട് (ജന്മി) എശമാൻെറ മാനേജ്മെൻറിൻെറ കീഴിൽ കല്ല്യാട്, ബ്ലാത്തൂർ എന്നീ സ്ഥലങ്ങളിൽ എൽ.പി. സ്ക്കൂളുകൾ സ്ഥാപിച്ചിരുന്നു. കർഷക പ്രസ്ഥാനത്തോടുള്ള എതിർപ്പു കാരണം കല്ല്യാട് എശമാൻ ബ്ലാത്തൂർ സ് ക്കൂൾ അടച്ചു പൂട്ടിയപ്പോൾ ബ്ലാത്തൂർ പടിഞ്ഞാറെ കരയിൽ കൃഷിക്കാരുടെ നേതൃത്വത്തിൽ സ്ക്കൂൾ ആരംഭിക്കുകയും ശമ്പളമില്ലാതെ സേവനമെന്ന നിലയിൽ അദ്ധ്യാപകർ ക്ലാസെടുക്കുകയും ചെയ്തു. പക്ഷെ ആ സ്ക്കൂൾ അഗ്നിക്കിരയായി. സമൂഹത്തിന് ജന്മിത്വത്തിനെതിരെ ഉണരാൻ വിദ്യാഭ്യാസം വലിയൊരു സഹായമായി.

പഞ്ചായത്തിൻെറ കിഴക്കൻ മേഖലകളിൽ സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടത് കുടിയേറ്റ കർഷകരുടെ പ്രവർത്തന ഫലമായാണ്. സ്ക്കൂളുകളിൽ കുട്ടികളെ അയച്ചിരുന്നത് അദ്ധ്യാപകർക്കു ജോലി കിട്ടിക്കോട്ടെ എന്ന നിലയിലായിരുന്നുവെങ്കിൽ കുടിയേറ്റക്കാർ ആ നില മാറ്റുകയും വിദ്യാഭ്യാസ പ്രവർത്തനത്തെ ഗൗരവമായി കാണുകയും ചെയ്തു.

പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളാണ് ആദ്യം ഉണ്ടായിരുന്നത്. പഞ്ചായത്തു തന്നെ മാനേജ്മെൻറ് ആയികൊണ്ട് കണ്ണൂർ ജില്ലയിൽ ഉള്ള മൂന്ന് സ്ക്കൂളുകളിൽ ഒന്ന് ഈ പഞ്ചായത്തു സ്ക്കൂളാണ്. 1965ൽ അന്നത്തെ പഞ്ചായത്തു പ്രസിഡൻറിൻെറ നേതൃത്വത്തിലുള്ള പ്രവർത്തന ഫലമായിട്ടാണ് ഈ സ്ക്കൂൾ സ്ഥാപിക്കപ്പെട്ടത്.

നമ്മുടെ പഞ്ചായത്തിൻെറ വിദ്യാഭ്യാസ മേഖലകളെയും രണ്ട് ഭാഗമായി തിരിക്കാം. ഒന്ന് ഉളിക്കല്ലും സമീപ പ്രദേശവും ഉൾക്കൊള്ളുന്ന മലയോരമേഖലയും മറ്റൊന്ന് പടിയൂർ - കല്ല്യാട് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മേഖലയും. പടിയൂർ - കല്ല്യാട് പഞ്ചായത്തിൽ ഇപ്പോൾ 10 എൽ.പി. സ്ക്കൂളും 9 യു.പി. സ്ക്കൂളും 2 ഹൈസ്ക്കൂളുമാണ് നിലവിലുള്ളത്. പല സ്ഥലങ്ങളിൽ നിന്നും കിലോമീറ്റർ താണ്ടിയാണ് കുട്ടികൾ സ്ക്കൂളിൽ എത്തുന്നത്.

പഞ്ചായത്തിലെ മിക്ക സ്ക്കൂളിലും ഭൗതിക സാഹചര്യം തൃപ്തികരമല്ല. നുച്യാട് ഗവ. യു.പി. സ്ക്കൂൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കുടിവെള്ളം, മൂത്രപുര, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളുടെ കാര്യത്തിൽ പല സ്ക്കൂളുകളും പുറകിലാണ്. സിമൻറ് ചെയ്യാത്ത തറയും ആവശ്യത്തിന് ഫർണിച്ചറുകളും ഇല്ലാത്ത സ്ക്കൂളുകളാണ് അധികവും. ലൈബ്രറി സൗകര്യം, ലാബോറട്ടറി സൗകര്യം എന്നിവ പല സ്ക്കൂളുകളിലും മരീചിക പോലെയാണ്. ഭക്ഷണം പാചകം ചെയ്യാനുള്ള സൗകര്യമുള്ള സ്ക്കൂളുകൾ വിരലിലെണ്ണാവുന്നതേയുള്ളു. എൽ.പി. വിഭാഗത്തിലെ കുട്ടികളിലധികവും സിമൻറ് ചെയ്യാത്ത തറയിലിരുന്നാണ് ഉച്ചഭ

ക്ഷണം കഴിക്കുന്നത്. ഇതു പല അസുഖങ്ങൾക്കും കാരണമാവുന്നു. എൽ.പി. വിഭാഗത്തിൽ 3 എണ്ണവും യു.പി. വിഭാഗത്തിൽ ഒരെണ്ണവും ഗവ. മേഖലയിലാണ്.

പഞ്ചായത്തിലെ സ്ക്കൂളുകളിലെ പഠന നിലവാരം ഉയർന്നതല്ല. എൽ.പി. വിഭാഗത്തിൽ പകുതി ശതമാനം വിദ്യാർത്ഥികളും 30% ത്തിനു താഴെ മാർക്കുള്ളവരാണ്. യു.പി. വിഭാഗത്തിൽ 1200ഓളം വിദ്യാർത്ഥികൾ 30%ത്തിൽ താഴെ മാർക്കു ലഭിക്കുന്നവരാണ്. എച്ച്.എസ്. വിഭാഗത്തിൽ മണിക്കടവിലെ 5വർഷത്തെ ശരാശരി വിജയശതമാനം 62.2. ആണ്.

പഞ്ചായത്തിൽ 2 ഹൈസ്ക്കൂളുകളും പഞ്ചായത്തിൻെറ ഒരറ്റത്ത് സ്ഥിതി ചെയ്യുന്നതിനാൽ മറ്റ് പ്രദേശത്തിലെ വിദ്യാർത്ഥികൾ 5ഉം 6ഉം കിലോമീറ്ററുകൾ യാത്ര ചെയ്താണ് വിദ്യാഭ്യാസം നടത്തുന്നത്. ഭൂരിഭാഗം വിദ്യാർത്ഥികളും മറ്റ് പഞ്ചായത്തുകളിലെ സ്ക്കൂളുകളിലാണ് പോകുന്നത്. ഇരിക്കൂർ, നായാട്ടുപാറ, പയ്യാവൂർ, ഇരിട്ടി, കുന്നോത്ത്, കിളിയന്തിറ തുടങ്ങിയ ഹൈസ്ക്കൂളുകളിൽ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അകലെ യാത്ര ചെയ്ത് വിദ്യാഭ്യാസം നിർവ്വഹിക്കുന്നതിൽ പഠനത്തെ ഒരു പരിധി വരെ ഇത് പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഹൈസ്ക്കൂൾ വിദ്യാഭ്യാസ രംഗത്തെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള എല്ലാ സാദ്ധ്യതകളും ഉപയോഗിക്കേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസരംഗത്തെ വിദ്യാർത്ഥികൾ വളരെയധികം വിഷമതകൾ സഹിച്ചാണ് പഠനം നിർവ്വഹിക്കുന്നത്. കോളേജ് വിദ്യാഭ്യാസത്തിനായി മട്ടന്നൂർ PR NSS, കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ്, ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജ്, ഇരിട്ടി എം.ജി.എം. കോളേജ് തുടങ്ങിയവയെയാണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. റെഗുലർ കോളേജുകളിൽ എത്തിച്ചേരാൻ ഭാഗ്യം ലഭിക്കാത്ത ഭൂരിപക്ഷം വിദ്യാർത്ഥികളും സമാന്തര കോളേജുകളിൽ അഭയം പ്രാപിക്കുന്നു. ഉളിക്കൽ കേന്ദ്രീകരിച്ച് 3 സമാന്തര കോളേജുകൾ പ്രവർത്തിക്കുന്നു. ഇവയെ കൂടാതെ ഇരിട്ടി, ഇരിക്കൂർ, മട്ടന്നൂർ, പയ്യാവൂർ തുടങ്ങിയ സ്ഥലങ്ങളിലെ പാരൽ കോളേജുകളിൽ നിരവധി വിദ്യാർത്ഥികൾ അഭയം പ്രാപിക്കേണ്ടതായി വരുന്നു.

പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലില്ലെന്നു തന്നെ പറയാം. ഉളിക്കലിൽ 21 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഇന്ന് പ്രാധാന്യമേറിക്കൊണ്ടിരിക്കുകയാണ്. മട്ടന്നൂർ പോളി, കുത്തുപറമ്പ് ITC, കണ്ണൂർ ITI,POLY തുടങ്ങിയവയാണ് നമ്മുടെ സാങ്കേതിക വിദ്യാർത്ഥികൾക്ക് അഭയമേകുന്നത്.

പഞ്ചായത്തിലാകെ എൽ.പി. വിഭാഗത്തിൽ 1791 വിദ്യാർത്ഥികളും യു.പി. വിഭാഗത്തിൽ 4899 വിദ്യാർത്ഥികളും എച്ച്.എസ്. വിഭാഗത്തിൽ ......... വിദ്യാർത്ഥികളും പഠിക്കുന്നു. 5 വർഷത്തിനുള്ളിൽ പഠനം നിറുത്തിയ വിദ്യാർത്ഥികളുടെ എണ്ണം ....... ആണ്. ആദിവാസി, ഹരിജൻ കോളനികളിൽ നിന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വർദ്ധിച്ചു വരികയാണ്. എൽ.പി. വിഭാഗത്തിൽ കുറഞ്ഞ ജനനനിരക്ക് കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നുണ്ട്.

മൊത്തം സ്ക്കൂളുകളിലായി ......... അദ്ധ്യാപകർ പ്രവർത്തിക്കുന്നുണ്ട്. ചില സ്ക്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവ് നികത്താതെ കിടക്കുന്നുണ്ട്. പാഠ്യ പദ്ധതിയുടെ സിലബസ് മാറുന്നതിനനുസരിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകേണ്ടതുണ്ട്. (അദ്ധ്യാപകർക്ക് ഇൻസർവ്വീസ് ട്രെയിനിങ്ങ് കോഴ്സ് നടത്തേണ്ടതുണ്ട്).

എല്ലാ സ്ക്കൂളുകളിലും അദ്ധ്യാപക രക്ഷകർതൃസമിതി നിലവിലുണ്ടെങ്കിലും അതിൻേറതായ അർത്ഥത്തിലുള്ള പ്രവർത്തനം നടക്കുന്നില്ല. ചില സ്ക്കൂളുകളിൽ PTA യുടെ കീഴിൽ പാചകപുര, വാട്ടർ ടാങ്ക് പോലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ശ്ലാഘനീയമാണ്. സ്ക്കൂളുകളിലെ യോഗങ്ങളിൽ ജനങ്ങൾ കൃത്യമായി പങ്കെടുക്കാത്ത സ്ഥിതി മാറിയേ തീരൂ. രക്ഷിതാക്കളെ കൃത്യമായി പങ്കെടുപ്പിക്കാനാവശ്യമായ ബോധവൽക്കരണം നടത്തണം. സ്ക്കൂളിൻെറ പ്രവർത്തനത്തിൽ ജനങ്ങളുടെ ഇടപെടൽ നല്ല നിലയിൽ ഉണ്ടെങ്കിൽ സമൂല മാറ്റം വരുത്താൻ സാധിക്കുമെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്.

വിദ്യാർഥികളുടെ പഠനനിലവാരം ഏറിയും കുറഞ്ഞുമിരിക്കുന്നു. ചില പ്രദേശങ്ങളിൽ ടി.വി.യുടെ സ്വാധീനം നേട്ടങ്ങളെക്കാളേറെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. രക്ഷിതാക്കളുടെ അശ്രദ്ധ, കുട്ടികൾ അനുഭവിക്കുന്ന യാത്രാക്ലേശം എന്നിവ മറ്റ് കാരണങ്ങളിൽ പെടുന്നു. ആൾപ്രമോഷൻ സിസ്റ്റം, കുട്ടികൾക്ക് താങ്ങാവുന്നതിലധികമുള്ള സിലബസ് എന്നിവയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. പരീക്ഷാ സമ്പ്രദായത്തിന് ഒരുക്കൽ മാത്രമാണ് വിദ്യാഭ്യാസമെന്ന രക്ഷിതാക്കളുടെ തെറ്റിദ്ധാരണ മാറണം.

സബ്ബ് ജില്ലാ ജില്ലാതല കലാകായിക മത്സരങ്ങളിൽ പഞ്ചായത്തിലെ സ്ക്കൂളുകളുടെ സ്ഥാനം വളരെ പുറകിലാണ്. 2 സ്ക്കൂൾ മാത്രമാണ് ജില്ലാ തല മത്സരത്തിൽ പങ്കെടുത്തവയുള്ളു. പാഠ്യേതര പ്രവർത്തനത്തിന് പല സ്ക്കൂളുകളും അർഹമായ പ്രാധാന്യം നൽകുന്നില്ലെന്നതാണ് വസ്തുത. എന്നാൽ ചില സ്ക്കൂളു

കളിലെ ചുമർ കൈയ്യെഴുത്തു മാസിക, സയൻസ് കോർണർ എന്നിവ മാതൃകാപരമാണ്. കായിരംഗത്ത് പ്രതിഭകളെ വാർത്തെടുക്കാൻ നമ്മുടെ സ്ക്കൂളുകൾക്ക് സാധിക്കുന്നില്ല. ഭൂരിഭാഗം സ്ക്കൂളിലും സ്ഥലസൗകര്യങ്ങൾ ഉണ്ടെങ്കിലും നല്ല ഗ്രൗണ്ട് നിലവിലില്ല. അതുപോലെ തന്നെ സ്പോർട്സ് ഉപകരണങ്ങളുടെ എണ്ണവും പരിമിതമാണ്.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് വായനശാലകളും മറ്റ് സംസ്കാരിക സംഘങ്ങളും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ആകെ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്നില്ല. കേരളത്തിൽ 100% സാക്ഷരത കൈവരിച്ചിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ നിരക്ഷരർ ഉണ്ട് എന്നാണ് സർവ്വെ റിപ്പോർട്ട് വ്യക്തമാക്കുന്നത്. പതിനാലാം വാർഡിൽ മാത്രം പഞ്ചായത്ത് സാക്ഷരതാ നിരക്ക് 89.86 ആണ്. ആൺ - 93.92, പെൺ 89.86. 200 പേർ നിരക്ഷരർ ഉണ്ടെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ചില ആദിവാസി - ഹരിജൻ കോളനികളിലും മറ്റ് പ്രദേശങ്ങളിലും നിരക്ഷരർ അധിവസിക്കുന്നുണ്ട്. തുടർ സാക്ഷരതാ പ്രസ്ഥാനം നാം ആഗ്രഹിച്ച നിലയിൽ മുന്നേറിയിട്ടില്ല.

പഞ്ചായത്തിൽ 51 ഓളം അംഗനവാടികൾ ഉണ്ട്. പല അംഗനവാടികൾക്കും സ്വന്തമായ കെട്ടിടങ്ങൾ ഇല്ല. കുഞ്ഞുങ്ങളുടെ സർവ്വതോൻമുഖമായ വളർച്ചക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും പഠനോപകരണങ്ങളും മിക്ക അംഗനവാടികളിലും ഇല്ല. പഞ്ചായത്തിൽ 4ഓളം നെഴ്സറി സ്ക്കൂളുകളും പ്രവർത്തിക്കുന്നു. 29 വർഷം മുമ്പ് കല്ലുവയലിൽ സ്ഥാപിച്ച കുടിപള്ളിക്കൂടം,(കല്ലുങ്കൽ ഭാസി ആശാൻ) ഇന്നും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ 22 സ്ക്കൂളുകളിലുമായി ഏകദേശം 4547 ആൺകുട്ടികളും 4285 പെൺകുട്ടികളും ഉൾപ്പെടെ 8832 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 13 സ്ക്കൂളുകളിലാണ് ചെറുതെങ്കിലും ലൈബ്രറി സൗകര്യം ഉള്ളത്. 10 സ്ക്കൂളുകളിൽ ലബോറട്ടറിയും 3 ഇടത്ത് സയൻസ് കോർണറും നിലവിലുണ്ട്. പഠനോപകരണങ്ങളായ മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ ഇവ വേണ്ടത്രയുള്ള 11 സ്ക്കൂളുകളും ഉണ്ട്.

ശരാശരി 193 അദ്ധ്യയന ദിവസങ്ങൾ ലഭിക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. 13 സ്ക്കൂളുകളിൽ സജീവ മാതൃസംഗമങ്ങളും 14 ഇടത്ത് ക്ലാസ്സ് റൂം PTAയും പ്രവർത്തിക്കുന്നുണ്ട്. മെറിറ്റ് സ്കോളർഷിപ്പ് കിട്ടുന്ന 9 പേരും ലംസം ഗ്രാൻറ് ലഭിക്കുന്ന 576 ഉം മുസ്ലിം പെൺകുട്ടികൾക്കുള്ള 166 സ്കോളർഷിപ്പും വികലാംഗർക്കുള്ള 29 സ്കോളർഷിപ്പും ജവാൻമാരുടെ മക്കൾക്കുള്ള ആനുകൂല്യം വാങ്ങുന്ന 3ഉം കുട്ടികൾ വിവിധ വിദ്യാലയങ്ങളിൽ പഠനം നടത്തുന്നുണ്ട്. ചെസ്സിന് സംസ്ഥാന തലത്തിൽ പങ്കെടുത്ത ഒരു കുട്ടിയും ഉണ്ട്.

എൽ.പി. വിഭാഗത്തിൽ 11ഉം യു.പി. വിഭാഗത്തിൽ 9ഉം 2 ഹൈസ്ക്കൂളുമാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 16 എണ്ണം സ്വകാര്യ മാനേജ്മെൻറിൻെറ കീഴിലും 1 പഞ്ചായത്തിൻേറതും 5 എണ്ണം ഗവൺമെൻറ് ഉടമസ്ഥതയിലുമാണെങ്കിലും ആവശ്യത്തിന് അധ്യാപകരില്ലാത്ത സ്ക്കൂളുകളും ഉണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല സ്ക്കൂളുകളിലെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

ലൈബ്രറി, ലാബോറട്ടറി സൗകര്യം, എന്നിവ പല സ്ക്കൂളിലും ഇല്ല. പാചകപ്പുര, മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സൗകര്യം എന്നിവയും കുറവാണ്. ഭൂരിഭാഗം സ്ക്കൂളിനും കളിസ്ഥലം, ചുറ്റുമതിൽ എന്നിവ ഇല്ല. സ്പോർട്സ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ എണ്ണം പരിമിതമാണ്. സിമൻറു ചെയ്യാത്ത തറയാണ് അധികം സ്ക്കൂളിലേതും.

2. വിദ്യാർത്ഥികളുടെ യാത്രപ്രശ്നം രൂക്ഷമാണ്.

എച്ച്.എസി.ൽ എത്താൻ 6,7 ഉം കിലോമീറ്ററും എൽ.പി., യു.പി. കളിലെത്താൻ 3,4,5 ഉം കിലോമീറ്ററും യാത്ര ചെയ്യണം.

3. ഹൈസ്ക്കൂൾ പഞ്ചായത്തിൻെറ ഒരു ഭാഗത്തും മാത്രമായതിനാൽ മറ്റ് പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ മറ്റ് പഞ്ചായത്തുകളിലെ എച്ച്.എസി.നെ ആശ്രയിക്കേണ്ടി വരുന്നു.

4. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം, ഹയർ സെക്കൻററി സ്ക്കൂൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്തിൽ നിലവിൽ ഇല്ല.

5. കലാകായിക പരിശീലനത്തിന് ആവശ്യമായ സൗകര്യം ഇല്ല.

6. കോളനികളിൽ നിന്ന് വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞ് വരുന്നു.

7. ഉച്ചക്കഞ്ഞി വിതരണത്തിൽ അപാകതകൾ നിലവിലുണ്ട്. പാചക ചിലവ്, യാത്രകൂലി എന്നിവ പ്രതികൂലമായി ബാധിക്കുന്നു.

8. പഞ്ചായത്തിലെ പൊതു സ്ഥിതിക്കനുസരിച്ച് എൽ.പി., യു.പി. സ്ക്കൂളുകളുടെ എണ്ണം കുറവാണ്. ഒറ്റ സ്ക്കൂൾ പോലും ഇല്ലാത്ത വാർഡുകൾ നിലവിൽ ഉണ്ട്.

9. അംഗൻവാടികൾക്ക് ഭൂരിഭാഗവും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. ഭൗതിക സാഹചര്യം, പഠനോപകര

ണങ്ങൾ എന്നിവയുടെ നിലയും തൃപ്തികരമല്ല.

10. S.S.L.C വിജയശതമാനം, വിദ്യാഭ്യാസ പഠന നിലവാരം എന്നിവ കുറവാണ്.

11. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രണ പദ്ധതികളൊന്നും നിലവിൽ ഇല്ല.

12. പി.റ്റി.എ., മാതൃസംഗമം എന്നിവ വേണ്ടത്ര സജീവമല്ല.

13. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷനുകളുടെ എണ്ണം കുറയുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നു.

14. വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം കൂടുതലാണ്.

## സാധ്യതകൾ

1. അയൽക്കൂട്ട വിദ്യാലയ സമ്പ്രദായത്തിനുള്ള ബോധവൽക്കരണ പരിപാടി.

2. പഞ്ചായത്തുതലത്തിൽ സ്ക്കൂൾ കോംപ്ലക്സ് ആരംഭിക്കുക.

3. അർഹതയുള്ള യു.പി. സ്ക്കൂളുകളെ എച്ച്.എസ്. ആയും എൽ.പി. സ്ക്കൂളുകളെ യു.പി. സ്ക്കൂളായും അപ്ഗ്രേഡ് ചെയ്യുക. PKPHSഹയർ സെക്കൻററി സ്ക്കൂളായി ഉയർത്തുക.

4. പഞ്ചായത്തിൽ മിച്ചഭൂമിയുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിനോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിനോ ഗ്രൗണ്ടിനോ ഉപയോഗപ്പെടുത്താം.

5. നിലവിലുള്ള കളിസ്ഥലം, സ്ക്കൂളിലെ മറ്റ് സൗകര്യങ്ങൾ എന്നിവ വിപുലീകരിക്കുകയും ആവശ്യമായ അറ്റകുറ്റ പണി നടത്തുകയും ചെയ്യുക

6. വാർഡ് 1, വാർഡ് 4 എന്നീ സ്ഥലങ്ങളിൽ പഞ്ചായത്തു വക ഉപയോഗിക്കാത്ത കെട്ടിടം ഉണ്ട്. ഇവ അംഗൻവാടി സെൻററായി ഉപയോഗിക്കും. മട്ടിണിയിൽ അംഗൻവാടിക്ക് സ്ഥലം ലഭ്യമാണ്. കല്ലംതോട് നിലവിൽ പ്രവർത്തനം നിലച്ചുപോയ അംഗൻവാടിയുണ്ട്. തൊട്ടിപാലത്ത് എൽ.പി. സ്ക്കൂളിനുള്ള സ്ഥലവും കെട്ടിടവും ഉണ്ട്.

7. നിലവിൽ അയൽകൂട്ടം, ഗുരുകുലം ഉണ്ട്.

8. സ്ക്കൂളിൻെറ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തണം.

9. സാക്ഷരതാ പ്രവർത്തനം സന്നദ്ധ സംഘങ്ങളെ ഏൽപിക്കുക.

10. കാലാങ്ങിയിൽ ഒരു എൽ.പി. സ്ക്കൂൾ അനുവദിക്കുക.

11. തിരൂർ ഒരു എൽ.പി. സ്കൂൾ അനുവദിക്കുക.



# സംസ്കാരം

**"നി**ങ്ങൾ, നിങ്ങളുടെ സംസ്കാരത്തെക്കുറിച്ച് എന്നോട് വാചാലനാകേണ്ടതില്ല. നിങ്ങൾ നിങ്ങളുടെ ഇടയിലെ ആദിവാസികളോടും സ്ത്രീകളോടും കുട്ടികളോടും എങ്ങനെ പെരുമാറുന്നു എന്നു നോക്കിയിട്ട് നിങ്ങളുടെ സംസ്കാരത്തെ ഞാൻ വിലയിരുത്തികൊള്ളാം". എന്ന മഹദ് വചനത്തിൽ നിന്നുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക രംഗത്തെ ഇന്നലെ, ഇന്ന് നാളെകളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

കാലിക്കൂട്ടങ്ങളുടെ കഴുത്തിൽ തൂങ്ങുന്ന തട്ടകങ്ങളുടെ കടകട ശബ്ദവും കാട്ടരുവികളുടെ കളകളാരവങ്ങളും മരുതുകൾ പൂത്തുലഞ്ഞ മരം കോച്ചുന്ന മഞ്ഞുകാലവും കാവൽ പന്തലുകളും കാവുകളും തെയ്യവും കലശങ്ങളും തുടികൊട്ടിനൃത്തവും വെള്ളരി നാടകങ്ങളും സമന്വയിച്ച ഇന്നലെകളിൽ നമ്മുടെ പൂർവ്വികർ വിയർപ്പിൽ വിളയിച്ചെടുത്ത വിഭവങ്ങൾക്കു കണക്കില്ല. കാട്ടുമൃഗങ്ങളോടും കാലാവസ്ഥയോടും പൊരുതിയും പൊരുത്തപ്പെട്ടും നേടിയതിൽ മൂന്നിലൊന്നും ചിലപ്പോൾ അതിലധികവും നാടുവാഴിക്കു കാണിക്കവെച്ചു കഴിഞ്ഞു പോന്ന കാലം ഏറെ പഴയതല്ല.

തോറ്റം പാട്ടുകളും കോൽക്കളിപ്പാട്ടുകളും തുയിലുണർത്തിയ രാവുകളും നാട്ടിപ്പാട്ടിൻെറ താളലയത്തിൽ ഇടമുറിയാതെ ചേറിൽ പതിഞ്ഞ പകലുകളും എല്ലാം ചേർന്നൊഴുകിയ പോയ കാലത്ത് നാടുവാഴി നമ്മെ ധരിപ്പിച്ചത് പുഴയ്ക്കക്കരെ രാജ്യമില്ലെന്നാണ്. എന്നാൽ പുഴക്കക്കരെ രാജ്യമുണ്ടെന്നും രാജ്യം വളരെ വലുതാണെന്നും ഒത്തുപിടിച്ചാൽ വെള്ളക്കാരനെ തുരത്താമെന്നും ജപ്പാൻ പട ഇങ്ങോട്ടു വരാൻ പുറപ്പാടുണ്ടെന്നും വന്നാൽ അപകടമാണെന്നും അപകടങ്ങൾ അനവധിയാണെന്നും അതിനേക്കാൾ വലുത് ജന്മിത്തമാണെന്നും നമ്മോടോതിത്തരാൻ ബ്ലാത്തൂർ വയലിൽ 38ൽ നേതാക്കളെത്തി. മണ്ണിൽ പൊന്നു വിളയിച്ചവരുടെ സംഘം ചേരൽ ഇവിടെത്തുടങ്ങി. ജന്മിത്തം സട കുടഞ്ഞെഴുന്നേറ്റു. ചമ്മട്ടിയും ചാട്ടവാറും കൊല്ലും കൊലയും കോലത്തിരിയിൽ നിന്നു ചാർത്തിക്കിട്ടിയെന്ന വീമ്പുമായി നാടുവാഴി നാടിളക്കി. നൂറ്റാണ്ടുകളിലൂടെ കൈമാറിക്കിട്ടിയ ആചാരനുഷ്ഠാനങ്ങൾ പോലും പീച്ചിച്ചീന്തപ്പെട്ടു. തങ്ങളുടെ ജീവിതക്രമത്തിൽ പുതിയ നൂലിഴകൾ തുന്നിച്ചേർക്കാൻ ജനം നിർബന്ധിതരായി. സംഘബോധവും സംഘശക്തിയും മാത്രം അവർക്കാശ്രയമായി. നാടുവാഴിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരായ പോരാട്ടത്തിലൂടെയേ തങ്ങൾക്കു നിലനിൽക്കാൻ കഴിയുകയുള്ളു എന്ന തിരിച്ചറിവിൻെറ ഭാഗമായി പുതിയ കലാസാഹിത്യ സൃഷ്ടികൾ ജന്മമെടുത്തു. ഊരത്തൂരിൽ 'ഉഷാനിരുദ്ധം' എന്ന പേരിൽ 'കമ്മാരവധം' നാടകം അരങ്ങേറിയതിനു പ്രചോദനമായത് ബ്ലാത്തൂരിൽ

എ.കെ.ജി.യും കെ.പി. ആറും അഭിനയിച്ച 'പാട്ടബാക്കി' നാടകമാണ്. 'കമ്മാരവധം' സംഘട്ടനത്തിൽ കലാശിച്ചു. തോറ്റംപാട്ടിന്റെ ഈണത്തിൽ, സാമൂഹ്യ അനാചാരങ്ങളോടും നാടുവാഴിത്തത്തോടുമുള്ള എതിർപ്പുകൾ അനേകം കണ്ഠങ്ങളിൽ നിന്ന് അലയടിച്ചുയർന്നു. കർഷക ചാമുണ്ഡി പോലുള്ള തെയ്യക്കോലങ്ങൾ ഉടലെടുത്തു.

അക്ഷരങ്ങളും പുസ്തകങ്ങളുമായുള്ള അടിയാളരുടെ അടുപ്പം തങ്ങൾക്ക് ആപത്താണെന്ന് മനസ്സിലാക്കിയ ഫ്യൂഡലിസം ബ്ലാത്തൂർ സ്കൂൾ അടച്ചുപൂട്ടി. ദിവസങ്ങൾക്കകം പുൽപ്പുരയിൽ പുതിയ സ്കൂൾ ഉയർന്നുവന്നു. പി. നാരായണൻ നമ്പ്യാർ, ഗോവിന്ദൻ ഗുരുക്കൾ, തണ്ടേൻ കോരൻ തുടങ്ങിയവർ മുൻകയ്യെടുത്ത് വായനശാലയും തീർത്തു. അറിവു പങ്കുവെക്കാൻ കാട്ടിലും മേട്ടിലും ഒളിവുസങ്കേതങ്ങൾ ഉപയോഗപ്പെടുത്തി. കല്ലച്ചിന്റെ അച്ചടിച്ച കുറിമാനങ്ങളും ലഘുലേഖകളും രഹസ്യമായി കൈമാറി വായിച്ചു. അക്ഷരങ്ങൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും പോരാട്ടത്തിന്റെ ഭാഗമായി മാറി. 'സ്വാതന്ത്ര്യ ഭാരതം' എന്ന പേരിൽ ഒരു ലഘുപത്രം നുച്യാട് നിന്ന് 3 കി.മീറ്റർ വടക്കു കിഴക്കു മാറി ചെങ്കൽ ഗുഹയിൽ വെച്ച് അച്ചടിച്ച് ആദിവാസികളുടെ സഹായത്താൽ കർണാടകത്തിലെ കുടകിൽ എത്തിച്ച്, അവിടെ നിന്ന് വിതരണം ചെയ്യപ്പെട്ടിരുന്നതായി അന്തരിച്ച ശ്രീ. ഒ.പി. കൃഷ്ണൻ നമ്പ്യാരിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

## അനുഷ്ഠാനങ്ങളും മതസ്ഥാപനങ്ങളും

അനുഷ്ഠാന കലകളുടെ ഒരു വൻകലവറയാണ് ഈ പ്രദേശം. തിരുവപ്പന, വെള്ളാട്ടം, മുച്ചിലോട്ട് ഭഗവതി, പുതിയ ഭഗവതി, വേട്ടക്കൊരു മകൻ, പള്ളിവേട്ടക്കൊരു മകൻ, ഗുളികൻ, കുട്ടിശാസ്ത്രപ്പൻ, വസൂരി മാല, പൊട്ടൻ തെയ്യം, തീച്ചാമുണ്ഡി തുടങ്ങി എണ്ണിയാലൊടതുങ്ങാത്ത തെയ്യക്കോലങ്ങൾ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഉൽസവ ദിനങ്ങളിലും പ്രത്യേക വഴിപാടുകളുടെ പേരിലും ഇന്നും കെട്ടിയാടപ്പെട്ടുവരുന്നു. കുടുംബ ക്ഷേത്രങ്ങളുടെ വകയായി നടത്തപ്പെട്ടിരുന്ന ചില തെയ്യക്കോലങ്ങൾ സാമ്പത്തിക പരാധീനത നിമിത്തം ഇന്നു കെട്ടിയാടപ്പെടുന്നില്ല. മറ്റു ചിലത് കമ്മറ്റികൾ ഏറ്റെടുത്ത് നടത്തിപ്പോരുന്നു. 34 ക്ഷേത്രങ്ങൾക്കു പുറമെ നാശോന്മുഖമായ നിരവധി കാവുകൾ, 19 ക്രൈസ്തവ ദേവാലയങ്ങൾ, 9 മുസ്ലീം പള്ളികൾ എന്നിവയാണ് വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ. ശ്രീ വയത്തൂർ കാലിയാർ ക്ഷേത്രം, ദേശീയോദ്ഗ്രഥനത്തിനും സാംസ്കാരിക വിനിമയത്തിനും ഉത്തമ ഉദാഹരണമാണ്. കാലാങ്കി മലമുകളിൽ നിന്ന് 8 കി.മീറ്റർ കർണാടക വനത്തിലേക്കു മാറി അമ്പു കുത്തി മലയിൽ നിന്നാണ് ഈ ക്ഷേത്ര വിഗ്രഹം എത്തിച്ചേർന്നതെന്നാണ് ഐതിഹ്യം. അതുകൊണ്ടു തന്നെ വയത്തൂർ ഉത്സവം കുടകരും മലയാളികളും സംയുക്തമായി നടത്തിപ്പോരുന്നു. മുൻപ് കാളപ്പുറത്താണ് ഊട്ടുത്സവത്തിനായുള്ള അരിയും മറ്റു സാധനങ്ങളും കുടകിൽ നിന്ന് എത്തിച്ചിരുന്നത്. നെല്ലിക്കാം - പോയിൽ സെൻറ് സെബാസ്റ്റ്യൻസ് ഫെറോനാപള്ളിയിലെ പെരുന്നാളിനും നുച്യാട് മതവിഭാഗങ്ങളിലും പെട്ട ജനങ്ങൾ സംബന്ധിക്കുന്നത് ഇവിടെ പരമ്പരാഗതമായി നിലനിന്ന മതസൗഹാർദ്ധത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. വിവിധ ക്രൈസ്തവ വിഭാഗങ്ങളായ ഓർത്തഡോക്സ്, സുറിയാനി, സി.എസ്.ഐ., സി.എം.എസ്, സെവൻത് ഡെ എന്നിവക്കെല്ലാം പ്രത്യേകം ആരാധനാലയങ്ങൾഉണ്ട്. വിവിധ പ്രദേശങ്ങളിലായുള്ള മുസ്ലീം ദേവാലയങ്ങൾ ഉൾപ്പെട്ട ഈ ഗ്രാമ പഞ്ചായത്തിലെ ആരാധനാലയങ്ങൾ ആകെ നോക്കിയാൽ അവയ്ക്കൊരു സമ്മിശ്ര രൂപമുണ്ട്. ഇവയെല്ലാം ഇന്ന് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളെയും വാർത്താ മാധ്യമങ്ങളെയും കൂടുതലായി ആശ്രയിച്ചു വരുന്നതായി കാണാൻ കഴിയും.

കർഷകപ്രസ്ഥാനത്തിലാരംഭിച്ച ജനതയുടെ സംഘടിത രൂപങ്ങൾ വിവിധ മേഖലകളിൽ ഉയർന്നു വന്നു. തൊഴിലാളികൾ, കർഷകർ, സ്ത്രീകൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ തുടങ്ങി എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്കും സംഘടനകളുണ്ടായി. മേൽ പറഞ്ഞ സംഘടനകളിൽ അണിനിരക്കുന്ന ജനവിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി രാഷ്ട്രീയ പാർട്ടികളും അവയ്ക്കൊക്കെ ആസ്ഥാനങ്ങളും ഉണ്ടായി. പഞ്ചായത്തിലെ പ്രധാന രാഷ്ട്രീയ പാർട്ടികൾ താഴെ പറയുന്നവയാണ്.

സി.പി.ഐ.(എം), ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, സി.പി.ഐ., ഐ.എൻ.എൽ., ബി.ജെ.പി., എന്നിവ കൂടാതെ നിരവധി ചെറു പാർട്ടികളും നിലവിലുണ്ട്.

ഒളിവിലും മറവിലും തുടങ്ങിയ അനൗപചാരിക വിദ്യാഭ്യാസം സന്നദ്ധസംഘടനകളും വായനശാലകളും ഏറ്റെടുത്തു. 'അക്ഷരകേരളം' സമ്പൂർണ സാക്ഷരതാ പ്രവർത്തനത്തിൽ, മുഴുവൻ പഠിതാക്കളെയും പഠന കേന്ദ്രങ്ങളിൽ എത്തിച്ച കേരളത്തിലെ ആദ്യത്തെ ആദിവാസി കോളനി എന്ന പേരിന് അർഹമായത് നമ്മുടെ പഞ്ചായത്തിലെ ആര്യം കോട് കോളനിയാണ്.

മധ്യതിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റത്തെ തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വന്നു.

ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നടത്തിപ്പിൻ കീഴിലുള്ള ഒരു ഹൈസ്ക്കൂൾ അടക്കം 2 ഹൈസ്ക്കൂളുകളും 10 യു.പി. സ്ക്കൂളുകളും 10 എൽ.പി. സ്ക്കൂളുകളും 51 അംഗൻവാടികളും ഇന്നു നിലവിലുണ്ട്. സംസ്കാരിക വളർച്ചയിൽ സ്ക്കൂളുകളുടെ സ്ഥാനം പ്രഥമ ഗണനീയമാണ്.

ജനങ്ങൾ മുൻ കയ്യെടുത്ത് സ്ഥാപിച്ച അനേകം വായനശാലകൾ ഉണ്ടായെങ്കിലും നന്നായി പ്രവർത്തിക്കുന്നവ വിരലിലെണ്ണാവുന്നവ മാത്രമാണ്. ഗ്രാമപഞ്ചായത്തിലെ സ്ഥിതി വിവരണ കണക്കുകളിൽ നിന്നു ലഭിച്ച ഒരു ചിത്രം ചുവടെ കൊടുക്കുന്നു.

| പഞ്ചായത്ത് സ്വന്തമായി നിർമ്മിച്ചവ | | |
|---|---|---|
| എണ്ണം | സ്ഥാപിക്കാൻചെലവ് | പുസ്തകങ്ങൾ, പത്രങ്ങൾ തുടങ്ങിയ ചെലവ് |
| 2 | 4800 | 30000 |

| ജനങ്ങളാൽ സ്ഥാപിക്കപ്പെട്ടവ | |
|---|---|
| എണ്ണം | സ്ഥാപിക്കാൻ ചെലവ് |
| 12 | 34800 |

**പഞ്ചായത്തുവക നൽകിയിട്ടുള്ള വാർത്താ ഉപകരണങ്ങൾ**

റേഡിയോ : 15 ടെലിവിഷൻ 5

നിലവിലുള്ള മുഴുവൻ വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും അവസ്ഥ പഠിച്ച് അവയുടെ നില ഭദ്രമാക്കുന്നതിനുള്ള പ്രവർത്തനത്തിനാണ് ഊന്നൽ നൽകേണ്ടത്. കെട്ടിടങ്ങളുടെ അവസ്ഥ, ലഭ്യമാകുന്ന വാർത്താ മാധ്യമങ്ങൾ, ജനങ്ങളുടെ വായനാ നിലവാരം, സ്ത്രീകളുടെയും ആദിവാസികളുടെയും പങ്കാളിത്തം, ബാലസാഹിത്യ കൃതികളുടെ ലഭ്യത തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടണം. സംസ്കാരിക വികസനത്തിന് വായനാശീലം വളർത്തുന്നതിൽ ഉള്ള സ്ഥാനം പരിഗണിച്ച് ഈ രംഗത്ത് ആസൂത്രിത മുന്നേറ്റമുണ്ടാക്കണം.

## വായനാശീലം

വായനാശീലം പൊതുവിൽ കുറഞ്ഞുവരികയാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം ഈ രംഗത്തെ പിന്നോട്ടടിക്ക് ആക്കം കൂട്ടുന്നു. സ്ത്രീകളുടെ ഇടയിൽ വായന ഏറെയും പൈങ്കിളി സാഹിത്യങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. ജീവിതവുമായി ബന്ധപ്പെട്ട ഒരാവശ്യമായി വായനയെ മാറ്റിയെടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അത്തരത്തിൽ കാര്യങ്ങൾ നീക്കുന്നതിന് ടെലിവിഷൻ പോലുള്ള വാർത്താമാധ്യമങ്ങൾ ഉപയോഗപ്പെടുത്താം. ദൈനം ദിന ജീവിതപ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ആകർഷകമായി തയ്യാറാക്കപ്പെട്ട വീഡിയോ കാസറ്റുകൾ വായനാശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടെ തുടർച്ചയായി പ്രദർശിപ്പിക്കുകയാണെങ്കിൽ ആശാവഹമായ മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിയും.

ആദിവാസികളെ ഏറ്റവും അധികം ആകർഷിക്കാൻ കഴിയുന്ന മാധ്യമമാണ് സിനിമ. കോളനികൾ കേന്ദ്രീകരിച്ച് വീഡിയോ പ്രദർശനസൗകര്യമുണ്ടാക്കിയാൽ അവരെയും പൊതു ധാരയിലേക്ക് കൊണ്ടു വരാൻ കഴിയുന്നതാണ്. വികസന സാക്ഷരതയിൽ തൊട്ട് തുടങ്ങുന്നതാണുത്തമം. നമ്മുടെ ഇടയിലെ ആദിവാസികളിൽ എഴുത്തും വായനയും അറിയാത്തവർ കുറവാണ്. പക്ഷെ, അക്ഷരങ്ങളിൽ നിന്ന് ആശയങ്ങളിലേക്കെത്താൻ തക്ക പശ്ചാത്തല സൗകര്യം ഒപ്പം (തൊഴിൽ പരമായും മറ്റും) ഒരുക്കേണ്ടതുണ്ട്. ചുരുക്കത്തിൽ, വായന ജീവിതഗന്ധിയാകുമ്പോൾ മാത്രമാണ്. അത് ഗൗരവ വായനയായി മാറുന്നത്. അതിനുള്ള ശ്രമമാണ് നാം നടത്തേണ്ടതാണ്. അതിനുള്ള സൗകര്യങ്ങളാണ് ഒരുക്കേണ്ടത്.

വിസ്തൃതിയിൽ മുന്നിട്ടു നിൽക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ പത്തു പേർക്ക് ഒരുമിച്ചിരിക്കാൻ സൗകര്യമുള്ളതും പൊതുവായി ഉപയോഗിക്കാവുന്നതുമായ ഒരു ഷെഡെങ്കിലും ഇല്ലാത്ത ഒന്നിലധികംവാർഡുകളുണ്ട്. ഈ സ്ഥിതി മാറണം. വൈകുന്നേരങ്ങളിൽ ഒത്തുകൂടാൻ സൗകര്യമുള്ള സ്ഥലങ്ങളിലെല്ലാം പൊതുവായി ഓരോ ഓലഷെഡെങ്കിലും പണി തീർക്കണം. ജനങ്ങളുടെ കൂട്ടായ്മയിലൂടെ ഇതു നിർവ്വഹിക്കാവുന്നതാണ്. പക്ഷെ ഇതിനും നേതൃത്വത്തിൽ ലക്ഷ്യബോധവും ഇച്ഛാശക്തിയും പിൻബലമായുണ്ടാകണം. തങ്ങൾ ദൈനം ദിന ജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വൈകുന്നേരങ്ങളിൽ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ കഴിയും. ഓരോ വിഷയങ്ങളിലും അറിവുള്ളവരെ പ്രദേശത്തുനിന്നു കണ്ടെത്തുകയോ ദേശവാസികൾ ആരുടെയെങ്കിലും വീട്ടിലേക്ക് അതിഥിയായി കൊണ്ടു വരികയോ ചെയ്യാം. അറിവും അനുഭവവും പങ്കു വെക്കുന്ന വേദികളായി മാറണം ഓരോ കൂടിചേരലും.

## കലാകായിക സംഘങ്ങളും സാംസ്കാരിക നിലയവും

നിലവിൽ നമുക്ക് ഒരു സാംസ്കാരിക നിലയമുള്ളത് കല്യാട്ടാണ്. അതിനോടനുബന്ധിച്ചോ മറ്റേതെങ്കിലുംമേ

ഖലയിലോ ഒരു പുരാവസ്തു മ്യൂസിയം സ്ഥാപിക്കാൻ കഴിയും. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്കൃതിയുടെ ബിംബങ്ങളായ പല ഉപകരണങ്ങളെയും അതിലൂടെ സംരക്ഷിക്കാൻ സാധിക്കണം. ഈപ്രദേശത്തു പ്രചരിച്ചിരുന്ന പണിയായുധങ്ങൾ, വീട്ടുപകരണങ്ങൾ തുടങ്ങിയവയെല്ലാം അവിടെ ശേഖരിക്കപ്പെടണം.

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ചവിട്ടു നാടകം, കോൽക്കളി, കളമെഴുത്ത്, പൂരക്കളി, ദഫ്മുട്ട്, പരിചമുട്ടുകളി, ഉടുക്ക്മുട്ട് കളി, സീതക്കളി, വാളിക്കളി, തുമ്പിതുള്ളൽ തുടങ്ങിയ പരമ്പരാഗത കലകളും അനുഷ്ടാന കലകളും സംരക്ഷിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൻെറ നാനാഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളുടേയും വായനശാലകളുടെയും പ്രവർത്തകരുടെയും സന്നദ്ധത ഉപയോഗപ്പെടുത്താൻ കഴിയും. വർഷത്തിലൊരിക്കൽ നാടൻ കലാസംഗമം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. സംഗമത്തോടനുബന്ധിച്ച് നമ്മുടെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന പ്രദർശനങ്ങളും സംഘടിപ്പിക്കാൻ കഴിയും.

ഇന്നു സർക്കാർ പരിപാടിയായി നടന്നു വരുന്ന കേരളോത്സവത്തെ ജനകീയവൽക്കരിക്കുകയും ജനങ്ങളുടെ ആകെ ഉത്സവമായി അതിനെ മാറ്റിയെടുക്കുകയും ചെയ്യുന്നതിനുള്ള മുന്നൊരുക്കങ്ങൾ എന്ന നിലയിൽ സാംസ്കാരിക രംഗത്ത് സദാ നിലനിൽക്കുന്ന സജീവത അനിവാര്യമാണ്. ഇതിൻെറ ഭാഗമായി വിവിധ കലാ-കായിക ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പരിശീലനങ്ങളായും അരങ്ങേറ്റങ്ങളായും തുടരുന്നതിനുള്ള മാർഗ്ഗം ആരായാവുന്നതാണ്. ഈ രംഗങ്ങളിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന സംഘങ്ങളെ ഉയർത്തിക്കൊണ്ടു വരേണ്ടിയിരിക്കുന്നു. 1993-94ൽ കേരളോത്സവത്തെ തുടർന്ന് ഭോപാലിൽ വെച്ചു നടന്ന ദേശീയ മത്സരത്തിൽ പങ്കെടുത്ത കോക്കാട് നവോദയം മഹിളാസമാജത്തിലെ പ്രതിഭകൾ വേണ്ടത്ര അംഗീകരിക്കപ്പെട്ടില്ല എന്നത് നിരാശാജനകമാണ്. വാർഷികാഘോഷങ്ങൾക്കു വേണ്ടി വരുന്ന ഭാരിച്ച സാമ്പത്തികം കണ്ടെത്താൻ കഴിയാതെ തകർച്ചയെ അഭിമുഖീകരിക്കുകയാണ് ഏറെ സാംസ്കാരിക സംഘങ്ങളും. സംഘങ്ങളുടെ കൂട്ടായ്മയിലൂടെ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ കഴിയുമോ എന്നു പരിശോധിക്കാവുന്നതാണ്.

പഴശ്ശി വിനോദസഞ്ചാര കേന്ദ്രത്തെ തൊട്ടുരുമ്മുന്ന ഈ പഞ്ചായത്തിൻെറ തനതു കലകളെയും ആധുനിക കലകളെയും പരിപോഷിപ്പിക്കുകയാണെങ്കിൽ സഞ്ചാരികൾക്ക് കണ്ടാസ്വദിക്കുന്നതിനുള്ള ഒട്ടേറെ വിഭവങ്ങൾ ഒരുക്കാൻ കഴിയും. നമ്മുടെ സാംസ്കാരിക തനിമയ്ക്കു മങ്ങലേൽക്കാത്ത വിധത്തിൽ കാര്യങ്ങൾ ആസൂത്രണം ചെയ്യപ്പെടണമെന്നു മാത്രം. അതിനായുള്ള ഒരു മാസ്റ്റർ പ്ലാൻ വിദഗ്ദ്ധരുടെ സഹായത്താൽ തയ്യാറാക്കാൻ കഴിയും.

## സംസ്കാരവും വികസനവും

ജാതി - മത - കക്ഷി രാഷ്ട്രീയത്തിനതീതമായി പുതിയൊരു വികസന പ്രക്രിയക്ക് വഴിയൊരുക്കുന്ന ഈ ഘട്ടത്തിൽ അതിനുതകുന്ന രീതിയിൽ സാംസ്കാരിക അവബോധം വളർന്നു വരേണ്ടതുണ്ട്. അവനവൻെറ കാര്യം നോക്കിപ്പോകുന്ന അവസ്ഥയിൽ നിന്ന് എല്ലാവർക്കും വേണ്ടി എന്ന ചിന്തയിലേക്ക് സമൂഹമാകെ മാറേണ്ടതുണ്ട്. അതിനു യോജിച്ച ഒരു സാംസ്കാരിക പൈതൃകമാണ് നമുക്കുള്ളത്.

കൃഷിയും അനുബന്ധ തൊഴിലുകളുമായി ഇഴപിരിഞ്ഞു കിടക്കുന്നതാണ് നമ്മുടെ സംസ്കാരം. അവയിൽ നിന്ന് വേറിട്ടുള്ള സാസ്കാരിക വളർച്ചയ്ക്ക് സ്ഥായീ ഭാവം കൈവരിക്കാൻ കഴിയില്ല എന്ന് നാം തിരിച്ചറിയുന്നു. ദേഹത്തു മണ്ണുപുരളുന്നതും അഴുക്കു പുരളുന്നതും ഒന്നാണെന്നും അതുകൊണ്ട് മണ്ണ് അഴുക്കാണെന്നും ഉള്ള ബോധം അറിഞ്ഞോ അറിയാതെയോ വളർന്നു വന്നതിൻെറ പിന്നിൽ 'ഞങ്ങളോ കഷ്ടപ്പെട്ടു, ഞങ്ങളുടെ കുഞ്ഞുങ്ങളെ എന്തു വന്നാലും അതിനനുവദിക്കില്ല' എന്ന ചിന്തയ്ക്കു പ്രധാന സ്ഥാനമുണ്ട്. ഈ ചിന്തയ്ക്ക് ഹേതുവും വേരുറപ്പുമായി നിലനിൽക്കുന്ന ഒട്ടനവധി ഘടകങ്ങൾ കാലാകാലമായി സമൂഹത്തിൽ നിലനിൽക്കുന്നു. ഗാന്ധിജിയെ സ്യൂട്ടും കോട്ടുമിട്ടു കാണാനാഗ്രഹിക്കുന്ന തലത്തിലേക്ക് മേൽപറഞ്ഞ ചിന്തയുടെ തായ്ത്തടി വല്ലാതെ വളർന്നു വണ്ണം വെച്ചു കഴിഞ്ഞു. ഇതിനെ ഇനി മുറിച്ചു മാറ്റുകയേ വഴിയുള്ളു. അവിടെ പകരം വെക്കേണ്ടതെന്തെന്ന് നമ്മുടെ മണ്ണിൽ തന്നെ അന്വേഷിച്ചു കണ്ടെത്തണം.

നമുക്കീ മണ്ണിലേക്കിറങ്ങാം. 'കണ്ണൻ ചിരട്ടയിൽ മണ്ണപ്പം പുനഃസൃഷ്ടിച്ചുകൊണ്ട് നമ്മുടെ മക്കളും നമ്മോടൊപ്പമുണ്ടാകണം'. മണ്ണിൽ നിന്ന് അവരെ മാറ്റി നിർത്താതിരുന്നാൽ മാത്രം മതി. അവർ കടലാസിൽ കോറിയിടുന്ന വരകളിൽ മരങ്ങളും മലകളും നദികളും കൈക്കോട്ടും ഒക്കെയുണ്ടാകും. വികലമായ ആ വരകളിൽ നിന്ന് അവയെ തിരിച്ചറിയാൻ നമുക്ക് കഴിയുന്നിടത്താണ് 'നാളെ ആരംഭിക്കുന്നത്. ❑



# വനിത

നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്ക് അനുഭവിക്കേണ്ടി വരുന്ന യാതനകളും വേദനകളും നിരവധിയാണ്. സമൂഹത്തിലെ ദാരിദ്രവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന മഹാഭൂരിപക്ഷത്തിന് നേരിടേണ്ടി വരുന്ന എല്ലാ വിധ ചൂക്ഷണങ്ങൾക്കും വിധേയരാകുന്നതോടൊപ്പം, സ്ത്രീ എന്ന നിലയിൽ അനുഭവിക്കേണ്ടി വരുന്ന മർദ്ദനവും, അവഹേളനവും, അടിമത്തവും ഏറെയാണ്. വിദ്യാഭ്യാസത്തിൻെറയും സംസ്കാരിക നിലവാരത്തിൻെറയും കാര്യത്തിൽ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിൽ നിൽക്കുന്ന കേരളത്തിൽ പോലും സ്ത്രീകൾക്ക് അനുഭവിക്കേണ്ടി വരുന്ന ഈ 'ഇരട്ട ചൂഷണം' വേണ്ട വിധം ചർച്ചാവിഷയമാകുന്നില്ല. മാനവരാശിയുടെ പാതിയോളം വരുന്ന, സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന കടുത്ത ചൂക്ഷണവും, യാതനകളും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഒരു സമൂഹത്തിനും മുന്നേറുക സാധ്യമല്ല. സാമൂഹിക വിപ്ലവത്തിന് വേണ്ടിയുള്ള ഏതൊരു പരിശ്രമത്തിൻെറയും അവശ്യ ഘടകമാകണം സ്ത്രീയുടെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടം.

ഇന്നു വൃത്തിയുള്ള ഒരു വിരിപ്പിലേക്ക് ഒരു കുഞ്ഞിനെ പ്രസവിക്കാനുള്ള അവകാശം പോലും ഇന്നാട്ടിലെ പാവപ്പെട്ടവർക്കില്ല. നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്ന പ്രസൂവശുപത്രികളോ, ഹെൽത്ത് സെൻററുകളോ നമുക്കുണ്ടോ? കുടിവെള്ളത്തിൻെറ രൂക്ഷമായ പ്രശ്നം ഭീകരമായ യാതനയായി സ്ത്രീകൾ തന്നെ അനുഭവിക്കുന്നു. കുടുംബാസൂത്രണത്തിൻെറ പേരിൽ കെട്ടിയേൽപിക്കുന്ന വലിയ അനാരോഗ്യ പ്രശ്നങ്ങളുടെ ബാധ്യത സ്ത്രീകളുടെ മേൽ ഇന്നും നില നിൽക്കുന്നു. 'സ്ത്രീധനം' പോലുള്ള ദുരാചാരങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ ഇല്ല. അക്രമിക്കപ്പെട്ട ഒരു സ്ത്രീക്ക് നീതി ലഭിക്കണമെങ്കിൽ വർഷങ്ങളോളം കാത്തിരിക്കണം. വിലക്കയറ്റത്തിൻെറ രൂക്ഷമായ പ്രശ്നങ്ങൾ സ്ത്രീകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഇങ്ങനെ നോക്കിയാൽ ഇവിടത്തെ വളരെ ചെറിയൊരു ശതമാനം സ്ത്രീകൾ ഒഴിച്ച് ബാക്കിയുള്ളവർ മുഴുവനും അനുവദിക്കുന്ന ജീവിത യാതനകൾകണ്ടില്ലെന്നു നടിച്ചുകൊണ്ട് ഏതു സമൂഹത്തിനാണ് മുന്നേറുവാൻ സാധിക്കുക? പഞ്ചായത്തിൻെറ കഴിഞ്ഞ കാലത്തിലേക്ക് ഒന്ന് എത്തിനോക്കിയാൽ മതപരമായും സാമൂഹികമായുമുള്ള വേലിക്കെട്ടിനുള്ളിൽ ഒതുങ്ങിജീവിക്കുന്ന സ്ത്രീകളെയും കാർഷിക മേഖലകളിൽ സമർത്ഥരും അദ്ധ്വാനശീലകളുമായ മറ്റൊരു വിഭാഗം സ്ത്രീകളെയും കാണുവാൻ സാധിക്കും. വളരെയധികം വനിതകൾ 'പുനംകൃഷി'യിൽ ഏർപ്പെട്ടിരുന്നു. അക്കാലത്ത് ഹിന്ദുസമുദായത്തിൽ ഉണ്ടായിരുന്ന 'മരുമക്കാത്തായ'സമ്പ്രദായത്തിൽ തറവാടുകളിൽ സ്ത്രീകൾക്ക് ശക്തമായ സ്വാധീനം ഉണ്ടായിരുന്നു. ഈ സമ്പ്രദായത്തിൽ വിവാഹബന്ധങ്ങളുടെ ശിഥിലീകരണം കൂടുതലായിരുന്നു. ഈകാലഘട്ടത്തിൽ ക്രിസ്ത്യൻ സ്ത്രീകൾക്ക് കുടുംബസ്വത്തിന് അവകാശമുണ്ടായിരുന്നില്ല. 1960 കാലഘട്ടം വരെയും ചില സമുദായങ്ങളിൽ ബാല്യവിവാഹം സാർവ്വത്രികമായിരുന്നു. കേരളത്തിൽ ഒട്ടുക്കുമുണ്ടായ സാമൂഹിക മാറ്റത്തിനനുസൃതമായ ഒരു

മാറ്റം പഞ്ചായത്തിലെ സ്ത്രീകളിലും ഉണ്ടായി.

പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ 1991 സെൻസസ് പ്രകാരം 24970 വനിതകൾ ഉണ്ട്. ഇതിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിലായി 1728 സ്ത്രീകളാണുള്ളത്. പഞ്ചായത്തിലെ സ്ത്രീപുരുഷാനുപാതം 1000 പുരുഷന്മാർക്ക് 978 സ്ത്രീകൾ എന്ന നിലയിലാണ്.

പഞ്ചായത്തിലെ വനിതകളുടെ സാക്ഷരതാ നിരക്ക് 85.71% ആണ്. സംസ്ഥാനത്തെ വനിതകളുടെ സാക്ഷരതാ നിരക്കിന് (86.17%) അപേക്ഷിച്ച് ഇത് കുറവാണ്. സാങ്കേതിക വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സാങ്കേതിക വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. വനിതകൾക്ക് മാത്രമായിട്ടുള്ള യാതൊരു വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിലില്ല. പഴയകാലഘട്ടത്തെ അപേക്ഷിച്ച് പഞ്ചായത്തിൽ ബിരുദധാരികളായ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സ്ക്കൂളുകളിലെ കണക്കുകൾ കാണിക്കുന്നത് ആൺകുട്ടികളുടെ എണ്ണത്തിന് തുല്യമായ എണ്ണം പെൺകുട്ടികളും പഠിക്കുന്നു എന്നതാണ്.

പഞ്ചായത്തിൽ സ്ഥിരമായി ജോലിയുള്ള സ്ത്രീകളുടെ എണ്ണം (സെൻസസ് 91 പ്രകാരം) 3570 ഉം ഭാഗികമായി ജോലിയുള്ള സ്ത്രീകളുടെ എണ്ണം 1260ഉം ആണ്. പഞ്ചായത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 19.34% ആണ്. കാർഷിക മേഖലയിലാണ് കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത്. നിർമാണ മേഖലയിലും വളരെയധികം സ്ത്രീകൾ ജോലി ചെയ്യുന്നു. പുതിയ തൊഴിൽ മേഖലകളിലേക്ക് കടന്നുചെല്ലാൻ വനിതകൾ വിമുക്തത കാണിക്കുന്നു. എന്നാൽ ചില ഭാഗങ്ങളിൽ ഈ മനോഭാവത്തിന് മാറ്റം സംഭവിച്ചു വരുന്നു. പഞ്ചായത്തിൽ രജിസ്ട്രർ ചെയ്തിട്ടുള്ള ഒരു സഹകരണ വനിത ഹോട്ടൽ സമീപ പട്ടണമായ ഇരിക്കൂറിൽ 1992 മുതൽ പ്രവർത്തിച്ചു വരുന്നു. 10 വനിതകളുടെ കൂട്ടു പ്രവർത്തനമാണ് ഈ സ്ഥാപനത്തിന്റെ വിജയം. ബ്ലാത്തൂർ ആരംഭിച്ചിട്ടുള്ള വനിത ബേക്കറി യൂണിറ്റ് പോലുള്ള സഹകരണ യൂനിറ്റുകൾ തൊഴിൽ രംഗത്തുള്ള വനിതകളുടെ മുന്നേറ്റത്തിന്റെ ചുവട് വെയ്പുകളാവട്ടെ.

കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിലെ നാട്ടിൻ പുറങ്ങളിൽ മഹിളാ സമാജങ്ങളുടെ പ്രവർത്തനം സജീവമായിരുന്നു. ഇവയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ ക്ലാസ്സുകളും തൊഴിൽ പരിശീലന സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ ഇല്ല എന്നു തന്നെ പറയാം. മഹിളാസമജങ്ങളെ പുനരുദ്ധരിക്കാൻ കൂട്ടായ ശ്രമത്തിന്റെ ആവശ്യകത വളരെ പ്രാധാന്യം അർഹിക്കുന്നു. പഞ്ചായത്തിൽ അംഗൻവാടികളുടെ പ്രവർത്തനം സജീവമാണ്. 51 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ അഭാവം അംഗൻവാടികളുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു. വനിതകൾക്കിടയിൽ നടത്തേണ്ട ബോധവൽക്കരണ പരിപാടികൾ അംഗൻവാടികൾ വഴി നടത്തിയാൽ കുറച്ചുകൂടി ഫലപ്രദമായി തീരും. അംഗൻവാടികളുടെ വിവിധ പ്രവർത്തനങ്ങളിൽ സമീപ പ്രദേശത്തെ വനിതകളുടെ സഹകരണം ഉറപ്പിക്കാൻ അംഗൻവാടി പ്രവർത്തകർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കൂടാതെ സ്ക്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മാതൃസംഗമങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. അമ്മമാരുടെ ഇടപെടൽ നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഒരു പുത്തൻ മുന്നേറ്റത്തിന് തന്നെ ഇടയാക്കും.

പൊതു പ്രവർത്തന രംഗത്തുള്ള സ്ത്രീകളുടെ അഭാവം സാമൂഹ്യ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നു. ഗ്രാമസഭാ പങ്കാളിത്ത്ത്തിന്റെ കണക്കുകൾ കാണിക്കുന്നത് 2729 പുരുഷന്മാർ ഗ്രാമസഭായോഗങ്ങളിൽ പങ്കെടുത്തപ്പോൾ സ്ത്രീകളുടെ എണ്ണം 460 മാത്രമാണ്. ഒരു വനിത പോലും പങ്കെടുക്കാതെ നടന്ന ഗ്രാമസഭയും നമ്മുടെ പഞ്ചായത്തിലുണ്ട്.

നിലവിലുള്ള സാമൂഹിക ഉച്ചനീചത്വങ്ങൾ, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താനുള്ള വിമുഖത സാങ്കേതിക പരിജ്ഞാനം നേടിയ വനിതകളുടെ അഭാവം തുടങ്ങിയവയും സ്ത്രീകളുടെ സമഗ്ര വികസനത്തിന് വിഘാതമായി വർത്തിക്കുന്നു.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ.
2. സ്ത്രീധനവും ശൈശവ വിവാഹവും
3. ലഹരി പദാർത്ഥങ്ങൾ മൂലമുണ്ടാക്കുന്ന സാമൂഹിക - സാമ്പത്തിക പ്രശ്നങ്ങൾ
4. സ്ത്രീ പീഢനവും പെരുകുന്ന ആത്മഹത്യകളും
5. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത
6. പൊതുരംഗത്ത് പ്രവർത്തിക്കുന്ന നാമമാത്രമായ സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്ന പ്രവണത
7. സ്വതന്ത്രമായി പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകാൻ കഴിയാത്ത അവസ്ഥ.
8. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ.
9. കലാ - കായിക രംഗത്തുനിന്ന് ഒഴിഞ്ഞു നിൽക്കുന്ന പ്രവണത

10. സ്ത്രീ പുരുഷ വേതന നിരക്കിലുള്ള ആന്തരം.

11. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ ഉള്ള സംഘടിത ശ്രമത്തിന്റെ അഭാവം.

12. സാങ്കേതി പരിജ്ഞാനം നൽകാൻ ഉതകുന്ന തരത്തിലുള്ള സ്ഥാപനങ്ങളുടെ അഭാവം.

13. തൊഴിൽ പരമായുള്ള പിന്നോക്കാവസ്ഥ.

14. ദക്ഷത കുറഞ്ഞ അടുപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ

15. ആശുപത്രികളിൽ സ്ത്രീകൾക്ക് ശരിയായ പരിരക്ഷണം (ചികിത്സാ സൗകര്യങ്ങൾ) ലഭ്യമാകുന്നില്ല.

16. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.

17. നിർജ്ജീവമായ മഹിളാ സമാജങ്ങൾ

18. ഭൗതിക സാഹചര്യങ്ങളില്ലാത്ത അംഗൻവാടികൾ.

## സാധ്യതകൾ

1. സ്ത്രീകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പുരയിട - കൃഷി വ്യാപന പദ്ധതി

2. കൂടുതൽ വനിതാ സഹകരണ വ്യവസായ സംരഭങ്ങൾ

3. കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

4. പുതിയ തൊഴിൽ മേഖലകൾ (ഉദ: ഇലക്ട്രോണിക്സ് ...) സൃഷ്ടിക്കുക

5. സ്ത്രീകൾക്കായി പ്രത്യേക നേതൃത്വ പരിശീലന പരിപാടികൾ

6. അനാചാരങ്ങൾക്കെതിരായുള്ള ബോധവൽക്കരണം

7. ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള പ്രവർത്തനം (ബോധവൽക്കരണം അടക്കം ) ശക്തിപ്പെടുത്തുക.

8. സേവന രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക

9. സ്ത്രീകൾക്ക് കലാ-കായിക രംഗത്ത് വേണ്ടത്ര സൗകര്യങ്ങൾ ഉറപ്പു വരുത്തുക.

10. തൊഴിൽ രംഗത്ത് കാലാനുസൃതമായ വിവേചനരഹിത വേതന പരിഷ്കരണം.

11. ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചരണം.

12. പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പു വരുത്തൽ

13. ബന്ധപ്പെട്ട ചികിത്സാ കേന്ദ്രങ്ങളിൽ സ്ത്രീകൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

14. മഹിളാ സമാജങ്ങളുടെ നിർജ്ജീവാവസ്ഥ മാറ്റി, പ്രവർത്തനം വിവിധ മേഖലകളിൽ വ്യാപിപ്പിക്കുക.

15. അംഗൻ വാടികൾക്ക് ഭൗതിക സാഹചര്യങ്ങൾ നിർമ്മിക്കൽ

16. ദരിദ്ര കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം നടത്താൻ, സാമ്പത്തിക സഹായം നൽകാൻ ഉതകുന്ന പദ്ധതികൾ ആരംഭിക്കുക.

17. പട്ടിക ജാതി, പട്ടിക വർഗമേഖലകളിലെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രത്യേക പരിപാടികൾ.

18. സ്ത്രീകളുടെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിനാവശ്യമായ പരിപാടികൾ

19. അർഹമായവർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

20. വിധവാ പെൻഷൻ തുക വർദ്ധിപ്പിക്കുക.

21. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സമർത്ഥരായ പെൺകുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം.

22. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വനിതാ സെൽ രൂപീകരിക്കുക.

23. പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സേവനം ഉറപ്പു വരുത്തുക.

24. സ്ത്രീ പീഢന കേസ്സുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുക.



# സഹകരണമേഖല

വടിയൂർ കല്യാട് പഞ്ചായത്തിൽ 50 വർഷം മുൻപു വരെ ഉളിക്കൽ, ഊരത്തൂർ,ബ്ലാത്തൂർ, കല്യാട്, കുയിലൂർ തുടങ്ങി ഏതാനും പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചു മാത്ര മാണ് ജനവാസമുണ്ടായിരുന്നത്. നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചത് കർഷകസംഘ ങ്ങളുടെ നേതൃത്വത്തിലായിരുന്നു. ഇതിന് പലകാരണങ്ങ ളുമുണ്ടായിരുന്നു. ജന്മിക്കെതിരായി ജനങ്ങളെ ഒന്നിച്ചു നിർത്തുന്നതിനു വേണ്ടിയായിരുന്നു സംഘം രൂപീകരി ച്ചത്. ഒപ്പം കർഷകരുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുക എന്ന ലക്ഷ്യവുമുണ്ടായി രുന്നു. ഇതിന്റെ ഒരു പ്രത്യക്ഷ ഉദാഹരണമായിരുന്നു ഊരത്തൂർ പ്രദേശത്ത് 'പരസ്പര സഹായ സഹകരണ സംഘം' എന്ന പേരിൽ കടാങ്ങോടൻ രാമൻ നമ്പ്യാർ പ്രസിഡണ്ടായും കോയാടൻ നാരായണൻ നമ്പ്യാർ ചെക്കിങ്ങ് ഇൻസ്പെക്ടറായും പ്രവർത്തിച്ചിരുന്ന സംഘം ഇതിന്റെ ഫണ്ട് ജനങ്ങളിൽ നിന്ന് പിരിവെടുത്ത സംഖ്യ യായിരുന്നു. ഈ ഫണ്ട് ജനങ്ങളിൽ നിന്ന് മാസത്തിലൊ രിക്കൽ ആവശ്യക്കാർക്കു ലേലം ചെയ്തു കൊടുക്കുമാ യിരുന്നു. ജന്മിമാരുടെ ശിങ്കിടികൾ ലേലം കൊണ്ട സംഖ്യ തിരിച്ചു കൊടുക്കാതായപ്പോഴാണ് ഇത് നിന്നു പോയത്.

ഉളിക്കലിലും കല്യാടും ഏതാണ്ട് ഒരേ കാലഘട്ടത്തി ലാണ് ഐക്യ നാണയ സംഘം എന്ന പേരിൽ പ്രസ്ഥാനം രൂപം കൊണ്ടത്. ഉളിക്കലിൽ കർഷക പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന ടി. ആർ നാരായണന്റെ നേതൃത്വത്തിലാ യിരുന്നു സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്. മൂലധനം കണ്ടെത്തുന്നതിനുവേണ്ടി ജനങ്ങൾ മാലയും, തുടലും, കെട്ടുതാലിയും മറ്റും വിറ്റു കിട്ടിയ കാശായിരുന്നു ഉപയോഗിച്ചത്. കുടിയേറ്റ കൃഷിക്കാർ കൂടുതലായും അധി വസിക്കുന്ന ഈ മേഖലയിൽ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണലായിരുന്നു ഇതിന്റെ ലക്ഷ്യം. പത്തേ കാൽ രൂപയായിരുന്നു ഇതിന്റെ ഒരു ഷെയർ. നാൽപതുക ളിൽ രൂപം കൊണ്ട ഈ സംഘം നിരവധി പ്രതിബന്ധ ങ്ങൾ നേരിട്ടുകൊണ്ടാണ് ഇന്നു കാണുന്ന നിലയിലെത്തി യത്. കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം കാരണം ബാങ്ക് പരിധിയിലുള്ള മുഴുവൻ കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. രൂപം കൊള്ളുന്ന ഘട്ടത്തിൽ കർഷകരുടെ സംഘമായിരുന്നു ഇത്. എന്നാൽ ഇന്ന് കേവലം രാഷ്ട്രീയക്കാരുടെ താൽപര്യം സംരക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്.

1947ലാണ് കല്യാട് സംഘം രൂപീകരിക്കുന്നത്. കെ.ടി. കുമാരൻ നമ്പ്യാരായിരുന്നു ആദ്യകാല പ്രസിഡണ്ട്. സംഘം തകർച്ചയെ നേരിട്ടപ്പോൾ PK രാഘവൻ നമ്പ്യാരെ പ്പോലുള്ളവരാണ് നേതൃത്വം കൊടുത്തുകൊണ്ട് സംഘത്തെ ഉയർത്തിക്കൊണ്ടു വന്നത്. ഇന്ന് ഈ സംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നു. പടിയൂർ കല്യാട് പഞ്ചാ യത്തിന്റെ പൊതുവിലുള്ള സ്ഥിതി പരിശോധിക്കുമ്പോൾ സഹകരണ രംഗത്ത് കാര്യമാത്ര പ്രസക്തമായ പുരോ ഗതി കൈവരിച്ചിട്ടില്ല എന്ന് കാണാൻ കഴിയും. രജിസ്റ്റർ ചെയ്ത നിരവധി സംഘങ്ങൾ ഉണ്ടെങ്കിലും തൊഴിൽദാ യക സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നു വേണം പറയാൻ. സഹകരണ മേഖലയിൽ ഒരു വലിയ കുതിച്ചുചാട്ടം നടത്താനാവശ്യമായത്ര സ്രോതസ്സുകൾ പഞ്ചായത്തിലുണ്ട്. എന്നാൽ ഈ സ്രോതസ്സുകളെ ഫല പ്രദമായി ഉപയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സഹ കരണ പ്രസ്ഥാനം ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ നമ്മു ടേതു പോലുള്ള പഞ്ചായത്തിന്റെ പ്രശ്നങ്ങൾക്ക് പരി ഹാരം കാണാൻ കഴിയുകയുള്ളൂ എന്ന പരമാർത്ഥം നാം മനസ്സിലാക്കുന്നു. അതിനു വേണ്ട തയ്യാറെടുപ്പോടെ നാം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. ഒൻപത് ക്രഡിറ്റ് സംഘ ങ്ങളും പതിനാറ് നോൺ ക്രഡിറ്റ്സംഘങ്ങളും പഞ്ചായ ത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ പലതും കട ലാസു സംഘങ്ങളാണ്. പ്രവർത്തിക്കുന്ന പല സംഘ ങ്ങളും നഷ്ടത്തിലാണ് പോകുന്നത്. ഇതിനെല്ലാം പരി ഹാരം നാം കാണേണ്ടതായിട്ടുണ്ട്.

## ക്രഡിറ്റ് സംഘങ്ങൾ

കല്യാട് സർവ്വീസ് സഹകരണ ബാങ്ക് – 1947ൽ ഐക്യ നാണയ സംഘമായി രൂപം കൊണ്ടു. പിന്നീട് പ്രവർത്തന ങ്ങൾ മുന്നോട്ട് കൊണ്ടുപോയി 1981 ൽ കല്യാട് സർവീസ് സഹകരണ ബാങ്കായി ഉയർത്തി. ഇന്ന് ആറായിരത്തോളം മെമ്പർമാരുള്ള ഒരു സംഘമായി പ്രവർത്തിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഇതിന് തിരൂർ കേന്ദ്രമായി ഒരു ശാഖ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ഉളിക്കൽ സർവ്വീസ് സഹകരണ ബാങ്ക്** – 1940 കളിൽ TR നാരായണന്റെ നേതൃത്വത്തിൽ ഉളിക്കൽ കേന്ദ്രീകരിച്ച് ഐക്യനാണയ സംഘം എന്ന പേരിലാണ് രൂപം കൊണ്ടത്. പിന്നീട് ബേങ്കായി ഉയർന്ന് വരികയാണുണ്ടായത്. മാട്ടറ, പടിയൂർ എന്നീ രണ്ട് ശാഖകൾ പ്രവർത്തിക്കുന്നു.പതിനായിരത്തോളം മെമ്പർമാരുള്ള ഈ സംഘം ഒരുവിധം നന്നായിപ്രവർത്തിക്കുന്നു.

## നുച്യാട് സർവ്വീസ് കോ-ഒപ് ബേങ്ക്

ഏകദേശം അയ്യായിരത്തോളം അംഗങ്ങളുള്ള ബേങ്കാണ്. അടുത്തകാലത്തായി ബേങ്കിന്റെ പ്രവർത്തനത്തിൽ പോരായ്മകൾ ഉയർന്നുവന്നിട്ടുണ്ട്.

## കോളിത്തട്ട് സർവ്വീസ് കോ ഓപ് ബേങ്ക്

ഏകദേശം 5000 ത്തോളം മെമ്പർമാരുണ്ട് പോരായ്മകൾ നിലനിൽക്കുന്നു. പ്രവർത്തനം തൃപതികരമല്ല.

കല്യാട് വനിതാകോ ഓപ് സൊസൈറ്റി, വയത്തൂർ വനിതാ സൊസൈറ്റി എന്നിവ അടുത്തകാലത്തായി രൂപീകരിച്ചതാണ്. പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിച്ച് ശ്കതിപ്പെടുത്തേണ്ടതുണ്ട്. ഉളിക്കൽ വനിതാ സൊസൈറ്റി പ്രവർത്തിക്കുന്നില്ല. ഉളിക്കൽ കേന്ദ്രമാക്കിയുള്ള പട്ടിക വർഗ സഹകരണ സംഘവും പ്രവൃത്തിക്കുന്നില്ല.

കാർഷിക വികസന ബേങ്കിന്റെ ഒരു ശാഖ ഉളിക്കൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്.

## നോൺ ക്രഡിറ്റ് സംഘങ്ങൾ

നോൺ ക്രഡിറ്റ് സംഘങ്ങളിൽ അധികവും ക്ഷീരോത്‌ലപാദക സംഘങ്ങളാണ്. മറ്റ് ഉൽപാദക സംഘങ്ങളൊന്നും തന്നെ നല്ലനിലയിൽ പ്രവർത്തിക്കുന്നവയല്ല.

## ഉൽപാദക സംഘങ്ങൾ

യന്ത്രവൽകൃത ചകിരിവ്യവസായ സംഘം, ഉളിക്കൽ

മലബാർ റബ്ബർ മാർക്കറ്റിംഗ് ആന്റ് അഗ്രികൾച്ചറൽ പ്രോസസിംഗ് സൊസൈറ്റി. വനിതാ ഇൻഡസ്ട്രിയൽ സൊസൈറ്റി എന്നിവയാണ് ഉൽപാദക സംഘങ്ങൾ

## മാർക്കറ്റിംഗ്

റബ്ബർ മാർക്കറ്റിംഗ് കോ ഓപ് സൊസൈറ്റി,പുളിക്കൽ

പരിക്കളം കൺസ്യൂമർ കോ ഓപ് സൊസൈറ്റി

ബ്ലാത്തൂർ കൺസ്യൂമർ കോ ഓപ് സൊസൈറ്റി.

ഇതിൽ കൺസ്യൂമർ സൊസൈറ്റികൾ ലാഭകരമല്ലാത്തതിനാൽ പ്രവർത്തനം നിലച്ചു.

## ക്ഷീരം

പേരട്ട, പടിയൂർ, നെല്ലിക്കാംപൊയിൽ, കല്ലുവയൽ നുച്യാട്, മണിക്കടവ്, മാട്ടറ തേർമ്മല തുടങ്ങിയ പ്രദേശങ്ങളിൽ പാലുൽപാദക സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ പേരട്ട സംഘം ജില്ലയിലെ ഏറ്റവും അധികം പാലുൽപാദനമുള്ള സംഘമാണ്. ഇതിന് പ്രധാന കാരണം ഈ പ്രദേശങ്ങളിൽ ജലം സുലഭമാണ് എന്നതാണ്. കന്നുകാലി വളർത്തലിന് വെള്ളം പ്രധാന ഘടകമാണ്. കർണാടക ഫോറസ്റ്റ് ഉള്ളതാണ് ഇവിടുത്തെ ജലസമൃദ്ധിക്ക് കാരണമെന്ന് നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ ബോധ്യമാവുന്നു.

## സർവ്വീസ്

ലേബർ കോൺട്രാക്ട് സൊസൈറ്റി ഉളിക്കൽ

പ്രിന്റിംഗ് കോ ഓപ് സൊസൈറ്റി ഉളിക്കൽ തുടങ്ങിയ സംഘങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല.

പേരിനുമാത്രമായി സംഘങ്ങൾ രൂപീകരിച്ചതുകൊണ്ട് കാര്യമില്ല. ഇത് ഫലപ്രദമായി നടത്തികൊണ്ടുപോകുവാൻ കഴിയണം.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ സംഘങ്ങൾ എല്ലാം നല്ല നിലയിൽ വളർച്ചപ്രാപിക്കാൻ സാധ്യതയുള്ളതാണ്. എന്നാൽ ആ സാധ്യത ഉപയോഗപ്പെടുത്താൻ സംഘങ്ങൾ മുന്നോട്ടുവരുന്നില്ല. നിരവധി പ്രശ്നങ്ങൾ ഓരോ സംഘങ്ങളിലും നിലനിൽക്കുന്നു. ഇതിൽ പ്രധാനം സംഘത്തിന്റെ പരിധിയിലെ മുഴുവൻ ജനങ്ങളെയും അംഗങ്ങളാക്കുന്നതിനോ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനോ കഴിയുന്നില്ല എന്നുള്ളതാണ്. കേവലം സങ്കുചിത കക്ഷിരാഷ്ട്രീയത്തിലൂന്നിയ പ്രവർത്തനങ്ങളാണ് എല്ലാ സംഘങ്ങളിലും നടക്കുന്നത്. ഇത് മാറണം, സംഘത്തിന്റെ പരിധിയിലുള്ള മുഴുവനാളുകൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ സഹകരണ സ്ഥാപനങ്ങൾ ഉയർന്നുവരണം.

അമിതമായ എസ്റ്റാബ്ലിഷ് മെന്റ് ചെലവാണ് പല സംഘങ്ങളും നഷ്ടത്തിലാകുന്നതിന് പ്രധാനകാരണം. സ്വന്തം ഫണ്ട് മിക്ക സംഘങ്ങൾക്കും വളരെ കുറവാണ്. അതുകൊണ്ടുതന്നെ സംഘങ്ങൾക്ക് ലാഭം കുറയുന്നു. സർക്കാറിൽ നിന്നും മറ്റുമുള്ള ഷെയറിൽനിന്നും സ്കീമുകളിൽ നിന്നും നാമമാത്രമായ ലാഭമേ ഉണ്ടാകാറുള്ളൂ. സ്വന്തം ഫണ്ട് വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ സംഘങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. മാനേജ്മെന്റിന്റെ സങ്കുചിത മനോഭാവത്തിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ മിക്ക സംഘങ്ങളിലും പോരായ്മ ഉണ്ടെന്നു സൂചിപ്പിച്ചുവല്ലോ. ജനാധിപത്യപരമായ പ്രവർത്തനങ്ങളല്ല മിക്ക സംഘങ്ങളും നടത്തുന്നത്. മെമ്പർഷിപ്പിന്റെ കാര്യത്തിലും വായ്പകൾ നല്കുന്ന കാര്യത്തിലും എല്ലാം സ്ഥാപിതതാല്പര്യവും സങ്കുചിത രാഷ്ട്രീയവും നിലനിൽക്കുന്നു. ഗ്രാമസഭകളിൽ ചില ബേങ്കുകളുടെ പ്രവർത്തനത്തെക്കുറിച്ച വളരെയധികം വിമർശനങ്ങൾ ഉയർന്നു വന്നിരുന്നു. കർഷകർക്ക് പുതിയ വായ്പകൾഅനുവദിച്ചുകൊണ്ട് കാർഷികമേഖലയെ അഭിവൃധി പെടു

ത്താൻ കഴിയണം. സംഘങ്ങൾ കാര്യക്ഷമതയോടെ പ്രവർത്തിക്കുകയും ജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രയത്നിക്കുകയും ചെയ്യേണ്ടതുണ്ട്. തീർത്തും ഒരു കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിലെ കൃഷിമെച്ചപ്പെടുത്തുന്നതിനും ജലസേചനത്തിനും കൂടുതൽ ഫണ്ടുകൾ അനുവദിച്ച് ഉത്പാദനം വർദ്ധിപ്പിക്കുവാൻ കഴിയണം.

മാറിമാറി വരുന്ന ഗവർമെണ്ടുകളെ ഉപയോഗിച്ച് സഹകരണസംഘങ്ങൾ പിടിച്ചെടുക്കുന്നത് സ്ഥാപനങ്ങളുടെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്നു. ഈ പ്രവണത അവസാനിപ്പിക്കുവാൻ കഴിയണം. ഡിപ്പാർട്ടുമെന്റുകളെ ശക്തമാക്കി സംഘങ്ങളിൽ ഇടപെടാൻ കഴിയണം.

ക്ഷീരോൽപാദകസംഘങ്ങൾ പേരട്ട സംഘത്തെ പോലെ വളർന്നു വരണം. കന്നുകാലിവളർത്തുന്നതിനാവശ്യമായ രീതിയിൽ സ്കീമുകൾ തയ്യാറാക്കി കർഷകർക്ക് പ്രോൽസാഹനം കൊടുക്കണം. കർഷകർക്ക് ന്യായമായ വിലകൊടുക്കാൻ സംഘങ്ങൾക്ക് കഴിയണം. അറബിക്കുളം പോലുള്ള പ്രദേശത്ത് ഉൽപാദകന് പാലിന് ന്യായമായ വില ലഭിക്കുന്നില്ല എന്ന് പരാതി ഉയർന്നു വന്നിട്ടുണ്ട്. ക്ഷീരോൽപാദകരംഗം ക്ഷയിച്ചുവരുന്നു. അതുകൊണ്ട് ഈ രംഗം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം.

## സാധ്യതകൾ

പടിയൂർ കല്യാട് പഞ്ചായത്തിൽ ട്രാൻസാക്ട് വർക്ക് നടത്തിയപ്പോൾ കണ്ടെത്തിയ വിവരമനുസരിച്ച് 45% കശുമാവും 22% റബ്ബറുമാണ് പ്രധാന വിളകൾ. ഈ സാധ്യത ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ വികസനത്തിനുതകുന്ന വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്താൻ കഴിയണം. ജില്ലയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപാദിപ്പിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. കശുവണ്ടി സംഭരണം, സംസ്കരണം, പാഴായിപ്പോകുന്ന കശുമാങ്ങ സംസകരണം തുടങ്ങിയവക്ക് സഹകരണ മേഖലയിൽ ഒരുപാട് സാധ്യതകൾ ഉണ്ട്. സഹകരണ മേഖലയിൽ ഇതിനാവശ്യമായ സംഘങ്ങൾ തുടങ്ങാൻ കഴിയണം. കണ്ണൂർ ജില്ല കേന്ദ്രീകരിച്ച് റബ്ബർ കൊണ്ട് നിർമ്മിക്കാവുന്ന വലിയ വ്യവസായങ്ങൾ സ്ഥാപിക്കാൻ സാധിച്ചാൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ കഴിയും. ഊരത്തൂർ കല്യാട് പോലുള്ള പ്രദേശത്ത് തരിശു പാറ ഏക്കർ കണക്കിനുണ്ട്. ഈ സാധ്യത ഉപയുക്തമാക്കാൻ കഴിയണം.

മിക്കവാറും എല്ലാഗ്രാമസഭകളിലും സ്ത്രീകൾക്ക് തൊഴിൽ നല്കുന്നതിനാവശ്യമായ ഗാർമെൻസ്, റെഡിമെയ്ഡ്, തുന്നൽ എന്നിവയിൽ പരിശീലനം സിദ്ധിച്ചവരെ ഉപയോഗപ്പെടുത്തി 'ഹോസിയറി' സംഘം രൂപീകരിച്ച് ഏരിയാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ ധാരാളം സാധ്യതകളുണ്ട്.

പട്ടുനൂൽ കൃഷിയിൽ കൊക്കൂൺ പഞ്ചായത്തടിസ്ഥാനത്തിൽ സംഭരിച്ച് വസ്ത്രനിർമ്മാണരംഗത്ത് പ്രയോഗിക്കാൻ കഴിയണം. കല്യാട് കേന്ദ്രീകരിച്ച് മുൻപുണ്ടായിരുന്ന കൈത്തറികൾ ആധുനീകവൽകരിച്ച് ഉയർത്തിക്കൊണ്ടുവരാൻ കഴിയും. മൂന്നാം വാർഡിൽ ഏക്കർക്കണക്കായ ചെങ്കൽപാറ ഭൂമി തരിശായി കിടക്കുന്നുണ്ട്. ഇത് മനുഷ്യാധ്വാനം കൊണ്ട് ഉപയുക്തമാക്കാൻ കഴിയില്ല. സഹകരണസംഘം രൂപീകരിച്ചുകൊണ്ട് കല്ലുകൊത്ത് യന്ത്രം സ്ഥാപിച്ച് തൊഴിലെടുക്കുകയാണെങ്കിൽ ഉപയോഗശൂന്യമായികിടക്കുന്ന പാറ ഉപയോഗപ്രദമാക്കാൻ കഴിയും.

വാർഡുകൾ തോറും ചെറുചെറുലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് മരാമത്ത് പണികൾ എടുക്കുന്നതിനുവേണ്ടി സാധിക്കും.

സഹകരണടിസ്ഥാനത്തിൽ ഹോട്ടലുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്താൻ ധാരാളം സാധ്യതകളുണ്ട്.

5-ാം വാർഡിൽ പ്രിന്റിംഗ് ടെക്നോളജിയിൽ പ്രാവീണ്യം നേടിയ നിരവധി യുവതീയുവാക്കളുണ്ട്. ഇവരെ ഉപയോഗപ്പെടുത്തി സഹകരണ പ്രസ്സ് ആരംഭിക്കാൻ സാധ്യതയുണ്ട്.

പഞ്ചായത്തടിസ്ഥാനത്തിൽ അഗ്രികൾച്ചറൽമാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കാൻ ധാരാളം സാധ്യതകളുണ്ട്. ഇത് കൊണ്ട് കർഷകന് മെച്ചപ്പെട്ട വില ലഭിക്കും.

സഹകരണരംഗത്ത് നിരവധി നൂതനസംരഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ പഞ്ചായത്തിന്റെ മുഖഛായ തന്നെമാറ്റിയെടുക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. വിസ്തൃതിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുകയും വികസനത്തിന്റെ കാര്യത്തിൽ പിറകിൽ നീൽക്കുകയും ചെയ്യുന്ന നമ്മുടെ പഞ്ചായത്തിനെ നല്ലനിലയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കും എന്നുള്ളതിന് തെളിവാണ് ഗ്രാമസഭകളിലെയും ശില്പശാലകളിലെയും ജനകീയ പങ്കാളിത്തത്തിലൂടെ നാം കണ്ടത്. പൂർണമായും കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിലെ കാർഷിക വിഭവങ്ങൾ ഉപയുക്തമാക്കി കൊണ്ടുള്ള വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ വളർന്നുവരണം. അതുപോലെ കൃഷിമെച്ചപ്പെടുത്തുന്നതിനു വേണ്ടി ക്രഡിറ്റു സംഘങ്ങൾ കൃഷിക്ക് ആവശ്യമായ സ്കീമുകൾ തയ്യാറാക്കി നടപ്പിൽ വരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. സഹകരണ രംഗത്തെ അനന്തമായ സാധ്യതകളുപയോഗിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിനെ ഒന്നാം കിട പഞ്ചായത്താക്കാൻ കക്ഷിരാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതമായി ഒരേ മനസ്സോ ടെ നമ്മുക്ക് മുന്നോട്ടുപോകാം.



# മൃഗസംരക്ഷണം

## ആമുഖം

വിസ്തൃതിയിൽ ഒന്നാം സ്ഥാനത്തല്ലെങ്കിലും കന്നുകാലി സമ്പത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ പോഷക പ്രധാന ഘടകങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ലഭ്യതയിൽ പൂർണ്ണമായും നമുക്ക് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. പാലിന്റെ ഉൽപാദനം ചില വാർഡുകളിൽ മെച്ചപ്പെട്ടെങ്കിലും കാലിതീറ്റയുടെ വിലവർദ്ധനവും പച്ചപ്പുല്ലിന്റെ ലഭ്യതയില്ലായ്മയും, പാലിന്റെ വിലക്കുറവും ഈ മേഖലയിലെ ഏറ്റവും വലിയ പ്രശ്നങ്ങളാണ്. മുട്ടയുടെയും മാംസത്തിന്റെയും കാര്യത്തിൽ നാമിന്നും അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്.

കൃഷിയും അനുബന്ധമേഖലയും മുഖ്യതൊഴിലാക്കിയ നമ്മുടെ രാജ്യത്ത് കാർഷികമേഖലയുടെ ആരോഗ്യകരമായ നിലനിൽപിന് അത്യാവശ്യമായ ജൈവവളത്തിന് ആശ്രയിക്കുന്നത് നമ്മുടെ മൃഗസമ്പത്തിനെയാണ്. ഇവിടത്തെ പരിമിതമായ പാടശേഖരങ്ങൾ ഉഴുത് മറിക്കുന്നത് ഈ മൃഗശക്തി ഉപയോഗിച്ചു തന്നെയാണ്. ആധുനിക ജീവിത സൗകര്യങ്ങൾ എത്തിപ്പെടാത്ത നമ്മുടെ മലയോര മേഖലയിൽ ബയോഗ്യാസ് ഇന്നും ഊർജ്ജസ്ത്രോതസായി നിലനിൽക്കുന്നു. മൃഗങ്ങളിൽ നിന്ന് മനുഷ്യനിലേക്കും. മൃഗങ്ങളിൽ നിന്നു മൃഗങ്ങളിലേക്കും പകരുന്ന രോഗങ്ങൾക്ക് കടിഞ്ഞാണിടാനുള്ള പ്രയാണം നാം മുമ്പേ തുടങ്ങിയതാണ്. ചില ഒറ്റപ്പെട്ട പേ വിഷബാധയുണ്ടായെങ്കിലും ആ മാരകമായ വിപത്തിനെ പ്രതിരോധിക്കാനുള്ള സന്നദ്ധസേവനത്തിന്റെ പാതയിലേക്ക് നാം തുടക്കമിട്ടുകഴിഞ്ഞു

ശുദ്ധമാംസം ലഭ്യമാവുന്ന കാര്യത്തിൽ നമുക്കേറെ പ്രതിസന്ധിയുണ്ട്. പഞ്ചായത്തിൽ കുറേ അറവുസ്ഥലങ്ങൾ ഉണ്ടെങ്കിലും ശാസ്ത്രീയമായ രീതി എവിടെയും നടപ്പാക്കിയിട്ടില്ല. അറവിന് മുൻപും പിൻപും ഒരു ഡോക്ടറെ കൊണ്ട് പരിശോധിപ്പിച്ചശേഷമെ മാംസം വിൽപന നടത്താൻ പാടുള്ളൂ എന്ന നിയമം നമുക്കിന്നും അന്യമാണ്. കോഴിയിറച്ചിയുടെ കാര്യത്തിലും അന്യസംസ്ഥാനത്തെയാണ് നാം ആശ്രയിക്കുന്നത്. കുറച്ചൊക്കെ മുട്ട നമ്മുടെ വീട്ടുമുറ്റത്തു കിട്ടുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ ദിനംപ്രതിയുള്ള ഉപയോഗത്തിന് പുറം വിപണിയെയാണ് ആശ്രയിക്കുന്നത്. ദ്രുതഗതിയിലുള്ള വരുമാനവർദ്ധനവ് ഉണ്ടാക്കാവുന്ന മൃഗസംരക്ഷണമേഖലയിലെ തൊഴിൽ സാധ്യതകൾ ഏറെയാണ്. 5 സെന്റ് ഭൂമി പോലുമുള്ള കർഷകർക്കും പങ്കാളികളാവാം എന്ന യാഥാർത്ഥ്യം വിലയിരുത്തുമ്പോൾ ഈമേഖലയുടെ വികസനം ഗ്രാമപഞ്ചായത്തിന്റെ സമ്പത്ത് ശക്തമാക്കും എന്നത് അവിതർക്കിതം ആണ്. ഇവിടെ ഈ മേഖലയിലുള്ള 60% അധ്വാനവും സ്ത്രീകളാണ് നിർവ്വഹിക്കുന്നത് എന്നയാഥാർത്ഥ്യം തൊഴിൽ മേഖലക്ക് ഒരു പുത്തനുണർവ് നൽകുകയാണ്.

ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ പരിരക്ഷ പ്രോൽസാഹനം, മൃഗസമ്പത്തിനുണ്ടാവുന്ന ആകസ്മിക നഷ്ടങ്ങളിൽ നിന്നുള്ള സമഗ്രഇൻഷൂറൻസ് പദ്ധതി, കാലികളുടെ വന്ധ്യതാ നിവാരണ മാർഗ്ഗങ്ങൾ, അതുവഴിയുള്ള ഉൽപാദനക്ഷമതാ വർദ്ധനവ്, കൃഷിക്കാരന് സമഗ്രമായ പരിശീലനം, നൂതനശാസ്ത്രീയ അറിവ് കർഷകരിൽ എത്തിക്കൽ മൃഗാസ്പത്രിയുടെയും അനുബന്ധകേന്ദ്രങ്ങളുടെയും ആധുനീകവൽക്കരണം, ഇങ്ങിനെ പരസ്പരപൂരകങ്ങളായ എല്ലാഘടകങ്ങളേയും സമന്വയിപ്പിച്ചുകൊണ്ടാണ് നാം മുന്നോട്ടു പോകേണ്ടത്.

## ചരിത്രം

കരക്കാട്ടിടം നായനാരുടെ അധീനതയിൽ ആയിരുന്ന നമ്മുടെ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ഭൂവിഭാഗത്തിൽ സമ്പന്നമായ ഒരു പാരമ്പര്യത്തിന്റെ കഥയാണ് പറയുവാനുള്ളത്. കന്നുകാലി സമ്പത്തിന്റെ വലിപ്പം സമ്പത്തിന്റെ മാനദണ്ഡമായി സ്വീകരിച്ചിരുന്നു. അന്ന് 100 ഉം 500 ഉം കാലികളെ വളർത്തിയിരുന്നവർ അന്നത്തെ ഏറ്റവും സമ്പ

ന്നരുടെ നിരയിൽ പ്പെട്ടിരുന്നു. കല്യാട് പറമ്പ്, ഊരത്തൂർ, ബ്ലാത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ 75% ജനങ്ങളും മുഖ്യ തൊഴിലായി കന്നുകാലിവളർത്തൽ സ്വീകരിച്ചിരുന്നു. ഏക ദേശം 1,500 ഏക്രയോളം വരുന്നമേൽപറഞ്ഞ പ്രദേ ശത്തും, സമീപപ്രദേശങ്ങളിൽ നിന്നും ഇരിക്കൂർ, ഇരിട്ടി പ്രദേശങ്ങളിലേക്ക് പാലും നെയ്യും ഒഴുകുകയായിരുന്നു എന്ന് വേണമെങ്കിൽ പറയാം. പശുവളർത്തലിനെ അപേ ക്ഷിച്ചു എരുമസമ്പത്ത് തുലോം തുച്ഛമായിരുന്നു എന്നു പറയാം. അതോടൊപ്പം കാർഷികമേഖലക്ക് ആവശ്യമായ ജൈവ വളത്തിന്റെ സിംഹഭാഗവും നിറവേറ്റിയിരുന്നത് കാലിവളം ആയിരുന്നു. ഇതേ സമയം കരയ്ക്കാട്ടിടത്തിൽ ഉണ്ണമ്മൻ നായനാരുടെ കാര്യസ്ഥനായ അപ്പനമ്പ്യാർ മണി പ്പാറ ത്ട്ടിലെ അന്നത്തെ വിസ്തൃതമായ പുൽപ്രദേശത്ത് കൂട്ടമായി കന്നുകാലികളെ വളർത്തിയിരുന്നു. പഞ്ചായ ത്തിന്റെ നടുഭാഗത്ത് കാടുകയറിയ പ്രദേശമായതുകൊണ്ട് പശുക്കളെ കാട്ടിലേക്ക് കൂട്ടമായി തെളിച്ചിരുന്നു. കാട്ടിൽ കയറിയ കന്നുകാലികൂട്ടം മാസങ്ങളോളം കാട്ടിൽ കഴി ഞ്ഞിരുന്നു. നാട്ടിൽ കന്നുകാലികളെ കൂട്ടമായി വേലിക്ക കത്ത് ആക്കിയിരുന്നു. ഈ സമ്പ്രദായത്തിന് പ്ടാവ് എന്നാണ് വിളിച്ചിരുന്നത്. 100 ഉം 200 ഉം കാലികളെ ഇതു പോലുള്ള പ്ടാവിൽ ആക്കിയിരുന്നു. കാട്ടുമൃഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും ഇത് സഹായിച്ചിരുന്നു. വർഷത്തിൽ ഒറ്റവിളയെടുത്തിരുന്ന നെൽപാടങ്ങളിൽ വിളവെടുപ്പുദിവസം പ്ടാവ് കെട്ടുക ഒരു പതിവായിരുന്നു. അന്നേ ദിവസം കറന്നു കിട്ടുന്ന മുഴുവൻ പാലും ഉപയോ ഗിച്ച് പാൽപായസം ഉണ്ടാക്കുന്നത് ഒരു ചടങ്ങായിരുന്നു. തുടർന്ന് അടുത്ത വിളയിറക്കുവരെ പ്രസ്തുത പാടത്ത് ഈ പ്ടാവ് നിലനിൽക്കും. അപ്പോഴേക്കും പാടം ജൈവവ ളത്തിനാൽ സമ്പന്നമായിരിക്കും.

ലോറിയും ബസ്സും ഇല്ലാതിരുന്ന പഴയ ആ കാലത്ത്. പ്രധാന വാഹനം കാളവണ്ടിതന്നെയായിരുന്നു. കാർഷിക വിളകളുടെ കൊണ്ടുപോകൽ, ആവശ്യമുള്ള ചരക്കുമാ യുള്ള തിരച്ചുവരവ് എല്ലാം കാളവണ്ടിയെ ആശ്രയിച്ചായി രുന്നു. ജനങ്ങൾ കാൽനട പതിവായിരുന്ന ആകാലത്ത് പ്രധാനമായും ചരക്ക് നീക്കത്തിന്നായിരുന്നു കാളവണ്ടി ഉപയോഗിച്ചിരുന്നത്. നാട്ടുജന്മിയും, കരപ്രമാണിമാരും യാത്രയ്ക്ക് കാളവണ്ടി ഉപയോഗിച്ചിരുന്നു. സ്വാതന്ത്ര്യാന ന്തര കാലത്തിന് ശേഷവും ഈ രീതി തുടർന്നിരുന്നു. ആകാലഘട്ടത്തിൽ കാളവണ്ടിക്കാരിൽ പ്രധാനികളായി രുന്നു, പടിയൂർ പ്രദേശത്ത്. മാപ്പിളാണ്ടി കുടുംബക്കാരും, വാവോലിൽ കറിയച്ചേട്ടൻ, തടത്തിൽ ജോസഫ്, ഉളിക്കൽ പ്രദേശത്ത് പരേതനായ ജോസഫ് എന്ന കുട്ടൻ ചേട്ടൻ, യാമേരി മമ്മദ് തുടങ്ങിയവർ.

കന്നുകാലികളിൽ രോഗബാധ തീരെയില്ലാതിരുന്ന കാലം ഉണ്ടായിരുന്നു. ചില്ലറരോഗങ്ങൾക്ക് നാട്ടുവൈദ്യം ആയിരുന്നു ഉപയോഗിച്ചിരുന്നത്. അന്നത്തെ പ്രധാന നാട്ടുചികിത്സകരായിരുന്നു കോക്കാട്ട് മുട്ടപ്പള്ളി മാധവനും, പുറവയൽ അമ്പാട്ട് പൗലോസും. രോഗപ്രതിരോധ ശേഷി യിൽ മികച്ച നിലവാരം പുലർത്തിയിരുന്നു. പശുക്കളിൽ പ്രകൃതിദത്തമായ രീതിയിൽ പ്രജനനം നടത്തിയിരുന്ന കാലം. വിത്തുകാള എന്ന സങ്കൽപം പോലും അന്നില്ല. ഏതു മൂരിയേയും പ്രജനനത്തിനായി ഉപയോഗിച്ചിരുന്നു. കാലിതീറ്റയും പിണ്ണാക്കുമൊന്നും ഇല്ലാതിരുന്ന കാലം തവിടും കാടിവെള്ളവും പച്ചപ്പുല്ലും, വൈക്കോലും ആയി രുന്നു പ്രധാന ആഹാരം. മാംസം ഉപയോഗം ഇല്ലായി രുന്നു എന്നുതന്നെ പറയാം. കാട്ടുമൃഗങ്ങളുടെ മാംസം മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്.

ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. പശു, കോഴി, ആട്, പന്നി, എന്നുവേണ്ട വളർത്തു മൃഗങ്ങളിൽ എല്ലാവർഗ്ഗങ്ങ ളിലും സങ്കരയിനം ജനുസ്സുകൾ സമ്പുഷ്ടമായിരിക്കുന്നു, ഉൽപാദനത്തിൽ വർദ്ധനവ് വന്നു എന്ന സത്യത്തോടൊപ്പം രോഗപ്രതിരോധശേഷിയില്ലായ്മ ഒരു വലിയ പ്രശ്നമായി നമ്മെ അലട്ടുന്നുണ്ട്. തനതായ മൃഗജനുസ്സുകൾ പരീ ക്ഷണ ശാലകളിൽ പോലും ഇല്ലായെന്നത് നമ്മുക്ക് പറ്റിയ ഒരു തെറ്റാണ് എന്നു പറയാം. കാലിവസന്ത രോഗം ഒരി ക്കൽ ഈ പഞ്ചായത്തിലെ മൃഗങ്ങളെ ബാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ വസന്തരോഗം കാണപ്പെടുന്നില്ല. ഇതോ ടൊപ്പം കുളമ്പുരോഗം, കുരലടപ്പൻ തുടങ്ങിയ രോഗ ങ്ങളും അലട്ടിയിരുന്നു. ഇപ്പോൾ കാണപ്പെടുന്ന പ്രധാന പ്രശ്നം അകിടുവീക്കം,മുടന്തൻ പനി തുടങ്ങിയരോഗങ്ങ ളാണ്. മൃഗങ്ങളിലെ വന്ധ്യത കർഷകരെ അലട്ടുന്ന പ്രധാ നപ്രശ്നമാണ്. പഞ്ചായത്തിലെ കൃത്രിമ ബീജ ദാന കേന്ദ്ര ങ്ങളിൽ മാസത്തിൽ ഇരുപത്തിയഞ്ചുമുതൽ മുപ്പതുവരെ കുത്തിവെപ്പുകൾ നടത്തപ്പെടുന്നുണ്ട്. മാട്ടറ ഉളിക്കൽ തുട ങ്ങിയ കേന്ദ്രങ്ങളിൽ 50 തിലും കവിയുന്നുണ്ട്. പേവിഷ ബാധക്കെതിരെ നടപ്പുവർഷത്തിൽ 2000 ഡോസ് ചെയ്തു കഴിഞ്ഞു. പശുക്കളിലെ കുളമ്പുരോഗത്തിനെതിരായി 800 ഡോസ് ചെയ്തു കഴിഞ്ഞു.

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ:

1. ICDP സബ്ബ്സെന്റർ മാട്ടറ
2 CDDP സബ്ബ് സെന്റർ പുലിക്കോട്
3 ICDP സബ്ബ് സെന്റർ കുയിലൂർ
4 ICDP സബ്ബ് സെന്റർ കോളിത്തട്ട്
5 ICDP സബ്ബ് സെന്റർ തേർമല
6 മൊബൈൽ ഫാം എയിഡ് യൂനിററ് ഉളിക്കൽ
7 NKDP മിൽമ, കാലാങ്കി ( പ്രവർത്തനരഹിതം)
8 NKDP മിൽമ, വണിക്കടവ്
9 മൃഗാശുപത്രി അറബി

എണ്ണം കൊണ്ട് വലുതാണെങ്കിലും വിസ്തൃതമായ പഞ്ചായത്തിന്റെ പ്രത്യേകതകൊണ്ട് ഇത് തീരെ അപര്യാ പ്തമാണെന്ന് പറയാം. മൃഗ ഡോക്ടർ അടക്കമുള്ള സൗകര്യങ്ങളുടെ കാര്യത്തിൽ തീരെ ശോചനീയമായ അവസ്ഥയാണ് ഈ സെന്ററുകൾക്കുള്ളത് ഇത്രയും വലിയ

പഞ്ചായത്തിൽ ആകെ രണ്ടു മൃഗാശുപത്രി മാത്രമാണ് ഉള്ളത് ചികിൽസക്കായി ഈ സെന്ററുകളെയൊന്നും ആശ്രയിക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. കിലോമീറ്ററുകൾ താണ്ടി ഇരിട്ടിയിൽ എത്തണം ചികിത്സാ സൗകര്യങ്ങൾ ലഭിക്കണമെങ്കിൽ സർക്കാറിന്റെ കീഴിലുള്ള മൃഗസംരക്ഷണമേഖലയിലൊന്നും തന്നെ വേണ്ടത്ര ജീവനക്കാരോ ആവശ്യത്തിനുള്ള ഉപകരണങ്ങളൊ ഇല്ല. മണിക്കടവിലെത് മിൽമയുടെ കീഴിലുള്ള കേന്ദ്രമാണ്. അറബി മൃഗാശുപത്രിയിൽ നിന്നും ഉളിക്കൽ മൊബൈൽ യൂനിററിൽ നിന്നും കന്നുകാലികൾക്ക് ചികിത്സാ സൗകര്യവും പ്രതിരോധ കുത്തി വെപ്പുകളും സമ്പർക്ക ക്ലാസുകളും ലഭിക്കുന്നുണ്ട് ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ കുറവും ഈ രംഗത്തെ ഏറ്റവും വലിയ പോരായ്മയാണ് നിലവിലുള്ള വർക്ക് ചെയ്തു തീർക്കാൻ കഴിയാത്തത്ര അഡീഷണൽ ചാർജുകളാണിപ്പോൾ നിലവിലുള്ളത്.

24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലോ സമീപ പഞ്ചായത്തുകളിലോ നിലവിലില്ല ഈ പഞ്ചായത്തിന് തൊട്ടടുത്തുള്ള ഇരിട്ടി വെറ്റിനറി പോളി ക്ലിനിക്ക് മുഴുവൻ സമയ പ്രവർത്തന സംവിധാനം ഏർപ്പെടുത്തിയാൽ മൃഗചികിത്സാ രംഗത്ത് വലിയൊരനുഗ്രഹമായിരിക്കും.

## മുൻ പഞ്ചാവത്സര പദ്ധതികൾ

കഴിഞ്ഞ പഞ്ചവത്സരപദ്ധതികാലങ്ങളിൽ കന്നുകാലി വളർത്തൽ രംഗത്തും ചികിത്സാരംഗത്തും ഒട്ടനവധി നേട്ടങ്ങൾ നേടാനായിട്ടുണ്ട്. കന്നുകാലികൾക്ക് ഇൻഷൂറൻസ്, കന്നുകുട്ടികൾക്ക് കാലിതീറ്റ വിതരണം ചെയ്യുന്ന SLBP പദ്ധതി, പ്രതിരോധ കുത്തിവെപ്പ് വന്ധ്യതാ നിവാരണ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതികൾ, കോഴികളെ വിതരണം ചെയ്യുന്ന MLPP പദ്ധതി, പേവിഷ നിയന്ത്രണ പദ്ധതി, മിൽമാ വഴി കാലിതീറ്റ സബ് സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി, പുൽവിത്ത് വിതരണം, ആടുകളെ വിതരണം, പന്നി വിതരണം, പശുക്കളെ വിതരണം, മിനി ഡയറി വൈക്കോൽ സമ്പുഷ്ടമാക്കുന്ന പദ്ധതി ഗ്രൂപ് ഇൻഷൂറൻസ് പദ്ധതി ഇവയെല്ലാം നടപ്പാക്കി കൊണ്ടിരിക്കുന്നു.

## പാലുൽപാദന രംഗം

പാലുൽപാദന രംഗത്ത് കർഷകർ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഉൽപാദിപ്പിക്കപ്പെടുന്ന പാലിന് പരമാവധി വില കിട്ടുക കന്നുകാലികൾക്ക് പോഷക പ്രധാനങ്ങളായ തീറ്റ നൽകുന്നതിന് വരുന്ന ചിലവ് ദിനം പ്രതി അധികരിച്ചു വരുന്ന അവസ്ഥയെ നേരിടൽ,. ഇവയാണ് പ്രധാന പ്രതിസന്ധികൾ. ഉൽപാദന ചെലവിനനുസരിച്ച് പാലിന് വില കിട്ടുന്നില്ല എന്നതാണ് പ്രധാന പരാതി കർഷകരെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനും ഗുണനിലവാരമുള്ള പാൽ ഉപഭോക്താക്കൾക്കു നൽകുന്നതിനും വേണ്ടിയാണ് ഒരു കേന്ദ്ര സംഘവും അതിനു കീഴിൽ പ്രാഥമിക സംഘങ്ങളും രൂപീകരിച്ചത് മിൽമ പാൽ ഉൽപാദിപ്പിക്കുന്ന ഭൂരിപക്ഷം കർഷകരെയും സംഘത്തിന് കീഴിൽ കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല. കർഷകർ ഇപ്പോഴും ഇടത്തട്ടുകാരുടെയും മറ്റും ചൂഷണത്തിന് ഇരയാകുന്നു.

പഞ്ചായത്തിലിപ്പോൾ നല്ല രീതിയിൽ ലാഭകരമായി ഓളം സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മിൽമക്ക് കീഴിൽ പേരട്ട, അറബി, കാലാങ്കി, മാട്ടറ, മണിക്കടവ്, കല്ലുവയൽ പുലിക്കാട് എന്നിവിടങ്ങളിലും നെല്ലിക്കാംപൊയിൽ പാരമ്പര്യ മിൽക്ക് സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പേരട്ട മിൽക്ക് സൊസൈറ്റി ജില്ലയിൽ തന്നെ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതാണ്. വിപണന രംഗത്തെ പ്രശ്നങ്ങൾ ഒരു പരിധിയോളം പരിഹരിക്കപ്പെട്ടുവെങ്കിലും ഉൽപാദനച്ചിലവ് കൂടുതലായതു കൊണ്ടും പാൽ വില കുറയുന്നതു കൊണ്ടും കൃഷികാർക്കും സൊസൈറ്റിക്കും പിടിച്ചു നിൽക്കാനാവാത്ത സ്ഥിതി വിശേഷം സംജാതമായിരിക്കും.

ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ ഒരു കാലി തീറ്റ ഫാക്ടറി ഉണ്ടായാൽ ഇവിടുത്തെ കർഷകർക്കും ഒരു പരിധിവരെ ആശ്വാസകരമായിരിക്കും. കാലിതീറ്റക്കാവശ്യമുള്ള കപ്പ, റബ്ബർകുരു, തേങ്ങാ പിണ്ണാക്ക്, തുടങ്ങിയ ഘടകങ്ങൾ ഈ പഞ്ചായത്തിൽ നിന്നും ലഭ്യമാവുന്നതാണ്. കശുമാങ്ങയുടെ ചണ്ടികാലിതീറ്റയായി ഉപയോഗിക്കാമോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

അകിടുവീക്കം പോലുള്ള രോഗങ്ങൾ ഈ രംഗത്തെ പ്രധാന പ്രശ്നമാണ്. ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങളും മൃഗാസ്പത്രികളിൽ സ്ഥാപിക്കേണ്ടതിന്റെ പ്രസക്തി ഒന്നു കൂടി ഊന്നിപറയേണ്ടിയിരിക്കുന്നു. വന്ധ്യത മറ്റൊരു പ്രശ്നമാണ്. വന്ധ്യതാ നിവാരണ ക്യാമ്പുകൾ തുടരെ സംഘടിപ്പിക്കേണ്ടതാണ്. ബ്ലോക്കു തലത്തിൽ ഇതിനായി ഡോക്ടർമാരുടെ ഒരു യൂണിറ്റ് തന്നെ സംഘടിപ്പിച്ചാൽ അതൊരനുഗ്രഹമായിരിക്കും. തീറ്റപുല്ലിന്റെ ക്ഷാമം ഈ മേഖലയെ തളർത്തുന്ന ഒരു പ്രധാന ഘടകമാണ്. പഞ്ചായത്തിൽ തന്നെ ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ, തെങ്ങിൻതോപ്പുകൾ, വഴിയോരങ്ങൾ കനാൽ വരമ്പുകൾ തുടങ്ങിയവയെല്ലാം ഉപയോഗപ്പെടുത്തി തീറ്റ പുൽകൃഷി വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പഴശ്ശി റിസർവ്വോയറിന്റെ ഫലഭൂയിഷ്ടമായ ചതുപ്പുനിലങ്ങൾ പുൽകൃഷിക്ക് ഉപയുക്തമാക്കേണ്ടതുണ്ട്. തീറ്റ പുൽ ഉൽപാദനവും അവയുടെ വിതരണത്തിനായി ഒരു ഉൽപാദന വിപണന സഹകരണ സംഘം ഉയർത്തികൊണ്ടുവരാനുള്ള സാധ്യത ആലോചിക്കേണ്ടതാണ്.

## മാംസോൽപാദന രംഗം

മാംസോൽപാദന രംഗത്തും വിപണന രംഗത്തും മെച്ചപ്പെട്ട സാധ്യതകൾ ഉണ്ടെങ്കിലും അത് വേണ്ട വിധത്തിൽ ഉപയോഗിക്കപ്പെടുന്നില്ല ഉപയോഗിക്കപ്പെടുന്ന മാംസത്തിന്റെ സാമ്പത്തിക മൂല്യം വളരെ വലുതാണ്. ഇവയുടെ

സിംഹഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തിച്ചേരുന്നത്. ഇറച്ചിയുടെ ആവശ്യത്തിനായുള്ള കന്നു കാലി വളർത്തലിന്റെ ആധുനിക സാങ്കേതിക സാധ്യതകൾ കർഷകരിലെത്തിക്കേണ്ടത് അത്യാവശ്യഘടകമാണ്.

## ആടുവളർത്തൽ

വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ മുന്നിട്ടു നിൽക്കുന്നത് ആടുവളർത്തൽ രംഗമാണ്. പാവപ്പെട്ടവന്റെ പശു എന്ന് അറിയപ്പെടുന്ന ആട് ഇന്ന് മാംസ ഉൽപാദനരംഗത്ത് വളരെയെറെ സാധ്യതയുള്ള ഒന്നാണ്. നിലവിലുള്ളവയെ ശാസത്രീയ രീതിയിൽ വളർത്തുവാനും കർഷകർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകേണ്ടതുണ്ട്. ചെറിയ ഒരു പ്രോത്സാഹനം പോലും വളരെ ഗുണപരമായ മാറ്റം ഉണ്ടാക്കാവുന്നതാണ്. ഈ മേഖല ഇവിടുത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും ആടുകൾക്ക് വളരെ അനുകുലമായ ഘടകമാണ്. നല്ലയിനം ആട്ടിൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാനുള്ള സംവിധാനവും ഉണ്ടാവേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഊരത്തൂർ പറമ്പിൽ സ്ഥിതിചെയ്യുന്ന ഒരു ഗോട്ട്ഫാം മാത്രമാണ് ഉള്ളത്. 500 ഏക്കറോളം വരുന്ന തരിശുഭൂമി കലർന്ന പറമ്പ് ഉപയോഗശുന്യമായി കിടക്കുന്നു. ഇത് ഉപയോഗപ്പെടുത്തി വിപുലമായ രീതിയിൽ ആടുവളർത്തലിന് സാധ്യതയുണ്ട്. ഈ മേഖലയുടെ വികസനത്തിന് സഹകരണ മേഖലയുടെ സാന്നിധ്യം അനിവാര്യമാണ്. ഇവയുടെ തീറ്റ ലഭ്യതക്കായി ഒഴിഞ്ഞ സ്ഥലങ്ങളിൽ പ്ലാവും, ശീമക്കൊന്നയും വെച്ചു പിടിപ്പിക്കുകയും പുറമ്പോക്ക് സ്ഥലം ഇതിനായി ഉപയോഗിക്കുകയും ചെയ്യാം.

## പന്നിവളർത്തൽ

വളരെയേറെ സാധ്യതകളുള്ള രംഗമാണ് പന്നിവളർത്തൽ മേഖല. ശാസ്ത്രീയമായ പന്നി വളർത്തൽ പഞ്ചായത്തിൽ നടക്കുന്നേയില്ല എന്നു പറയാം. വൃത്തികെട്ട സാഹചര്യങ്ങളിലും അശാസ്ത്രീയമായ രീതികളും അവലംബിച്ചാണ് നിലവിലുള്ള പന്നിവളർത്തൽ രംഗം മുന്നോട്ടുപോകുന്നത്. ഇത് മാറ്റിയെടുത്ത് ഈ രംഗത്ത് ത്വരിതഗതിയിലുള്ള മാറ്റത്തിന് തുടക്കമിടേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ തൊട്ടടുത്ത പഞ്ചായത്തായ ഇരിക്കൂർ പന്നി വർജ്യ മേഖലയാണ്. ഇരിക്കൂർ പ്രദേശത്തെ ഹോട്ടൽ വെയ്സ്റ്റും നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ തീറ്റയും ഉപയോഗിച്ച് പന്നിവളർത്തലിന്റെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. മാംസ വിപണനത്തിനും വൻ സാധ്യതകളാണ് ഉള്ളത്. ജില്ലയിൽ മുണ്ടായാട് ഉള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നിന്ന് കർഷകർക്ക് പരിശീലനവും കുഞ്ഞുങ്ങളെയും കൊടുക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. പ്രസ്തുത സൗകര്യം വിപുലപ്പെടുത്തിയാൽ കർഷകർക്കു വളരെ പ്രയോജനകരമായിരിക്കും.

## മൂരിക്കുട്ടി പോത്തിൻകുട്ടി വളർത്തൽ

പഞ്ചായത്തിലുണ്ടാകുന്ന 90% പോത്തിൻ കുട്ടികളും സംരക്ഷിക്കപ്പെടാതെ ചത്തുപോകുകയാണ് ചെയ്യുന്നത് സംരക്ഷണകുറവിനാൽ മൂരിക്കുട്ടികളും നശിച്ചുപോകുന്നു ശാസ്ത്രീയമായി പരിപാലിച്ച് ഈ കന്നുകുട്ടികളെ മാംസോൽപാദന മേഖലയിലേക്ക് ഒരു മുതൽക്കൂട്ടാക്കാവുന്നതാണ്. ഒന്നര വയസ്സ് മുതൽ രണ്ടര വയസ്സ് വരെയുള്ള പ്രായത്തിൽ ലഭിക്കുന്ന മാംസം ഉയർന്ന ഗുണമേൻമയുള്ളതാണ് എന്നതാണ് വസ്തുത.

## മുയൽ വളർത്തൽ

5സെന്റ് സ്ഥലമുള്ളവർക്കുപോലും ചെയ്യാവുന്ന കൃഷിയാണ് മുയൽ വളർത്തൽ. വീട്ടിലുള്ള സ്ത്രീകൾക്ക് വളരെ നല്ല രീതിയിൽ നടത്തികൊണ്ടുപോകുവാൻ കഴിയുന്ന ഇതിന്റെ സാധ്യതകൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. താൽപര്യമുള്ളവർക്ക് പരിശീലനവും കുഞ്ഞുങ്ങളെയും കിട്ടുന്നതിന് വേണ്ട സഹായവും ലഭിച്ചാൽ വളരെ മെച്ചപ്പെട്ട സാധ്യതകൾ പ്രതീക്ഷിക്കാം.

## കോഴി താറാവ് വളർത്തൽ

അനന്തമായ സാധ്യതകൾ ഉള്ള ശോഭനമായ ഭാവി ദർശിക്കാവുന്ന ഒരു മേഖലയാണ് കോഴിവളർത്തൽ. ഇറച്ചിക്കും മുട്ടയ്ക്കും വേണ്ടി നാമിന്ന് 90% ഉം ആശ്രയിക്കുന്നത് അന്യ സംസ്ഥാനങ്ങളെയാണ്. പഞ്ചായത്തിന്റെ സാമ്പത്തിക രംഗത്ത് ഒരു പുത്തനുണർവ് സൃഷ്ടിക്കാൻ കഴിയുന്ന ഒന്നാണ് ഈ മേഖല .5 സെന്റ് സ്ഥലമുള്ളവർക്കുപോലും ചെറിയ രീതിയിലുള്ള ഒരു ഫാം നടത്താൻ കഴിയും. പഞ്ചായത്തിൽ ആകെ ഒരു ഇറച്ചിക്കോഴി വളർത്തുകേന്ദ്രം മാത്രമെയുള്ളു. അത് തന്നെ ആവശ്യത്തിന്റെ ഒരു ശതമാനം പോലും നിറവേറ്റുവാൻ പര്യാപ്തമല്ല. ആവശ്യമായ പരിശീലനവും സാമ്പത്തികസഹായവും നല്കുകയും അതോടൊപ്പം രോഗങ്ങൾക്കെതിരെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ ഒരു പാട് ആളുകളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും. മുട്ടയുടെ കാര്യത്തിൽ 100%വും നാമിന്ന് കർണ്ണാടകത്തെയാണ് ആശ്രയിക്കുന്നത്. മുട്ടയുൽപാദന രംഗത്ത് നാമിന്ന് ഒന്നും തന്നെ ചെയ്യുന്നില്ല. പരിശീലനം കിട്ടിയ കുറച്ചധികം ചെറുപ്പക്കാർ പഞ്ചായത്തിലുണ്ട് .വേണ്ട സാമ്പത്തിക സഹായവും നല്ലയിനം കുഞ്ഞുങ്ങളുടെ വിതരണവും നടത്തിയാൽ നല്ല സാധ്യതകൾ പ്രതീക്ഷിക്കാവുന്ന മേഖലയാണിത്.

നമ്മുടെ പഞ്ചായത്തിന് അത്ര പരിചിതമല്ലാത്ത രംഗമാണ് താറാവ് വളർത്തൽ. ഒറ്റപ്പെട്ട ചില വീടുകളിൽ താറാവുകളെ വളർത്തുന്നതൊഴിച്ചാൽ സംഘടിത രൂപത്തിലുള്ള താറാവ് വളർത്തൽ നടക്കുന്നേയില്ല. പഴശ്ശിറിസർവ്വേയറിന്റെ പോക്കറ്റ് ജലാശയങ്ങൾ, കുളങ്ങൾ

ഒറ്റ വിളയെടുക്കുന്ന പാടശേഖരങ്ങൾ ഇവ ഉപയോഗിച്ചു കൊണ്ട് താറാവ് വളർത്തൽ രംഗത്തെ സാധ്യതകൾ ചൂഷണം ചെയ്യാവുന്നതാണ്.

## അറവു ശാലയിലെ ഉപോൽപന്നസാധ്യത

ആധുനിക രീതിയിലുള്ള അറവുശാലകൾ പഞ്ചായത്തിൽ ഒരു സ്ഥലത്തും പ്രവർത്തിക്കുന്നില്ല. അറവു സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിച്ചാൽ അവിടെനിന്നുള്ള വെയ്സ്റ്റ് ഉപയോഗിച്ച് പല ഉപോൽപന്നങ്ങളുടെയും നിർമ്മാണത്തിന് സാധ്യതയുണ്ട്.അറവുശാലകളിൽ നിന്ന് ലഭിക്കുന്ന തുകൽ രക്തം, എല്ല് എന്നിവയെല്ലാം ഉപയോഗ്യമാവുന്നതാണ് തുകൽ ഉപയോഗിച്ച് ചെറുകിട തുകൽ സംസ്കരണവും നിർമ്മാണവും രക്തം ഉപയോഗിച്ച് കാലി തീറ്റയുടെയും കോഴിത്തീറ്റയുടെയും നിമ്മാണത്തിനും ഉപയോഗിക്കാവുന്നതാണ്. എല്ല് സംസ്ക്കരണവും കൂടുതൽ സാധ്യതകളുള്ള രംഗമാണ്.

## പേ വിഷ നിർമ്മാർജ്ജനം

പേ വിഷ പ്രതിരേധ പ്രവർത്തനം പഞ്ചായത്തിൽ ഏകദേശം പൂർത്തിയായെങ്കിലും പട്ടിപിടുത്തത്തിനുള്ള ആളെ കിട്ടാനില്ലാത്തത് വലിയ പ്രതിസന്ധി ഉളവാക്കുന്നുണ്ട്. അലഞ്ഞു തിരിയുന്ന നായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇതിനെ തടയാനായില്ലെങ്കിൽ ഗുരുതരമായ പ്രതിസന്ധിയെ നേരിടേണ്ടിവരും. പട്ടിവളർത്തലിന് ലൈസൻസിംഗ് സമ്പ്രദായം കൊണ്ടു വരേണ്ടത് അത്യാവശ്യമാണ്. ഈ വർഷം 2,100 ഡോസ് മരുന്ന് വളർത്തു നായ്ക്കൾക്കായി കുത്തിവെയ്പ്പു നടത്തിയിട്ടുണ്ട്.

## കർഷക പരിശീലനം

മൃഗ സംരക്ഷണ മേഖലയിൽ പ്രധാന ആവശ്യം കർഷകർക്കുള്ള പരിശീലനമാണ്. മൃഗാസ്പത്രികൾ ഇതിനായി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. കർഷക പരിശീലനം നടത്തുന്നതിനായി പ്രമോട്ടർമാരെ കർഷകരിൽനിന്നും തന്നെ തിരഞ്ഞെടുക്കുന്നത് ഗുണം ചെയ്യുവാനിടയാകും. ജില്ലയിലുള്ള മുണ്ടയാട് ലൈവ് സ്റ്റോക്ക് ട്രെയിനിംഗ് സെന്റർ ഇവർക്കു പരിശീലനം നൽകുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

## മൃഗസംരക്ഷണ മേഖലയിലെ കഷ്ട നഷ്ടങ്ങൾക്കുള്ള ഇൻഷൂറൻസ് സംരക്ഷണം

തങ്ങളുടെ മൃഗസമ്പത്തിന്റെ നഷ്ടത്തിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകേണ്ടതുണ്ട് അതിനുള്ള നടപടി ക്രമങ്ങളും ലഘൂകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ മൊത്തമായി ഒരു ഇൻഷൂറൻസ് മാസ്റ്റർ പോളിസി നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത എടുത്തു പറയേണ്ടതുണ്ട്.

## കർഷകർക്ക് അംഗീകാരം; പരിരക്ഷ

മൃഗസംരക്ഷണ മേഖലയിൽ മുഴുവൻ സമയ കർഷകർക്കായിട്ടുള്ളവരെ അംഗീകരിക്കുന്നതിനും അവർക്ക് ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടയിരിക്കുന്നു. അത് ഈ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് സഹായകരമാകും. ഇത്തരം പദ്ധതികൾ സംസ്ഥാന തലത്തിൽ തന്നെ നടപ്പാക്കേണ്ടിയിരിക്കുന്നു.

## പ്രാണിദ്രോഹങ്ങൾക്കെതിരെ നിയമ നടപടികൾ

മൃഗങ്ങൾക്കെതിരെ നടക്കുന്ന ദ്രോഹങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ നടപ്പാക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് ജില്ലാതലത്തിൽ പ്രാണി ദ്രോഹനിവാരണ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട് .നിലവിൽ നടപടികൾക്ക് സമീപിക്കേണ്ടത് പോലീസിനെയാണ് .അതിനുപകരമായി പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കുകയും സമിതിയിൽ മൃഗഡോക്ടർ സാമൂഹ്യ പ്രവർത്തകർ പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തുകയും ചെയ്താൽ ദ്രോഹ നടപടിക്കെതിരെ ശക്തമായ നടപടികൾ കൈകൊള്ളുന്നതിന് സാധിക്കുന്നതായിരിക്കും.

## പൊതുവായ നിരീക്ഷണങ്ങൾ

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ വലുപ്പം കൊണ്ട് ഒന്നാം സ്ഥാനമില്ലായെങ്കിലും മൃഗസമ്പത്ത് കൊണ്ട് ഒന്നാം സ്ഥാനമുള്ള നമ്മുടെ പഞ്ചായത്ത് മൃഗസംരക്ഷണ മേഖലയിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്ന.ു നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് മുൻ പേജുകളിൽ സൂചിപ്പിച്ചിട്ടുണ്ട്.പൊതുവായ ചില നിർദ്ദേശങ്ങൾ ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.എല്ലാ ഗ്രാമസഭകളും ഒന്നായി ആവശ്യപ്പെട്ടവ കൂടിയാണിത്. പഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും ICDP കേന്ദ്രങ്ങൾ തുടങ്ങുകയെന്നതാണിത്. പ്രസ്തുത കേന്ദ്രങ്ങൾ പ്രാഥമികമായ സൗകര്യങ്ങൾ സജ്ജമാക്കിക്കൊണ്ട് വേണം പ്രവർത്തനം തുടങ്ങുവാൻ. നിലവിലുള്ള കേന്ദ്രങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ വളരെ പരിമിതമാണ്. ചികിത്സാ സൗകര്യങ്ങൾ ഓരോ കർഷകനും അവന്റെ സമീപത്ത് തന്നെ ലഭിക്കുന്നതിനുള്ള സൗകര്യം കൂടി ചെയ്തു കൊടുത്താൽ ഈ മേഖലയെ ഇന്നുള്ളതിൽ നിന്നു ഒരുപാട് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്നതുപോലെ തന്നെ ഇത്ര വിശാലമായ പഞ്ചായത്തിൽ എല്ലാവർക്കും സൗകര്യപ്രദമായ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു പോളിക്ലിനിക്ക് ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിന്റെ സമ്പദ് മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് സഹായിക്കുന്ന വിധത്തിൽ ആവശ്യമായ പ്രവർത്തനത്തിൽ നമ്മുക്ക് ഒററക്കെട്ടായി നില്ക്കുമെന്നപ്രത്ജ്ഞയെടുത്തുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ ചുരുക്കട്ടെ.



# മത്സ്യകൃഷിയും മത്സ്യബന്ധനവും

ജലത്താലും മത്സ്യസമ്പത്തിനാലും സമ്പന്നമായ പഴയകാലം. തോടുകളും പുഴകളും സമൃദ്ധമായിരുന്ന ആ കാലത്ത് ഗ്രാമങ്ങളിലുള്ള ജനങ്ങൾ അവർക്കുവേണ്ട മത്സ്യത്തിനായി ഈ തോടുകളെയും പുഴകളെയും ആയിരുന്നു ആശ്രയിച്ചിരുന്നത്. റോഡുകളും വാഹനങ്ങളും കുറവായിരുന്ന അന്ന് കടൽമത്സ്യം ഗ്രാമങ്ങളിൽ എത്തുന്നത് അപൂർവ്വമായിരുന്നു. എന്നാൽ ഇന്ന് സ്ഥിതിമാറിയിരിക്കുന്നു. പഴയ മത്സ്യസമ്പത്ത് ഒരു ഓർമ്മമാത്രമായിരിക്കുന്നു. മത്സ്യബന്ധനം എന്നത് നമ്മെസംബന്ധിച്ചിടത്തോളം പറഞ്ഞുകേട്ട അറിവ് മാത്രം. ഇതിനെയെല്ലാം മാറ്റിമറിക്കാനുള്ള ഒരു ശ്രമം അതുവഴി നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ ചെറുതല്ലാത്ത ഒരു മാറ്റം തൊഴിൽ മേഖലയിൽ പുതിയൊരുണർവ്വ്. ഇത്രയൊക്കെയാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത്.

മത്സ്യബന്ധനത്തിലോ മത്സ്യകൃഷിയിലോ രേഖപ്പെടുത്താവുന്ന ഒരു ചരിത്രം നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശത്ത് ഇല്ല. മത്സ്യകൃഷി എന്നത് കേട്ടുകേൾവി പോലുമില്ലാതിരുന്ന ഈ പ്രദേശത്ത് ഇതിനൊരു മാറ്റം വരുന്നത് 1995ൽ ആണ്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മത്സ്യകർഷക വികസന അതോറിറ്റി (FFDA) യുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷമാണ് ഇത്തരമൊരു കൃഷിയെക്കുറിച്ച് ആലോചനനടക്കുന്നത്. ജലസേചന വകുപ്പിന്റെ കൈവശമുള്ള പഴശ്ശി റിസർവ്വോയറിലെ ജലസമ്പത്ത് ഉപയോഗിച്ച് കൃഷിചെയ്യുന്നതിനായി ഈ മേഖലയിൽ ഉള്ള കുറെയധികം ആളുകൾക്ക് പരിശീലനം നൽകുകയും മത്സ്യകുഞ്ഞുങ്ങളെ നൽകുകയും ചെയ്തു. ഇതിന്വേണ്ടി അത്മാർത്ഥമായി ശ്രമിച്ച അന്നത്തെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സുധാകരൻ സാറിന്റെ പ്രവർത്തനത്തെ എടുത്തുപറയേണ്ടതുണ്ട്. മൊത്തം റിസർവ്വോയറിൽ 82 ഹെക്ടർ സ്ഥലത്താണ് കൃഷിതുടങ്ങിയത്. റിസർവ്വോയറിലെ ജലം കയറികിടക്കുന്ന പോക്കറ്റ് ജലാശയങ്ങൾ ആണ് കൃഷിക്കായി ഉപയോഗിച്ചത്. പ്രസ്തുത സ്ഥലം വകുപ്പിൽ നിന്ന് പാട്ടത്തിനെടുത്ത് കൃഷിചെയ്യനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ പല സാങ്കേതിക തടസ്സങ്ങളും ഉന്നയിച്ചുകൊണ്ട് ഇറിഗേഷൻ വകുപ്പ് പാട്ടത്തിന് കൊടുക്കൽ തടഞ്ഞു. കർഷകർ യാതൊരു രേഖകളും കിട്ടാതെയാണ് കഴിഞ്ഞവർഷംകൃഷിനടത്തിയത് നിയമപരമായ നടപടികൾ പ്രസ്തുതവകുപ്പ് സ്വീകരിച്ചിരുന്നെങ്കിൽ കർഷകർക്ക് തടവുശിക്ഷ വരെ കിട്ടാൻ സാധ്യതയുണ്ടായിരുന്നു. എന്തായാലും അത്തരം നടപടികളിലേക്ക് വകുപ്പ് നീങ്ങാതിരുന്നതിനാൽ കർഷകർ രക്ഷപ്പെട്ടുഎന്നുപറയാം.

കർഷകർ ചെറുസംഘങ്ങൾ ആയിട്ടായിരന്നു കൃഷി തുടങ്ങിയിരുന്നത്. ആദ്യം സൊസൈറ്റികൾ രൂപീകരിച്ച് കൃഷിനടത്താം എന്നായിരുന്നു തീരുമാനിച്ചിരുന്നതെങ്കിലും പിന്നീട് അതിന്റെ പ്രായോഗികവിഷമതകൾ കണക്കാക്കി പാർട്ടണർഷിപ്പ് വ്യവസ്ഥയിൽ ആണ് കൃഷിതുടങ്ങിയത്. ഓരോ ഗ്രൂപ്പിലും 20മുതൽ 50 വരെ അംഗങ്ങൾ ഉണ്ടായിരുന്നു. ഇവരിൽ 60ഓളം പേർ മത്സ്യകൃഷിയിൽ പരിശീലനം ലഭിച്ചവർ ആയിരുന്നു.

പൂവ്വം പടിയൂർ, നിടിയോടി, പെരുവംപറമ്പ,കല്ലുവയൽ, എന്നിവടങ്ങളിലായി 7 ഗ്രൂപ്പുകൾ രൂപീകരിച്ചാണ് കൃഷിതുടങ്ങിയത്. ഓരോഗ്രൂപ്പിന്റെയും പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തികസഹായം ബാങ്കുകൾ നൽകുമെന്നായിരുന്നു ധാരണ. 35,000 രൂപമുതൽ 2ലക്ഷം രൂപ വരെ പ്രവർത്തനചിലവ് വേണ്ടിവരുന്നതായിരുന്നു പ്രൊജക്ട് റിപ്പോർട്ട്. എന്നാൽ ആവശ്യമായ ധനസഹായം ലഭിക്കാത്തതിനാൽ മുഴുവൻ ഫാമുകളുടെയും പ്രവർത്തനം പരാജയമായിത്തീർന്നു.

## പ്രശ്നങ്ങളും സാധ്യതകളും

മികച്ചസാധ്യതകൾ ഉണ്ടായിരുന്ന ഈ പദ്ധതി പരാജയപ്പെടാൻ നിരവധി കാരണങ്ങൾ ഉണ്ടായിരുന്നു. വിജയിപ്പിച്ചാൽ പഞ്ചായത്തിന്റെ സമ്പദ്ഘടനയിലും തൊഴിൽ മേഖലയിലും ഒരു കുതിച്ചു ചാട്ടത്തിനു വഴിയൊരുക്കുന്നതാണ് മത്സ്യകൃഷിമേഖല. റിസർവ്വോയറിലെ ജലം ഉപയോഗിച്ച് തുടങ്ങിയ ഈ പദ്ധതിയെ പെൻകൾച്ചർ കൃഷി രീതിയെന്ന് വിളിക്കപ്പെടുന്നു. കേരളത്തിൽ ആദ്യമായിട്ടായിരുന്നു. ഇത് പരീക്ഷിക്കപ്പെട്ടത്. ആദ്യമായിവേണ്ടത് ജലസേചനവകുപ്പിന്റെ കീഴിലുള്ള സ്ഥലം പാട്ടത്തിന് കർഷകർക്ക് നൽകലായിരുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ സാങ്കേതികതയുടെയും മറ്റും കാര്യം ഉന്നയിച്ച് നിരവധി തടസ്സവാദങ്ങൾ ഉന്നയിക്കയാണ് വകുപ്പ്ചെയ്തത് കേരളത്തിലെ മുഴുവൻ ചെറുകിട ജലാശയങ്ങളും മത്സ്യകൃഷിക്കായി നൽകാൻ സർക്കാർ ഓർഡർ ഉണ്ടായിരുന്നിട്ടുപോലും ഈ തടസ്സവാദങ്ങൾ മറികടക്കാനായില്ല. സ്ഥലം പാട്ടത്തിന് കിട്ടാത്തതിനാൽ സാമ്പത്തികസഹായം നൽകാൻ ബാങ്കുകൾ തയ്യാറായില്ല.വലിയ തുക മുതൽ മുടക്കുവരുന്നതിനാൽ ബാങ്കുസഹായംകൂടാതെ ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാനായില്ല. മൂന്നുഘട്ടമായി നടക്കേണ്ട നിർമ്മാണപ്രവർത്തനം നേഴ്സറി, റെയിറിംഗ്പോണ്ട് വളർത്ത് ഏരിയ, എന്നിവയിൽ ആദ്യഘട്ടമായ നേഴ്സറിയുടെ പ്രവർത്തനം മാത്രമേ നടത്താൻ സാധിച്ചുള്ളൂ. അപൂർവ്വം ചില ഗ്രൂപ്പുകൾ സ്വന്തം കൈയിൽ നിന്നും മറ്റുവിധത്തിലുള്ള ബാങ്കുലോണുകളും ഉപയോഗിച്ച് രണ്ടണ്ടാംവട്ടം പ്രവർത്തനമായ റെയിറിംഗ്പോണ്ടും പൂർത്തിയാക്കി. എന്നാൽ മർമ്മപ്രധാനമായ മൂന്നാംഘട്ട പ്രവർത്തനം നടത്താൻ സാധിക്കാത്തതിനാൽ മത്സ്യങ്ങൾക്ക്ആവശ്യമായ വളർച്ചപ്രാപിക്കുവാൻ സാധിച്ചില്ല. അതുകൊണ്ട് ഈ ഏഴുഗ്രൂപ്പുകളും വൻ നഷ്ടത്തിൽ പെടുകയുണ്ടായി.

## സാധ്യതകൾ

മത്സ്യകൃഷിക്ക് ഉപയുക്തമായ ജലാശയം പരിശീലനം ലഭിച്ച കുറെയധികം ആളുകൾ വിപണനത്തിന് യാതൊരു വിഷമതയും ഇല്ലാത്ത മേഖല. വർദ്ധിച്ചു വരുന്ന ആവശ്യത്തിനനുസരിച്ച് വിപണിയെ തൃപ്തി പെടുത്താനാവാത്ത അവസ്ഥ. ഈ സാധ്യതയെ വേണ്ട വിധത്തിൽ ചൂഷണം ചെയ്താൽ തൊഴിൽമേഖലയിൽ വളരെ ശോഭനമായ ഭാവി സമ്പത്ത് മേഖലയിൽ വൻനേട്ടം. ഇതിന് ആദ്യമായി ചെയ്യേണ്ടത് സ്കേതിക തടസ്സങ്ങൾ പരിഹരിച്ച് സ്ഥലം ലീസിന് നൽകുകയാണ്. ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുകയും ചെയ്താൽ കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും. കൃത്രിമ ഉൽപ്പാദന പ്രക്രിയയിലൂടെ മത്സ്യകുഞ്ഞുങ്ങളെ ഉപാദിപ്പിക്കാൻ കഴിയും. പ്രധാനമായും കട്ല, രേഹു സൈപ്രിനസ്, സിൽവർ കാർഷ്, ഗ്രാസ്കാർപ് തുടങ്ങിയ ഇനങ്ങളെയാണ് വളർത്തലിനായി ഉപയോഗിക്കുന്നത്. ഇപ്പോൾ മത്സ്യകുഞ്ഞുങ്ങൾക്കായി പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ ഉടമസ്ഥതയിലുള്ള മലമ്പുഴ നാഷനൽ ഫിഷ്സീഡ് ഫാം, സ്വകാര്യ ഉടമസ്ഥതയിലുള്ള ഹാർച്ചറികളെയുമാണ്. ഈ വർഷം മുതൽ ചെറിയതോതിലുള്ള ഉൽപാദനം പഞ്ചായത്തിൽതന്നെ പെരുവം പറമ്പിലുള്ള ഹാർച്ചറിയിൽ നിന്നു നടക്കുന്നുണ്ട്. എല്ലാ ഇനം മത്സ്യകുഞ്ഞുങ്ങളെയും ഈ ഫാമിൽ തന്നെ ഉൽപാദിപ്പിച്ചാൽ ഇവിടെയുള്ള കർഷകർക്ക് വലിയ സഹായമായിതീരും. മത്സ്യത്തിന് നൽകുന്ന തീറ്റ സബ്സിഡി നിരക്കിൽ നൽകിയാൽ ഉൽപാദനചിലവിൽ വലിയകുറവു വരുത്തുവാൻ സാധിക്കും. അതോടൊപ്പം തന്നെ കോഴി, താറാവ്, പന്നി വളർത്തലുകൾക്ക് സാമ്പത്തികസഹായവും സാങ്കേതിക സഹായവും നൽകുന്നതിന് പദ്ധതിയുണ്ട്. കർഷകരെ സഹായിക്കുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു മത്സ്യഭവൻ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ട്. ഈ പഞ്ചായത്തിൽ ഇത്തരം ഒന്ന് നിലവിൽ വന്നാൽ ഇവിടുത്തെ കർഷകർക്ക് വളരെ സഹായകരമാകും. റിസർവ്വോയറിന്റെ ജലാശയത്തിൽ നിന്നും മറ്റു സംസ്ഥാനത്തുനിന്നും മത്സ്യബന്ധനം നടത്താറുണ്ട്. ഇവിടെയുള്ള കർഷകർക്ക് വള്ളവും വലയും നൽകുകയും വേണ്ട സാങ്കേതിക സഹായവും നൽകിയാൽ ഈ മേഖല പരമാവധി ചൂഷണം ചെയ്യാനും നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോൻമുഖവളർച്ചയെ മുന്നോട്ട് കൊണ്ടുപോകാനും സാധിക്കും.



# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിസ്തീർണ്ണത്തിൽ, സംസ്ഥാന തലത്തിൽ തന്നെ മുൻപന്തിയിലുള്ള ഈ പഞ്ചായത്തിൽ ഏറിയ പ്രദേശങ്ങളും ആവശ്യത്തിന് ഗതാഗതസൗകര്യങ്ങളോ വൈദ്യുതി, വ്യവസായങ്ങൾ, വിദ്യാഭ്യാസസൗകര്യങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്ത കിഴക്കൻ മലയോര സംസ്ഥാനാതിർത്തി പ്രദേശങ്ങളാണ്. വകുപ്പ് അധികൃതരുടെ ആസ്ഥാനങ്ങൾ കിലോമീറ്ററുകൾ അകലെയായതുകൊണ്ടും, ദുർഘട പ്രദേശങ്ങളിൽ പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾ എത്തിപ്പെടുന്നത് അതിദുഷ്കരമായ സംഗതിയാണ്.അതുകൊണ്ട് കോളനികളിലെ സാമ്പത്തിക വികസനം വളരെ ദയനീയാവസ്തയിലാണ് ഔപചാരികവിദ്യാഭ്യാസ സൗകര്യങ്ങളും സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളും ഏറെയും അപ്രാപ്യമാണ്. ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്ക് എത്തിനോക്കുവാൻ പോലും പ്രാപ്തരായവർ വിരലിലെണ്ണാവുന്ന ഏതാനും പട്ടികജാതിക്കാർ മാത്രമേയുള്ളൂ. പട്ടികവർഗ്ഗക്കാരുടെയിടയിൽ സാമാന്യ വിദ്യാഭ്യാസം പോലും എത്തിപ്പെടുന്നില്ല. പടിയൂരിലും പുറവയലിലും ഒരോ പ്രീമെട്രിക് ഹോസ്റ്റലുകൾ ഉണ്ട് എന്നിരിക്കിലും ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷവരെ പോലും എത്താൻ കഴിയുന്നില്ല എന്നതാണ് വാസ്തവം.

എങ്കിലും അനുസ്യൂതമായ അനൗപചാരിക വിദ്യാഭ്യാസ കാര്യത്തിലും തദ്വാരയുള്ള സാമൂഹ്യ – സാംസ്ക്കാരിക വളർച്ചയിലും കേരളത്തിലെ മറ്റു ഗ്രാമ പഞ്ചായത്തുകൾക്ക് മാതൃകയാകുവാൻ തക്ക വികാസം ഈ പഞ്ചായത്തിലെ പട്ടികജാതി വർഗ്ഗക്കാർക്ക് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന വസ്തുത നിഷേധിക്കാനാവുന്നതല്ല. ഇക്കാര്യത്തിൽ നമുക്ക് അഭിമാനിക്കാം: പക്ഷേ സാംസ്ക്കാരിക വളർച്ചയ്ക്കൊപ്പം സാമ്പത്തിക വളർച്ച ഉണ്ടാകുന്നില്ലെങ്കിൽ, ഇതുവരെയുള്ള സാംസ്ക്കാരിക വളർച്ചയും തകിടം മറിഞ്ഞു പോകുമെന്നതും പരമാർത്ഥംതന്നെ. ഗതാഗത സൗകര്യം, വൈദ്യുതി, ഔപചാരിക വിദ്യാഭ്യാസം, തൊഴിൽ, വ്യവസായങ്ങൾ മുതലായ അത്യന്താപേക്ഷിത ഘടകങ്ങൾ ലഭ്യമാകുന്നതിനാവശ്യമായ പട്ടികജാതി വർഗ്ഗ ക്ഷേമപദ്ധതികൾ ഇനിയും ഈ പ്രദേശത്ത് സൂക്ഷ്മബുദ്ധിയോടെയും തീവ്രശ്രദ്ധയോടും കൂടി നടപ്പിലാക്കുവാൻ കാലതാമസം വരുത്തുന്നത് ആത്മഹത്യാപരമായിരിക്കും.

## ചരിത്രം ഇതുവരെ

49.58 ച മൈൽ വിസ്തീർണ്ണവും (31853.62 ഏക്കർ: 12891.16 ഹെക്ടർ: 128.9116 ച.കി.മി) 4 വില്ലേജുകളും ഉള്ള ഈ ഗ്രാമ പഞ്ചായത്തിൽ ചെറുതും വലുതുമായ 36 പട്ടികജാതി/ വർഗ്ഗസങ്കേതങ്ങൾ ഉണ്ട്. ഇതിൽ 16 എണ്ണം പട്ടിക വർഗ്ഗത്തിൽപ്പെട്ട പണിയർ സമുദായസങ്കേതങ്ങളാണ്. മറ്റ് 20 എണ്ണം വള്ളുവൻ, കരിമ്പാലൻ, മാവിലൻ, പുലയൻ, എന്നീ പട്ടികജാതിക്കാരുടേതുമാണ്. വേലൻ, മലയൻ, മണ്ണാൻ, ചെറുമൻ, പെരുമണ്ണാൻ, കണക്കൻ, കുറവൻ എന്നീ പട്ടികജാതിക്കാർക്ക് സങ്കേതങ്ങളില്ല. പട്ടികവർഗ്ഗത്തിൽപ്പെട്ടയാൾക്കാരും ഒറ്റപ്പെട്ട് ജീവിക്കുന്നവർ പേരിനുണ്ട്. തീവ്രസങ്കേത വികസന പരിപാടിയിൽ ഉൾപ്പെടുത്തപ്പെട്ട 4 പട്ടിക ജാതി കോളനികളും 3 പട്ടികവർഗ്ഗ കോളനികളും ഉണ്ട്. ഓരോ വിഭാഗത്തിനും ഓരോ കമ്മ്യൂണിറ്റി ഹാളുകളും ഉണ്ട്.

1901ൽ വയത്തൂർ ദേശത്ത് ( ഇപ്പോൾ വയത്തൂർ വില്ലേജ്) 19 പുരുഷന്മാരും 13 സ്ത്രീകളും 7 വീടുകളും 3 കാളവണ്ടികളും 192 കലപ്പകളും ഉള്ളതായി കാണപ്പെടുന്ന ആധികാരിക അച്ചടിരേഖയിൽ പട്ടികജാതി/വർഗ്ഗക്കാരെപറ്റിയോ സങ്കേതങ്ങളെ പറ്റിയോ പരമാർശിച്ചു കാണുന്നില്ല. പടിയൂർ, കല്യാട്, നുച്യാട് വില്ലേജുകളിൽ അക്കാലത്ത് പട്ടികജാതി/വർഗ്ഗക്കാർ ഉണ്ടായിരുന്നതായി

എന്തെങ്കിലും ആധികാരിക രേഖകൾ ഇല്ല.

കൊടും കാടുകളിൽ ഏതോ കാലം മുതൽ കൃഷി ചെയ്തും നായാട്ടുനടത്തിയും ഒരിടത്തും സ്ഥിരമായി താമസിക്കാതെ മാറി മാറി താമസിച്ചു വന്നിരുന്ന പട്ടികജാതി/വർഗ്ഗക്കാർ 1942 ൽ സമാരംഭിച്ച ഐതിഹാസിക കുടിയേറ്റ പ്രക്രിയയെ തുടർന്നാണ് മാറി നടക്കാനിടമില്ലാതെ വന്ന് സ്ഥിരസങ്കേതങ്ങളിൽ പാർപ്പുറപ്പിച്ചത്. 20ാം നൂറ്റാണ്ടിന്റെ അഞ്ചാം ദശകത്തിന്റെ മദ്ധ്യകാല ഘട്ടത്തിൽ ആചാര്യ വിനോബാവ സംഘടിപ്പിച്ച ഭൂദാന യജ്ഞം വഴി ഒന്നിലധികം കോളനികൾ ഈ പഞ്ചായത്തിൽ നിലവിൽ വന്നിട്ടുണ്ട്. കൂടാതെ 7 ാം ദാശകത്തിന്റെ അന്ത്യഘട്ടത്തിൽ ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഏറ്റെടുത്ത ആര്യങ്കോട് മിച്ചഭൂമിയിൽ 25 പട്ടികവർഗ്ഗക്കാർക്ക് മിച്ചഭൂമി പതിച്ചു ലഭിച്ചതിനെതുടർന്ന് ആര്യങ്കോട്ട് പട്ടികവർഗ്ഗസങ്കേതവും അതേതുടർന്ന് കുയിലൂർ മിച്ചഭൂമി പതിച്ചു കിട്ടിയ വഴിക്ക് കുയിലൂർ പട്ടികവർഗ്ഗ സങ്കേതവും രൂപം കൊണ്ടിട്ടുണ്ട്. 1979 – 83 വർഷകാലഘട്ടത്തിലെ ഗ്രാമീണ പ്രവൃത്യൻ മുഖസാക്ഷരതാ കേന്ദ്രങ്ങൾ, തുടർന്നു വന്ന വയോജന വിദ്യാകേന്ദ്രങ്ങൾ, കാൻഫെഡ് സാക്ഷരതാ ക്ലാസ്സുകൾ, കൊഴിഞ്ഞുപൊയ കുട്ടികൾക്കുവേണ്ടി നടത്തപ്പെട്ട കാൻഫെഡ് സ്കൂളുകൾ എന്നിവയ്ക്കുശേഷം നടപ്പിലാക്കിയ സമ്പൂർണ്ണ സാക്ഷരതാ പരിപാടി, 1995 ഡിസംബർ മാസംകൊണ്ട് നിശ്ചലമായ 2ാം ഘട്ട ആദിവാസി സാക്ഷരതാ പരിപാടി, 1996 ഓഗസ്റ്റ് മുതൽ നടന്നു വരുന്നതും, സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുവരെ യാതൊരു ശ്രദ്ധയും ലഭിക്കാത്തതും ട്രൈബൽ കോളനി ഗാർഡിയ്ന്മാർക്കു ഒരു കോ–ഓർഡിനേറ്ററുടെ ചുമതലയിൽ ഏല്പിച്ചു കൊടുത്തിട്ടുള്ളതുമായ ആദിവാസി തുടർസാക്ഷരതാ പ്രവർത്തനങ്ങൾ എന്നിത്യാദി അനുസ്യൂത സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ ഈ പ്രദേശത്തെ പട്ടികജാതി/വർഗ്ഗക്കാർ അഭിമാനകരമായ വിധം സാക്ഷരരായിട്ടുണ്ട്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം കൂടുതൽ സ്ത്രീകളാണ് സാക്ഷരത നേടിയിട്ടുള്ളത്. പട്ടികജാതി വർഗ്ഗക്കാരുടെയിടയിൽ നടത്തപ്പെട്ട വിവിധ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഈ ഗ്രാമപഞ്ചായത്തിൽ ഒരു സബ് പ്രോജക്ട് (ജില്ലാതലം) അവാർഡും,വയോജന വിദ്യാഭ്യാസവകുപ്പിന്റെ 3 ജില്ലാതല അവാർഡുകളും ( ഇതിൽ ഒരെണ്ണം പട്ടികജാതിക്കാരിയായ ഒരു വനിതയ്ക്കാണ് എന്ന കാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു)., ഒരു ആദിവാസി സാക്ഷരതാ ജില്ലാതല അവാർഡും, ഒരു കാൻഫെഡ് സംസ്ഥാനതല അവാർഡും ലഭിച്ചിട്ടുണ്ട്. പട്ടികജാതിക്കാരായ 3 സ്ത്രീകൾ 1995 ലെ കണ്ടൻസസ് കോഴ്സ് സർട്ടിഫിക്കറ്റ് പരീക്ഷ എഴുതി ജയിച്ച് സർട്ടിഫിക്കറ്റ് കരിസ്ഥമാക്കിയിട്ടുണ്ട്.

ആധാരമെഴുത്ത്, കോ- ഓപ്പറേറ്റീവ് ട്രെയിനിംഗ്, ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്, ലാബറട്ടറി ടെക്നീഷ്യൻ കോഴ്സ്, ടൈപ്പ്റൈറ്റിംഗ്, തയ്യൽ, കാർപന്ററി, അഗ്രികൾച്ചറൽ ട്രെയ്നിംഗ് മുതലായി വിവധ പരിശീലനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളവരുടെ എണ്ണം വിരലിൽ എണ്ണാവുന്നതു മാത്രമേയുള്ളൂ. എന്നാൽ അവർ എല്ലാവരും തന്നെ തൊഴിൽരഹിതരായി നിലനില്ക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസ പ്രക്രിയയിലൂടെ വിദ്യനേടി പ്രബുദ്ധരായ പട്ടികജാതി/വർഗ്ഗ സമൂഹങ്ങൾ 1980 മുതൽ വികസന സമിതികൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത്. ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. ചെമ്മരൻ പ്രസിഡണ്ട് ആയി പ്രവർത്തിച്ചു വരുന്ന ഉളിക്കൽ ഏറിയാ ആദിവാസി വികസന സെൻട്രൽ കമ്മറ്റിയുടെ കീഴിൽ ഏകോപിക്കപ്പെട്ട് പ്രവർത്തനം നടത്തിവരുന്നു. 1985 ൽ ഈ സെട്രൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ എം.എൽ.എ,പഞ്ചായത്തു പ്രസിഡണ്ട്, പട്ടികജാതി/വർഗ്ഗ ക്ഷേമവകുപ്പ് ഉദ്യോഗസ്ഥന്മാർ, സാമൂഹ്യക്ഷേമവകുപ്പ് ഉദ്യോഗസ്ഥന്മാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പട്ടികജാതി/വർഗ്ഗസംഗമം (മീറ്റ് ദി ഹരിജൻ പ്രോഗ്രാം) നടത്തി. (അന്ന് ''ഹരിജൻ, ഗിരിജൻ'' എന്ന പദപ്രയോഗങ്ങൾ ആയിരുന്നു സർക്കാർ തലത്തിൽ നിലനിന്നിരുന്നത്.)

1988 ആയപ്പോഴേയ്ക്കും വിവധ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഫലമായി ഓരോ വികസന സമിതികളുടെയും കീഴിൽ ശ്രദ്ധേയമായ സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. അഭിനയം, നൃത്തം, കഥാപ്രസംഗം, ചിത്രരചന, സംഗീതം, ഉപകരണസംഗീതം, ചെറുകഥാരചന, ഗാനരചന, നാടകരചന, സംവിധാനം, നാടൻ കലകൾ മുതലായരംഗങ്ങളിൽ അഭിനന്ദനാർഹരായ പ്രതിഭകളെ കണ്ടെത്തുവാനും രംഗാവിഷ്കരണം നടത്തുവാനും സാധിച്ചിട്ടുണ്ട്. എതാനും സംഘങ്ങളുടെ പരിപാടികൾ ആകാശവാണി പ്രക്ഷേപണം ചെയ്തിട്ടുമുണ്ട്. 1988 ൽ ഉളിക്കല്ലിൽ വച്ചു നടത്തപ്പെട്ടതും ജില്ലാകലക്ടർ ഉൽഘാടനം ചെയ്തതും, സെമിനാർ, ഘോഷയാത്ര, പൊതു സമ്മേളനം എന്നീപരിപാടികളോടെ നടത്തപ്പെട്ടതും ആയ ആദിവാസിമഹാസമ്മേളനം പട്ടികജാതി/വർഗ്ഗസമൂഹങ്ങളുടെ വികസന മുന്നേറ്റത്തിന്റെ പ്രകടമായ ഒരു തെളിവാണ്. (ഈ മഹാസമ്മേളനത്തിന്റെ സ്മരണിക ഫോട്ടോകൾ സഹിതം തയ്യാറാക്കി ഉളിക്കൽ ഏറിയാ ആദിവാസി വികസനസെൻട്രൽ കമ്മറ്റി ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്). പട്ടികജാതി/വർഗ്ഗക്കാരുടെ രോഗ ചിക്സാസഹായത്തിന് ഫണ്ടുകൾ സെൻട്രൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ കോളനികളിൽ നിന്നും സമാഹരിച്ച് നൽകിയിട്ടുണ്ട്. നിർദ്ധനരായ 7 ജോഡി യുവതീയുവാക്കളുടെ വിവാഹങ്ങൾ ഇതുവരെ സെൻട്രൽ കമ്മറ്റി ഓഫീസിൽ വെച്ച് സാമുദായികാചാര പ്രകാരംതന്നെ, അനാർഭാടമായി നടത്തി. സെൻട്രൽ കമ്മറ്റിയുടെ വിവാഹരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കഴിയുന്നതും പട്ടി

കജാതിവർഗ്ഗക്കാരുടെ വിവാഹങ്ങൾ ഇതേ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു വരുന്നു.

31-1-88 ന് കണ്ണൂർ ജില്ലാ കാൻഫെഡിന്റെ ആഭിമുഖ്യത്തിൽ ഇരിട്ടി ആനന്ദതീർത്ഥം ഓഡിറ്റോറിയത്തിലെ ആദർശ് വിവാഹവേദിയിൽ 5 പട്ടികവർഗ്ഗ ദമ്പതികളുടെ സമൂഹ വിവാഹം ആശീർവദിച്ചത് അന്നത്തെ ആരോഗ്യ മന്ത്രി ശ്രീ. എ.സി. ഷൺമുഖദാസ്, കാൻഫെഡ് സംസ്ഥാന സെക്രട്ടറി ശ്രീ പി.എൻ. പണിക്കർ, എം.എൽ.എ മാരായ ശ്രീ കെ. പി. നൂറുദ്ദീൻ, ശ്രീ കെ.കെ.എൻ. പരിയാരം, ഇപ്സൊ കണ്ണൂർ ജില്ലാ പ്രസിഡണ്ട് ശ്രീ പാമ്പൻ മാധവൻ എന്നിവർ ആയിരുന്നു. ആ വിവാഹങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഈ വിവാഹ രജിസ്റ്ററിൽ തന്നെയാണ്. (ഈ ചടങ്ങ് ദൂരദർശൻ പ്രക്ഷേപണം ചെയ്തിട്ടുള്ളതാണ്. അന്ന് ഈ പഞ്ചായത്തിൽ ടെലിവിഷൻ ഇല്ലാതിരുന്നതു കൊണ്ട് ഇവിടെ ആർക്കും കാണാൻ കഴിഞ്ഞിരുന്നില്ല).

അതുപോലെതന്നെ സെൻട്രൽ കമ്മറ്റി പ്രത്യേകം ജനന മരണ രജിസ്റ്ററുകളും സൂക്ഷിക്കുന്നു. കുടുംബരജിസ്റ്ററുകൾ ഉണ്ടാക്കി സൂക്ഷിക്കുന്നതിന്ന് സെൻട്രൽ കമ്മറ്റി വർഷങ്ങൾക്കു മുമ്പേ തീരുമാനപ്പെടുത്തിട്ടുണ്ടെങ്കിലും അതിനുവേണ്ടുന്ന രജിസ്റ്റർ ഫോറങ്ങൾ അച്ചടിക്കുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ട് ഇന്നും പൂർത്തികരിക്കാനാകാത്ത ഒരു സ്വപ്നമായി അവശേഷിക്കുന്നു.

ഈ സെൻട്രൽ കമ്മറ്റി പട്ടികജാതിയിൽപ്പെട്ട കരിമ്പാലൻ വിഭാഗത്തിന്റെ ''കരിമ്പാല ചരിതം'' എന്ന ഗ്രന്ഥം കയ്യെഴുതി സൂക്ഷിച്ചിട്ടുണ്ട്. സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ടുതന്നെ അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. 1988 ൽ ഒരു കയ്യെഴുത്തു പ്രസിദ്ധീകരണം തയ്യാറാക്കിയിട്ടുണ്ട്. രചയിതാക്കൾ പട്ടികജാതി/വർഗ്ഗവിഭാഗക്കാരും ആദിവാസി സാക്ഷരതാ പ്രവർത്തകരുമാണ്.

1994 ലെ കേരളോത്സവത്തിൽ ഫോക്ക്ഡാൻസ് ഇനത്തിൽ സംസ്ഥാന തലത്തിൽ ഒന്നാംസ്ഥാനാർഹമായി ദേശീയതലത്തിലുള്ള മത്സരത്തിൽ (ഭോപ്പാലിൽ) പങ്കെടുത്തു അവതരിപ്പിച്ച സംഘത്തിൽ വാദ്യോപകരണമായ തുടികളുമായി 2 പട്ടികവർഗ്ഗക്കാർ ഉണ്ടായിരുന്നു എന്നതും അഭിമാനാർഹമായനേട്ടമാണ്.

ഈ പഞ്ചായത്തിലെ വാല്പറമ്പ്, മണിപ്പാറ ജനവിദ്യാകേന്ദ്രങ്ങളുടെ കീഴിലുള്ള 23 അക്ഷരസംഘങ്ങളിൽ 10 എണ്ണം പട്ടികജാതികോളനികൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ളതാണ്.

ഈ പഞ്ചായത്തിൽ പട്ടികജാതി സംവരണ സീറ്റിൽ

1955-63 കാലഘട്ടത്തിൽ ശ്രീ പള്ളത്ത്തലയടിയാൻ കോരനും,

1963-79 കാലഘട്ടത്തിൽ ഇല്ല

1979-84 കാലഘട്ടത്തിൽ ശ്രീ മുന്നോലിശങ്കരനും,

1987-94 കാലഘട്ടത്തിൽ ശ്രീ സി.കെ. ബാലകൃഷ്ണനും

പഞ്ചായത്ത് മെമ്പർമാരായി സേവന മനുഷ്ഠിച്ചിട്ടുണ്ട്.

1995 മുതൽ ശ്രീ പള്ളത്തു ബാലകൃഷ്ണൻ ഗ്രാമപഞ്ചായത്ത് മെമ്പർ ആയി സേവനമനുഷ്ഠിച്ചു വരുന്നു.

ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ നടത്തപ്പെട്ട പ്രഥമഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജനറൽസീറ്റിൽ മത്സരിച്ചു വിജയിച്ച സെൻട്രൽ കമ്മിറ്റി പ്രസിഡണ്ട് ആയ ശ്രീ പി.ചെമ്മരൻ, സംവരണപഞ്ചായത്ത് അല്ലാതിരുന്നിട്ടും ഈ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ട് ആയി അവരോധിക്കപ്പെട്ടിരിക്കുന്നത് ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗ വികസനപുരോഗതിയുടെ മതിയായ തെളിവാണ്. അപ്രകാരംതന്നെ ഈ സംഭവം ഈ ഗ്രാമപഞ്ചായത്തിന് തനതും, സംസ്ഥാനതലത്തിൽത്തന്നെ അഭിമാനകരവുമാണ്. എന്നിരിക്കിലും ഈ ഗ്രാമപഞ്ചായത്തിൽ നാളിതുവരെയും പട്ടികവർഗ്ഗക്കാരനായ ഒരാൾ പോലും ഗ്രാമപഞ്ചായത്ത് മെമ്പർ ആയി അവരോധിക്കപ്പെടാൻ ഇടവന്നിട്ടില്ലാത്തത് ഒരു തീരാക്കളങ്കമായി അവശേഷിക്കുന്നു.

ജാതിപരമായ ഉച്ചനീചത്വം പ്രത്യക്ഷത്തിൽ കാണപ്പെടുന്നില്ല. വിവാഹച്ചടങ്ങുകൾക്കും മരണശേഷക്രിയകൾക്കും മറ്റുസമുദായക്കാരായ അയൽക്കാർ സഹകരണമനോഭാവത്തോടെ പങ്കെടുത്തുവരുന്നു. ജാതിപ്പേരു വിളിക്കുന്ന രീതി വ്യക്തിഗത താല്പര്യങ്ങളിലല്ലാതെ ഉണ്ടാകാറില്ല. അവിവാഹിതരായ അമ്മമാർ അങ്ങിങ്ങുണ്ട്.

സർക്കാർ രേഖകളിൽ ''ഹരിജൻ, ഗിരിജൻ'' എന്ന പദങ്ങൾ ഉപയോഗിക്കുന്നത് നിയമം മൂലം തടഞ്ഞിട്ടുണ്ട്. 10 വർഷങ്ങൾക്കുശേഷവും, ജനകീയ ആസൂത്രണ പരിപാടിയുടെ രേഖകളിൽ ഇതേപദങ്ങൾ ഉപയോഗിച്ചു കാണുന്നത് പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് മനസ്സു വിഷമത്തിനു കാരണമായിട്ടുണ്ട്.

കോളനികളുടെ ബാഹുല്യം കണക്കിലെടുത്താൽ, പോലീസ്സ്റ്റേഷനുകളിൽ എത്തുന്ന പരാതികൾ തുലോം കുറവായി കാണുന്നതിനു കാരണം വികസനസമിതികളുടെ പ്രവർത്തന കാര്യക്ഷമതയുടെ തെളിവാണ്.

വിരലിലെണ്ണാവുന്ന പട്ടികജാതി/വർഗ്ഗക്കാരെ വ്യാജമദ്യലോബികൾ വലയിലാക്കി കേസ്സുകളിൽ കുടുക്കുന്ന കാര്യത്തിൽ, അവരെ കരുവാക്കുന്ന ലോബികൾക്കുകൂടി കനത്ത ശിക്ഷനൽകിയാൽ ഇങ്ങനെയുള്ള കേസ്സുകൾ ഉണ്ടാകാനിടവരാതിരിക്കുന്നതാണ്.

കൂലിപ്പണികൾക്കായി ഈ പഞ്ചായത്തിൽ 30 ലധികം തമിഴ്കുടുംബങ്ങൾ ഏറെക്കാലമായി താമസിച്ചു വരുന്നു. ഇവർ XII മാട്ടറ നിയോജകമണ്ഡലത്തിലെ മാട്ടറ

ടൗണിലെ വഴിയോരങ്ങളിലുള്ള വാടകകെട്ടിടങ്ങളിലാണ് താമസിക്കുന്നത്.

വഴിയരികിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്ന വർ ഇല്ല. പട്ടികജാതി കോളനികളിൽ കൈവശഭൂമിക്ക് പട്ടയം കിട്ടാത്തവർ കുറവാണ്. എന്നാൽ പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ മിച്ചഭൂമി സ്ഥലങ്ങളുടെതല്ലാതെ മറ്റ് കൈവശ ഭൂമികൾക്ക് പട്ടയങ്ങൾ നിൽകിയിട്ടില്ല. അതിനായി ജില്ലാ കളക്ടറുടെ 12/12/95 ലെ റഫ്.സി.3666/95 നമ്പർ നിർദ്ദേശ പ്രകാരം വില്ലേജ് ഓഫീസ്സർമാർ ബന്ധപ്പെട്ട ലാൻഡ് ട്രൈബ്യൂണുകളിലേക്ക് സ്വമേധയായുള്ള നടപടികൾക്കായിട്ടുള്ള റിപ്പോർട്ടുകൾ 1996 ജനുവരി മാസത്തിൽ നൽകിയിട്ടുണ്ട്. എന്നാൽഇതുവരെ നടപടികൾ ഒന്നും സ്വീകരിച്ചു കാണുന്നില്ല. (ഇതിൽ 82 കേസ്സുകൾ വയത്തൂർ വില്ലേജിൽ നിന്നുമാത്രമാണ്).

ഇരിക്കൂർ ബ്ലോക്ക് തലത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട സി.1016 നമ്പർ ഇരിക്കൂർബ്ലോക്ക് പട്ടിക വർഗ്ഗ സർവ്വീസ് സഹകരണത്തിന്റെ ആസ്ഥാനം ഈ ഗ്രാമപഞ്ചായത്തിന്റെ സിരാകേന്ദ്രമായ ഉളിക്കല്ലിൽ ആണ്. എന്നാൽ മാറിമാറി വന്ന സർക്കാരുകളുടെ തെറ്റായ നടപടികൾ മൂലം ഇതിന്റെ പ്രവർത്തനം മരവിച്ചുനിൽക്കുകയാണ്.

പതിച്ചുകൊടുത്ത മിച്ചഭൂമിസ്ഥലം ഇനിയും കൈവശം കിട്ടാത്ത അവസ്ഥ പട്ടിക വർഗ്ഗക്കാർക്കു നിലനിൽക്കുന്നുണ്ട്. അരിമുണ്ടചോമന് കണ്ണൂർ ജില്ലാകലക്ടറുടെ പ്രൊസീഡിംഗ്സ് നമ്പർ B-2-126092/SL dt 7-8-82 പ്രകാരം പതിച്ചു ലഭിച്ച നുച്യാട്ദേശത്ത് റി.സ സർവ്വേ നമ്പറിൽപ്പെട്ട 0.75 ഏക്കർ മിച്ചഭൂമിയുടെ കാര്യം C പതിച്ചു കൊടുത്ത ഭൂമി യഥാർത്ഥത്തിൽ ഭൂമിയിലില്ല എന്നതാണു കാര്യം. പരാതിയിന്മേലുള്ള നടപടികൾ റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണശേഷം ചുവപ്പു നാടയിൽ കുടുങ്ങിക്കിടക്കുന്നു ''സഹജീവിയെ രക്ഷിക്കാതെ കഴിയില്ലല്ലൊ'')

തെറ്റായ ഉദ്യോഗസ്ഥ ഇടപെടൽ മൂലം വില്ലേജ് ഓഫീസിലെ തൂപ്പു ജോലി നഷ്ടപ്പെട്ട ഒരു പണിയ സ്ത്രീ ഈ ഗ്രാമ പഞ്ചായത്തിൽ ഉണ്ട്. പരാതികൾ നിഷ്ഫലമായി.

ആരോഗ്യപരമായ കാര്യങ്ങളിൽ 1980-90 കാലഘട്ടത്തിൽ പുറവയൽ ട്രൈബൽ കോളനിയിൽ നടത്തപ്പെട്ട ക്ഷയരോഗ നിർമ്മാർജ്ജന പരിപാടിപ്രകാരം 80 പേരെ കണ്ണൂർ ടി.ബി സെന്ററിൽ നിന്നും ചികിത്സിച്ചു മുഴുവൻ പേരെയും സുഖപ്പെടുത്തിയതിനെ തുടർന്ന് ക്ഷയ-ക്യാൻസർ രോഗികൾ കാണപ്പെടുന്നില്ല. കുഷ്ഠരോഗികൾ ആരും ഇല്ല. ചൊറി ചിരങ്ങ് മുതലായ രോഗങ്ങൾ വിരളം പ്രസവങ്ങൾ ഇപ്പോൾ ആശുപത്രികളിലാണ്. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും വിട.

കതുവാപറമ്പ് (തേങ്ങനാർ + കൊരണ്ട) പട്ടികജാതി (കരിമ്പാലൻ) കോളനിയിലെ വനിതകളുടെ ഉന്നമനത്തിനായി ഡി.ഡബ്ല്യൂ സി.ആർ എ പ്രകാരം രജിസ്റ്റർ ചെയ്ത ജ്യോത്സനാ മഹിളാ സമാജം മെമ്പർമാരിലെ ഗുണഭോക്തതാക്കൾക്കായി ഒരു തേനീച്ച വളർത്തൽ യൂനിറ്റ് ആരംഭിച്ചു. ലഭിച്ച തേനീച്ച കൂടുകൾ ഗുണനിലാവാരമില്ലാത്തവയായിരുന്നു. ഇരിക്കൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്സറുടെ നിർദ്ദേശപ്രകാരം കണ്ണൂർ ഉപഭോകതൃതർക്ക പരിഹാര ഫോറത്തിൽ OP No: 263/93 നമ്പർ കേസ് ഫയൽ ചെയ്തു ഗുണഭോക്താക്കൾ നേരിട്ട് ഹാജരായി അനുകൂല വിധി സമ്പാദിച്ചത് പട്ടികജാതിക്കാരായ വനിതകളുടെ സാമൂഹിക വികാസത്തിന് മതിയായ തെളിവാണ്

ഈകേസ്സിൽ എതിർ കക്ഷി സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഫയൽ ചെയ്ത 985/94 നമ്പർ അപ്പീലിൽ D.W.C.R.A യൂനിറ്റിന് അനുകൂല വിധി ഉണ്ടായി. കണ്ണൂർ ഉപഭോകതൃതർക്ക പരിഹാര ഫോറത്തിൽ റിവിഷൻ ഹിയറിംഗ് ഇതുവരെ ആരംഭിച്ചിട്ടില്ല.

പുറവയൽ അംബേദ്ക്കർ ഗ്രാമത്തിലെ ഇനിയും ഔപചാരിക ഉൽഘാടനം നടത്തപ്പെട്ടിട്ടില്ലാത്ത കമ്യൂണിററി ഹാളും കയനി പട്ടികജാതി (കരിമ്പാലൻ) കോളനിയിലെ വൈതരണികൾ തരണം ചെയ്ത ഉൽഘാടനം നിർവ്വഹിക്കപ്പെട്ട കമ്യൂണിറ്റിഹാളും മുണ്ടാന്നൂർ കരിമ്പാലൻ (പ:ജാ) കോളിനിയിലെ മിനി കമ്യൂണിറ്റി ഹാളും കടമനക്കണ്ടി IHDP കോളനിയിൽ നിർമാണത്തിലുള്ള മിനി കമ്യൂണിറ്റി ഹാളും പ:ജാ/ വർഗ്ഗക്കാരുടെ സാമൂഹിക സാംസ്ക്കാരിക ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുള്ള വിലയേറിയ നേട്ടങ്ങളാണ്.

## പ്രശ്നങ്ങൾ പരിഹാരങ്ങൾ

| ജനസംഖ്യ | പു | സ്ത്രീ | ആകെ |
|---|---|---|---|
| പട്ടികജാതി | 1175 | 1191 | 2366 |
| പട്ടികവർഗ്ഗം | 527 | 564 | 1091 |
| ആകെ SC+ST = | 1072 | 1755 | 3457 |

| ബി | വീടുകൾ (ആകെ) | അധിവാസ-യോഗ്യം | അധിവാസ-യോഗ്യമല്ലാത്തവ | വീടില്ലാത്ത കുടുംബങ്ങൾ |
|---|---|---|---|---|
| പ:ജാതി | 434 - | 334 - | 100 | 150 |
| പ: വർഗ്ഗം | 205- | 100 - | 105 | 95 |
| ആകെ | 639 - | 434 - | 205 | 245 |

പരിഹാരം 1) 205 വീടുകൾ നിർമ്മിക്കുന്നതിനും 245 കുടുംബങ്ങൾക്ക് വീടും സ്ഥലവും കൊടുക്കുന്നതിനും നടപടികൾ സ്വീകരിക്കണം .

2) അത്രയും കക്കൂസുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുക

**വൈദ്യുതി :** 15 കോളനികൾ വൈദ്യുതീകരിക്കുക

1) വൈദ്യുതിവിതരണം എല്ലാ വീടുകൾക്കും നട ത്തണം

2) കുടിശിക മൂലം വൈദ്യുതി വിച്ഛേദിക്കപ്പെട്ട പട്ടിക വർഗ്ഗ കുടുംബങ്ങളുടെ കുടിശിക എഴുതിത്തള്ളി പുനർ കണക്ഷൻ കൊടുക്കണം

3) വയറിംഗ് പൂർത്തിയാക്കിയ എല്ലാ വീടുകൾക്കും 1996 തന്നെ കണക്ഷൻ നൽകണം.

**റോഡുകൾ :** എല്ലാ കോളനികളിലെയും നിലവിൽ ഉള്ള റോഡുകൾ അടിയന്തിരമായി സോളിംഗ് നടത്തു കയും ടാർ ചെയ്യുകയും ചെയ്യുക.

2) റോഡിൽ നിന്നും കോളനികളിലേക്ക് റോഡ് സൗകര്യം ഇല്ലാതിരിക്കുന്ന പക്ഷം സ്ഥലം അക്വയർ ചെയ്ത് റോഡ് നിർമ്മിച്ചു കൊടുക്കണം.

**കുടിവെള്ളം :** ഇപ്പോൾ യാതൊരു കുടിവെള്ള സൗക ര്യവും ഇല്ലാത്ത ഏക കോളനിയായ VII ഉളിക്കൽ നിയോ ജകമണ്ഡലത്തിലെ കോക്കാട് പണിയൻ ST കോളനി യിലെ ഇടിഞ്ഞു പൊളിഞ്ഞ കിണർ പുനർ നിർമ്മിക്കുകയും ഒരു കിണർ കൂടി നിർമ്മിച്ചു കൊടുക്കുകയും ചെയ്യുക. മറ്റ് കോളനികളിൽ ആവശ്യാനുസരണം കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുക

**ബോധവൽക്കരണം :** 1) പട്ടികവർഗ്ഗ കോളനികളിൽ ആദിവാസി തുടർ സാക്ഷരതാ പ്രവർത്തനം സജീവമാ ക്കുന്നതിന് വേണ്ട കാര്യങ്ങൾ അടിയന്തിരമായി ചെയ്യുക

2) പട്ടിക ജാതി/വർഗ്ഗ വികസന ക്ഷേമസമിതികൾക്ക് ഗ്രാന്റ് അനുവദിക്കുക

3) അപ്രകാരമുള്ള ക്ഷേമസമിതികൾക്ക് കുടുംബ വിവാഹ ജനന മരണ രജിസ്റ്ററുകൾ പ്രത്യേകം ഉണ്ടാക്കി സൂക്ഷിക്കുന്നതിന് ധനസഹായം നൽകുക

4) മിനി കമ്മ്യൂണിറ്റി ഹാളുകളോ തനി കമ്മ്യൂണിറ്റി ഹാളുകളോ കോളനിയുടെ വലിപ്പത്തിനനുസൃതമായി നിർമ്മിച്ചു കൊടുക്കുക.

5) ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക (ഇത് കോള നികളിൽ Advanced Awarnessനും, Daily Assembiling നും സമാധാന സ്ഥാപനത്തിനും ഉത്തമമാണ് എന്ന് തെളി യിക്കപ്പെട്ടു കഴിഞ്ഞു)

## കലാ-സാംസ്ക്കാരികം

നാടൻ കലകൾ വികസിപ്പിക്കുന്നതിന് തുടി, കുഴൽ, മുതലായ വാദ്യോപകരണങ്ങൾ നൽകുക സാധാരണ കലകൾ വികസിപ്പിക്കുന്നതിന് ഹാർമോണിയം വയലിൻ, ഗിത്താർ, തബല, മുതലായസംഗീത ഉപകരണങ്ങൾ നൽകുക. അപ്രകാരമുള്ള ഉപകരണങ്ങൾ ഉപയോഗിക്കു ന്നതിന് ഒരു കോളനിയിൽ ഒരാൾ വീതം എന്ന കണക്കി ലെങ്കിലും സർക്കാർ ചെലവിൽ അടിസ്ഥാനപരിശീലനം നൽകുക.

**8) വിദ്യാഭ്യാസം :** കൊഴിഞ്ഞു പോയ കുട്ടികളെ തിരിയെ സ്ക്കൂളിൽ ചേർക്കുന്നതിനുള്ള ഉത്തരവാദിത്വം അതാത് സ്ക്കൂൾ അദ്ധ്യാപകർക്കു നിർബ്ബന്ധമായി നൽകുക. സ്ക്കൂൾ ഹാജർ ബുക്കിൽ നിന്നു നീക്കം ചെയ്യുന്നതിനും കാരണമാക്കുന്ന വിധം ഹാജരില്ലാത്ത കുട്ടികളുടെ വീടുകളും രക്ഷിതാക്കളെയും സന്ദർശിച്ച് തിരിയെ ക്ലാസ്സിൽ എത്തിക്കുന്നതിന് അതാത് ക്ലാസ് ടീച്ചർമാർക്ക് ചുമതല നൽകുക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ഹാജർ ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിനു മുമ്പായി പട്ടികജാതി വർഗ്ഗ ക്ഷേമ ജില്ലാ തല ഓഫീസുകളിൽ റിപ്പോർട്ട് ചെയ്ത് അവരുടെ അനുമതി വാങ്ങുക.

9) അംഗൻ വാടികളുടെയും പ്രീമെട്രിക്ക് ഹോസ്റ്റലുക ളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക, മിനിസ്റ്റീരിയൽ സ്റ്റാഫ് നിയമനങ്ങൾക്ക് അർഹതപ്പെട്ട പട്ടികജാതി പട്ടിക വർഗ്ഗക്കാരെ ബന്ധപ്പെട്ട വകുപ്പു അധികൃതർ കോളനി കൾ സന്ദർശിച്ച് കണ്ടുപിടിച്ച് ഒഴിവുള്ള സ്ഥാപനങ്ങളിലെ അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുക.

10) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കോളനിക ളിലോ കോളനികളുടെ പരിസരങ്ങളിലോ സർക്കാർ ഉടമ സ്ഥതയിൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക.

11) സർക്കാർ ഉടമസ്ഥതയിൽ ഔഷധത്തോട്ടങ്ങൾ, കൃഷിത്തോട്ടങ്ങൾ മുതലായവ സ്ഥാപിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു മാത്രമായി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കുക.

12) കൃഷിഭൂമി സംരക്ഷണം

സർക്കാർ ചെലവിൽ കൂലികൊടുത്ത് കോളനിനിവാ സികളെക്കൊണ്ട് ഓരോരുത്തരുടെയും കൈവശസ്ഥല ങ്ങളിൽ കിടങ്ങുകൾ/മൺകയ്യാലകൾ കല്ലുകയ്യാലങ്ങൾ നിർമ്മിച്ച് സംരക്ഷിക്കുകയും തൊഴിലവസരങ്ങൾ ഉണ്ടാ ക്കിക്കൊടുക്കുകയും ചെയ്യണം ജലസേചന കുളങ്ങൾ നിർമ്മിക്കണം.

13) ശ്മശാനങ്ങൾ

ശ്മശാനസ്ഥലങ്ങൾ സ്വന്തമായുള്ള കോളനികൾക്ക് ശ്മശാനങ്ങൾക്ക് ചുറ്റുമതിലുകൾ കെട്ടുക.

ശ്മശാന സ്ഥലം ഇല്ലാത്ത കോളനികൾക്കുവേണ്ടി നിലവിലുള്ള ഏതെങ്കിലും ശ്മശാനത്തിനു സമീപമോ, കോളനിയിൽ തന്നെയുള്ള വരോടൊ കുറഞ്ഞത് 10 സെന്റ് വീതമുള്ള സ്ഥലം വാങ്ങി ചുറ്റുമതിൽ കെട്ടിക്കൊടുക്കുക

14) കോളനികളെ മദ്യവിമുക്തമാക്കുക

15) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുക.

## സാധ്യതകൾ

1) പ്രാദേശികമായി കശുവണ്ടി സംസ്ക്കാരണ ഫാക്ടറികൾ 4 എണ്ണമെങ്കിലും ഈ പഞ്ചായത്തിൽ സ്ഥാപിക്കാൻ കഴിയുന്നതാണ്. 4 ഫാക്ടറികളിലായി 140ൽ കുറയാത്ത ആൾക്കാർക്ക് തൊഴിൽ നൽകാവുന്നതാണ്.

3) കൊപ്ര നിർമ്മാണത്തിന് സാധ്യതകൾ ഉണ്ട് കോളനികൾക്കു സമീപം കൊപ്ര ഉൽപാദനശാലകൾ സ്ഥാപിച്ചാൽ ( ഒരു വില്ലേജിൽ 2 വീതം 8 എണ്ണം) 40 പേർക്കെങ്കിലും തൊഴിൽ കൊടുക്കാവുന്നതാണ്.

4) ഒരു ഈർച്ചമിൽ സ്ഥാപിച്ചു കൊടുത്താൽ 6 പേർക്കു പ്രത്യക്ഷമായും 40 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതാണ്.

6) അടയ്ക്കാ ഉണങ്ങുന്ന വ്യവസായത്തിന് 4ൽ കുറയാത്ത സ്ഥാപനങ്ങൾ തുടങ്ങാവുന്നതാണ് കുറഞ്ഞത് 40 പേർക്ക് തൊഴിൽ നൽകാവുന്നതാണ്.

7) ചെങ്കൽ വ്യവസായം സമാരംഭിച്ചാൽ നിലവിലുള്ള ചെങ്കൽ കൊത്തു തൊഴിലാളികൾക്കും പഠിക്കുന്ന തൊഴിലാളികൾക്കുമായി 250 പേർക്ക് എങ്കിലും തൊഴിൽ നൽകാവുന്നതാണ്.

8) ഒരു റബ്ബർ വ്യവസായ യൂണിറ്റ് സ്ഥാപിച്ചാൽ വ്യവസായ വ്യാപ്തിയനുസരിച്ച് 140 പേർക്കെങ്കിലും തൊഴിൽ നൽകാവുന്നതാണ്.

9) കരിങ്കൽ ജെല്ലി വ്യവസായ യൂണിറ്റ് സ്ഥാപിച്ചാൽ 150പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ട്

കുറിപ്പ്:

ഈ വകകൾക്കുള്ള അസംസ്കൃത വസ്ത്തുക്കൾ ഈ ഗ്രാമപഞ്ചായത്തിൽ ധാരാളം ലഭ്യമാണ്. ഇവയെല്ലാം ഇപ്പോൾ നിലവിലുള്ള ഇരിക്കൂർ ബ്ലോക്ക് പട്ടിക വർഗ്ഗ സർവ്വീസ് സഹകരണ സംഘം പട്ടികജാതി/വർഗ്ഗസംയുക്ത സഹകരണ സംഘമാക്കി പരിവർത്തനം ചെയ്ത് അപ്രകാരമുള്ള സഹകരണസംഘത്തിന്റെ ഉടമസ്ഥതയിൽ നടപ്പിലാക്കാവുന്നതാണ്.

10 സാഹിത്യരചനയിൽ കഴിവുള്ളവർക്കു വേണ്ടി പ്രസിദ്ധീകരണത്തിന് വേണ്ടി മാസിക നടത്തുക ഇക്കാര്യത്തിന് സർക്കാർ ഭാഗത്തുനിന്നു മനസ്സും താല്പര്യവും ശ്രദ്ധയും ഉണ്ടാക്കണം.

ഓരോ കോളനിയിലും ബോധവൽക്കരണ ക്ലാസ്സുകളോടൊപ്പം ആരോഗ്യനിലവാരം കൂടി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടപ്പിലാക്കുക

ജനസംഖ്യാനുപാതികമായി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പഞ്ചായത്തിൽ സംവരണസീറ്റ് വർദ്ധിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

അധികാരം ജനങ്ങളിലേക്ക്



# വിഭവസമാഹരണം

കണ്ണൂർ ജില്ലയുടെ കിഴക്കേ അതൃത്തിയിൽ കിടക്കുന്നതും, വലുപ്പത്തിൽ ജില്ലയിലെ രണ്ടാമത്തേതും 4വില്ലേജുകൾ ഉൾപെട്ടതുമായ ഒരു ഗ്രാമപഞ്ചായത്താണ് ഇത്. 128.78 Sq. K.M വിസ്തീർണ്ണവും 50481 ജനസംഖ്യയുമുണ്ട്. 20 – 12 – 1961 ലെ ജി.ഒ. (എം എസ്സ്) നമ്പർ 191/61 ാം നമ്പർ സർക്കാർ ഉത്തരവുപ്രകാരം 'ഡി' ഗ്രേഡ് പഞ്ചായത്തായി രൂപംകൊണ്ടു. ചരിവുകളും കുന്നുകളും നിരന്ന് നില്ക്കുന്നതും കർണ്ണാടക സംസ്ഥാനത്തോടു ചേർന്ന് കിടക്കുന്നതുമായ കിഴക്കൻ മലയോര മേഖലയിലാണ് ഈ ഗ്രാമ പഞ്ചായത്ത്.

ഈ ഗ്രാമ പഞ്ചായത്തിന്റെ വരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി എന്നിവയും പൂഴിലേലത്തിൽ നിന്നുള്ള വരുമാനവുമാണ്. കൂടാതെ ഗവർമെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റാണ് വരവായിട്ട് നിലവിലുള്ളത്.

## ധനകാര്യസ്ഥാപനങ്ങൾ

ഈ ഗ്രാമപഞ്ചായത്ത് പരിധിയിലെ ധനകാര്യസ്ഥാപനങ്ങളെ വിലയിരുത്തുമ്പോൾ രണ്ടു ദേശസാൽകൃത ബേങ്കും 3 നോർത്ത് മലബാർ ഗ്രാമീണബേങ്കും 4 സഹകരണ ബേങ്കും രണ്ട് വനിതാ സഹകരണ സംഘവും പ്രവർത്തിച്ചുവരുന്നുണ്ടു. S.B.T ബ്ലാത്തൂർ, ഫെഡറൽ ബാങ്ക് ഉളിക്കൽ എന്നിവയും പടിയൂർ, പേരട്ട, വട്ട്യംതോട് എന്നിവിടങ്ങളിൽ ഗ്രാമീണബാങ്കും പ്രവർത്തിച്ചുവരുന്നു. കല്ല്യാട്ട്, നുച്ച്യാട്ട്, ഉളിക്കൽ, കോളിത്തട്ട് എന്നിവയാണ് പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങൾ. ഉളിക്കൽ സഹകരണ ബാങ്ക് രണ്ടു ബ്രാഞ്ചോടുകൂടിയും നുച്ച്യാട്ട് സഹകരണ ബാങ്ക് ഒരു ബ്രാഞ്ചോടുകൂടിയും പ്രവർത്തിക്കുന്നു. രണ്ടു വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമാണ്.

## നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ

സഹകരണ ബാങ്കുകളെ സംബന്ധിച്ച നിക്ഷേപവിവരങ്ങളും അവയുടെ പരിധിയിൽ വിതരണം നടത്തിയ ലോണുകളുടെയും വിവരം താഴെചേർത്ത പ്രകാരമാണ്.

## എൽ.ഐ.സി.

എൽ.ഐ.സി. ബ്രാഞ്ച് പ്രവർത്തിക്കുന്നില്ല. ഏജന്റു മാർമുഖേന പോളിസിയും പോളിസി ഉടമക്ക് ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികൾക്ക് ചിലരെങ്കിലും എൽ.ഐ.സി യെ ആശ്രയിക്കുന്നുണ്ട്.

## വിഭവസമാഹരണ സാദ്ധ്യതകൾ

നിലവിൽ പഞ്ചായത്ത് ചുമത്തിവരുന്ന നികുതികൾ ഏകീകരിക്കുകയും കൃത്യമായരീതിയിൽ തന്നെ ചുമത്തുകയും ചെയ്യുക. സേവനനികുതി എന്നപേരിൽ 6.1 വരെ നികുതി പഞ്ചായത്തുകൾക്ക് ചുമത്താൻ വേണമെങ്കിൽ ആലോചിക്കാവുന്നതാണ്. കാർഷികമേഖലയിൽ നാണ്യവിളകളുടെ കാര്യത്തിൽ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ക്ലിപ്തവിസ്തൃതിയിൽ കൂടുന്നവർക്ക് നിരക്ക് നിശ്ചയിച്ച്ു നികുതി എർപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനം കൂട്ടാൻ കഴിയും. തൊഴിൽ നികുതിയിൽ ചെങ്കൽ, ക്വോറി തുടങ്ങി സ്ഥിരസ്വഭാവമുള്ള തൊഴിലാളികളെ അവ

| സഹകരണബാങ്കിന്റെ പേര് | ദീർഘകാല ഡപ്പോസിറ്റ് | ഹ്രസ്വകാല ഡപ്പോസിറ്റ് | ആകെ ഡപ്പോസിറ്റ് | ലോൺ വിവരം | അഭിപ്രായം |
|---|---|---|---|---|---|
| കല്ല്യാട്ടു | 36,87,984 | 20,87,010 | 57,74,994 | 1,58,08,928 | |
| ഉളിക്കൽ | 2,62,55,124 | 1,71,38,176 | 4,33,93,300 | 1,83,35,228 | |
| നുച്ച്യാട്ടു | 1,13,09,000 | 29,35,000 | 1,42,44,000 | 3,27,41,000 | |
| കോളിത്തട്ട് | 3,02,138 | 9,07,166 | 12,09,304 | 18,46,552 | |

രുടെ വരുമാനപരിധികണക്കാക്കി നികുതി ചുമത്തുകയും ഈടാക്കുകയും ചെയ്യുക. പഞ്ചായത്ത് സ്വന്തം നിലയിൽ ഉളിക്കൽ പേരട്ട എന്നീ ബസ്സ്സ്റ്റാന്റ് സൈറ്റുകൾ ബസ്സ് സ്റ്റാന്റിന്ന് വേണ്ട പ്രവർത്തി തീർത്ത് തുറന്ന് കൊടുത്താൽ അതിൽ നിന്നും ഒരു വരുമാനമാർഗ്ഗം പഞ്ചായത്തിന്ന് കണ്ടെത്താൻ കഴിയും.

വിദേശരാജ്യങ്ങളിൽ ജോലിയിലുള്ളവർ താരതമ്യേന നമ്മുടെ പഞ്ചായത്തിൽ കുറവാണ്. ഗൾഫ് രാജ്യങ്ങളിൽ125 പേരുണ്ടായിരുന്നതിൽ 25 പേർ തിരിച്ചുവന്നതായാണ് മനസ്സിലാവുന്നത്. യൂറോപ്യൻ രാജ്യങ്ങളിൽ ഏകദേശം 15 പേരുള്ളതായും അറിവായിട്ടുണ്ട്. ഇവരിൽ ഏറിയപങ്കും സ്ഥലം വാങ്ങുന്നതിന്നും വീടുവെക്കുന്നതിന്നും മാത്രമായാണ് തുകവിനിയോഗിച്ചുവരുന്നത് 30% ശതമാനം വ്യാപാരത്തിനും വ്യവസായത്തിന്നും ഉപയോഗിക്കുന്നുണ്ട്.

## മനുഷ്യ വിഭവങ്ങൾ

പരമ്പരാഗതമായി തന്നെ കൂട്ടായ്മയിലൂടെ വിവിധ മേഖലകളിൽ വിപുലമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചതായി അനുഭവങ്ങൾ ഉണ്ട്. ഏകദേശം നൂറ് നൂറ്റമ്പത് വർഷങ്ങൾക്ക് മുമ്പ് കല്യോടംശം ബ്ലാത്തൂർ ദേശത്ത് വയലുകൾ വെള്ളം കെട്ടികിടന്നിരുന്നതാണെന്നും ഏകദേശം 8 അ ടി ആഴത്തിൽ അരകിലോമീറ്റർ വരുന്ന ദൂരം ചെങ്കൽ വെട്ടിത്താഴ്ത്തി ഓവുചാലുണ്ടാക്കിയാണ് കൃഷിചെയ്തുവന്നിരുന്നത് എന്നത് വളരെ ശ്രധേയമായ ഒരു കാര്യമാണ്. 50 ഹെക്ടർ ഓളം വരുന്ന ഭൂമി ഇന്നും കൃഷി ചെയ്തു വരുന്നുണ്ട്. ഇതുപോലെ തന്നെ തിരൂർ വയലിലേക്ക് ഏകദേശം 1 km ദൂരം കുന്നിൻചെരിവിലുള്ള ഉറവുജലം ഉപയോഗപ്പെടുത്തിയിരുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഈപഞ്ചായത്തിൽ മിക്ക സ്ക്കൂളുകളും സ്ഥാപിച്ചിരിക്കുന്നതിന്റെ ചരിത്രം പരിശോധിച്ചാൽ മിക്കതും പൊതുജനങ്ങളുടെ നല്ല പങ്ക് അതിന്ന്പിന്നിലുണ്ടായിരുന്നു എന്ന് കാണാം. ഈ പഞ്ചായത്തിലെ കുടിയേറ്റ പ്രദേശങ്ങളിലെ 75% റോഡുകളും നാട്ടുകാരുടെ ശ്രമദാന ഫലമായി ഉണ്ടാക്കി പഞ്ചായത്തിനെ ഏല്പിച്ചതാണെന്നത് ശ്രദ്ധേയമാണ്. പ്രത്യേകിച്ച്ു ഉളിക്കൽ പേരട്ട, കോളിത്തട്ട്, മാട്ടറ, അമേരിക്കൻപാറ, മണിക്കടവ് എന്നീഭാഗങ്ങളിൽ മിക്കറോഡുകളും കർഷകർ അവരുടെ കാർഷികോല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും മറ്റുമായി കൂട്ടായ്മയോടെ ഉണ്ടാക്കിയതാണ്. കൂടാതെ മാട്ടറപ്പാലം, വട്ട്യം തോട് പാലം എന്നിവ ഏകദേശം 15 ലക്ഷത്തോളം രൂപ ചെലവുവരുന്നത് പൊതുജനങ്ങൾ അഥവാ ഗുണഭോക്താക്കൾ സ്വന്തംനിലക്ക് നിർമ്മിച്ചതാണ്. കൂടാതെ പടിയൂർ -കല്യാട് പഞ്ചായത്തും പയ്യാവൂർ പഞ്ചായത്തും തമ്മിൽ വേർതിരിക്കുന്ന കണ്ടകശ്ശേരിപ്പുഴക്ക് പാലം പണിപൂർത്തീകരിച്ചു വരികയാണ്. ഇത് 75% കോട്ടയം രൂപതയുടെയും 25% മനുഷ്യാദ്ധ്വാനവും ചേർന്ന് നിർമ്മിക്കുന്നതാണ് എന്നതും ശ്രദ്ധേയമാണ്. 1961 ൽ മണിക്കടവ് സ്ക്കൂൾ കാറ്റിലും മഴയത്തും തകർന്നത് പുനഃസ്ഥാപിച്ചത് ജനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ്.

വട്ട്യം തോട് പാലത്തിന്നും മാട്ടറപ്പാലത്തിനും സർക്കാർസഹായം പഞ്ചായത്ത് മുഖാന്തിരം ചെറിയതോതിൽ നൽകിയിട്ടുണ്ട്. കണ്ടകശ്ശേരിപ്പാലത്തിന് മൂന്ന് പഞ്ചായത്തുകളും സഹായം നൽകുന്നതിന്ന് തീരുമാനിക്കുകയും നൽകുകയും ചെയ്തിട്ടുണ്ട്.

ഈ വർഷം മാങ്കുഴി, കരവൂർ ചടച്ചിക്കണ്ടം റോഡു നാട്ടുകാരുടെ ശ്രമദാനഫലമായി ഏകദേശം 20,000/- ക മൂല്യം വരുന്നപ്രവർത്തി നടത്തിയിട്ടുണ്ട്. നുച്ച്യാട്ട് പുഴക്ക് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പാലത്തിന്റെ അപ്രോച്ച് റോഡു 50,000 രൂപ മൂല്യം വരുന്ന പ്രവർത്തി നാട്ടുകാരുടെ ശ്രമദാനഫലമായി പൂർത്തീകരിച്ചിട്ടുണ്ട്. പരമ്പരാഗതമായിത്തന്നെ മനുഷ്യപ്രയത്നം ഉപയോഗപ്പെടുത്തി വിപുലമായ പ്രവർത്തനങ്ങൾ സമൂഹത്തിന്ന് വേണ്ടി അർപ്പിച്ച പാരമ്പര്യമാണ് നമ്മുടേത്. ഇനിയും മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തി വിപുലമായ വികസന പ്രക്രിയ രൂപപ്പെടുത്താൻ കക്ഷിരാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ ഒരു പ്രയാസവും ഇല്ലാതെ നടപ്പിൽ വരുത്താൻ നമുക്ക് കഴിയുമെന്ന് മുൻ അനുഭവങ്ങളുടെ പരമ്പര മാർഗ്ഗദർശമായിട്ടുണ്ട്





# അധികാരം ജനങ്ങളിലേക്ക്

4331

KERALA INSTITUTE OF LOCAL ADMINISTRATION THRISSUR

